അനങ്ങനടി ഗ്രാമ പഞ്ചായത്ത്

ജനകീയാസൂത്രണ

സമഗ്രവികസന രേഖ

അധികാരം ജനങ്ങളിലേക്ക്

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

ഗ്രാമ പഞ്ചായത്ത് വികസന സെമിനാർ.
സമഗ്ര വികസന രേഖ.

അനങ്ങനടി ഗ്രാമ പഞ്ചായത്ത്.



' എല്ലാവരുടേയും അത്യാവശ്യങ്ങൾ
നിറവേറാൻ വേണ്ട വിഭവങ്ങൾ ഈ
പ്രകൃതിയിലുണ്ട്. എന്നാൽ
ആരുടെയും ദുരയെ തൃപ്തിപ്പെടുത്തുവാൻ
വിഭവങ്ങളില്ലതാനും. !"

- മഹാത്മാഗാന്ധി.

**

ചീഫ് എഡിറർ : കെ. എം. നാരായണൻ കുട്ടി.

**

അസോഷിയേറ് എഡിറർ : കെ. ശശി.

**

എഡിറോറിയൽ ബോർഡ് അംഗങ്ങൾ :

കെ. ടി. മുഹമ്മദ്.
കെ. വി. മെഹറുന്നീസ.
കെ.മണികണ്ഠൻ.
എൻ. ആർ. രഞ്ജിത്ത്.
വി. കൃഷ്ണദാസ്.
പി. വേണുഗോപാൽ.
ടി. നാസർ.
ഇ. കെ. ഉണ്ണികൃഷ്ണൻ.

**

കവർ ഡിസൈൻ : കെ. വിജയകുമാർ.

D. T. P. Setting & Printing by SreeDharmaSastha D.T.P Centre, Cherpulacherry.

അനങ്ങനടി ഗ്രാമ പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ



കെ. ടി. മുഹമ്മദ്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്

എം. കുഞ്ഞിമൊയ്തീൻ. .	:	ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ്
പി. സെയ്താലിക്കുട്ടി.	:	ഗ്രാമ പഞ്ചായത്ത് മെമ്പർ
കെ. പത്മാവതി.	:	ഗ്രാമ പഞ്ചായത്ത് മെമ്പർ
ഇ. ജയപ്രകാശ്	:	ഗ്രാമ പഞ്ചായത്ത് മെമ്പർ
കെ. വി. മെഹറുന്നീസ	:	ഗ്രാമ പഞ്ചായത്ത് മെമ്പർ
കെ. മുഹമ്മദ്.	:	ഗ്രാമ പഞ്ചായത്ത് മെമ്പർ
ഒ. മണികണ്ഠൻ	:	ഗ്രാമ പഞ്ചായത്ത് മെമ്പർ
കെ. സഫിയാ.	:	ഗ്രാമ പഞ്ചായത്ത് മെമ്പർ
എം. സുമതി	:	ഗ്രാമ പഞ്ചായത്ത് മെമ്പർ

ഉള്ളടക്കം

1.	ആമുഖം	11 - 13
2.	പഞ്ചായത്ത് പൊതുവിവരണം	14 - 14
3.	സാമൂഹിക-സാംസ്കാരിക ചരിത്രം	15 - 21
4.	ഭൂപ്രകൃതി വിഭവങ്ങൾ	22 - 24
5.	സാമൂഹിക - സാമ്പത്തിക - വികസന മേഖലകൾ	
	5.1. കൃഷിയും ജലസേചനവും	25 - 34
	5.2. മൃഗസംരക്ഷണവും മത്സ്യബന്ധനവും	35 - 40
	5.3. വിദ്യാഭ്യാസം	41 - 48
	5.4. പൊതു ജനാരോഗ്യവും കുടിവെള്ളവും	49 - 57
	5.5. വ്യവസായം	58 - 62
	5.6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്	63 - 82
	5.7. പാർപ്പിടവും സാമൂഹ്യ ക്ഷേമവും	83 - 92
	5.8. സാംസ്കാരം	93 - 98
	5.9. വനിത	99 - 102
	5.10. സഹകരണം	103 - 108
	5.11. പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം	109 - 117
	5.12. വിഭവസമാഹരണം	118 - 121
6.	ഉപസംഹാരം	122 - 123

① ആമുഖം

1947 ആഗസ്റ്റ് 15 ന്റെ പ്രഭാതം നൂറ്റാണ്ടുകളായി സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ അധിപന്മാരായിരുന്ന ബ്രിട്ടീഷുകാരുടെ കരാള ഹസ്തങ്ങളിൽ നിന്നും നിരവധി ത്യാഗോജ്ജ്വലങ്ങളായ പോരാട്ടങ്ങളിലൂടെ നമ്മുടെ പൂർവീകന്മാർ തൂക്കുമരങ്ങളും വെടിയുണ്ടകളും ഏറ്റു വാങ്ങിക്കൊണ്ട് നേടിയെടുത്തത് ഭാരത ജനതയുടെ സാഷാത്ക്കാരമായിരുന്നു. ഇന്ത്യയുടെ സ്വാതന്ത്ര്യമായുരുന്നു. ബ്രിട്ടീഷുകാർ ചവിട്ടിമെതിച്ച ഇന്ത്യയുടെ, സ്വാതന്ത്ര്യലബ്ധിക്കു ശേഷം 49 വർഷം പിന്നിട്ട് 8 പഞ്ചവത്സരപദ്ധതികൾ കഴിഞ്ഞാട്ടും ജനങ്ങളുടെ ജീവിത നിലവാരവും രാജ്യത്തിന്റെ പുരോഗതിയും ഇന്നും പൂർണ്ണതയിലെത്തിക്കാൻ കഴിഞ്ഞിട്ടില്ല. വികസന ആസൂത്രണ രംഗത്തുള്ള കേന്ദ്രീകരണവും വകുപ്പുകളുടെ പരസ്പര ബന്ധമില്ലാത്ത സ്കീമുകൾ തയ്യാറാക്കലും പദ്ധതിയുടെ ആസൂത്രണത്തിലും നിർവഹണത്തിലും ജനപങ്കാളിത്തം ഇല്ലാതാക്കി. അധികാരവും ആസൂത്രണവും നാളിതുവരെ താഴോട്ടൊഴുകുകയായിരുന്നു. നാടിന്റെ വികസനത്തിൽ നികുതിദായകരായ സാധാരണക്കാരന് യാതൊരു പങ്കും ഉണ്ടായിരുന്നില്ല. ഒമ്പതാം പദ്ധതി ജനകീയപദ്ധതിയായി നടപ്പിലാവുന്നു. കേരളം നടപ്പാക്കുന്ന ജനകീയാസൂത്രണപ്രസ്ഥാനം അടിത്തട്ടിൽ നിന്ന് മേൽത്തട്ടിലേക്ക് വികസനആസൂത്രണത്തിന്റെ ദിശമാറുന്നു. കേരളത്തിലെ 3 കോടി ജനങ്ങളും ജാതിമതരാഷ്ട്രീയവ്യത്യാസങ്ങൾ മറന്ന് നമ്മുടെനാടിന്റെ നാളെയെ മാറ്റിത്തീർക്കാൻ കർമ്മപഥത്തിലെത്തിയിരിക്കുന്നു. ഇതു ലോകത്തിനാകെ ഒരുമാതൃകയാണ്.

അധികാരത്തോടൊപ്പം സമ്പത്തും (40% പദ്ധതിവിഹിതം) ത്രിതല പഞ്ചായത്തുകൾക്ക് നൽകുന്നതിനാൽ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുമെന്ന് നമുക്ക് പ്രത്യാശിക്കാം. കേരള സർക്കാരിന്റെ 60 % ൽ പ്പെട്ട ചില സ്കിമുകൾ, കേന്ദ്രസർക്കാർ ഫണ്ട്, ബാഹ്യവികസന ഏജൻസികളിൽ നിന്നും സന്നദ്ധ സംഘങ്ങൾ വഴി ലഭിക്കുന്ന വികസന ഫണ്ടുകൾ, നികുതിവരുമാനം, ജനകീയ സംഭാവനകൾ തുടങ്ങിയവ ഈ വികസന പ്രക്രിയയെ ത്വരിതപ്പെടുത്തുന്ന സ്രോതസ്സുകളിൽ ചിലതുമാത്രമാണ്. ,

കേരളം ഇന്ന് അഭിമുഖീകരിക്കുന്ന ഉല്പാദന മാന്ദ്യത്തിനും വികസന പ്രവർത്തന അപര്യാപ്തക്കും ഈ പുത്തൻ പ്രക്രിയ വഴി മാറ്റം വരുത്താൻ കഴിയും . അതോടൊപ്പം അഴിമതി, സ്വജന പക്ഷപാതം, കൈക്കൂലി തുടങ്ങിയ ദുഷ്പ്രവണതകളെ ഇല്ലായ്മ ചെയ്യുവാൻ ഒരളവോളം നമുക്കുകഴിയും.

അനങ്ങനടി ഗ്രാമ പഞ്ചായത്തിൽ ജനകീയാസൂത്രണ പ്രസ്ഥാനം ആരംഭിച്ചത് 1996 സെപ്തംർ 11 നാം തിയ്യതിയാണ്. പഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ നക്കുന്നത് 16 - 09 - 1996 ന രാഷ്ട്രിയ പാർട്ടി പ്രതിനിധികൾ യോഗം ചേർന്ന് പ രിപാടി വിജയിപ്പിക്കാൻ തീരുമാനിച്ചു. 20 - 09 -1996 ന പഞ്ചായത്തിലുടനീളം എല്ലാ രാഷ്ട്രീയ പാർട്ടി

പ്രതിനിധികളും ചേർന്ന് വാഹന ജാഥ നടത്തി. 19 – 09– 1996 ന പഞ്ചായത്ത് തല ഒന്നാം ഘട്ട ശില്പശാല പഞ്ചായത്ത് കമ്യൂണിറ്റി ഹാളിൽ വെച്ചു നടന്നു. 87 പേർ ശില്പശാലയിൽ പങ്കെടുത്തു. ഗ്രാമസഭകൾ വിജയിപ്പിക്കുന്നതിനു വേണ്ടി വിവിത തലത്തിലും തരത്തിലുമുള്ള യോഗങ്ങൾ നടക്കുകയുണ്ടായി. ഗ്രാമസഭകൾ പഞ്ചായത്തുതലത്തിൽ ഉത്ഘാടനം ചെയ്ത് 21 – 09 – 1996 ന 10 ാം വാർഡിൽ പാവുക്കോണം എ. എം. എൽ. പി സ്കൂളിൽ വെച്ചായിരുന്നു. ആകെ 1170 പേർ 10 ഗ്രാമസഭകളിലും കൂടി പങ്കേടുത്തു. വൈവിധ്യമാർന്ന പുതിയ പ്രചാരണപ്രവർത്തനങ്ങൾ സംങ്കടിപ്പിച്ചു. 06 – 10 – 1996 ന ആയിരുന്നു അവസാനതേ വിശേഷാൽ ഗ്രാമസഭ. ഗ്രാമ സഭകൾ ഉൽഘാടനം ചെയ്തവരിൽ സർവ ശ്രീ ഒറപ്പാലം എം. പി. എസ്. അജയ്കുമാർ, ജില്ലാ പഞ്ചായത്ത് മെബർ എ. സൈനബ ടീച്ചർ, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എ. രാധാകൃഷ്ണൻ ബ്ലോക്ക് പഞ്ചായത്ത് മെബർ ടി. കെ. മുഹമ്മദ് എന്നിവർ ഉൾപ്പെടുന്നു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ.ടി. മുഹമമദ് എല്ലാ ഗ്രാമസഭകളിലും അധ്യക്ഷതവഹിച്ചു.

പഞ്ചായത്തിലുള്ള എല്ലാ വിദ്യാലയങ്ങളിലും ഇതുമായി ബന്ധപ്പെട്ട് സ്ക്കൂൾതല ക്വിസ് മത്സരം നടത്തി. ഇതിൽ വിജയിച്ച ഒന്നും രണ്ടും സ്ഥാനക്കാരെ പങ്കേടുപ്പിച്ച് പഞ്ചായത്ത് തലത്തിൽ എൽ. പി. വിഭാഗത്തിലും യു. പി. വിഭാഗത്തിലും ക്വിസ് മത്സരം നടത്തി. വിജയികൾക്ക് സെമിനാറിൽ വെച്ച് സമ്മാനങ്ങൾ നല്കും. ബ്ലോക്ക് തല വികസന കലാജാഥക്ക് 16 – 10 – 1996 ന പഞ്ചായത്തിലെ5 കേന്ദ്രങ്ങളിൽ ആവേശകരമായസ്വീകരണം നല്കി.

07 – 10 – 1996 മുതൽ ഡാററാ കലക്ഷൻ ഗ്രൂപ്പു പ്രവർത്തനം തുടങ്ങി. 06 – 11 – 1996 ന പൂർത്തീകരിച്ചു. വികസന മേഖലകളെ കുറിച്ച് പ്രതിപാദിക്കുന്ന അവസരങ്ങളിൽ ചേർത്തിട്ടുള്ള പട്ടികകളുടെയും കണക്കുകളുടെയും അവലംബം ദ്വിതീയ സ്ഥിതി വിവര കണക്കുകളെയും ഗ്രാമസഭ റിപ്പോർട്ടുകളേയും അടിസ്ഥാനപ്പെടുത്തിയാണ്. ചരിത്രാന്വേഷണ പ്രവർത്തനം ഇതിന്നിടയിലെല്ലാം തുടർന്നുകൊണ്ടിരുന്നു. ജില്ലാതല രണ്ടാം ഘട്ട പരിശീലനത്തിലും 6 പേർ പങ്കെടുത്തു. പഞ്ചായത്തു ശില്പ ശാല 03 – 11 – 1996 ന അനങ്ങനടി ഹൈസ്കൂളിൽ വെച്ച് നടന്നു. 65 പേർ പങ്കെടുത്തു. 04 – 11 – 1996 ന പഞ്ചായത്തിലെ വിവിധ വകുപ്പു ഉദ്യോഗസ്ഥൻ മാരുടെ റിവ്യൂ യോഗം ചേർന്നു വികസന റിപ്പോർട്ട് രൂപീകരണ പ്രക്രിയ ആരംഭിച്ചു. പഞ്ചായത്തിന്റെ വിഭവ ഭൂപടം മുമ്പുതന്നെ തയ്യാറാക്കപ്പെട്ടിരുന്നതിനാൽ ജനകീയാസൂത്രണ പ്രവർത്തനത്തിൽ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന് സഹായകമായി. ഗ്രാമസഭ കൺവീനർമാരും റിസോഴ്സ് പേഴ്സൺമാരും ആണ് വികസന റിപ്പോർട്ട് തയ്യാറാക്കിയത്. 04–11–1996 മുതൽ പലതവണ കൂട്ടായും വേറിട്ടും യോഗം ചേർന്ന് വികസനമേഖലകളെ സംബന്ധിച്ച് റിപ്പോർട്ടുകൾ 14 – 11 – 1996 ന പൂർത്തിയാക്കി. സ്വാഗതസംഘം ഇടയ്ക്കു ചേർന്ന് പ്രവർത്തന പുരോഗതി വിലയിരുത്തി, സെമിനാർ വിജയിപ്പിക്കുന്നതിനുള്ള പ്രവത്തനം ഊർജിതമായി നടക്കുകയാണ് .

ഏതു പ്രവർത്തനവും സമയഭേദമന്യേ നടപ്പാക്കാൻ കഴിവുള്ള ഒരു സംഘം യുവജനങ്ങൾ ആസൂത്രണ പ്രവർത്തനവുമായി ബന്ധപ്പെട്ട് നമ്മുടെ പഞ്ചായത്തിൽ രാപകൽ പ്രവർത്തിക്കുന്നുണ്ട്. മാർഗ്ഗനിർദേശങ്ങൾ നല്കാൻ സദാ സന്നദ്ധരായ ഒരു പഴയ തലമുറയും നമ്മോടോപ്പം ഉണ്ട് എന്നതുകൊണ്ട് തുടർപ്രവർത്തനങ്ങൾ വിജയിപ്പിക്കാൻ നമുക്ക് കഴിയുമെന്ന് ഉറപ്പുണ്ട്.

നമ്മുടെ പഞ്ചായത്തിലെ എല്ലാവിധ സ്രോതസ്സുകളും ഈ പ്രസ്ഥാനത്തിനുവേണ്ടി നമുക്കു വിനിയോഗിക്കാം. ജനങ്ങളുടെ സം ഘടിത ശക്തിക്കുമുന്നിൽ ഒരു പ്രതിബന്ധവും നിലനില്ക്കില്ല എന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നു. നമ്മുടെ പ്രദേശത്തിന്റെ വികസന കാര്യത്തിൽ ഭാവി ഇരുട്ടിലായി കിടക്കുന്ന നമ്മുടെ ജീവിത യാഥാർത്ഥ്യത്തിന് ഒരു പ്രകാശകിരണമായി നമുക്കു ലഭിച്ചു - '**ജനകീയാസൂത്രണപ്രസ്ഥാനം**'.

അനങ്ങനടി ഗ്രാമ പഞ്ചായത്തിലെ ബഹുജന രാഷ്ട്രീയ ബോധത്തിന്റെയും സന്നദ്ധസേവന തൃഷ്ണയുടെയും അടിത്തറയിൽ മുൻകാല സേവകരുടെ ഉത്തമപാരമ്പര്യ സംഭാവനകളിൽ നിന്ന് ഊർജ്ജവും പ്രചോദനവും ഉൾക്കൊണ്ട് ബഹുജനശക്തിയെ ഏകോപിപ്പിച്ചുകൊണ്ട് ജനകീയാസൂത്രണവും, നിർവഹണവും യാഥാർത്ഥ്യമാക്കാൻ ചരിത്രത്തിന്റെ വർത്തമാനദശാസന്ധി നമ്മെ വെല്ലുവിളിക്കുകയാൺ. ഈ വെല്ലു വിളി നേരിടുവാനുള്ള അവസരം കൈവന്നതിലുള്ള ആഹ്ലാദത്തോടെ അനങ്ങനടി ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വികസനരേഖ നാളെയുടെ ചരിത്രയാഥാർത്ഥ്യമാക്കാനുള്ള മഹായജ്ഞത്തിൽ ഇന്നുതന്നെ പങ്കുചേരുവാനുള്ള പ്രതിജ്ഞാ ദൃഢനിശ്ചയത്തോടെ നാം സ്വീകരിക്കുന്നു. നാം അതു നേടിയെടുക്കുക തന്നെചെയ്യും അതിന്നുവേണ്ടി നമ്മുക്ക് ഒത്തോരുമിച്ച് മുന്നേറാം. !!

(2) പഞ്ചായത്ത് പൊതു വിവരണം.

പഞ്ചായത്തിന്റെ പേര്	:	അനങ്ങനടി.
ഉൾപ്പെടുന്ന റവന്യൂ വിലേജ്	:	അനങ്ങനടി
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	:	അനങ്ങനടി
ബ്ലോക്ക് പഞ്ചായത്ത്	:	ഒറ്റപ്പാലം
പഞ്ചായത്തുൾപ്പെടുന്ന താലൂക്ക്	:	ഒറ്റപ്പാലം
റവന്യൂ ജില്ല	:	പാലക്കാട്
നിയമസഭാ മണ്ഡലം	:	ഒറ്റപ്പാലം
പാർലിമെന്റ് മണ്ഡലം	:	ഒറ്റപ്പാലം
പഞ്ചായത്തിന്റെ വിസ്തീർണ്ണം	:	20.78 ച. കി. മി.
വാർഡുകളുടെ എണ്ണം	:	10
ജനസംഖ്യ : പുരുഷൻമാർ	:	10312
സ്ത്രീകൾ	:	11492
ആകെ	:	21804
ജനസാന്ദ്രത	:	1049
പഞ്ചായത്ത് രൂപം കൊണ്ട വർഷം.	:	1961
പഞ്ചായത്തിന്റെ ഗ്രേഡ്	:	2
പഞ്ചായത്തിന്റെ അതിർത്തികൾ	:	
വടക്ക്	:	തൃക്കടിരി, ചളവറ പഞ്ചായത്തുകൾ
കിഴക്ക്	:	അനങ്ങൻമല, ഒറ്റപ്പാലം മുനിസിപ്പാലിറ്റി.
തെക്ക്	:	ഒറ്റപ്പാലം മുനിസിപ്പാലിറ്റി, വാണിയംകുളം പഞ്ചായത്ത്
പടിഞ്ഞാറ്	:	ചളവറ പഞ്ചായത്ത്
പഞ്ചായത്ത് പ്രസിഡന്റ്	:	കെ. ടി. മുഹമ്മദ്.
വൈസ് പ്രസിഡന്റ്	:	എം. കുഞ്ഞിമൊയ്തീൻ.

പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന വിവിധ സ്ഥാപനങ്ങൾ

കേന്ദ്രഗവൺമെന്റ് സ്ഥാപനങ്ങൾ	:	പനമണ്ണ പോസ്റ്റാഫീസ്.
	:	പനമണ്ണ ടെലഫോൺ എക്സ്ചേഞ്ച്.
സ്റ്റേറ്റ് ഗവൺമെന്റ് സ്ഥാപനങ്ങൾ	:	കൃഷിഭവൻ, വില്ലേജ് ഓഫീസ്, പഞ്ചായത്ത് ഓഫീസ്., പ്രൈമറി ഹെൽത്ത് സെന്റർ,വെറ്റിറിനറി ഹോസ്പിറ്റൽ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്, കാർഷിക വിത്തുല്പാദന കേന്ദ്രം. ഗവൺമെന്റ് ആയുർവ്വേദ ഡിസ്പൻസറി, K.S.E.B. സബ് എഞ്ചിനീയർ ഓഫീസ്, കുടുബക്ഷേമ കേന്ദ്രങ്ങൾ , അംഗനവാടികൾ.
ധനകാര്യ സ്ഥാപനങ്ങൾ	:	S. B. T. അനങ്ങനടി ബ്രാഞ്ച്. കോതകുറുശ്ശി സർവീസ് സഹകരണ ബാങ്ക് ഹെഡാഫീസ്., ഒറ്റപ്പാലം കോ - ഓപറേറ്റീവ് അർബൻ ബാങ്ക് അനങ്ങനടി ബ്രാഞ്ച്. അനങ്ങനടി പഞ്ചായത്ത് വനിതാസഹകരണ സംഘം.

3

പഞ്ചായത്ത് ചരിത്രം

അനങ്ങനടി ഗ്രാമ പഞ്ചായത്തിനെ കുറിച്ചുള്ള ഒരു ലഘുചരിത്രഅവലോകനമാണ് ഇവിടെ നടത്താൻ ശ്രമിക്കുന്നത്. കൂടുതൽ ആഴങ്ങളിലേക്കിറങ്ങിചെന്ന് പരിശോധിക്കുന്നതിനുവേണ്ടി ഈ ചുരുക്കം ദിവസങ്ങൾക്കൊണ്ട് കഴിഞ്ഞിട്ടില്ല. ചില പഴമക്കാരിൽ നിന്ന് ലഭിച്ച അവരുടെ അനുഭവങ്ങളും, പഴയ പുസ്തകങ്ങിൽ നിന്നും ലഭിച്ച വിവരങ്ങളുമാണ് ഇതിനു സഹായകമായിട്ടുള്ളത്.

പനമണ്ണ, എടക്കോട് -പാവുക്കോണം, മുണ്ടനാട്ടുകര, കോതകുറുശ്ശി, തരുവക്കോണം എന്നീ 5 ദേശങ്ങൾ ഉൾപ്പെടുത്തി 1961-ലാണ് 5145.42 ഏക്കർ ഭൂമി വിസ്തീർണ്ണമുള്ള ഈ പഞ്ചായത്ത് രൂപീകരിച്ചത്. അനങ്ങൻമലയുടെ അടിവശത്തുള്ള പ്രദേശം എന്ന നിലക്കാണ് അനങ്ങനടി എന്നു പേർ വന്നത് എന്നു പറയപ്പെടുന്നു.

വിദ്യാഭ്യാസചരിത്രം

ഏകദേശം 100 വർഷങ്ങൾക്കുമുമ്പുതന്നെ പഞ്ചായത്തിൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ ഉണ്ടായിട്ടുണ്ട്. കൃത്യമായി പറഞ്ഞാൽ 1892 ൽ പാലക്കോട് എഴുത്തച്ഛൻ കളത്തിലെ കണ്ടുഎഴുത്തച്ഛൻ നിലത്തെഴുത്ത് കളരിയായി ഇതിനു തുടക്കം കുറിച്ചു. പിന്നീട് എഴുത്തച്ഛൻ കളത്തിലെതന്നെ പരമൻഎഴുത്തച്ഛൻ 4-ാം തരം വരെയുള്ള വിദ്യാലയമായി ഇതിനെ പുന:സ്ഥാപിച്ചു. ഈ വിദ്യാലയത്തിന്റെ ആദ്യകാലങ്ങളിൽ ആ പ്രദേശത്തെ ജന്മികുടുംബങ്ങളിലെ കുട്ടികളെ എഴുത്തു പഠിപ്പിക്കുന്നതിനുവേണ്ടിയാണ് സ്കൂൾ സ്ഥാപിച്ചത്. ആ കാലങ്ങിൽ രാജ്യത്താകെ നിലനിന്നിരുന്ന ജാതി വ്യവസ്ഥ കാരണം താഴ്ന്ന ജാതികളിൽ ഉണ്ടായിരുന്ന കുട്ടികൾക്ക് പ്രവേശനം ഉണ്ടായിരുന്നില്ല.ഏന്നാൽ 1930 കളിൽ കേരളത്തിലാകമാനം ഉടലെടുത്ത പുരോഗമന പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ നടത്തിയ അയിത്തോച്ചാടന സമരങ്ങളുടെ ഫലമായി ഈ വിദ്യാലയത്തിൽ താഴ്ന്ന ജാതിയിൽപ്പെട്ട കുട്ടികൾക്ക് ഒരു പരിധി വരെ പ്രവേശനം ലഭിച്ചുതുടങ്ങി. 1949 ലാണ് ഇത് ഇന്നത്തെ രൂപത്തിലുള്ള യു.പി സ്കൂൾ ആയി മാറിയത്.

ഈ നൂറാണ്ടിന്റെ ആദ്യത്തിൽ തന്നെയാണ് കയറാട്ട് എൽ.പി. സ്കൂൾ അതിന്റെ പ്രവർത്തനം ആരംഭിച്ചത്. 'കയറാട്ട് എഴുത്തുപളളി' എന്നായിരുന്നു ഈ സ്കൂളിന്റെ ആദ്യത്തെ പേര്. കയറാട്ട് ജന്മി കുടുംബങ്ങളിലെ കുട്ടികൾക്കുവേണ്ടിയാണിത് സ്ഥാപിച്ചത്. കയറാട്ടു രാമൻകുട്ടിനായരാണ് സ്കൂളിന്റെ സ്ഥാപകൻ. വി.പി .മേനോൻ കയറാട്ടു കുട്ടപ്പൻനായർ തുടങ്ങിയവർ ഈ സ്കൂളിലെ വിദ്യാർത്ഥികളായിരുന്നു. വി.പി.മേനോൻ സർദാർ വല്ലഭായ് പട്ടേൽ ആദ്യന്തര മന്ത്രിയായിരുന്ന കാലത്ത് ഹോം സെക്രട്ടറിയായും, ബീഹാർ ഗവർണ്ണരായും

സേവനമനുഷ്ടിച്ചിട്ടുണ്ട്. മദിരാശിയിൽ രാജാജി മുഖ്യമന്ത്രിയായിരുന്ന കാലത്ത് വാപ്പാല ശങ്കരനാരായണമേനോൻ M.L.A ആയിരുന്നു. അദ്ദേഹവും കയറാട്ടു കുട്ടപ്പൻനായരും സ്വതന്ത്രസമരസേനാനികൾകൂടിയായിരുന്നു. 16 വർഷകാലം നമമുടെ പഞ്ചായത്തിന്റെ പ്രസിഡണ്ടായികൂടി കുട്ടപ്പൻനായർ സേവനമനുഷ്ടിച്ചിട്ടുണ്ട്

1903-ൽ പനമണ്ണ West L.P. എന്ന പേരിൽ വി.കെ. കൃഷ്ണനെഴുത്തച്ഛൻ ഇപ്പോഴത്തെ പത്തംകുളം L.P. സ്കൂൾ സ്ഥാപിച്ചു. 1908-ൽ അച്ചുതനെഴുത്തച്ഛൻ കോതകുറുശ്ശി A.L.P. School ളും സ്ഥാപിച്ചു. 1924-ൽ പത്തംകുളത്തുതന്നെയുള്ള A.M.L.P.School അമ്പലകുന്നത്ത് മുഹമമദ് മുസ്ലിയാരുടെ നേതൃത്വത്തിൽ സ്ഥാപിക്കുകയും, പിന്നിട് ഉണ്ണ്യൻകുട്ടി മുസ്ലിയാർക്ക് വിൽക്കുകയും ഉണ്ടായി. പാവുകോണം സ്കൂൾ തുടങ്ങിയത് കോഴിക്കോട്ടുനിന്നുവന്ന ഒരാളുടെ നേതൃത്വത്തിലുള്ള മുസ്ലീം സൊസൈറ്റിയാണ്. പനമണ്ണ റേഷൻകടക്ക് സമീപം ഈ കാലത്തുതന്നെ ഒരുസ്കൂൾ ഉണ്ടായിരുന്നു. എന്നാൽ 10 കൊല്ലത്തിനുശേഷം ഈ സ്കൂൾ അടച്ചുപൂട്ടി.

ഈ നൂറാണ്ടിന്റെ ആദ്യത്തിൽതന്നെ പനമണ്ണയിൽ സ്കൂൾ പ്രവർത്തിച്ചിരുന്നു ഈ സ്കൂളിന് D.P.R.P സ്കൂൾ എന്നു പേരുണ്ടായിരുന്നു. അതിൽ E.S.S..L.C വരെ പഠിപ്പിച്ചിരുന്നതായും അറിയുന്നു.
സ്കൂൾ നിന്നിടത്ത് തമിഴൻമാരുടെ തീപ്പെട്ടികമ്പനിയായിരുന്നു. പിന്നീട് ഈ കമ്പനി കത്തിനശിക്കുകയും ഒരുപാടുകാലം ഒഴിഞ്ഞു കിടക്കുകയും ചെയ്തു. കുറച്ചുകാലത്തിനുശേഷം ഇത് ഒരു എൽ.പി. സ്കൂൾ ആക്കി മാററുകയുണ്ടായി. 1936-ൽ കോഴിക്കോടുള്ള വി.ആർ.നായനാർ ഇന്നത്തെ രീതിയിലുള്ള U.P. സ്കൂൾ ആക്കി മാററി .

1951-ൽ പണ്ടു ചന്തപ്പറമ്പ് നടത്തിയിരുന്ന സ്ഥലത്ത് ഇന്നത്തെ അനങ്ങന്നടി High School സ്ഥാപിച്ചു. വൈശ്രവണത്ത് രാമൻനമ്പൂതിരി, പെരുമ്പിലാവിൽ ഗോവിന്ദൻകുട്ടിമേനോൻ, വൈശ്രവണത്ത് വാസുദേവൻ നമ്പൂതിരി, കയറാട്ട് കുഞ്ഞുണ്ണിനായർ, എ.കെ.നടുങ്ങാടി തുടങ്ങിയവർ ഹൈസ്കൂൾ ഉണ്ടാക്കുന്നതിന് പ്രധാന പങ്കുവഹിച്ചവരാണ്.

ഇപ്പോൾ നമമുടെ പഞ്ചായത്തിൽ ഒരു ഹൈസ്ക്കൂളും, 2 യു.പി. സ്കൂളുകളും, 8 എൽ.പി. സ്കൂളുകളും ഒരു നേഴ്സറി സ്കൂളും, 18 അംഗൻവാടികളും ഉണ്ട്.

ആദ്യകാലങ്ങളിൽ സ്കൂളിലെ അദ്ധ്യപകർക്ക് ജന്മികുടുംബങ്ങളിൽനിന്ന് ലഭിക്കുന്ന ഭക്ഷണവും, വർഷത്തിൽ ഒന്നോ, രണ്ടോ പ്രാവശ്യം ലഭിക്കുന്ന ചെറിയ ഒരു സംഖ്യയുമ,ായിരുന്നു ശബളം എന്ന നിലയിൽ ഉണ്ടായിരുന്നത്. ഇക്കാലത്ത് സ് കൂളുകൾക്ക് ലഭിച്ചിരുന്ന Government grand സ്കൂൾ മാനേജർമാർ എടുക്കുകയായിരുന്നു പതിവ്. ഇതിനെതിരെ 1948-50 കാലഘട്ടങ്ങളിൽ 'മലബാർ എയിഡഡ് എലിമെന്ററി' അദ്ധ്യാപക സംഘടന സമരങ്ങൾ നടത്തുകയുണ്ടായി. ഇതിന്റെ ഫലമായി ഗ്രാന്റിന്റെ 85% ത്തിൽ കുറയാത്ത സംഖ്യ അദ്ധ്യാപകർക്ക് ശമ്പളമായി നൽകാൻ നിയമം നിലവിൽവന്നു. ഈ പഞ്ചായത്തിലെ സ് കൂൾ അദ്ധ്യാപകർക്കും ഈ നിയമത്തിന്റെ ഗുണം ലഭിക്കാൻ അവസരമുണ്ടായി.

നവോത്ഥാനപ്രസ്ഥാനങ്ങളും സമരങ്ങളും

നമ്മുടെ പഞ്ചായത്തിൽ ജാതീയമായ ചേരിതിരിവും താണ ജാതിക്കാരെ അകറ്റിനിറുത്തലും പണ്ടുകാലം മുതൽക്കെ നിലവിൽ ഉണ്ടായിരുന്നു. അതിനെതിരെ സമരങ്ങളും നടന്നിട്ടുണ്ട്.

വാപ്പാല ശങ്കരനാരായണമേനോൻ, കയറാട്ട് കുട്ടപ്പൻനായർ, കൊച്ചുകുട്ടൻനായർ, കൃഷ്ണൻനായർ ഒറവൻകുണ്ടിൽ ചാമി എഴുത്തച്ഛൻ, ഐക്യത്തിൽ ഗോവിന്ദൻ, പി.വി. കുഞ്ഞുണ്ണിനായർ തുടങ്ങിയവർ നവോത്ഥാനപ്രസ്ഥാനങ്ങൾക്ക് നേതൃത്വം നൽകിയിട്ടുണ്ട്.

1960–65 കാലത്ത് കൊച്ചുകുട്ടൻനായർ, കൃഷ്ണൻനായർ ,ഒറവൻകുണ്ടിൽ ചാമി എഴുത്തച്ഛൻ തുടങ്ങിയവർ മുണ്ടനാട്ടുകര ഭാഗത്ത് കുടിയൊഴിപ്പിക്കലിനെതിരെ ജന്മിമാർക്കെതിരായി കർഷകരേയും കർഷകതൊഴിലാളികളേയും പങ്കെടുപ്പിച്ചുള്ള സമരങ്ങൾ നടത്തിയിട്ടുണ്ട്.

നവോത്ഥാനപ്രസ്ഥാനങ്ങളുടെ ഭാഗമായി പല പ്രമുഖ നേതാക്കളും നമ്മുടെ പഞ്ചായത്തിൽ വന്നിട്ടുണ്ട്. 1934–ൽ അനങ്ങനടി ചന്തയുടെ ഭാഗത്ത്(ഇപ്പോഴത്തെ അനങ്ങനടി) മഹാത്മാഗാന്ധി വന്നതായി പറയപ്പെടുന്നു ഹരിജനങ്ങളെ കൂട്ടി പ്ലാക്കാട്ടുകുളത്തിൽ അദ്ദേഹം കുളിച്ചതായും പറയപ്പെടുന്നു 1935–ൽ പി.വി. കുഞ്ഞുണ്ണിനായർ,കയറാട്ട് കുട്ടപ്പൻനായർ, വി.പി.മേനോൻ തുടങ്ങിയവരോപ്പം E. M. S നമ്മുടെ പഞ്ചായത്തിൽ നിറഞ്ഞുനിന്നു പ്രവർത്തിച്ചിട്ടുണ്ട് (പുസ്തകം: അറിയപ്പെടാത്ത E.M.S) ഇദ്ദേഹം :പ്ലാക്കാട്ടുകുളത്തിനു സമീപമുള്ള ചേരികല്ല് വലിയ കണ്ടത്തിൽ പൊതുയോഗത്തിൽ പ്രസംഗിക്കുകയും ചെയ്തു. ഇതേ വർഷത്തിൽതന്നെ ഈ പ്രദേശത്ത് ആർ . ശങ്കർ വന്നതായും പറയപ്പെടുന്നു. ഭൂമി ഏറ്റെടുക്കൽ പ്രസ്ഥാനത്തിന്റെ ഭാഗമായി വിനോഭാജി അനങ്ങനടി ഹൈസ്ക്കൂളിൽ വന്നിട്ടുണ്ട്. 1954–ൽ കാമരാജ് അനങ്ങനടി ഹൈസ്ക്കൂളിൽ വന്നിട്ടുണ്ട്. ക്ഷേത്രപ്രവേശനവിളംബരത്തിനു മുമ്പുതന്നെ നമ്മുടെ പഞ്ചായത്തിൽ താഴ്ന്ന ജാതിക്കാർ അമ്പലത്തിൽ കയറാൻ തുടങ്ങിയിട്ടുണ്ട്. 1930–ൽ പനമണ്ണ അമ്പലത്തിലേക്ക് താഴ്ന്ന ജാതിക്കാർ ജാഥ നടത്തുകയും അമ്പലകുളത്തിൽ കുളിച്ചതിനുശേഷം അമ്പലത്തിനുളളിലേക്ക് കയറുകയും ചെയ്തു. ഇതിന് കയറാട്ട് കുട്ടപ്പൻനായരും, ഐക്യത്തിൽ ഗോവിന്ദനും നേതൃത്വം നൽകി . ചേറമ്പറ കാവിൽ 1930–31 കാലഘട്ടത്തിൽ ഗണപതിപ്പാറവരെ മാത്രമാണ് താഴ്ന്ന ജാതിക്കാർക്ക് പ്രവേശനം ഉണ്ടായിരുന്നത്. ഈ കാലത്ത് 30 ഓളം താഴ്ന്ന ജാതിക്കാർ ജാഥയായി കാവിലെ കുളത്തിൽ കുളിക്കുകയും കാവിൽ കയറുകയും ഉണ്ടായി. ഇതിനു കുന്നുംപറമ്പിൽ കൃഷ്ണൻനായർ നേതൃത്വം കൊടുത്തു. 1949 ൽ പാവുക്കോണം സ്കൂളിൽ കൃഷ്ണൻനായർ തന്നെ നേതൃത്വം കൊടുത്ത് 'പന്തി ഭോജനം' നടത്തുകയുണ്ടായി.

ജന്മിമാർക്കെതിരായ ചെറിയ സമരങ്ങളും നടന്നിട്ടുണ്ട്. 49–ൽ കുടിയൊഴിപ്പിക്കലിനെതിരെ കമ്മ്യൂണിസ്റ്റ് പാർട്ടി ഒറ്റപ്പാലം താലൂക്ക് ആപ്പീസ്സ് സമരം നടത്തി.ഇതിൽ പി.വി.കുഞ്ഞുണ്ണിനായർ, ഇക്കീരിത്തോടി നാരായണൻ, പൂവ്വക്കോട്ടിൽ കുഞ്ഞിരാമൻ, കാരപറമ്പിൽ കൃഷ്ണൻ, കാവുകുണ്ടിൽ ഗോപി തുടങ്ങിയവർ പങ്കെടുത്തു. പി.വി.കുഞ്ഞുണ്ണിനായരായിരുന്നു നേതൃത്വം.

1972-ൽ കർഷകതൊഴിലാളികൾ തൊഴിൽ നിഷേധത്തിനെതിരെ വൈശ്രവണത്ത് മനക്കൽ വാസുദേവൻ നമ്പൂതിരിയുടെ വീട്ടിലേക്ക് മാർച്ചും സമരവും നടത്തി. ഈ സമരത്തിൽ 26 തൊഴിലാളികൾ പങ്കെടുത്തു. '14 ന് ഒന്ന് പതം എന്നുള്ളത് ഏഴിന് ഒന്ന്' എന്നാക്കലും പ്രധാന ആവശ്യമായിരുന്നു.അന്ന് 6നാരായം
നെല്ല് സ്ത്രീകൾക്കും 7നാരായം നെല്ല് പുരുഷനും എന്ന് നിജപ്പെടുത്തുകയുണ്ടായി. കെ. ശിവരാമൻ, കെ.കൃഷ്ണൻ തുടങ്ങിയവർ ഇതിന് നേതൃത്വം നൽകുകയുണ്ടായി. 1970-ൽ മാർക്സിസ്റ്റ് പാർട്ടി നടത്തിയ മിച്ചഭൂമി സമരത്തിൽ ജയിൽ നിറയ്ക്കൽ സമരത്തിൽ നമ്മുടെ പഞ്ചായത്തിൽനിന്നും നിരവധി പേരെ പങ്കെടുപ്പിച്ചു. ഈ കാലത്തുതന്നെ എലിയാല കുളത്തിനു സമീപം മിച്ചഭൂമി സമരം നടത്തുകയും, ആനച്ചിക്കുണ്ടിൽ ഭൂമി പിടിച്ചെടുക്കുകയും ചെയ്തു. ചെമ്പുളളി കളത്തിൽ ശങ്കരനാരായണൻ എന്ന ആളുടെ തൊഴിൽ നിഷേധത്തിനെതിരെയും സമരം നടത്തി. 1948-ൽ തന്നെ കർഷക സംഘം നമ്മുടെ നാട്ടിൽ നിലവിലുണ്ട്. 1974-ൽ കേരളബന്ദിനോടനുബന്ധിച്ച് സമരം നടത്തിയവരെ കോതകുറുശ്ശിയിൽവച്ച് പൊലീസ് ലാത്തിചാർജ്ജ് ചെയ്തു. പരമേശ്വരൻ, കാരപ്പറമ്പിൽ പൊന്നൻ, കോരു, കുമാരൻ, കൃഷ്ണൻ തുടങ്ങിയവർക്ക് പരിക്കേറ്റു. നമ്മുടെ പഞ്ചായത്തിൽ ഇക്കാലയളവിലുണ്ടായ ആദ്യത്തെ പൊലീസ് മർദ്ദനമായി ഇതിനെ കണക്കാക്കാം.

1946-ൽ പനമണ്ണ അമ്പലത്തിലും 1947 ൽ പനമണ്ണ മലോൽമകാവിലും ഹരിജനങ്ങൾ താലമെടുക്കുകയും ഉണ്ടായി. അന്നുവരെക്കും സവർണ്ണമേധാവിത്വത്തിന്റെ കൈയ്യിലായിരുന്നു ഈ അവകാശം. നമ്മുടെ പഞ്ചായത്തിൽ കൃഷിപണി കൂടുതലും എടുത്തിരുന്നത് താഴ്ന്ന ജാതിയിൽപ്പെട്ട വരും, പാവങ്ങളുമായിരുന്നു. കൃത്യമായ കൂലി അന്നു നൽകിയിരുന്നില്ല. ആണിന് 2 ഇടങ്ങഴി നെല്ലും പെണ്ണിന് 1 ഇടങ്ങഴി നെല്ലും ആയിരുന്നു കൂലി. ജന്മിത്വത്തിന്റെ പ്രതീകമായി ഉത്സവദിവസങ്ങളിൽ എണ്ണയും, മുണ്ടും കൊടുത്തിരുന്നു. ഈ കുടുംബങ്ങളിൽ സ്ഥിരമായി പട്ടിണി നിലനിന്നിരുന്നു. പട്ടിണിമരണങ്ങളും കുറവായിരുന്നില്ല.

സ്വാതന്ത്ര്യസമരത്തിൽനമ്മുടെ പഞ്ചായത്തിൽ നിന്നും ആളുകൾ പങ്കെടുത്തിട്ടുണ്ട്. കയറാട്ടു കുട്ടപ്പൻനായർ, വിപി. ശങ്കരനാരായണമേനോൻ(വളളുവനാട് ഗാന്ധി), കൂട്ടാണത്തു ശങ്കരനാരായണഴുത്തച്ഛൻ, രാമചന്ദ്രൻ നെടുങ്ങാടി, കുമരൻകണ്ടത്ത് ശങ്കുണ്ണിനായർ തുടങ്ങിയവർ ഇതിൽ പ്പെടുന്നു. 1942 ൽ ശങ്കരനാരായണനെഴുത്തച്ഛൻ സ്വതന്ത്രസമരത്തിൽ പങ്കെടുത്ത് ജയിലിൽ പോകുകയും ഉണ്ടായി. I. N. A യിൽ പ്രവർത്തിച്ചിരുന്നവർ പലരും ഈ പഞ്ചായത്തിൽ ഉണ്ട്. അവരിൽ ചിലരാണ് കുമരൻകണ്ടത്ത് ശങ്കുണ്ണിനായർ ,കൃഷ്ണൻനായർ മുതലായവർ. കൂടാതെ 2-ാം ലോകമഹായുദ്ധത്തിൽ പങ്കെടുത്ത പല പ്രമുഖരും ഈ പഞ്ചായത്തിൽ ഉണ്ട്.

സ്വാതന്ത്ര്യസമരകാലഘട്ടങ്ങളിൽ സജീവമായി രംഗത്തുണ്ടായിരുന്ന കോൺഗ്രസ്സ് 60 കളോടെ ശക്തി ക്ഷയിക്കുകയും കമമ്യൂണിസ്റ്റ് പാർട്ടി ശക്തി പ്രാപിക്കുകയും ചെയ്തു. മുസ്ലിംലീഗി ന്റെ അവസ്ഥ മുൻകാലത്തെക്കാൾ മെച്ചപ്പെട്ടതായിരുന്നു.

സ്വതന്ത്രസമരവുമായി ബന്ധപ്പെട്ട് കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ പനമണ്ണയിൽ കളളുഷാപ്പ് പിക്കറ്റിങ്ങ് നടത്തുകയുണ്ടായി. ഇതിന് കയറാട്ടു കുട്ടപ്പൻനായർ നേതൃത്വം നൽകുകയുണ്ടായി.

പ്രധാന സംഭവങ്ങൾ

ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഈ നൂറ്റാണ്ടിലെ തന്നെ പ്രധാന സംഭവമായി അനങ്ങൻമല ഉരുൾപൊട്ടിയതിനെ വിശേഷിപ്പിക്കാം. 1941 ൽ ജൂലായ് മാസത്തിൽ തുടർച്ചയായി 3 ദിവസത്തെ മഴയ്ക്കുശേഷം മലയുടെ നടുഭാഗത്തായി ചെറിയൊരു ഭാഗം പൊട്ടുകയും പനമണ്ണയിലെ ഉയർന്ന പ്രദേശങ്ങൾ ഒഴിച്ച് ബാക്കി എല്ലാം ഭാഗങ്ങളും 5 ദിവസത്തോളം വെള്ളം മൂടിക്കിടക്കുകയും ഉണ്ടായി. 3 കൂട്ടികൾക്ക് ജീപാപായം സംഭവിക്കുകയും ലക്ഷക്കണക്കിനു രൂപയുടെ കൃഷി നാശവും പാർപ്പിട നാശവും ഏകദേശം മുഴുവനായ്തന്നെ കന്നുകാലികൾ ഒലിച്ചുപോകുകയും ചെയ്തു. തുടർന്ന് പനമണ്ണയുടെ വടക്കുഭാഗത്തുള്ള പാടങ്ങളിൽ കൃഷിയിറക്കുകയുണ്ടായില്ല. ജനങ്ങളുടെ കൂട്ടായ ശ്രമം മൂലം പാടത്തെ കല്ലും മണ്ണും മാറ്റി. 6 വർഷത്തിനുശേഷം കൃഷി പുനരാരംഭിക്കുന്നതിന് കഴിഞ്ഞു. 1940 ൽകോതകുറുശ്ശി യുടെ മുകൾ ഭാഗത്തുള്ള മലയിൽ പൂരം നടത്തിയതായി പറയപ്പെടുന്നു. എന്നാൽ 1941 ൽ ഉരുൾ പൊട്ടിയത് ഈ പൂരം നടത്തിയുകൊണ്ടായിരിക്കാം. എന്ന് അന്നത്തെ പൂരം നടത്തിപ്പുകാർകരുതുകയും തുടർന്ന് ഇന്നേവരെക്കും പൂരം നടത്തുകയും ഉണ്ടായിട്ടില്ല.

ഈ മലയിൽ ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ ധാരാളം വനങ്ങളും വന്യജിവികളും ഉണ്ടായിരുന്നു. എന്നാൽ നൂറ്റാണ്ടിന്റെ പകുതിയോടുകൂടി വന നശീകരണംമൂലം മലയിലേ മരങ്ങൾ മുഴുവൻ നശിക്കുകയും മണ്ണു മുഴുവൻ ഒലിച്ചുപോയി മല ഒരു വലിയ പാറയായി അവശേഷിക്കുകയുചെയ്തു. വനം നശിച്ചതു മൂലം സമീപ പ്രദേശങ്ങളിൽ ഉണ്ടായിരുന്ന നീരുറവകൾ മിക്കതും വറ്റി വരളുകയും ജലക്ഷാമം രൂക്ഷമാവുകയും ഉണ്ടായി. മലയുള്ളതുകൊണ്ട് പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്കും വർഷത്തിൽ നല്ല മഴ ലഭിക്കുന്നതിനും കഴിയുന്നു. കൂടാതെ മാർച്ച്, ഏപ്രിൽ മാസങ്ങളിൽ വാളയാർ ചുരം കടന്നുവരുന്ന വരണ്ട കാറ്റിനെ തടഞ്ഞുനിർത്തി നമ്മുടെ പഞ്ചായത്തിൽ മീതോഷ്ണ കാലാവസ്ഥ നിലനിർത്താൻ സഹായിക്കുന്നു. എന്നാൽ മരങ്ങളില്ലാതെ ഒറ്റപാറപോലെ മല നിൽക്കുന്നതിനാൽ അടുത്ത കുറച്ചു വർഷങ്ങളായി വേനൽകാലങ്ങളിൽ ചൂടു കൂടിവരുന്നുണ്ട്. എന്നാൽ വർഷകാലത്തുവരുന്ന വെള്ളം തടഞ്ഞു നിർത്താൻ സൗകര്യമില്ലാത്തതിനാൽ മഴകാലത്ത് വരുന്ന വെള്ളം മുഴുവൻ ഒലിച്ചുപോകുകയും, വേനൽകാലത്ത് രൂക്ഷമായ ജലക്ഷാമം നമുക്കു നേരിടേണ്ടിവരുകയും ചെയ്യുന്നു.

ഈ നൂറ്റാണ്ടിന്റെ, ആദ്യത്തിൽ നടന്ന മലബാർ കലാപ (1921) ത്തിൽ ഈ പഞ്ചായത്തിൽ നിന്ന് ആരും പങ്കെടുക്കുകയോ ലഹള നടന്നതായോ ഉള്ള രേഖകളോന്നുംതന്നെ ലഭിച്ചിട്ടില്ല. 1933-34 വർഷത്തിൽ ഈ പഞ്ചായത്തിൽ പടർന്നു പിടിച്ച മലമ്പനിയിൽ 450 ഓളം പേർ മരണപെടുകയുണ്ടായി. പാവുകോണം ഭാഗത്തുമാ(തമായി 150 ഓളം പേർ മരിച്ചു. വി.പി.മേനോന്റെ

നേതൃത്വത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുകയും, ജനങ്ങൾക്ക് സൗജന്യ ഭക്ഷ്യസാധനങ്ങൾ വിതരണം നടത്തുകയുമുണ്ടായി. 'കൊയ്ന' എന്ന മരുന്ന് കുടിക്കലായിരുന്നു ഏക ചികിത്സ രീതി. ഇത് നിരവധി പേർ മരിച്ചതിനു ശേഷമാണ് ലഭ്യമായത്. 1944 ൽ കോളറ പടർന്നു പിടിച്ച് നമ്മുടെ പഞ്ചായത്തിൽ 120 ഓളം പേർ മരിച്ചതായി കണക്കാക്കുന്നു. ഇതിനേതിരെയുള്ള കുത്തിവയ്പ് നടന്നുവെങ്കിലും ആളുകൾ കുത്തിവയ്പിന് സഹകരിച്ചിരുന്നില്ല. കുത്തിവയ്പുകാരെ കണ്ടാൽ ആളുകൾ

ഒളിച്ചിരിക്കുകയായിരുന്നു പതിവ്.1929-30 കാലത്ത് പടർന്നുപിടിച്ച വസൂരി രോഗത്തിലും നമ്മുടെ പഞ്ചായത്തിൽ നിരവധി പേർ മരിച്ചതായി കണക്കാക്കുന്നു. കൃത്യമായി ഒരു പ്രതിരോധസംവിധാനമോ, മരുന്നു നൽകാനുള്ള സംവിധാനമോ അന്ന് നിലവിലില്ലായിരുന്നു. രോഗം മൂലം മരിച്ചവരുടെ ശവശരീരം വിടിന്റെ വടക്കുഭാഗത്തായിരുന്നു സംസ്കരിച്ചിരുന്നത്. (സാധാരണ തെക്കുഭാഗത്താണ് സംസ്കരിക്കാറ്). എന്നാൽ 1970 നു ശേഷം ഇത്തരത്തിലുള്ള രോഗങ്ങൾ മുഴുവൻ നിയന്ത്രണവിധേയമാകാൻ കേരളത്തിൽ എന്ന പോലെ നമ്മുടെ പഞ്ചായത്തിലും കഴിഞ്ഞു,

സാംസ്കാരിക ചരിത്രം

പണ്ടുമുതൽക്കുതന്നെ ഉത്സവദിവസങ്ങളിലും കൊയ്ത്തുത്സവങ്ങളിലുമാണ് നാടകങ്ങളുംപാട്ടുകളും, കളികളും നടന്നിരുന്നത്. ചവിട്ടുകളി, പൊറാട്ടുനാടകം, പരിചമുട്ടുകളി, കളമെഴുത്തുപാട്ട്, കോൽക്കളി തുടങ്ങിയ നാടൻകലകളും ക്ഷേത്രകലകളായ കഥകളി, ചാക്യാർകൂത്ത്, ഓട്ടൻതുള്ളൽ, ചെണ്ട, മൃദംഗം, കുഴൽ, കൊമ്പ് തുടങ്ങിയ വാദ്യോപകരങ്ങളിൽ പ്രാവീണ്യം സിദ്ധിച്ച വിദ്വാൻമാരും നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിരുന്നു. പനമണ്ണ അപ്പുപ്പൊതുവാൾ, കുട്ടപ്പൊതുവാൾ എന്നിവർ ആദ്യകാലത്തും, പുതിയ തലമുറയിലെ ഒട്ടേറെ ചെറുപ്പക്കാർ ഇക്കാലത്തും ഈ രംഗത്തു പ്രവർത്തിച്ചു വരുന്നു. പൂരങ്ങളോട് അനുബന്ധിച്ച് തിറ, പൂതൻ, തേര്, കാളകളി, വെള്ളാട്ട് തുടങ്ങിയവയും നമ്മുടെ പഞ്ചായത്തിൽ ആദ്യകാലത്ത് നിലവിലുണ്ടായിരുന്നു. എല്ലാവർഷവും ചില അമ്പലങ്ങളിലും കാവുകളിലും ഉത്സവങ്ങളും, പള്ളികളിൽ നേർച്ചകളും മുൻകാലങ്ങളിലെന്ന പോലെ ഇന്നും മതസൗഹാർദ്ദപരമായി ആചരിക്കുന്നുണ്ട്. എന്നാൽ ആധുനിക ഉപഭോഗസംസ്കാരത്തിന്റെ ഭാഗമായി പ്രാചീന സംസ്കാരങ്ങളായ നാടൻകലകൾ നശീകരണത്തിന്റെ വക്കിലാണ്. ഇതിനു പകരമായി സിനിമകൾ, ബാലെകൾ, മറ്റു പുതിയ പ്രദർശന മാദ്ധ്യമങ്ങൾ എന്നിവ എത്തുകയും ചെയ്തു. ഇത് നമ്മുടെ സംസ്കാരത്തിനു തന്നെ അപകടകരമായി തീർന്നിരിക്കുകയാണ്. സ്ത്രീകൾക്ക് ജാക്കറ്റ് ഇടുവാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല. എന്നാൽ പാലക്കാട്ടു വെച്ചു നടന്ന സമൂഹ ജാക്കറ്റിടൽ സംഭവത്തിൽ നമ്മുടെ പഞ്ചായത്തിൽ നിന്നും നിരവധി സ്ത്രീകൾ പങ്കെടുക്കുകയുണ്ടായി.

കയറാട്ട് ഭാഗത്ത് കൃഷ്ണൻ മാഷും, പാറക്കാട്ടിൽ കുട്ടപ്പനാശാനും തരുവക്കോണത്ത് വയോജന വിദ്യഭ്യാസ കേന്ദ്രങ്ങൾ നടത്തിയിരുന്നു. വളരെ പണ്ടു മുതൽക്കേ മുസ്ലീം കുട്ടികൾക്ക് ഓത്ത് പഠിപ്പിക്കുന്ന രീതി നിലവിലുണ്ട്. പാലക്കോടു പള്ളിയാണ് ഈ പഞ്ചായത്തിലെ പഴയ മുസ്ലീം പള്ളി എന്ന് പഴമക്കാർ പറയുന്നു നമ്മുടെ പഞ്ചായത്തിൽ വിവിധ ഭാഗത്ത് പണ്ടുകാലത്ത് വേനൽക്കാലങ്ങളിൽ ജനങ്ങൾക്ക് ദാഹം തീർക്കുന്നതിനു വേണ്ടി തണ്ണീർപ്പന്തലുകൾ ഉണ്ടായിരുന്നു. ജന്മി കുടംബങ്ങളിൽ നിന്ന് ഇതിന്റെ ചിലവിലേക്കായി നെല്ലു കൊടുക്കുന്ന രീതിയും നിലവിലുണ്ടായിരുന്നു. ആദ്യകാലത്ത് താഴ്ന്ന ജാതിയിലെ സ്ത്രീകൾക്ക് ജാക്കറ്റ് ഇടുവാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല. എന്നാൽ പാലക്കാട്ടു വെച്ചു നടന്ന സമൂഹ ജാക്കറ്റിടൽ സംഭവത്തിൽ നമ്മുടെ പഞ്ചായത്തിൽ നിന്നും നിരവധി സ്ത്രീകൾ പങ്കെടുക്കുകയുണ്ടായി.

തരുവക്കോണം പ്രദേശത്ത് ഗോപവാടം വീട്ടിൽ വടക്കേതിൽ ഗോവിന്ദൻ നായർ എന്ന കവി താമസിച്ചിരുന്നു. പ്രസ്തുത കവിയുടെ 'അവിൽപ്പൊതി' എന്ന കവിതക്ക് ഓടക്കുഴൽ അവാർഡ് ലഭിച്ചിട്ടുണ്ട്. 18ാം നൂറ്റാണ്ടിൽ മുസ്ലീം ജനവിഭാഗത്തിന് പത്തംകുളം വരെ മാത്രമേ പോകാൻ അനുവാദമുണ്ടായിരുന്നുള്ളു. ഇത് കവളപ്പാറ രാജാവിന്റെ നിർദ്ദേശ

പ്രകാരമായിരുന്നു. പ്രസിദ്ധമായ വാണിയംകുളം ചന്തയിലും പ്രവേശനം ഉണ്ടായിരുന്നു . എന്നാൽ രാജ്യത്തൊട്ടാകെ ഉണ്ടായ മാറ്റങ്ങളുടെ ഭാഗമായി ഈ രീതി ഈ നൂറ്റാണ്ടിന്റെ ആദ്യത്തിൽ തന്നെ ഇല്ലാതായി.

ഇനി നമുക്ക് പഴയ പഞ്ചായത്തുരേഖകളിലൂടെ ഒന്ന് കണ്ണോടിക്കാം.

1961 ൽ ആണ് പഞ്ചായത്തു രൂപീകരണം. 63 വരെ ഇത് വെറും ഒരു സർക്കാർ ആപ്പീസു മാത്രമായി പ്രവർത്തിക്കുകയായിരുന്നു. മേൽ പഞ്ചായത്തിലെ 7 വാർഡുകളിൽ തെരഞ്ഞെടുപ്പു നടത്തുകയും, ഭരണസമിതി നിലവിൽ വരികയും ചെയ്തു. ആദ്യത്തെ പ്രസിഡന്റ് C. V. രാമചന്ദ്രമേനോനാണ് . ആദ്യത്തെ വനിതാ മെമ്പർ E. K. ഹേമലതയും ആണ്. ആദ്യത്തെ പഞ്ചായത്തു മെമ്പർമാർ രാമചന്ദ്രമേനോൻ, ഐക്യത്തിൽ ശങ്കു, E. K. ഹേമലത,, O. ആലി, P.ചാമി, മൊയ്തീൻ, കുട്ടപ്പൻ നായർ തുടങ്ങിയവരായിരുന്നു. ഒരു രൂപയായിരുന്നു സിറ്റിംങ് ഫീസ്. പഞ്ചായത്തു പ്രവർത്തിച്ചിരുന്നത് 50ം മൈലിലുള്ള പറിയങ്ങാട്ട് പുരയിലായിരുന്നു. 1964 ൽ അനങ്ങനടി മദ്രസ്സ കെട്ടിടത്തിലേക്ക് മാറ്റി. 1963 ൽ പഞ്ചായത്തു ഭരണസമിതി വന്നതിനുശേഷം വികസന പ്രവർത്തനങ്ങളിൽ ആദ്യത്തേത് പാവുക്കോണത്ത് കോട്ടക്കുളത്ത് സർക്കാർ കിണർ കുഴിക്കുകയായിരുന്നു 1,800 രൂപയായിരുന്നു അടങ്കൽ തുക. 64 ൽ നമ്മുടെ പഞ്ചായത്തിൽ ഒരു റേഷൻ ഷോപ്പ് മാത്രമാണ് ഉണ്ടായിരുന്നത്. 64 ൽ ആണ് ലൈസൻസും ഫീസും എർപ്പെടുത്തിയത്. 63 ൽ പിരിച്ച ചീട്ടു നികുതി 64 ൽ ഗവ. നിർദ്ദേശപ്രകാരം തിരിച്ചു നൽകിയ സംഭവവും ഉണ്ടായിട്ടുണ്ട്.

1963 മുതൽക്കാണ് നമ്മുടെ പഞ്ചായത്തിലൂടെ ബസ്സ് ഓട്ടം ആരംഭിച്ചത്. കോതകുർശ്ശി മുതൽ ലക്കിടി സ്റ്റേഷൻ വരെയായിരുന്നു ബസ്സ് ഓടിയത്. 64 ൽ പ്രൈമറി ഹെൽത്ത് സെന്റർ നിലവിൽ വന്നു. അക്കാലത്ത് പഞ്ചായത്തിൽ 3 വായനശാലകൾ നിലവിൽ ഉണ്ടായിരുന്നു. 1965 ൽ ആണ് പഞ്ചായത്തിൽ റേഡിയോ സ്ഥാപിച്ചത്. റേഡിയോ റൂറൽ ഫോറം എന്ന കമ്മിറ്റിയും സെക്രട്ടറിമാരും നിലവിലുണ്ടായിരുന്നു. 1964 ൽ അതുവരെ ഉണ്ടായിരുന്ന പ്രസിഡന്റ് രാജിവെക്കുകയും 1965 നവംബർ 16 ന് കയറാട്ട് കുട്ടപ്പൻ നായർ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. പിന്നീട് നീണ്ട 16 വർഷം ഇദ്ദേഹമായിരുന്നു പഞ്ചായത്ത് പ്രസിഡന്റ്. 1966 ൽ പഞ്ചായത്താഫീസിനുവേണ്ടി 2,000 രൂപ കൊടുത്തു സ്ഥലം വാങ്ങി. 1961 – 62 കാലത്താണ് നമ്മുടെ പഞ്ചായത്തിൽ വൈദ്യുതി എത്തിയത്. 66 ൽ മഹിളാസമാജം കെട്ടിടത്തിനു വേണ്ടി സ്ഥലം വിട്ടു കൊടുക്കുകയും ചെയ്തു. 66 ൽ പഞ്ചായത്തിൽ 2 ബാലവാടികൾ ഉണ്ടായിരുന്നു. കോതകുർശ്ശി സ്കിപ്പോ കേന്ദ്രവും പഞ്ചായത്തിലെ ബാലവാടിയും

ഇപ്പോഴത്തെ ഭരണസമിതി അംഗങ്ങൾ

1. സൈയ്താലിക്കുട്ടി മാസ്റ്ററർ
2. K. പത്മാവതി.
3. E. ജയപ്രകാശ്.
4. K.V. മെഹറുന്നീസ
5. K. മുഹമമദ്
6. O. മണികണ്ഠൻ
7. സഫിയ
8. സുമ തി ടീച്ചർ
9. കുഞ്ഞിമൊയ്തീൻ മാസ്റ്ററർ (വൈസ് പ്രസിഡന്റ്)
10. K.T. മുഹമമദ് (പ്രസിഡന്റ്)

9–ാം പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനും തുടർന്നുവരുന്ന പ്രവർത്തനങ്ങൾക്കും ഈ ചരിത്ര വിശകലനം മാർഗ്ഗദർശകത്വം നൽകും എന്നു വിശ്വസിക്കുന്നു.

④ ഭൂപ്രകൃതിയും വിഭവങ്ങളും

ഭൂപ്രകൃതി:- രേഖാംശം 76 ഡിഗ്രി 19 മിനിട്ടിനും 76 ഡിഗ്രി 22 മിനുട്ടിനും ഇടയിൽ സ്ഥിതിചെയ്യുന്ന നമ്മുടെ പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗം ചളവറ പഞ്ചായത്തിൽപ്പെടുന്ന കയിലിയാട് , പുലിയാനംകുന്ന് പ്രദേശങ്ങളും, വടക്കുഭാഗം ചളവറ,. . തൃക്കടീരി പഞ്ചായത്തുകളും, കിഴക്ക് ഭാഗം അനങ്ങൻമലയും , ഒറ്റപ്പാലം മുനിസിപ്പാലിറ്റിയും തെക്കുഭാഗം വാണിയംകുളം പഞ്ചായത്തും ഒറ്റപ്പാലം മുൻസിപ്പാലിറ്റിയും ചേർന്ന് അതിർത്തികൾ പങ്കിടുന്നു.

ഘടനാപരമായി അനങ്ങൻമല ഉയർന്നു നിൽക്കുന്നുവെങ്കിലും പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗം ചേർന്ന് ഫലപുഷ്ടിയുള്ള കൃഷിയിടങ്ങളും വനമേഖലയും ചേർന്ന പാവുക്കോണം തെക്കേകാട് (ചക്കിമല) രണ്ട്മലക്കാട്, നിലവറക്കാട്, ആറ്കാട് പ്രദേശം , തുറോക്കുന്ന് എന്നീ ഭാഗങ്ങളാണ് ഉയർന്ന പ്രദേശങ്ങൾ. ഇവയിൽ നിന്ന് കിഴക്കോട്ടും അനങ്ങൻമലയിൽ നിന്ന് പടിഞ്ഞാട്ടും വെള്ളം ഒഴുകുന്ന രീതിയിലാണ് പഞ്ചായത്തിന്റെ കിടപ്പ് . ചളവറയിലേക്ക് ബന്ധപ്പെടുന്ന നെൽപ്പാടവും വാണിയംകുളം പനയൂർ റോഡും മാറ്റി നിർത്തിയാൽ മൊത്തം പഞ്ചായത്തതിർത്തി മലകളാൽ ചുറ്റപ്പെട്ട് കിടക്കുന്നു വെന്ന് ചുരുക്കം.

ഭൂപ്രകൃതിയനുസരിച്ച് അനങ്ങന്നടി പഞ്ചായത്തിനെ മുഖ്യമായും 4 മേഖലകളാക്കി തിരിക്കാം.

1. ഉയർന്നകുന്നിൻ പുറങ്ങൾ
2. ചെരിവ് പ്രദേശങ്ങൾ
3. താഴ്ന്ന പ്രദേശങ്ങൾ
4. നെൽപ്പാടങ്ങൾ

ഈ നൂറ്റാണ്ടിന്റെ മദ്ധ്യഘട്ടം വരെ വനനിബിഡമായിരുന്ന ഉയർന്ന കുന്നിൻപുറങ്ങൾ പ്രാദേശികമായ ഇടപെടലുകൾ നിമിത്തം വനനശീകരണം സംഭവിച്ച് മൊട്ടക്കുന്നുകളായി നിലകൊള്ളുന്നുവെങ്കിലും ആധുനികതയുടെ തള്ളിക്കയറ്റത്തിൽ ചുരുക്കം ചില ഭാഗങ്ങളെങ്കിലും റബ്ബർ കൃഷി നടത്തിവരുന്നുവെന്നത് ആശ്വാസകരമാണ്. പടിഞ്ഞാറുഭാഗം ചേർന്ന കുന്നിൻപുറങ്ങൾ കാര്യമാത്രമായി പാറയുടെ അംശം കുറവായതിനാൽ പലതരം കൃഷികൾക്ക് ഉപയുക്തമാണിവിടം. മൊത്തം വിസ്ത്രൃതിയുടെ 30 ശതമാനം വരുന്ന ഈ ഭാഗത്ത് മരച്ചീനി ,റബ്ബർ, ചുരുങ്ങിയതോതിൽ തെങ്ങ് മറ്റിനങ്ങൾ കൃഷി ചെയ്തുവരുന്നു. മണ്ണാലിപ്പ് തടയാൻ അവിടവിടങ്ങളിലായി മരങ്ങളും അതിർവരമ്പുകളും ഉള്ളത് വളരെ കുറച്ചുമാത്രം ഉപകരിക്കുന്നു. മഴക്കാലത്ത് ചെടികൾ തഴച്ച് വളരുന്ന ഈ പ്രദേശങ്ങളെ ആശ്രയിച്ച് വിറക് ശേഖരണം നടത്തുന്ന ചെറിയൊരു വിഭാഗം ജനങ്ങൾ ഇവിടെ ഉണ്ട്. കുന്നിൻപുറങ്ങളിൽ എറിയും കുറഞ്ഞും നിരപ്പുള്ള പ്രദേശങ്ങൾ ഉണ്ട്. എങ്കിലും മഴവെള്ളത്തെ തടഞ്ഞുനിർത്താൻ തക്കതായ മാർഗ്ഗങ്ങൾ ഇല്ല. കുന്നിൻ പുറങ്ങളിൽ നിന്ന് താഴേക്ക് ചെരിഞ്ഞ പ്രദേശങ്ങൾ മിക്കവാറും ജനങ്ങൾ വാസയോഗ്യമാക്കിയും തട്ടുകളായി തിരിച്ച് കൃഷിയിടങ്ങൾ നിർമ്മിക്കുകയും വീടുകൾ നിർമ്മിക്കുകയും ചെയ്തിരിക്കുന്നതിനാൽ ഈ ഭാഗങ്ങൾ എറെക്കുറെ മനോഹരമായി അലങ്കരിക്കപ്പെട്ടിരിക്കുന്നു. ദൈനംദിന പ്രവർത്തനങ്ങളിലൂടെ ഒറ്റയ്ക്കും കൂട്ടായും നടത്തുന്ന ശ്രമങ്ങൾ കാരണം മണ്ണാലിപ്പ് ഈ ഭാഗത്ത് ബാധിക്കുന്നില്ല എന്നു പറയാം. മാത്രമല്ല തട്ടുകളാക്കി തിരിച്ച് നെൽകൃഷി, വാഴകൃഷി,മരച്ചിനികൃഷി തുടങ്ങിയവ നടത്തുന്നതു കാരണം വെള്ളത്തിന്റെ ഒഴുക്ക് ഈ ഭാഗങ്ങളിൽ ഏറെക്കുറെ നിയന്ത്രണത്തിലാണ്. ഈ പഞ്ചായത്തിന്റെ

ചില കുന്നിൻചെരിവുകളിൽ വരൾച്ച അനുഭവപ്പെടുന്നതു കൊണ്ട് കാർഷിക വിളകൾ ഇറക്കാത്ത പ്രദേശങ്ങൾ ഉണ്ട്. കര പ്രദേശങ്ങൾ 70% ഉള്ള ഈ പഞ്ചായത്തിൽ സമതല പ്രദേശങ്ങൾ ഏല്ലാം തന്നെ ജനങ്ങൾ വസിക്കുന്നതും നെൽകൃഷി ഒഴികെയുള്ള കൃഷിയിനങ്ങൾ ഇറക്കുന്നതുമാണ്. ഈ പ്രദേശങ്ങളിൽ പൊതുവേ ലാറ്ററൈറ്റ് കലർന്ന ഫലപുഷ്ടിയുള്ള മണ്ണാണ് കാണപ്പെടുന്നത്.

കര പ്രദേശങ്ങളിൽനിന്നും താഴോട്ടിറങ്ങുമ്പോൾ അരികു ചേർന്നു വെള്ളസൗകര്യം തുടർച്ചയായി കിട്ടാത്തതും ചുരുങ്ങിയത് ഒരു വിളയെങ്കിലും ലഭിക്കുന്ന പള്ളയാൽ പ്രദേശങ്ങൾ പഞ്ചായത്തിന്റെ 5% വരുന്നു. ആയവയിൽ ചിലയിടങ്ങളിൽ ലാറ്ററൈറ്റ് കലർന്ന ചെളിമണ്ണും മറ്റുചിലയിടങ്ങളിൽ ചെമ്മണ്ണ് കലർന്ന ചെളിമണ്ണും കാണപ്പെടുന്നു. ആദ്യകാലങ്ങളിൽ മരച്ചീനി സമൃദ്ധമായി കൃഷി ചെയ്തിരുന്ന പള്ളയാലുകൾ ഇപ്പോൾ വാഴകൃഷി, തെങ്ങുകൃഷി തുടങ്ങിയവജലസേചന സൗകര്യത്തിന്റെ തോതനുസരിച്ച് കയ്യടക്കിരിക്കുന്നു. ചെറിയൊരു ശതമാനം പള്ളയാലുകൾ ജനങ്ങൾ വീടുകൾ നിർമ്മിച്ച് വാസയോഗ്യങ്ങളാക്കി കാണപ്പെടുന്നു. ഇവിടങ്ങളിൽ മഴവെള്ളത്തിന്റെ കിനിഞ്ഞിറങ്ങൽ താരതമ്യേന കൂടുതലാണ്.

പഞ്ചായത്തിന്റെ 20 % അപഹ രിക്കുന്ന നെൽ പാടങ്ങൾ (നഞ്ച) 86% വും ഇരുപൂകൃഷി നടത്തുന്നതാണ്. ഇതിൽതന്നെ നല്ലൊരു ശതമാനം രണ്ടാം വിളക്ക് ആവശ്യമായ വെള്ളം ലഭിക്കാതെ ഉഴറുന്ന കൃഷിക്കാരുണ്ട്. പുഞ്ചക്കൃഷി നാമ മാത്രമായി കാണപ്പെടുന്നുള്ളു. വാണിയംകുളം , ചെർപ്പുള്ളശേരി റോഡ് പഞ്ചായത്തിനെ 2 ആയി ഖണ്ഡിക്കുന്നു. സമതലപ്രദേശത്ത് കൂടിയും ചില പ്രദേശങ്ങളിൽ നെൽപ്പാടങ്ങളിൽകൂടിയും പോകുന്ന റോഡുകൾ ചില വാർഡുകളുടെ ത്തന്നെ അതിർത്തി തിരിക്കുന്നു.

സമയ ക്യത്യതയില്ലെങ്കിലും മെയ്,,ജൂൺ മാസത്തിൽ തുടങ്ങുന്ന തെക്കു പടിഞ്ഞാറൻ കാലവർഷം ആഗസ്റ്റ് മാസം വരെ നീണ്ടുനിൽക്കുന്നുവെന്ന് പറയാം. ഈ സമയ പരിധിയിൽ ശരാശരി 146 സെന്റിമീറ്റർ മഴ ലഭിക്കുന്നു. ഒക്ടോബർ മാസത്തോടെ എത്തുന്ന തുലാവർഷം മൂലം ശരാശരി 55 സെന്റിമീറ്റർ മഴ മാത്രമെ ലഭിക്കുന്നുള്ളു. പ്രതീക്ഷിക്കാതെ എത്തുന്ന ഇടമഴകളും ഉണ്ട്. നവംബർ മുതൽ ജനുവരിവരെയുള്ള മാസങ്ങളിൽ കുറഞ്ഞ ചൂടും ഫെബ്രുവരിമുതൽ മെയ് മാസം വരെ ഉയർന്ന ചൂടും (ശരാശരി 38ഡിഗ്രി സെൽഷ്യസ്) അനുഭവപ്പെടന്നു.

പഞ്ചായത്തിലെ പ്രമുഖ തോടുകൾ ചളവറ – കണ്ണിയംപുറം തോടാണ്. മാക്കണ്ടി തോടും പനമണ്ണ ചെറു കുളത്തിൽ തുടങ്ങുന്ന പത്തംകുളം തോടും എണ്ണത്തിൽ പെടുത്താം. ചളവറയിൽ നിന്നും അഷ്ടത്തുമന ചോണാട്ടു പ്രദേശത്തുകൂടി തിരിഞ്ഞ് ആറു കാട്ടു പടിക്കൽ എത്തി നിൽക്കുന്നകുഞ്ഞിര പുഴ കനാൽ ലക്ഷ്യം മറന്നെന്നു തോന്നുന്നു. ഏലീയകുളം, ചെറുകുളം, മനക്കൽക്കുളം, കോന്ത്രക്കുളം, പെരും കുളം , പുലാക്കാട്ടു കുളം , പുല്ലാനിക്കാട്ടു കുളം, മനപ്പടിക്കുളം, ഇരട്ടക്കുളം, ആത്തംകോട്ടു കുളം , കോട്ടക്കുളം എന്നിവയാണ് പഞ്ചായത്തിലെ പ്രധാനകുളങ്ങൾ. പടിഞ്ഞാറൻകുന്നുകളിലുള്ള ചോലപ്പാറ ചോലയും കയ്പ്പഞ്ചീരി ചോലയും സാമാന്യം ഭേദപ്പെട്ട ജലസ്രോതസ്സുകളാണെങ്കിലും താച്ചം കുണ്ട് ചോലയിൽ നിന്ന് ആവശ്യമായ വെള്ളം ലഭിക്കുന്നില്ല. സമൃദ്ധമായി ഭൂഗർഭജലം ലഭിക്കുന്ന പത്തംകുളം പ്രദേശത്ത് സാങ്കേതിക വിദഗ്ദ്ധരെ ഉപയോഗിച്ച് പരീക്ഷണം നടത്തിയതിനു ശേഷമാണ് ശുദ്ധജലവിതരണത്തിനുള്ള കുഴൽക്കിണർ നിർമിച്ച് ശുദ്ധജലവിതരണം നടത്തുന്നത്.

കുന്നിൻപുറങ്ങളിലും ചെരുവുകളിലും പൊതുവെ ഫലപുഷ്ടിയുള്ള മണ്ണാണ് . കൃഷിസ്ഥലങ്ങളിൽ ഫലപുഷ്ടി അതാതിടങ്ങളിൽ നൽകുന്ന പരിരക്ഷയെ ബന്ധപ്പെട്ട് കിടക്കുന്നതായാണ് അനുഭവം.

പഞ്ചായത്തിൽ നെല്ല് 1 –ാം വിള ചെയ്യുന്ന 695 ഹെക്ടറും 2–ാം വിള ചെയ്യുന്ന 599 ഹെക്ടറും തെങ്ങ് 554 ഹെക്ടറും, റബ്ബർ 70 ഹെക്ടറും, വാഴകൃഷി 51 ഹെക്ടറും, മരച്ചീനി 25 ഹെക്ടറും, മാവ്, കശുമാവ് തുടങ്ങിവ 53 ഹെക്ടറും, കുരുമുളക് , കവുങ്ങ് തുടങ്ങിയവ 10 ഹെക്ടറും,ആണുള്ളത്.

മനുഷ്യവിഭവം :

പഞ്ചായത്തിൽ ആകെയുള്ള ജനസംഖ്യ 21,804 ആണ്.. ഇതിൽ11,492 സ്ത്രീകളും. 10312 പുരുഷൻമാരും ആണ് . ഇതിൽ 3376 പേർ കുട്ടികളാണ്. ഒരു വർഷത്തെ ജനസംഖ്യാ വർദ്ധനവിന്റെ തോത് പഞ്ചായത്തിൽ 1000 ത്തിന് 17.15 ആണ് . സംസ്ഥാന ശരാശരി 19.6 ആണ്. മരണ നിരക്ക് സംസ്ഥാനത്ത് 1000 ത്തിന് 6 ആകുമ്പോൾ നമ്മുടെത് 4.5 ആണ്. സംസ്ഥാനാടിസ്ഥാനത്തിൽ ജനസാന്ദ്രത ഒരു ചതരശ്രകിലോമീറർ അനസരിച്ച് 790 ആണ് .നമ്മുടെ പഞ്ചായത്തിൽ ഇത് ചതുരശ്ര കിലോമീറററിന് 1049 ആണ് എന്നത് ഇനിയും കുടംബാസൂത്രണപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതിന്റെ ആവശ്യകത വിളിച്ചോതുന്നു, .സമ്പൂർണ്ണ സാക്ഷരതനേടിയ നമ്മുടെ പഞ്ചായത്തിൽ, തുടർവിദ്യാഭ്യാസത്തിന്റെ കുറവുമൂലം നിരക്ഷരത കാണാൻ കഴിയും . ഒട്ടുമിക്കവരും പ്രാഥമിക വിദ്യാഭ്യാസം നേടിയവരാണ് ഇവിടെയുള്ളത് . സെക്കന്ററി വിദ്യാഭ്യാസ രംഗത്ത് ഇവിടെ നിലനിന്നിരുന്ന സൗകര്യമില്ലായ്മമൂലം ഉപരിവിദ്യാഭ്യാസം നേടിയവർ കുറവാണ്. ഈ പഞ്ചായത്തിൽ ആദ്യത്തെ ഹൈസ്കൂൾ ആരംഭിച്ചിത് 1951 ലാണ്. അതുവരെ ഏക ആശ്രയം ഒറ്റപ്പാലം ഹൈസ്കൂൾ ആയിരുന്നു. കോളേജ് വിദ്യഭ്യാസരംഗത്ത് സമീപപ്രദേശങ്ങളിൽ പോലും സൗകര്യമുണ്ടായിരുന്നില്ല. പാലക്കാട് വിക്ടോറിയ കോളേജായിരുന്നു ഈ രംഗത ത്ത ആശ്രയം . സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ഇത് അപ്രാപ്യമായിരുന്നു

ഈ പഞ്ചായത്തിൽ 2247 കർഷകതൊഴിലാളികളും 172 കുടിൽ വ്യവസായികളും 1291 പേർ മററു തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരും 1165 പേർ തൊഴിൽ രഹിതരുമാണ്. കൃഷിക്കാരുടെ ഏണ്ണം 678 ആണ്.

ഈ പഞ്ചായത്തിലെ മിക്കവാറും ജനങ്ങൾ കൃഷിയെ ആശ്രയിച്ചു ജിവിക്കുന്നരാണ്. ബാക്കിവരുന്ന ജനങ്ങൾ നിർമമാണ മേഖലയിലും, കച്ചവടമേഖലയിലും, വിദേശങ്ങളിൽ ജോലിചെയ്യുന്നവരും ആണ് .നാമ മാത്രമായ ശതമാനം സർക്കാർ സർവ്വീസിൽ ജോലി നോക്കുന്നു.

പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം തൊഴിൽ സാധ്യത നൽകുന്ന മേഖലകൾ കുറവായതിനാൽ തൊഴിലില്ലായ്മ രൂക്ഷമാണ്.



5.1 കൃഷിയും ജലസേചനവും

ഈ പഞ്ചായത്തിലെ ഭൂപ്രദേശങ്ങളിൽ അധികവും നൂറ്റാണ്ടിന്റെ ആരംഭത്തിൽ വൻകിട ജന്മികളുടെ അധീനത്തിൽ ആയിരുന്നു. കാണകുടിയാൻമാർ എന്ന വിഭാഗത്തിന് അവരുടെ ഭൂമികൾ ചാർത്തി കൊടുക്കുകയായിരുന്നു പതിവ്. പനമണ്ണ ദേവസ്വം, കാമ്പ്രത്ത് ഇല്ലം, കാടമ്പറ്റ മന, വൈശ്രവണത്ത് മന, കാഞ്ഞിയൂർമന, തൃക്കടീരി മൂപ്പിൽനായർ എന്നിവരായിരുന്നു പ്രധാന ജന്മിമാർ.12 കൊല്ലത്തേക്കായിരുന്നു ചാർത്തികൊടുക്കൽ. ചാർത്താധാരത്തിൽ ഒരു നിശ്ചിതതുക ലംസംമായും കൊല്ലം തോറും നിശ്ചിതഅളവ് നെല്ല് മിച്ചവാരമായും കുടിയാൻ ജന്മിക്ക് കൊടുക്കണമെന്ന് വ്യവസ്ഥയുണ്ടായിരുന്നു. കുടിയാന്മാർ വളരെ ദുരിതപൂർണ്ണമായ അവസ്ഥയിലായിരുന്നു കഴിഞ്ഞിരുന്നത്. 1957-ൽ അധികാരത്തിൽ വന്ന സർക്കാരാണ് ഇതിന് മാറ്റം വരുത്തിയത്.

1970 ജനുവരി 1ന് കേരള ഗവൺമെന്റ് പാസാക്കിയ നിയമം മൂലമാണ് പാട്ടകുടിയാൻമാർക്ക് ലാൻറ്ട്രിബൂണൽ സ്ഥാപിച്ചത്. ഈ നിയമപ്രകാരം സംസ്ഥാനത്തിലെ ഭൂമി ആകമാനം ഗവൺമെന്റിൽ നിക്ഷിപ്തമായി. തത്ഫലമായി ഗവൺമെന്റും ഭൂമിയുടെ കൈവശക്കാരും തമ്മിലായി ഇടപാട്. പ്രസ്തുത ഭൂനിയമത്തിലെ വ്യവസ്ഥ അനുസരിച്ച് ഭൂമി നേരിട്ട് കൈവശമില്ലാത്ത ജന്മിമാർക്കും കാണകുടിയാന്മാർക്കും നിയമത്തിൽ വ്യവസ്ഥചെയ്ത പ്രകാരമുള്ള പ്രതിഫലം കൈപ്പറ്റി രംഗത്തുനിന്ന് എന്നെന്നേക്കുമായി മാറേണ്ടി വന്നു.

പട്ടിക - 1

ഭൂമി സംബന്ധിച്ച വിവരങ്ങൾ

ഇനം	വിസ്തീർണ്ണം	
നിലം	695.6	ഹെക്ടർ
പുരയിടം	490.068	ഹെക്ടർ
പുറമ്പോക്ക്	ഇല്ല	
കൃഷിയോഗ്യതരിശ്	1286.2	ഹെക്ടർ
കൃഷിയോഗ്യമല്ലാത്തതരിശ്	200.0	ഹെക്ടർ
ആകെ	2671.868	ഹെക്ടർ

വിളചേരുവ : പഞ്ചായത്തിലെ പ്രധാനവിളകൾ നെല്ല്, തെങ്ങ്, വാഴ, ചേന, പച്ചക്കറികൾ, മരച്ചീനി, കവുങ്ങ്, റബ്ബർ, പയറുവർഗ്ഗങ്ങൾ, ഇഞ്ചി, കുരുമുളക്, കശുമാവ് എന്നിവയാണ്. ഒന്നാം വിളയിൽ 695ഉം, രണ്ടാം വിളയിൽ 599ഉം ഹെക്ടർ പ്രദേശത്ത് കൃഷിചെയ്യുന്ന നെല്ല് തന്നെയാണ് ഇതിൽ ഒന്നാം സ്ഥാനത്ത്. മുൻകാലങ്ങളിൽ അപൂർവ്വം ചിലയിടങ്ങളിൽ മൂന്നാം വിള ഇറക്കിയിരുന്നുവെങ്കിലും ഇന്ന് ഇന്നാട്ടുകാരെ സംബന്ധിച്ചിടത്തോളം അതൊരു പഴം കഥമാത്രമാണ്. ഒന്നാം വിളയിൽ 'പുജ്യംപത്ത്' എന്ന വിത്താണ് സാർവ്വത്രികമായി കൃഷിയിറക്കി കാണാറുള്ളത്. രണ്ടാം വിളയ്ക്ക് പൊന്മണി, ഉണ്ടമസൂരി, ചിറേറനി, വെള്ളരിയൻ, ചേറാടി എന്നിവയാണ് ഉപയോഗിക്കാറ്.

554 ഹെക്ടർ പ്രദേശത്ത് നിലനിൽക്കുന്ന തെങ്ങ് കൃഷിയാണ് അടുത്തതായി പറയുവാനുള്ളത്. ഇതിൽ 90% നാടൻതെങ്ങുതന്നെയാണ്. ബാക്കി വരുന്നത് T x D , D x T ലക്ഷഗംഗ എന്നിവയാണ്.

70ഹെക്ടർ സ്ഥലത്ത് കൃഷിചെയ്യുന്ന റബ്ബറിന് ഇവിടെ ഒരു കാൽനൂററാണ്ടിന്റെ പാരമ്പര്യമെ അവകാശപ്പെടാനുള്ളു. റബ്ബർ കൃഷി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാൻ സാധ്യതയുണ്ടെങ്കിലും സാങ്കേതിക പരിജ്ഞാനത്തിന്റെ കുറവ് ധാരാളമുണ്ട്. 53 ഹെക്ടർ സ്ഥലത്ത് കൃഷിചെയ്യുന്ന കശുമാവാണ് വലിയമുതൽമുടക്കില്ലാതെയും പ്രയത്നമില്ലാതെയും വൻലാഭം കൊയ്തുതരുന്ന കൃഷി. ചില പ്രത്യേകതരം കുന്നിൻചെരുവുകൾ കേന്ദ്രീകരിച്ചാണ് ഈ കൃഷിയിൽ അധികവും. റബ്ബറിനെ പോലെ തന്നെ വളരെ കുറച്ചുപേർമാത്രമേ ഈ കൃഷിൽ ഏർപ്പെട്ടിട്ടുള്ളു.

വളരെയധികം പരിചരണവും മുതലിറക്കവുംവേണ്ടിവരുന്ന വാഴകൃഷി ഇവിടെ 51 ഹെക്ടർ പ്രദേശത്ത് ഉണ്ട്. അന്യ സംസ്ഥാനങ്ങളിനിന്നും സമീപ ജില്ലകളിൽ നിന്നും ഉള്ള വാഴ കുലകൾ ഇവിടെ കമ്പോളങ്ങൾ കീഴടക്കാറുള്ളതുകൊണ്ട് പലപ്പോഴും വാഴകൃഷികാർക്ക് ബാക്കിവരുന്നത് നെടുവീർപ്പുകൾ മാത്രമാണ്. ഭൂമി തരിശിടാനുള്ള വിഷമം കൊണ്ടുമാത്രം കർഷകർ ചെയ്യുന്ന ഒരു കൃഷിയായി മാറിയിരിക്കുന്നു മരച്ചീനി എന്ന് നിസംശയം പറയാൻ കഴിയും. 25 ഹെക്ടർ പ്രദേശത്ത് മാത്രമാണ് ഇപ്പോൾ മരച്ചീനി കൃഷി ഉള്ളത്. 10 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്ന കുരുമുളക്, കവുങ്ങ്,

എന്നിവയാണ് ഇവിടുത്തെ മററു പ്രധാന വിളകൾ. 30 ഹെക്ടർ സ്ഥലത്ത് പച്ചക്കറികൃഷി (രണ്ടാം വിള കൊയ്തെടുത്തശേഷം വെള്ളം കിട്ടുന്ന പ്രദേശങ്ങളിൽ) ചെയ്തു പോരുന്നുണ്ട്. പ്ലാവ്, മാവ്, എന്നിവ കാർഷികാടിസ്ഥാനത്തിൽ കൃഷിചെയ്യുന്നില്ല എങ്കിലും നിലവിലുണ്ട് എന്ന് പറയാം. ഫലങ്ങളെക്കാൾ കൂടുതൽ തടിയെ ലക്ഷ്യം വച്ച കൃഷിയാണ് ഇവകൾ. സങ്കര ഇനം മാവിൻ തൈകൾ ഇപ്പോൾ അല്പാല്പമായി കൃഷിചെയ്തുവരുന്നുണ്ട്.

വിസ്തീർണ്ണവും ഉൽപ്പാദനവും

വിള	വിസ്തീർണ്ണം	മൊത്തംഉൽപ്പാദനം	ഉൽപ്പാദനക്ഷമത(ഹെ)
നെല്ല്(1ാംവിള)	695ഹെക്ടർ	1109ടൺ	3600 Kg
നെല്ല്(2ാംവിള)	599ഹെക്ടർ	770ടൺ	2500 Kg
പച്ചക്കറികൾ	30ഹെക്ടർ	ലഭ്യമല്ല	1225 Kg
തെങ്ങ്	554ഹെക്ടർ	678650 തേങ്ങ	7000 No
വാഴ	51ഹെക്ടർ	357ടൺ	12500 Kg
മരച്ചീനി	25ഹെക്ടർ	392ടൺ	850 Kg
റബ്ബർ	70ഹെക്ടർ	373.8ടൺ	534 Kg

ഉൽപാദന ക്ഷമത :-

ഒന്നാം വിള നെല്ല് ഹെക്ടറിന് 3600 Kg മും രണ്ടാം വിള 2500 Kg മും ആണ്. നാളികേരം ഒരു വർഷത്തിൽ ആകെ ഉൽപ്പാദിപ്പിക്കപ്പെടുന്നത് 678650 എണ്ണമാണ്. അതായത് ഒരു ഹെക്ടർ സ്ഥലത്ത് ശരാശരി 7000 നാളികേരം . റബ്ബർ ഒരു ഹെക്ടറിന് 534 Kg ആണ് ഉൽപ്പാദിപ്പിക്കപ്പെടുന്നത് . കശുമാവ് ഒരു ഹെക്ടർ സ്ഥലത്തുനിന്ന് 720 Kg കശുവണ്ടി ഉൽപ്പാദിപ്പിക്കാൻ പോന്നവയാണ്. പച്ചക്കറി ഹെക്ടറിൽനിന്ന് പ്രതിവർഷം 1225 Kg മും വാഴ 12500 Kgമും മരച്ചീനി 850 Kg മും വിളവ് നൽകുന്നു. ഉൽപ്പാദനക്ഷമതക്ക് കാരണമാകുന്നത് മലകളിൽ നിന്നും ഒഴുകിവരുന്ന ഫലപുഷ്ടിയുള്ള മണ്ണും വെള്ളവും മൂലമാണ്.

ജലസേചനസൗകര്യങ്ങൾ :-

ഭൂപ്രദേശത്തിന്റെ അവസ്ഥയും വിസ്തൃതിയും കണക്കിലെടുക്കുമ്പോൾ ഉള്ള ജലസേചനസൗകര്യങ്ങൾ വളരെ അപര്യാപ്തമാണ്. ഇരുപതോളം തുറന്ന കിണറുകളും നാല് കുഴൽകിണറുകളും സ്വകാര്യ വ്യക്തികളുടേതടക്കം കൃഷിക്കുപയുക്തമായ രീതിയിലുള്ളത്. ഇതിൽ തന്നെ നല്ലൊരു പങ്കും ജലസേചനം ആവശ്യമായ ഘട്ടങ്ങളിൽ വരണ്ടുകിടക്കുന്ന നിലയിലാണ്. പണിപൂർത്തിയായതോ നടന്നുകൊണ്ടിരിക്കുന്നതോ ആയ ജലസേചനപദ്ധതികൾ ഇവയാണ്. വെള്ളാറം പാറ ക്രോസ്ബാർ, പത്തംകുളം ക്രോസ്ബാർ, കുന്തംകല്ല് ക്രോസ്ബാർ, കണ്ണിയംപുറം ക്രോസ്ബാർ(പനമണ്ണ തോട്) കരുണിപാലം ക്രോസ്ബാർ എന്നീ തടയണകളും ഏലിയകുളം,ചെറുകുളം, മനക്കൽകുളം, കോന്ത്രകുളം, ഇരട്ടകുളം,, പുല്ലാനിക്കാട്ട് കുളം, പെരുങ്കുളം, അത്തംകോട്ടുകുളം, ചേനംപുല്ലികുളം എന്നീ കുളങ്ങളുമാണ് ഈ പദ്ധതികളെല്ലാം കൂടി 83.77 ഹെക്ടർ പ്രദേശത്തെ ജലസേചനം നിർവഹിക്കാൻ മാത്രമേ പ്രാപ്തമാകുന്നുള്ളൂ. പമ്പുജലസേചനത്തിന്റെ കാര്യമെടുത്താൽ 80 തോളം പോർട്ടബിൾ(എടുത്തുകൊണ്ടു നടക്കാൻ പാകത്തിലുള്ളത്) പമ്പുസെറ്റുകളാണ് ഉള്ളത്. ഇവയുടെ ഉപയോഗത്തിന് ഇന്ധന ദൗർലഭ്യം അനുഭവപ്പെടുന്നു.

ഉൽപ്പന്നങ്ങളുടെ വിലയും വിപണനവും :-

കൃഷിക്കാരെ സംബന്ധിച്ചിടത്തോളം കാർഷിക ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള പ്രധാനപ്പെട്ട കേന്ദ്രം സമീപ പഞ്ചായത്തിൽപ്പെട്ട വാണിയംകുളം ആഴ്ച ചന്തയാണ്. യഥാർത്ഥത്തിൽ കർഷകന് ലഭിക്കേണ്ട വിലയുടെ 20 മുതൽ 35 % വരെ ഇടത്തട്ടുകാർ തട്ടിയെടുക്കുന്നതായി പഠനം വ്യക്തമാക്കുന്നു. നാളികേരം, പച്ചക്കറികൾ, വാഴപ്പഴം മറ്റു നാണ്യവിളകൾ എന്നിവയിലെല്ലാം ഇടത്തട്ടുകാരുടെ ഇടപെടൽമൂലം കൃഷിക്കാരന് നഷ്ടം സംഭവിക്കുന്നുണ്ട്. പഞ്ചായത്തിൽ ഒരു മാർക്കറ്റിങ്ങ് സൊസൈറ്റിയും ഇല്ല. കശുവണ്ടി,റബ്ബർ എന്നിവ വിറ്റഴിക്കുന്നതിന് കർഷകർ ആശ്രയിക്കുന്നത് ഒറ്റപ്പാലം, ഷൊർണ്ണൂർ പ്രദേശങ്ങളിലെ സംഭരണ കേന്ദ്രങ്ങളെയാണ്. ഇതിനൊക്കെ പുറമെ പ്രധാന വിളയായ നെല്ല് വിറ്റഴിക്കാൻ പഞ്ചായത്തിനകത്ത് യാതൊരു സംവിധാനവും ഇല്ല. തെക്കൻ ജില്ലകളിൽനിന്ന് വരുന്ന മില്ലുകാരും അവരുടെ ദല്ലാളൻമാരും ആണ് കൃഷിക്കാരിൽനിന്ന് നെല്ല് സംഭരിക്കുന്നത്. ദല്ലാളൻമാരിൽനിന്നും മൂൻകൂറായി വാങ്ങുന്ന പണമാണ് നല്ലൊരുപങ്ക് കർഷകരും വിളയെടുക്കുന്നതിനും വിളയിറക്കുന്നതിനും ആശ്രയിക്കാറുള്ളത് എന്നൊരു വസ്തുതയുണ്ട്. തൻമൂലം അവരുമായി വിലപേശുന്ന കാര്യത്തിൽ കർഷകർ ചില്ലറ വിട്ടുവിഴ്ചകൾ ചെയ്യാൻ നിർബന്ധിതമാവുകയും നഷ്ടം സംഭവിക്കുകയും ചെയ്യുന്നു.

കാർഷികബന്ധങ്ങൾ:-

1991 ലെ സെൻസസ് പ്രകാരം 678 കർഷകരാണ് പഞ്ചായത്തിൽ ഉള്ളത്. ഇവരിൽ 81 പേർ വൻകിട കർഷകരാണ്. ബാക്കിയുള്ളതിൽ 70% പേർ നാമ മാത്ര കർഷകരും 30% പേർ ചെറുകിട കർഷകരുമാണ്. സ്വയം പണിയെടുക്കുന്ന കർഷകരുടെ എണ്ണം കഴിഞ്ഞ ഒന്നു രണ്ടു ദശകങ്ങളെ അപേക്ഷിച്ച് കൂടി വരുകയാണ്. കർഷക തൊഴിലാളികളുടെ എണ്ണത്തിൽ വരുന്ന കുറവു തന്നെയാണ് ഇതിനു പ്രധാന കാരണം. ഉൽപ്പാദന ചെലവ് വർദ്ധിക്കുന്നത് ഒഴിവാക്കുകയെന്ന ഒരു ലക്ഷ്യം കൂടി ഇതിനു പിന്നിലുണ്ട്.

1991 ലെ സെൻസസ് പ്രകാരം 2247 കർഷക തൊഴിലാളികളാണ് ഇവിടെയുള്ള ത്. ഇപ്പോൾ ഇതിൽ 25 ശതമാനത്തിൽ കുറയാത്ത കമ്മി വന്നിട്ടുണ്ട്. കെട്ടിടനിർമ്മാണ ജോലികൾ, മരപ്പണി, കരിങ്കൽപണി എന്നീ മേഖലയിലേക്കാണ് ഇവരുടെ പ്രയാണം അധികവും ഉണ്ടായിട്ടുള്ളത്.

കൂലി സേവന വ്യവസ്ഥകൾ:-

പുരുഷതൊഴിലാളികൾക്ക് 75 രൂപയും സ്ത്രീ തൊഴിലാളികൾക്ക് 45 രൂപയുമാണ് സാധാരണ കൂലി നിരക്ക്. ഈ നിരക്കിൽ പ്രാദേശികമായി ചില ഏറ്റക്കുറച്ചിൽ ഉണ്ടാവാം. ഈ നിരക്കിന് പണിഭേദമൊന്നുമില്ല. തേങ്ങയിടൽ തെങ്ങൊന്നിന് 5 രൂപയും റബ്ബർവെട്ട് ഒരു ബ്ലോക്കിന്(400 മരം) 100 രൂപയുമാണ് സാധാരണ നിരക്ക്. തൊഴിലാളികളിൽ ഒരു ചെറിയ ശതമാനം തൊഴിലിൽ ആത്മാർത്ഥത കാണിക്കുന്നില്ല. കൃഷിപ്പണി സമയ ബന്ധിതമാക്കണമെന്നതാണ് കർഷകരുടെ ആവശ്യം. കർഷകരിൽ ഏതാണ്ട് 10% സ്ഥാപിത താത്പര്യക്കാരാണ്. കൃഷിപ്പണി സമയ ബന്ധിതമാക്കാൻ സത്വരനടപടികൾ സ്വീകരിക്കണം.

വളം ഉപഭോഗം:-

2-ാം വിളയിറക്കുന്ന സമയത്ത് ജൈവവളം ഇടുന്ന ഒരു സ്വഭാവം ഉണ്ട് എങ്കിലും ജൈവവളത്തിന്റെ ദൗർലഭ്യം നിമിത്തം ഈ പണി പലരും ഒരു വഴിപാട് പോലെയാണ് ഇന്ന് നടത്തുന്നത്. കൂലി വർദ്ധനവ് ഉൽപ്പാദന വർദ്ധനവിന് ആനുപാതികമായ തോതിലല്ലാത്തതുകൊണ്ട് പല കർഷകരും ചിലവുചുരുക്കലിന്റെ ഭാഗമായി ജൈവവളം ഉപയോഗിക്കുന്നില്ല. 50% ത്തിൽ താഴെ ആളുകളാണീ ജൈവവളം ഉപയോഗിച്ചു കാണുന്നത്. സൌകര്യവും സമയലാഭവും മറ്റു അനുകൂല ഘടകങ്ങളും ഉള്ളതുകൊണ്ട് കൂടുതൽ ആളുകളും രാസവളപ്രയോഗമാണ് നടത്തുന്നത്. പഞ്ചായത്തിന്റെ പരിധിയിൽ കോതകുർശ്ശി സർവ്വീസ് സഹകരണ സംഘത്തിന്റെ കീഴിൽ കോതകുർശ്ശിയിലും പത്തംകുളത്തും 2 വളം ഡിപ്പോകളുണ്ട് എന്നത് കർഷകർക്ക് ഏറെ ആശ്വാസകരമാണ്. യൂറിയ, ഫാക്ടംഫോസ്, മസൂരിഫോസ്, പൊട്ടാഷ് എന്നിവയാണ് ഉപയോഗിക്കുന്ന രാസവളങ്ങളിൽ അധികവും. ഏങ്കിലും വില താരതമ്യേന കുറഞ്ഞ യൂറിയക്കു തന്നെയാണ് ആവശ്യക്കാർ അധികവും. കഴിഞ്ഞ 3 വർഷങ്ങളിലെ രാസവള ഉപയോഗത്തിന്റെ കണക്കുകൾ യഥാക്രമം 60862 Kg , 79788 Kg, 62991 Kg എന്നിങ്ങനെയാണ്. ഹ്രസ്വകാല വിളകളായ ഇഞ്ചി, ചേന എന്നിവയുടെ സംരക്ഷണത്തിന് പച്ചില, ഇല, ചപ്പ് എന്നിവ സാധാരണയായി ഉപയോഗിക്കാറുണ്ട്.

രോഗങ്ങൾ:-

നെല്ലിനെ ബാധിച്ചു കാണാറുള്ള രോഗങ്ങൾ കൊടപ്പുഴു, തണ്ടുതുരപ്പൻ, മുഞ്ഞ, ഓലചുരുട്ടിപ്പുഴു, ബ്ലാസ്റ്റ് ബ്ലൈയ്റ്റ് എന്നിവയാണ് . കുമ്പുചീയൽ മഞ്ഞളിപ്പ് ,എലി, പുന്നി, കൊമ്പൻചെല്ലി, കുരങ്ങൻമാർ എന്നിവയാണ് തെങ്ങുകൃഷി നേരിടുന്ന ഭീഷണികൾ. വാഴയെ സംബന്ധിച്ചാണെങ്കിൽ കരിക്കിൻകേട്, കറുനാമ്പ് , ഇഞ്ചിക്ക് തണ്ടുചീയൽ, കശുമാവിന് കട്ടകേട്, പൂവ്കരിച്ചിൽ, കുരുമുളകിന് ദ്രുതവാട്ടം, റബ്ബറിന് പട്ടമരവിപ്പ്, ഉണക്കം, കവുങ്ങിന് മഹാളി രോഗം, പയറിന് ചാഴിക്കേട്, പച്ചക്കറിക്ക് മഞ്ഞളിപ്പ്, ഈച്ചക്കേട് മുരടിപ്പ് എന്നിങ്ങനെ കൃഷിയെ ബാധിക്കുന്ന രോഗങ്ങളുടെ ഒരു ഘോഷയാത്ര തന്നെയുണ്ട്. വിൽപ്പനശാലയിൽ ലഭ്യമായിട്ടുള്ള കീടനാശിനികൾ തിരിച്ചും മറിച്ചും പ്രയോഗിക്കുക എന്നല്ലാതെ രോഗമറിഞ്ഞ് ചികിത്സിക്കുകയെന്ന കാര്യം പല കർഷകരും ചെയ്യാറില്ല. വില കൂടുതലും ആകർഷണിയമായ പേക്കിങ്ങും ഉള്ളതിനോട് ഒരു പ്രത്യേക ആകർഷണം കർഷകർക്ക് ഉണ്ട് എന്നാണ് അനുഭവം.

കർഷകരുടെ സംരഭങ്ങൾ :

പഞ്ചായത്തിൽ ഇപ്പോൾ ഉള്ള 20 പാടശേഖരസമിതികൾ മാത്രമാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്താനുള്ളത് ചെല്ലപ്പേരിനെ അടിസ്ഥാനമാക്കിയുള്ള വിഭജനമായതുകൊണ്ട് ചില പാടശേഖരസമിതികൾ രണ്ടും മൂന്നും വാർഡുകളിലായി പടർന്നുപന്തലിച്ചു കിടക്കുന്നു. അതേ സമയം അരഡസനോളം പാടശേഖരസമിതികളുടെ വിഭാഗങ്ങൾ ഉൾപ്പെടുന്ന വാർഡുകളുമുണ്ട് പല പാടശേഖരസമിതികളുടെയും പ്രവർത്തനം കാര്യക്ഷമമല്ല. യുവാക്കളായ കർഷകർ പാടശേഖരസമിതിക്ക് നേതൃത്വം കൊടുക്കാൻ മുൻകൈ എടുക്കുന്നില്ല എന്നതും ഇവിടെ സ്മരണീയമാണ്. പാടശേഖരസമിതിയൊന്നും തന്നെ സംബന്ധിച്ചിടത്തോളം ഒരു ഘടകമേ അല്ല എന്നു ചിന്തിക്കുന്ന കർഷകരും ഇല്ലാതില്ല. സമിതികളുടെ രജിസ്ട്രേഷൻ പുതുക്കുന്നതിന് തവണകളായി ജില്ലാ ആസ്ഥാനത്ത് പോകേണ്ടിവരുന്നത് കർഷകരെ സംബന്ധിച്ചിടത്തോളം വളരെ ദുഷ്ക്കരമാണ്.പാവുക്കോണം നീർമറി പദ്ധതിയിൽപ്പെട്ട പഞ്ചായത്താണിത് ശ്രീ.ടി.അച്ചുതൻ മിത്രകിസാൻ പ്രസിഡണ്ടും എ,കെ.മൊയ്തു, കെ.പ്രഭാകരൻ, ബേബി ജയചന്ദ്രൻ, കാർത്ത്യായനി എന്നിവർ മിത്രകിസാൻമാരുമാണ്. അനവധി വികസനപ്രവർത്തനങ്ങൾ ഈ പദ്ധതിവഴിനടപ്പിലാക്കികൊണ്ടിരിക്കുന്നു.

നെല്ലുൽപ്പാദകബോണസ് അപൂർവ്വമായിട്ടാണ് കിട്ടുന്നത് എങ്കിലും തദ്വസരങ്ങളിൽ സമിതി ഭാരവാഹികൾ സ്തുത്യർഹമായ സേവനം കാഴ്ചവെയ്ക്കാറുണ്ട് എന്നതാണ് അനുഭവം.

കാർഷകവികസനപ്രവർത്തനങ്ങൾ:

അനങ്ങനടി കൃഷിഭവൻ മുഖേന 8ാം പഞ്ചവത്സരപദ്ധതിയിൽ കൃഷിക്കാർക്ക് നൽിയ ആനുകൂല്യങ്ങളും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതുമായ ചില ക്ഷേമ പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരങ്ങളും ചുവടെ ചേർക്കുന്നു.

പാടശേഖരസമിതികൾ മുഖാന്തിരം കർഷകർക്ക് നെല്ലുൽപാദന ബോണസായി 4,04,250 രൂപ വിതരണം ചെയ്തു. ഈ വകയിൽ കഴിഞ്ഞ 3 വിത്തുകളുടെതായി 268820 രൂപ കൊടുത്ത് തീർക്കാനുണ്ട്. പമ്പുസെറ്റ് വകയിൽ 59450 രൂപയും 16 ഗുണഭോക്താക്കൾക്കായി വീതിച്ച് നൽകിയിട്ടുണ്ട്. 2 പേർക്ക് കിണറുകുഴിക്കാൻ 11700 രൂപയും 6 പേർക്ക് സ്പ്രേയറുകൾ വാങ്ങുന്നതിലേക്ക് 4100 രൂപയും, 8 തെങ്ങു കയറ്റയന്ത്രത്തിനായി 4000 രൂപയും ചിലവഴിച്ചിട്ടുണ്ട്.

സമഗ്രനാളികേരവികസന പദ്ധതി (CCDP) മുഖാന്തിരം 32 കിണറുകൾ കുഴിക്കാൻ 80,000 രൂപ ലക്ഷ്യം വെച്ചതിൽ 10 കിണറുകൾ, 25,000 രൂപ നൽകിയിട്ടുണ്ട്. ഈ വകയിൽ 55000 രൂപ ബാക്കിയുണ്ട്. പട്ടികജാതി – പട്ടികവർഗ്ഗക്കാർക്ക് 2 കിണറുകൾക്കായി 19,000 രൂപ നൽകുകയുണ്ടായി 20 പമ്പ് സെറ്റുകൾക്കായി 50,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായുള്ള പദ്ധതിപ്രകാരം 4 ഹരിജനങ്ങൾക്ക് കിണറുകുഴിക്കാനുള്ള വകയിൽ 24000 രൂപയും ഒരാൾക്ക് ബയോഗ്യാസ് പ്ലാന്റിന് 6,500 രൂപയും വിതരണംചെയ്തു ഇതേ പദ്ധതിപ്രകാരം തന്നെ നേന്ത്രവാഴ, തെങ്ങിൻ തൈകൾ, റബ്ബർ തൈകൾ മറ്റ് വളങ്ങൾ എന്നിവയിലേക്ക് 51962 രൂപ ചെലവഴിച്ചു.

തീവ്രസങ്കേത വികസന പരിപാടിപ്രകാരം (IHDP) വൃക്ഷ തൈകളും അവ വെച്ചുപിടിപ്പിക്കുന്നതിലേക്കുമായി 54190 രൂപ ചെലവഴിച്ചു. കമ്മ്യൂണിറ്റി നഴ്സറി വിഭാഗത്തിൽ 30,000 രൂപയും ചുണ്ണാമ്പിന്റെ വകയിൽ 2000 രൂപയും ചെലവിനത്തിൽപെടുന്നു. പവിഴം, ജ്യോതി, കാഞ്ചന, ആതിര, നീരജ, ഐശ്വര്യ, ചുവന്നത്രിവേണി എന്നീ വിത്തിനങ്ങൾ എല്ലാം കൂടി 8981 Kg. കൃഷിക്കാർക്ക് വിതരണം ചെയ്യുകയുണ്ടായി. 982 കിലോഗ്രാം പയറുവർഗ്ഗങ്ങളും 4487 പാക്കറ്റ് പച്ചക്കറിവിത്തുകളും, 7313 തെങ്ങിൻ തൈകളും, 12220 കുരുമുളക് തൈകളും 931 മാവിൻ തൈകളും, 1360 കശുമാവിൻ തൈകളും, വിളസംരക്ഷണ കീടനാശിനികൾ 26700 മില്ലിലിറ്ററും വിതരണം ചെയ്യുകയുണ്ടായി.

നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ താഴെ കാണിച്ചിട്ടുള്ളവയാണ് സമഗ്രനാളികേര വികസന പദ്ധതിപ്രകാരം 7 പേർക്ക്കിണർകുഴിക്കുന്നതിന് ബാങ്ക് മുഖാന്തരം 17500 രൂപ സബ്സീഡിനിരക്കിൽ വിതരണം ചെയ്യുന്നു. ബാങ്ക് മുഖേന 15 പേർക്ക് പമ്പ് സെറ്റ് വാങ്ങുന്നതിലേക്ക് 37500 രൂപയും റൊക്കം പണം കൊടുത്ത് പമ്പ്സെറ്റ് വാങ്ങുന്ന 15 പേർക്ക് വേറൊരു 37500 രൂപയും സബ്സിഡി ഇനത്തിൽ അനുവദിക്കുന്നുണ്ട് ഒരു മെമ്പറിന് 1000 രൂപയും പട്ടികജാതി പട്ടികവർഗ്ഗ കാരന് കിണറുകുഴിക്കുതിന് 10,000 രൂപയും നൽകാൻ പദ്ധതിയുണ്ട്. പാടശേഖരസമിതികൾവഴി മണ്ണ് സംരക്ഷണത്തിന് 175000 രൂപ നൽകുന്നതും നടന്നുകൊണ്ടിരിക്കുന്ന പദ്ധതിയിൽ പെടുന്നു.

പ്രശ്നങ്ങൾ:-

പഞ്ചായത്തിലെ ഭൂവിഭാഗം മലകളും, കുന്നിൻചെരുവുകളും, സമതലങ്ങളും അടങ്ങിയതാണ്. ആകെ വിസ്തീർണ്ണത്തിന്റെ 70% ചെളി കലർന്ന ചെമ്മണ്ണും 20% മണൽ കലർന്ന ചെളിമണ്ണും(ചെമ്മണ്ണ്) ബാക്കി ഭാഗം പാറപ്രദേശങ്ങളുമാണ്. ചതുപ്പുനിലം തീരെയില്ല എന്നുതന്നെ പറയാം. മലയുടെ താഴ്വാരങ്ങളിലൊഴിച്ചാൽ ബാക്കി വരുന്ന ബഹുഭൂരിപക്ഷം പ്രദേശങ്ങളിലും ഫലപൂഷ്ടി ശരാശരിയിലും വളരെ താഴെയാണ്. മണ്ണൊലിപ്പിന് സാധ്യത വളരെയേറെയാണെങ്കിലും ഈ അടുത്ത കാലത്തായി പാവുക്കോണം വാട്ടർഷെഡിന്റെ സ്കീമിൽ ഉൾപ്പെടുത്തി ചില പ്രവർത്തനങ്ങൾ നടന്നത് കർഷകരെ സംബന്ധിച്ചിടത്തോളം ചെറിയ ഒരു ആശ്വാസം നൽകിയിട്ടുണ്ട്.

കൃഷിക്കാരൻ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം ജലദൌർലഭ്യം തന്നെയാണ്. വിരലെണ്ണാവുന്ന പൊതുശുളങ്ങൾ ഉണ്ട് എന്നതും ബാലാരിഷ്ടത ഇന്നും മാറിയിട്ടില്ലാത്ത തോടുകൾ നോക്കുകുത്തിപോലെയുണ്ട് എന്നതും ഒഴിച്ചാൽ കർഷകർക്ക് ആവശ്യമായ ജലസേചനത്തിന് ഫലപ്രദമായ ഒരു സംവിധാനം ഇതുവരെയും ഉണ്ടായിട്ടില്ല. സമ്പന്നരായ കർഷകർ സ്വന്തം നിലക്ക് ചില സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും, ഓണംകേറാമൂലയായ പലയിടത്തും വൈദ്യുതി പ്രതിസന്ധിയുളളതുകൊണ്ട് അതും ഫലപ്രദമാണ് എന്നുതോന്നാൻ തീരെയില്ല. വെള്ളം ലഭിക്കാത്തതുകൊണ്ട് രണ്ടാം വിള നല്ലൊരു ശതമാനം പ്രദേശത്ത് ഉണക്കഭീഷണി നേരിടുന്നതും ചെരിവുപ്രദേശത്തുള്ള വയലുകൾ വിണ്ടുകിറി നിൽക്കുന്നതും ഒരു സ്ഥിരം അനുഭവമാണ്. പാടങ്ങൾ നികത്തപ്പെടുന്ന ഒരു പ്രവണത ഇവിടങ്ങളിൽ ഉണ്ട് എന്നതിന് പ്രധാന കാരണം കാർഷിക പ്രതിസന്ധിതന്നെയാണ്. മറെറാരു കാരണമായി ചൂണ്ടിക്കാണിക്കാനുളളത് ജനപ്പെരുപ്പത്തിലെ ക്രമാതീതമായ വർദ്ധനവാണ് .മറെറാരു സംവിധാനം ഇല്ലാത്തതാണ് അവരെ ഇതിലേക്ക് പ്രേരിപ്പിക്കുന്നത്. ചിലയിടങ്ങളിൽ കർഷകന്റെ സാമ്പത്തിക പ്രതിസന്ധിമൂലമോ, കർഷകതൊഴിലാളികളെ സമയത്ത് കിട്ടാത്തതുകൊണ്ടോ, ആവശ്യത്തിനു വെള്ളം ലഭിക്കാത്തതുകൊണ്ടോ ഭൂമി തരിശിടെണ്ടതായി വന്നിട്ടുണ്ട്.

പല കർഷകരും സ്വന്തം താത്പര്യംമാത്രം മുൻനിർത്തി വെവേറെ വിത്തുകൾ കൃഷിചെയ്യുന്നതുകൊണ്ട് കീടാണു ബാധ ഇവിടെ ഒരു ഒഴിയാബാധയാണ് എന്നു പറയാം. പല കർഷകരും ഇത്തരം കാര്യങ്ങളെ കുറിച്ച് അറിവില്ലാത്തവരാണ്. അത്യുൽപാദനശേഷിയുള്ള വിത്തുകളോ നടീൽ വസ്തുക്കളോ ഉൽപ്പാദിപ്പിക്കപ്പെടാൻ അത് ഇവിടെ എത്താൻ കാലതാമസം അനുഭവപ്പെടുന്നു.

ജീവിത പ്രതിസന്ധിയിൽ പരീക്ഷണങ്ങൾക്ക് മുതിരാൻ കർഷകമനസ്സുകൾ സന്നദ്ധമല്ല എന്നതുതന്നെയാണ് വസ്തുത. ഉൽപ്പാദനക്ഷമത നിലനിർത്താൻ ഇവിടത്തെ കർഷകർക്ക് കഴിയാത്തതും. അതുകൊണ്ടാണ് എന്ന് പക്ഷം. ജലസേചനസൗകര്യത്തിന്റെ കൂടെ കർഷകരുടെ ഏറ്റവും വലിയ ആവശ്യം യന്ത്രവൽക്കരണമാണ്. 20 ഓളം പാടശേഖരസമിതികളുള്ള ഈ പഞ്ചായത്തിൽ അപൂർവ്വം ചില വ്യക്തിക്കായി സ്പ്രെയറുകളും, മെതിയന്ത്രവും,തെങ്ങുകയറ്റയന്ത്രവും ആകെയുള്ള 78 പമ്പുസെറ്റുകളും ഉള്ളതൊഴിച്ചാൽ അതിനങ്ങോട്ടുള്ള യന്ത്രവൽക്കരണം ഇല്ല.

ജില്ലയുടെ കിഴക്കൻ അതിർത്തികളിൽനിന്നും മറ്റും വരുന്ന ട്രാക്റ്ററുകളെ ആശ്രയിച്ചാണ് 90% ഇവിടത്തെ ഉഴവ് എന്ന് പറയാം. ഒരു പാടശേഖരസമിതിക്ക് ഒരു ട്രാക്ടർ കണ്ട് കിട്ടണം എന്നുതന്നെയാണ് ഇവിടുത്തെ ഒരോ കർഷകന്റെയും ആവശ്യം. പഞ്ചായത്തും ഗവർമേൻറും ബന്ധപ്പെട്ട ഉദ്യോഗസ്ഥനും ഈ കാര്യത്തിൽ അടിയന്തിര ശ്രദ്ധ പതിപ്പിക്കണം. കർഷകർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ട കൃഷിഭവനിൽ ആവശ്യത്തിനു സ്റ്റാഫ് ഇല്ല എന്നതു കൊണ്ടും കൃഷിഭവൻ പഞ്ചായത്തിന്റെ ഒരറ്റത്തായതു കൊണ്ടും അധികം വിഷമങ്ങൾ സൃഷ്ടിക്കുന്നു.

കുളങ്ങൾ പലതും വർഷങ്ങളായി അറ്റക്കുറ്റ പണികൾ നടത്താത്തതുമൂലം ഉപയോഗശൂന്യമായിരിക്കുകയാണ്. തോടുകൾ എല്ലാം തന്നെ വശങ്ങൾ ഇടിഞ്ഞ് കൃഷിസ്ഥലവും തോടും ഒന്നാവുന്ന സ്ഥിതിയുണ്ട് മറ്റൊരു പ്രശ്നം വായ്പ സൗകര്യത്തെക്കുറിച്ചാണ്. കാർഷികവായ്പക്ക് ഇവിടെയുള്ളവർ ഏറിയക്കൂറും ആശ്രയിക്കുന്നത് കോതകുറുശ്ശി സർവ്വീസ് സഹകരണ ബാങ്കിനേയും ഒറ്റപ്പാലം കാഷിക വികസന ബാങ്കിനെയും ആണ്. വായ്പനയം കുറെയൊക്കെ ഉദാരമാണെങ്കിലും വളരെ ചെറിയ പങ്ക് ആളുകൾക്കുമാത്രമേ അതിന്റെ പ്രയോജനം ലഭിക്കുന്നുള്ളു. 25 വർഷത്തിലധികമായി തൈവശ ഭൂമി യായി വച്ചിട്ടുള്ളതും പട്ടയം ഉള്ളതും ഇല്ലാത്തതുമായ കൃത്യമായി നികുതി അടച്ചുപോരുന്ന സ്ഥലങ്ങളുടെ ഇടിൻമേൽ ചില റവന്യൂപരമായ തകരാറുകൾകൊണ്ടുമാത്രം വായ്പസൗകര്യം നിഷേധിക്കപ്പെട്ടവർ ഇവിടെ നിരവധിയാണ്. ഇതിനു ഒരു പരിഹാരം ജനകീയ ആസൂത്രണ പ്രസ്ഥാനത്തിൽകൂടി ഉണ്ടാകുമെന്ന ശുഭാപ്തി വിശ്വാസത്തിലാണ് ഒരു കൂട്ടം കർഷകർ.

വായ്പാ നിബന്ധനകൾ ലഘൂകരിച്ച് എളുപ്പത്തിൽ വായ്പകൾ കിട്ടാൻ സൗകര്യമുണ്ടാക്കണം. ഉൽപ്പന്നങ്ങൾ സംസ്കരിക്കുന്ന കാര്യത്തിൽ ഉള്ള സംവിധാനങ്ങൾ ചില പ്രത്യേക സ്ഥലങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്നതുകൊണ്ട് വിദൂരസ്ഥലങ്ങളിൽ ഉള്ളവർക്ക് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ ചില്ലറയല്ല. അലഞ്ഞുനടക്കുന്ന കന്നുകാലികളിൽനിന്ന് കാർഷികവിളകൾക്ക് ഉണ്ടാവുന്ന ശല്യം കർഷകരെ സംബന്ധിച്ചിത്തോളം വളരെ വലുതാണ്.

സാധ്യതകൾ:-

- പഞ്ചായത്തിലെ മുഴുവൻ കുളങ്ങളും കിണറുകളും എത്രയും വേഗം അററകുററപ്പണികൾ നടത്തി ജലസേചനത്തിനുകൃഷിക്കുപയുക്തമാക്കിത്തീർക്കുക. സാമാന്യ ജനത്തിന് ഉപയോഗിക്കുവാൻ തക്കവിധത്തിൽകുളിക്കടവുകളും മററും നിർമ്മിക്കുക. അതാതു സ്ഥലങ്ങളിൽ മനുഷ്യ പ്രയത്നം പരമാവധി വിട്ടുതരാൻ സന്നദ്ധരായി പല പാടശേഖരസമിതികളും, ഗ്രാമസഭകളും മുന്നോട്ട് വന്നത് ഇവിടെ പ്രസ്താവ്യമാണ്.

- വലിയ തോട് (ചളവറ – കണ്ണിയംപുറം) ഉൾപ്പെടെ പഞ്ചായത്തിനകത്തുള്ള മുഴുവൻ തോടുകളും രണ്ടു വശവും വൃത്തിയായി പടുത്ത് നൂറു മീറ്റർ വീതം ഇടവിട്ട് തടയണകൾ സ്ഥാപിക്കുക നിലവിലുള്ള തടയണകൾ കേടു തീർക്കുക, ചോർച്ചമാറ്റി ചീർപ്പിടാനുള്ള സൗകര്യം മെച്ചപ്പെടുത്തുക. തോടിന്റെ ഇരുവശവും കൈതമരങ്ങൾ വച്ചു പിടിപ്പിക്കുകയും സംരക്ഷിക്കുകയും മണ്ണു സംരക്ഷണം ഉറപ്പ് വരുത്തുകയും ചെയ്യുക.

- ഓരോ ഹെക്ടർ പ്രദേശത്തും ട്രാക്ടർ ഇറങ്ങാനുള്ള സൗകര്യം എർപ്പെടുത്തുകയും ട്രാകടർ പാസേജ് വിപുലീകരിച്ച് നിലനിർത്തി ആവശ്യ വാഹനങ്ങൾക്ക് യാത്ര ചെയ്യുവാൻ സൗകര്യം ഉണ്ടാക്കിക്കൊടുക്കുക. ഒരു പാടശേഖരസമിതിക്ക് ഒരു ട്രാക്ടറും അതിനു പുറമെ ട്രില്ലറും അനുവദിച്ചാൽ സൗകര്യമായിരിക്കും.

- കാഞ്ഞിരപ്പുഴ ജലസേചന പദ്ധതി കഴിവതും വേഗം പൂർത്തിയാക്കുകയും കനാൽ സൈഡിൽ ഉള്ള കല്ലു കളും മറ്റ് അനാവശ്യ സാധനങ്ങളും മാറ്റി കനാൽ വരമ്പ് ഗതാഗത യോഗ്യമാക്കിയാൽ അതുവഴി ട്രാക്ടർ ഇറക്കാൻ കഴിയും. കനാലിൽ വെള്ളം വന്നാൽ വേനൽക്കാലങ്ങളിൽ സമീപ പ്രദേശങ്ങളിലുള്ള കിണറുകളും കുളങ്ങളും വറ്റി വരളുന്നതിന് ആശ്വാസമാകും. ലിഫ്റ്റ് ഇറിഗേഷൻ സംവിധാനം തീർച്ചയായും ഏർപ്പെടുത്തണം. കനാൽ വളരെയധികം താഴ്ചയിലാണ് എന്നതാണ് വസ്തുത.

- മുമ്പ് നടത്തിയ മണ്ണ് പരിശോധനയെ അടിസ്ഥാനമാക്കി കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ ഉടൻ നൽകുക. കാലതാമസം ഒഴിവാക്കുക.

- നെല്ലുൽപ്പാദകബോണസ് വർദ്ധിപ്പിക്കുക. തെങ്ങ് കൃഷിക്ക് പ്രോൽസാഹജനകമായ നിലപാട് സ്വീകരിക്കുക. ആവശ്യമില്ലാത്ത നികുതികൾ ഒഴിവാക്കുക എന്നിവ നടപ്പിൽ വരുത്തുക. കർഷകക്ഷേമം ഉറപ്പ് വരുത്തി പാടങ്ങളും മറ്റ് കൃഷിയിടങ്ങളും നികത്തുന്നതിനെതിരെ ബോധവൽക്കരണം നടത്തുകയും കർശന നിയമം മൂലം നിയന്ത്രണം എർപ്പെടുത്തുകയും ചെയ്യുക.

- പഞ്ചായത്തിന്റെ പ്രവർത്തന പരിധിയിലുള്ള സഹകരണ സംഘങ്ങൾക്ക് നെല്ല്, കൊപ്ര, കശുവണ്ടി, റബ്ബർ, അടക്ക എന്നിവയുടെ മാർക്കറ്റിംഗ് നടത്താൻ നിർദ്ദേശവും പഞ്ചായത്ത് നേരിട്ട് ചന്തകൾ തുടങ്ങുകയും ചെയ്യുക.

- അമിതമായ രാസവള ഉപയോഗം നമ്മുടെ മണ്ണിന്റെ പ്രകൃത്യാലുള്ള ജൈവഘടന തകർക്കുമെന്നതിനാൽ ജൈവവളങ്ങളെ പ്രോത്സാഹിപ്പിക്കുക. ഉദാ:- ചാണക കമ്പോസ്റ്റ്, ആട്ടിൻകാഷ്ഠം, കോഴിവളം, മണ്ണിര കമ്പോസ്റ്റ് .

- കാർഷികവായ്പകൾ നിലവിലുള്ള ആധാരത്തിന്റെയും നികുതി രസീതിന്റെയും ഈടിന്മേൽ നൽകുക. വായ്പാ നിബന്ധനകൾ ലഘൂകരിക്കുക.

- കൃഷിഭവൻ മുഖാന്തിരം വിൽപ്പന നടത്തുന്ന വിത്തിനങ്ങളും നടീൽ വസ്തുക്കളും യഥാസമയത്തുതന്നെ എത്തിക്കുവാൻ ശ്രമിക്കുക. കൂട്ടനാടിന്റെ കൃഷിസാഹചര്യങ്ങൾ ഇവിടെ മാത്രകയാക്കാതിരിക്കുക.

- വ്യത്യസ്ഥമായ വിത്തിനങ്ങൾ തൊട്ടടുത്ത സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നതുമൂലം രോഗങ്ങൾ വർദ്ധിക്കുന്നതിന്നും വിളനിലവാരം കുറയാനും സങ്കരവർഗ്ഗവിത്തുകൾ ഉണ്ടാവാനും കാരണമാവുകയും മേഖലയുടെ നാശത്തിന് വഴിവെക്കുയും ചെയ്യുന്നു. വിത്തിന്റെ കാര്യത്തിൽ ഒരേകീകൃത നിലപാട് എടുക്കുവാൻ പാടശേഖരസമിതികൾ മുൻകൈ എടുക്കേണ്ടതുണ്ട്.

- പാടശേഖരസമിതികളുടെ റജിസ്ട്രേഷൻ പുതുക്കുന്നതിന് പാലക്കാട് വരെ പോക്കേണ്ടഗതികേടിലാണ് ആയത് പഞ്ചായത്തു മുഖേന പുതുക്കിത്തരുവാൻ സത്വര നടപടി സ്വീകരിക്കണം.

- ജനങ്ങൾക്ക് ആവശ്യമായ തോതിൽ പച്ചക്കറി വിത്തുകൾ കൃഷിഭവൻ മുഖേന അതാതുസമയത്ത് സൗജന്യമായി വിതരണം ചെയ്യുകയും ധനസഹായം കൊടുക്കുകയും ചെയ്താൽ കൂടുതൽ ആളുകൾ പച്ചക്കറി കൃഷി രംഗത്തേക്ക് വരാൻ സാധ്യതയുണ്ട്.

- പമ്പുസെറ്റുകൾ സ്ഥാപിക്കുവാൻ വേണ്ടി വൈദ്യുതകണക്ഷനുകൾ കൊടുക്കുന്നത് ത്വരിതപെടുത്തിയാൽ കൃഷി അഭിവൃദ്ധിപ്പെടുവാൻ സാധ്യതയുണ്ട്.

- കൃഷി ഭവനിലെ കൃഷി ഡമോൺട്രേറ്റർ കൃഷിക്കാരുമായി നിരന്തരം ബന്ധപെടുകയും കൃഷിയേ ബാധിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുകയാണെങ്കിൽ ഒരു പരിധിവരെ സഹായകമായിരിക്കും

- അനങ്ങൻമലയിൽനിന്നും മറ്റു കുന്നിൻ ചെരുവുകളിൽനിന്നും ഒഴുകിവരുന്നചോല വെള്ളം ഫലപ്രദമായി ഉപയോഗിക്കുവാൻ സൗകര്യങ്ങൾ ചെയ്യുക.
- പഞ്ചായത്തിൽ ഒരു കൊപ്ര സംഭരണശാല തുടങ്ങിയാൽ അതു വളരെ പ്രയോജനമായിരിക്കും.

- കഞ്ഞിക്കുഴിമാതൃകയിൽ ഒരു ഊർജ്ജിത പച്ചക്കറി കൃഷി പദ്ധതിക്ക് പഞ്ചായത്തും കൃഷി ഭവനും ചേർന്ന് രൂപം നൽകി നടപ്പിലാക്കുക,

- വീട്ടുമുറ്റത്തെ പച്ചക്കറി കൃഷിക്ക് കൂടുതൽ പ്രചാരണം കൊടുത്ത് എല്ലാ വീടുകളിലും കൃഷിചെയ്യുക. നല്ലകൃഷിക്കാരന് അംഗീകാരവും ബഹുമതിയും നൽകുക.

- രണ്ടാം വിള കഴിഞ്ഞാൽ കന്നുകാലികളെ പാടത്തേക്കു അഴിച്ചുവിടാതിരിക്കുകയാണെങ്കിൽ പാടത്ത് പച്ചക്കറി കൃഷി ചെയ്യാൻ സാധിക്കും

- കൃഷി ഭൂമി നികത്തുന്നത് തടയുക
- അനങ്ങൻമലയുടെ അടിഭാഗത്തുള്ള തളങ്ങളിൽ വെള്ളം കെട്ടിനിർത്തി വേനൽക്കാലങ്ങളിൽ കൃഷിക്കുപയുക്തമാക്കുക.
- ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം തോട്ടം വിളക്കും, നെൽകൃഷിക്കും അനുവദിക്കുക.
- ഗ്രൂപ്പ് സമ്പ്രദായത്തിൽ തെങ്ങുകൾക്കും മറ്റുവിളകൾക്കും ജലസേചനസൗകര്യം ഉണ്ടാക്കുക.
- കുളങ്ങൾ മത്സ്യകൃഷിക്കു ഉപയുക്തമാക്കുക.
- ചെറുകിടഇടത്തര കർഷകന് കൃഷിക്കാവശ്യമായ ഉപകരണങ്ങൾ സബ്സിഡി നിരക്കിൽ അനുവദിക്കുക.
- സീഡ്ഫാം വിപുലീകരിക്കുകയും കർഷകർക്ക് ആവശ്യമായ വിത്ത് ഉൽപ്പാദിപ്പിക്കുകയും ചെയ്യുക.
- തെങ്ങുകൾക്ക് ഇടവിളയായി കാപ്പി, ചായ എന്നിവ ഉൽപ്പാദിപ്പിക്കുക

5.2

മൃഗസംരക്ഷണം - മത്സ്യബന്ധനം

ചരിത്രമുറങ്ങുന്ന വള്ളുവനാടൻ താലൂക്കിന്റെ ഹൃദയഭാഗമായ അനങ്ങനടി പഞ്ചായത്തിൽ വളരെ കാലം മുമ്പുതന്നെ മൃഗങ്ങളെ ഇണക്കിവളർത്തി വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിച്ചിരുന്നതായി കാണാം. പോത്ത്, കാള എന്നിവയെ നിലം ഉഴുതുമറിക്കുന്നതിനും കാളപൂട്ടുമൽത്സരത്തിനും നിത്യോപയോഗസാധനങ്ങൾ ഉൾനാടൻഗ്രാമങ്ങളിലേക്ക് എത്തിക്കുന്നതിനും കർഷകർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ കമ്പോളങ്ങളിലേക്ക് എത്തിക്കുന്നതിനും കാളവണ്ടി ഉപയോഗിച്ചിരുന്നു. വള്ളുവനാടൻ കർഷകർക്ക് ഹരമേകുന്നതാണ് കാളപൂട്ടുമത്സരം. ഇത്തരത്തിലുള്ള മത്സരം ഇപ്പോഴും നമ്മുടെ പഞ്ചായത്തിൽ അങ്ങിങ്ങായി കാണാം.റോഡ് സൗകര്യം ഇല്ലാത്തഭാഗങ്ങളിൽ ഇപ്പോഴുംകന്നുകാലികളെ ആശ്രയിച്ചാണ് നിലം ഉഴുതുമറിക്കുന്നത്.

പഞ്ചായത്തിലെ ഭൂരിഭാഗം വീടുകളിലും ആടുമാടുകളെ വളർത്തുന്നുണ്ട്. ഇവയിൽ അത്യുൽപ്പാദനശേഷിയുള്ള ഇനം പശു ആട്, എരുമ എന്നിവ 10 %ത്തിൽ താഴെ മാത്രമെ ഉള്ളു. നാടൻ ഇനത്തിൽ ഉള്ളവയാണ് ഏറ്റവും കൂടുതൽ ഉള്ളത്. ഭൂരിഭാഗം ആളുകളും കാലിത്തീറ്റ ഉയർന്നവിലയ്ക്ക് വാങ്ങിക്കൊടുക്കുന്നവരായതുകൊണ്ട്തന്നെ ആടുമാടുകളെ വളർത്തുന്നവർ വളരെ അധികം സാമ്പത്തികപ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. തീറ്റപ്പുല്ല് കൃഷിചെയ്യുന്നവർ നാലു പേർ മാത്രമെയുള്ളു.മുൻകാലങ്ങളിൽ കന്നുകാലികളെ ഒഴിഞ്ഞസ്ഥലങ്ങളിൽ മേയ്ക്കുന്ന സമ്പ്രദായം ഉണ്ടായിരുന്നു. എന്നാൽ ഒഴിഞ്ഞുകിടക്കുന്ന പറമ്പുകളെല്ലാം കൃഷിക്ക് ഉപയുക്തമാക്കി. വിവിധ കൃഷിചെയ്യുന്നതുകൊണ്ട് മൃഗങ്ങളെ തീറ്റിപ്പോറ്റാൻ വളരെ വിഷമം ഉണ്ട്. കർഷകരുടെ വീടുകളിൽ കൃഷിയിൽ നിന്നും ലഭിക്കുന്ന വൈക്കോലും വരമ്പുകളിൽ ഉണ്ടാകുന്ന വിവിധതരം പുല്ലും നൽകിക്കൊണ്ടാണ് ഇവയെ വളർത്തുന്നത്. നല്ലയിനം പുൽവിത്തുകളും സബ്സിഡിനിരക്കിൽ കാലിത്തീറ്റയും വിതരണം ചെയ്യേണ്ടതുണ്ട്. ഗോബർ ഗ്യാസ് 32 വീടുകളിൽ മാത്രമാണുള്ളത്. മൃഗങ്ങൾക്ക് സാധാരണയായികണ്ടുവരുന്ന രോഗങ്ങളാണ് കുളമ്പുരോഗം, വയറിളക്കം, വാതരോഗം, അകിടുവീക്കം, തൊണ്ടവീക്കം, മുടന്തൻപനി എന്നിവ. രോഗങ്ങൾക്ക് ചികിൽസിക്കാൻ അനങ്ങനടി വെറ്ററിനറി ഡിസ്പെൻസറി മാത്രമാണുള്ളത്. കൂടുതൽ വെറ്ററിനറി ആശുപത്രികൾ ആവശ്യമാണ്.

മൃഗങ്ങളെ സംബന്ധിച്ച വിവരം

വളർത്തുമൃഗ സംഖ്യ

നമ്പ്	ഇനങ്ങൾ	വംശ വർദ്ധന	മറ്റുള്ളവ	കറവുള്ളത്	കറവു ഇല്ലാത്തത്	കൃത്രിമബീജ സങ്കലനം നടത്തിയവ	ഗർഭധാരണത്തിന് 2 ലധികം തവണ ബീജ സങ്കലനം വേണ്ടിവന്നവ	എണ്ണം
01.	കാള നാടൻ	2	94					96
02.	കാള സങ്കരം	5	106					111
03.	പശു നാടൻ			448	842			1290
04.	പശു സങ്കരം			268	420	142	6	836
05.	പോത്ത്							179
06.	ആട്							2281
07.	പട്ടി							995
08.	ആന							–
09.	കിടാരി					15		15
10.	ആകെ	7	200	716	1262	152	6	5803

നമ്മുടെ പഞ്ചായത്തിലെ മിക്കവീടുകളിലും കോഴികളെ വളർത്തുന്നുണ്ട്. 'അടുക്കളമുറ്റത്തെ കോഴി' ഏറ്റവും പ്രാവർത്തികമായ നമ്മുടെ സംസ്ഥാനത്ത് നല്ലയിനം കോഴിക്കുഞ്ഞുങ്ങളുടെ ദൗർല്ലഭ്യം പ്രശ്നമാണ്. നാടൻകോഴികളാണ് മിക്കവീടുകളിലും വളർത്തുന്നത്. ഒരുദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ 2 മാസംവരെ വളർത്തി പൊതുജനങ്ങൾക്ക് വിതരണം ചെയ്യുവാൻ കഴിയുംവിധം 'എഗ്ഗർനേഴ്സറി' പദ്ധതി വ്യാപകമാക്കണം. കൂടാതെ ഹാച്ചറിയൂനിറ്റുകൾ സ്ഥാപിക്കുകയും വേണം.

ഇറച്ചിക്കോഴി വളർത്തൽ മേഖലപ്രതീക്ഷ ഉണർത്തുന്നതും ലാഭകരവുമായ ഒന്നാണ്. പക്ഷെ ഈ മേഖലയിലെ കർഷകർ അസംഘടിതരാണ്. താറാവുവളർത്തുന്നവർ വളരെ കുറവാണ്. 7 താറാവിനെ മാത്രമെ നമ്മുടെ പഞ്ചായത്തിൽ വളർത്തുന്നുള്ളു.

വളർത്തു പക്ഷി സംഖ്യ

നമ്പ്രം	ഇനം	മുട്ടയിടുന്നവ	മുട്ടയിടാത്തവ	എണ്ണം
01.	പൂവൻ കോഴി	-	-	2546
02.	പിടക്കോഴി	5079	5146	10225
03.	താറാവ് - ആൺ			5
04.	താറാവ് - പെൺ			2
05.	ആകെ	5079	5146	12778

തൊഴിൽ രഹിതരായ ഗ്രാമീണ സ്ത്രീകളെ മൃഗസംരക്ഷണപ്രവർത്തനങ്ങളിൽ കൂടുതൽ ആഭിമുഖ്യമുള്ളവരാക്കുന്നതിനോടൊപ്പം ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ അനുയോജ്യമായ സാങ്കേതികവിദ്യയും ഫലപ്രദമായ പരിശീലനവും ലഭ്യമാക്കേണ്ടതാണ്. മാംസോൽപ്പാദകസഹകരണസംഘങ്ങൾ, പാലുൽപ്പാദനസഹകരണസംഘങ്ങൾ എന്നിവയിലൂടെ വിപണനരംഗം ഉറപ്പുവരുത്തിയാൽ കൂടുതലാളുകളെ ഈ മേഖലയിലേയ്ക്ക്ആകർഷിക്കുവാൻ കഴിയും.

വിവിധ പദ്ധതികളിലൂടെ നൽകുന്ന ആട്, പശു, മുതലായവ ഗുണഭോക്താവിന് ഉപകാരപ്രദമാണെന്ന് ഉറപ്പാക്കുന്നതിനോടൊപ്പം കൂടുതൽ ആളുകൾക്ക് ഗുണം കിട്ടുന്നതിന് പദ്ധതി ആവിഷ്കരിക്കേണ്ടതുണ്ട്. ഉദാ. : പെൺആടുകളെ വിതരണം ചെയ്യുമ്പോൾ, ഗുണഭോക്താവ് ഒരു പെൺ ആട്ടിൻകുട്ടിയെ 1 വർഷത്തിനോ / 2 വർഷത്തിനോ ഇടയിൽ പഞ്ചായത്തിന് തിരിച്ചു നൽകുകയോ ചെയ്യുകയാണെങ്കിൽ ആ പദ്ധതിയുടെ ഗുണംതുടർന്നും മറ്റുള്ളവർക്ക് കിട്ടിക്കൊണ്ടിരിക്കും.

പാൽ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ നാടൻ പശുക്കളിൽ നിന്നും മേൽത്തരം ജനുസുകളിലേക്കുള്ള പരിവർത്തനത്തിന്ന് മൃഗാശുപത്രി ബീജസങ്കലനഉപാധി പ്രോൽസാഹിപ്പിക്കുകയും നാടൻ കാളകളെക്കൊണ്ടുള്ള പ്രജനന രീതി നിരുൽസാഹപ്പെടുത്തുകയും അവ ഇല്ലായ്മ ചെയ്യാൻനടപടിക്രമങ്ങൾ കർശനമാക്കുകയും വേണം.

പോരായ്മകൾ :

പേവിഷത്തിനുള്ള മരുന്ന് പകുതിവിലയ്ക്ക് കർഷകന് ലഭ്യമാക്കണം. ഓരോ വർഷവും ഇത് പഞ്ചായത്തിന്റെ സഹകരണത്തോടെ നടപ്പാക്കുകയും അലഞ്ഞു തിരിയുന്ന നായ്ക്കളെ നശിപ്പിക്കുകയും ചെയ്യണം. വളർത്തുനായ്ക്കളെ പ്രതിരോധകുത്തിവെപ്പിന് വിധേയമാക്കേണ്ടതിനോടുകൂടെ ലൈസൻസ് നിർബ്ബന്ധമാക്കുകയും വേണം. എന്നാൽ പേപ്പട്ടി ശല്യം ഒരു പരിധിവരെ ഒഴിവാക്കാൻ കഴിയും പേവിഷനിയന്ത്രണത്തിനുപുറമെ സംസ്ഥാനത്ത് പടർന്നുപിടിക്കുവാൻ സാദ്ധ്യയുള്ള കാലിവസന്ത, കുളമ്പു രോഗം എന്നിവയെ നിയന്ത്രിക്കുവാനുള്ള പദ്ധതിയിലൂടെ പ്രതിരോധ കുത്തിവയ്പ്പ് നൽകിവരുന്നുണ്ടെങ്കിലും അതിന്റെ പ്രയോജനം മുഴുവനായി അനങ്ങനടി പഞ്ചായത്തിൽ ലഭ്യമല്ല. മൃഗാശുപത്രി സൗകര്യങ്ങൾ കൂടുതൽ

മെച്ചപ്പെടുത്തണം. ആധുനിക രോഗനിർണ്ണയസംവിധാനങ്ങൾ- റഫ്രിജറേറർ-സ്റ്റെബിലൈസർ , കന്നുകാലികളെ നിർത്തി പരിശോധിക്കാൻ 'ട്രെവിഡ്' മുതലായവ ലഭ്യമാക്കണം,

നടപ്പു പദ്ധതികൾക്കുള്ള പദ്ധതി വിഹിതം വളരെ കുറവായതിനാൽ മിക്കതിന്റെയും പ്രയോജനം നമ്മുടെ പഞ്ചായത്തിൽ കിട്ടുന്നതിനുള്ള സാധ്യത കുറവാണ്. അതിനാൽ ആവശ്യമായ പദ്ധതികൾ പഞ്ചായത്തുതലത്തിൽ നടപ്പിലാക്കണം.

പൊതുനിർദ്ദേശങ്ങൾ

1. പാൽ ഉൽപ്പാദനം:-

* സങ്കരയിനം പശുക്കളെ ലഭ്യമാക്കൽ- ഒരു വീട്ടിൽ ഒരു പശു എന്നുള്ള പദ്ധതി.
* മിനി ഡയറി യൂണിററുകൾ (3 പശുക്കൾ അടങ്ങുന്ന യൂണിറ്റ്)
* വനിതാ സംരംഭകർക്കുള്ള പശു വളർത്തർ. പഞ്ചായത്തിലെ 15 വനിതകളുടെ സംഘങ്ങൾക്ക്.
* കിടാരിവളർത്തൽ യൂണിറ്റ്.
  മേൽത്തരം സങ്കരവർഗ്ഗകിടാരികളുടെ ഗർഭകാലസംരക്ഷണം ഉറപ്പാക്കുകയാണ് ലക്ഷ്യം.സബ്സിഡിയോടെ ഗുണമേന്മയുള്ള കാലിത്തീറ വിതരണം ചെയ്യുക.

2. കോഴിവളർത്തൽ:-

* വീട്ടുമുറ്റത്തെ കോഴിവളർത്തൽ:
  -45 ദിവസം പ്രായമുള്ള 5 കോഴിക്കുഞ്ഞുങ്ങളെ വീതം.
  -സബ്സിഡി നിരക്കിൽ കോഴിത്തീറ ലഭ്യമാക്കണം.
* എഗ്ഗർ നഴ്സറി:-
  ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുളെ 60 ദിവസം വരെ ശാസ്ത്രീയമായി വളർത്തി വിപണനത്തിന് തയ്യാറാക്കുന്ന പദ്ധതി .
* സ്ക്കൂൾ പൗൾട്രി ക്ലബ്.
  60 ദിവസം പ്രായമുള്ള 3 മുട്ടകോഴികളെ ക്ലബ്ബിൽ റജിസ്ററർ ചെയ്തിട്ടുള്ള ഗുണഭോക്താക്കളായ കുട്ടികൾക്ക് നൽകുക.
* മുട്ട കോഴിവളർത്തൽ വ്യാവസായികാടിസ്ഥാനത്തിൽ:
  തൊഴിൽരഹിതരായ സാധാരണക്കാരെ ഏകോപിപ്പിച്ച് മുട്ട ഉൽപ്പാദന വിപണന സംഘങ്ങൾ സ്ഥാപിയ്ക്കാം.
* ഇറച്ചിക്കോഴി വളർത്തൽ:-
  ബ്രോയിലർ ക്കോഴിക്കുഞ്ഞുളെ 6-8 ആഴ്ചക്കുളളിൽ ഉപയോഗത്തിനും വിപണനത്തിനു് യോഗ്യമാക്കൽ. വർഷം 5 തവണ ഇറച്ചികോഴികളെ വളർത്തിയെടുക്കാൻ സാധിക്കുക.
  - ചെറുകിട ഇറച്ചികോഴി യൂണിറുകൾ(250 എണ്ണം വീതം).

3. ആടു വളർത്തൽ:

തെരഞ്ഞെടുക്കുന്ന കേന്ദ്രങ്ങളിൽ മുട്ടനാടുകളെ വളർത്തി പ്രജനന യൂണിററുകൾ സ്ഥാപിക്കാം.

- മാംസ സംസ്ക്കരണ വിപണന സഹകരണ സംഘങ്ങൾ ഉണ്ടാക്കാം.
- സബ്സിഡി നിരക്കിൽ ആടു വിതരണം ചെയ്യുക.

4. പേ വിഷ നിയന്ത്രണം:-

വളർത്തു നായ്ക്കളുടെ കണക്കെടുപ്പുമുതൽ ജനനമരണം വരെയുള്ള റിപ്പോർട്ടുണ്ടാക്കി നിർബന്ധമായും വളർത്തുനായ്ക്കളെ പ്രതിരോധകുത്തിവെയ്പ്പിന് വിധേയമാക്കണം.

- അലഞ്ഞുതിരിയുന്ന തെരുവു നായ്ക്കളെ നശിപ്പിക്കണം.
- ലൈസൻസ് കർശനമാക്കണം.
- പേവിഷ ബോധവൽക്കരണം.

5. സമ്മിശ്ര മൃഗപരിപാലനം:-

നിലവിലുള്ള കാർഷിക വിളകൾക്കൊപ്പം 3 പശുക്കൾ, 3 ആട്ടിൻകൂട്ടികൾ, 5+1 പന്നികൾ, 25 കോഴികൾ എന്നിവയെ വളർത്തുകയും പുല്ലുകൃഷി ചെയ്യുകയുമാണ് ലക്ഷ്യം.

6. താറാവു വളർത്തൽ:-

സാധ്യതയുള്ള പ്രദേശങ്ങളിൽ യൂണിററുകൾ സ്ഥാപിക്കണം.

7. മുയൽ വളർത്തൽ:

പത്തു പെൺമുയലുകളും രണ്ട് ആൺമുയലുകളും അടങ്ങുന്നതാണ് ഒരു യൂണിറ് ഇത്തരത്തിലുള്ള യൂണിററുകൾ സ്ഥാപിക്കേണ്ടതുണ്ട്.

8. ചെറുകിടകാലിത്തീററയൂണിററുകൾ:

സഹകരണാടിസ്ഥാനത്തിൽ ചെറിയ കാലിത്തീററനിർമ്മാണയൂണിററുകൾ സ്ഥാപിച്ച് സൊസൈററികൾ മുഖേന ചുരുങ്ങിയ നിരക്കിൽ വിപണനം നടത്തണം.

9. കശാപ്പുശാല:

സ്ഥാപിക്കുകയും മാംസോൽപ്പാദനരംഗത്തെ അശാസ്ത്രീയത ഒഴിവാക്കാൻ മാംസ പരിശോധന നിർബ്ബന്ധമാക്കണം. വാർഡുതലത്തിൽ സെയിൽസ് ബേങ്കുകൾ സ്ഥാപിക്കണം.

10. S.P.C.A. act. ഫലപ്രദമായി നടപ്പാക്കുക.

ജന്തുക്കളോടുള്ളക്രൂരതയ്ക്കെതിരെ നടപടി സ്വീകരിക്കുക

11. ഇൻഷുറൻസ്:

ഘട്ടം ഘട്ടമായി പഞ്ചായത്തിലെ എല്ലാ മൃഗങ്ങളെയും ഇൻഷുറൻസ് പരിധിയിൽ കൊണ്ടുവരണം.

മത്സ്യബന്ധനം

നമമുടെ പഞ്ചായത്തിൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടുജീവിക്കുന്നവർ വളരെക്കുറവാണ്. മത്സ്യം വളർത്താൻ കഴിയുന്ന കുളങ്ങൾ പത്തു സെന്റിൽ കൂടുതൽ വരുന്നവ അഞ്ചിൽ താഴെയാണ്. സ്വകാര്യകുളങ്ങളാണ് കൂടുതലുള്ളത് പൊതുകുളങ്ങൾ കുറവാണ്. 5സെന്റിൽ താഴെയുള്ള കുളങ്ങളാണ് കൂടുതൽ. നിലവിലുള്ള കുളങ്ങളിൽ തന്നെ നല്ലയിനം മത്സ്യങ്ങൾ കുറവാണ് ചെറുതരം മത്സ്യങ്ങളാണ് ഉള്ളത് . മത്സ്യകൃഷി ചെയ്യുന്ന കൃഷിക്കാർ തന്നെ അസംഘടിതരാണ്. മുൻകാലങ്ങളിൽ മത്സ്യമുണ്ടായിരുന്ന കുളങ്ങളിൽ രോഗം ബാധിച്ച്
മത്സ്യങ്ങൾ നശിക്കുകയുണ്ടായി. മത്സ്യരോഗത്തിന് പ്രതിവിധികാണേണ്ടതുണ്ട് നമ്മുടെ പഞ്ചായത്തിൽ മത്സ്യമാർക്കറ്റ് ഇല്ല എന്ന പോരായ്മ നിലവിലുണ്ട് ഇതു പരിഹരിക്കേണ്ടതുണ്ട്. മത്സ്യ മാർക്കറ്റുകൾ പഞ്ചായത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ തുറന്നു കൊണ്ട് ജനങ്ങൾക്ക് ഉപകാരപ്രദമാക്കണം. മത്സ്യം വളർത്തുന്നതിനെ സംബന്ധിച്ചും നല്ല മത്സ്യ ഇനത്തെക്കുറിച്ചും പലരും ഇപ്പോഴും അജ്ഞരാണ് അതുകൊണ്ട് ഈ രംഗത്ത് ബോധവൽക്കരണം ആവശ്യമാണ്. ജലം ലഭ്യമാകുന്ന പഴയകുളങ്ങൾ നന്നാക്കിക്കൊണ്ട് മത്സ്യം വളർത്താൻ കഴിയുന്ന രൂപത്തിലാക്കണം.

പൊതുനിർദ്ദേശങ്ങൾ:

- നല്ലയിനം മത്സ്യക്കുഞ്ഞുങ്ങളെ സബ്സിഡി നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കണം .
- വലിയതും ചെറിയതുമായ കുളങ്ങളിൽ മത്സ്യങ്ങളെ വളർത്താൻ കർഷകരെ പ്രേരിപ്പിക്കണം.
- മത്സ്യം വളർത്തലിനെ സംബന്ധിച്ച് ബോധവൽക്കരണം.
- പഴയകുളങ്ങൾ നന്നാക്കാൻ സംവിധാനമുണ്ടാക്കണം.
- മത്സ്യരോഗം തടയാൻ നടപടിസ്വീകരിക്കണം.
  പഞ്ചായത്തിൽ പ്രധാന കേന്ദ്രങ്ങളിൽ മത്സ്യവിപണനകേന്ദ്രങ്ങൾ സ്ഥാപിക്കണം.



5.3

വിദ്യാഭ്യാസം

മറ്റു പഞ്ചായത്തുകളിൽ എന്ന പോലെ ഇവിടെയും ഗുരുകുല വിദ്യാഭ്യാസ സമ്പ്രദായമാണ് ആദ്യകാലങ്ങളിൽ നടന്നിരുന്നത്. 1892 ൽ കേവലം പള്ളിക്കൂടമായി മാത്രം ആരംഭിച്ച പാലക്കോട് യു. പി. സ്കൂളാണ് ഈ പഞ്ചായത്തിലെ ആദ്യ വിദ്യാലയം ഇപ്പോൾ ഈ വിദ്യാലയ മടക്കം പഞ്ചായത്തിൽ 8 ലോവർ പ്രൈമറി സ്കൂളുകളും 2 അപ്പർ പ്രൈമറി സ്കൂളുകളും അനങ്ങനടി ഹൈസ്കൂളുമാണ് നിലവിലുള്ളത്. അൺ എയിഡഡ് മേഖലയിൽ ഒരു പ്രൈമറി സ്കൂൾ പ്രവൾത്തിക്കുന്നുണ്ട്. ഗവൺമെന്റ് വിദ്യാലയങ്ങൾ ഇവിടെയില്ല. പാവുക്കോണം ഏ. എം എൽ പി സ്കൂളിൽ 5 ാം ക്ലാസ് കൂടിയുണ്ട്.

ഈ നൂറാണ്ടിന്റെ മദ്ധ്യത്തിൽ പനമണ്ണയിൽ പ്രവർത്തിച്ചിരുന്ന ഒരു District Board വിദ്യാലയം വിദ്യാർത്ഥികളുടെ കുറവ് നിമിത്തം അടച്ചുപൂട്ടിയതായ ഒരു സംഭവവും ഉണ്ടായിട്ടുണ്ട്. 1936 – 37 ൽ കോയമംഗത്ത് രാമൻകുട്ടി നായർ എന്നയാൾ മുൻകൈ എടുത്ത് ഡി.എം ആർ. ടി യുടെ ആഭിമുഖ്യത്തിൽ അപ്ഗ്രേഡ്ചെയ്യപ്പെട്ട വിദ്യാലയമാണ് ഇന്നത്തെ പനമണ്ണ യു. പി. സ്കൂൾ. ഈ വിദ്യാലയം അതുവരെ അറിയപ്പെട്ടിരുന്നത് ' പ്രിമർസ് ഓഫ് വെയിൽസ് സ്കൂൾ' എന്നായിരുന്നു. 1951 ൽ വൈശ്രവണത്ത് രാമൻ നമ്പൂതിരി തുടങ്ങി പുതുമനയും ധീഷ്ണ ശാലികളുടെ നേതൃത്വത്തിൽ ആരംഭിച്ച അനങ്ങനടി ഹൈസ്കൂളാണ് അക്കങ്കാണുന്ന വിദ്യാഭ്യാസരംഗത്ത് ഏക സംരംഭം. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ പുതിയതായി ഒരു വിദ്യാലയവും ഇവിടെ ആരംഭിച്ചിട്ടില്ല. 2 പാരലൽ കോളേജുകളും 2 ടൈപ്പ്റൈറ്റിങ്ങ് ഇൻസ്റ്റിറ്റിറ്റ്യൂട്ടുകളും ആണ്. വിദ്യാഭ്യാസമേഖലയിൽ പഞ്ചായത്തിൽ ഉള്ള സ്ഥാപനങ്ങൾ.
(പട്ടിക ഒന്ന് കാണുക)

എല്ലാ പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഭൗതിക സാഹചര്യങ്ങളുടെ കുറവ് ഉണ്ട്. 4 വിദ്യാലയങ്ങളിൽ മാത്രമാണ് കുടിവെള്ള സൗകര്യമുള്ളത് 5 വിദ്യാലയങ്ങളിൽ വൈദ്യുതിയുണ്ട്. ബാക്കിയുള്ളവയിൽ ഇല്ല. ഉച്ചകഞ്ഞി പാചകത്തിനുള്ള അടുക്കള 3 വിദ്യാലയങ്ങൾക്ക് ഇല്ല. അദ്ധ്യാപകർക്ക്പ്രത്യേകം സ്റ്റാഫ് മുറിയില്ലാത്ത 7 വിദ്യാലയങ്ങൾ ഉണ്ട്. 2 വിദ്യാലയങ്ങളിൽ മൂത്രപ്പുരകൾ തന്നെയില്ലാതായപ്പോൾ 7 വിദ്യാലയങ്ങൾക്ക് ഇനിയും മൂത്രപുരകൾ ആവശ്യമാണ്. 4 വിദ്യാലയങ്ങളിൽ ക്കുസുകൾ ഇല്ല. 6 വിദ്യാലയങ്ങളിൽ പഠനോപകരണങ്ങൾ വേണ്ടത്ര ഇല്ല. 8 വിദ്യാലയങ്ങളിൽ ലബോറട്ടറി സൗകര്യമുള്ളപ്പോൾ 3 വിദ്യാലയങ്ങളിൽ അത്തരം സൗകര്യങ്ങൾ ഇല്ല. 3 വിദ്യാലയങ്ങളിൽ ലൈബ്രറി സൗകര്യമില്ല എല്ലാവിദ്യാലയങ്ങളിലും പി. ടി. എ. കൾ പ്രവർത്തിക്കുന്നുണ്ട് എങ്കിലും അനുബന്ധമായ പ്രവർത്തിക്കേണ്ട മാതൃസമിതികൾ ഒരു വിദ്യാലയത്തിൽ തീരെയില്ല. (പട്ടിക 2 , 3 ഇവ കാണുക.)

പ്രൈമറി സ്കൂളുകളിൽ പുതിയതായി ചേരുന്ന കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്ന പ്രവണതയുണ്ട്. ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസരീതിനോടുള്ള രക്ഷിതാക്കളുടെ അമിത ഭ്രമം ഈ രംഗത്ത് പ്രതിഫലിച്ചു കൊണ്ടിരിക്കുന്നുണ്ട്. ഒരിദ്രജനവിഭാഗം താരതമ്യേന കൂടുതലുള്ള പഞ്ചായത്തായതിനാൽ [illegible] നിലനിർത്തുകയും ശക്തിപ്പെടുത്തേണ്ടതും വളരെ അത്യാവശ്യമാണ്.

സ്കൂൾ പൊതുവിവരങ്ങൾ : പട്ടിക - 1

ക്രമ നമ്പർ	സ്കൂളിന്റെ പേര്	കുട്ടികളുടെ എണ്ണം.			എസ്. സി. കുട്ടികൾ			ഡിവിഷനുകളുടെ എണ്ണം	അദ്ധ്യാപകരുടെ എണ്ണം		
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ		ആൺ	പെൺ	ആകെ
01.	അനങ്ങനടി ഹൈസ്കൂൾ	1010	907	1917	140	128	268	45	27	50	77
02.	പാലക്കോട് യു. പി. സ്കൂൾ	302	305	607	75	71	146	12	4	12	16
03.	പനമണ്ണ യു. പി. സ്കൂൾ	311	301	612	40	31	71	16	6	15	21
04.	പാവുക്കോണം എ.എം.എൽ.പി സ്കൂൾ	129	131	260	13	15	28	8	3	6	9
05.	കോതകുറുശ്ശി എ.എം.എൽ.പി സ്കൂൾ	77	81	158	13	16	29	5	1	5	6
06.	പനമണ്ണ എ.എം.എൽ.പി സ്കൂൾ	57	85	142	-	-	-	4	2	3	5
07.	പാലക്കോട് എ.എം.എൽ.പി സ്കൂൾ	116	115	231	7	9	16	7	2	7	9
08.	കയറാട്ട് എ.എൽ.പി സ്കൂൾ	120	127	247	12	20	32	8	4	5	9
09.	മുണ്ടനാട്ടുകര എ.എൽ.പി സ്കൂൾ	86	79	165	31	30	61	5	2	3	5
10	പനമണ്ണ വെസ്റ്റ് എ.എൽ.പി സ്കൂൾ	106	102	208	17	20	37	5	3	3	6
11	പത്തംകുളം എ.എം.എൽ.പി സ്കൂൾ	83	82	165	-	-	-	5	1	5	6
12.	മോഡൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ	85	59	144	-	-	-	6	-	6	6

അനങ്ങനടി ഗ്രാമ പഞ്ചായത്തിലെ സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങളുടെ വിവരം. പട്ടിക 2

ക്രമ നമ്പർ	സ്കൂളിന്റെ പേര്	കെട്ടിടങ്ങളുടെ എണ്ണം	മുറികളുടെ എണ്ണം		ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം	നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം	ഇനി ആവശ്യമുള്ള മൂത്രപ്പുരകളുടെ എണ്ണം	നിലവിലുള്ള കക്കൂസുകളുടെ എണ്ണം	ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം	കുടിവെള്ള സംവിധാനം കിണർ പൈപ്പ്	വൈദ്യുതീകരണം ഉണ്ട് / ഇല്ല	പാചകമുറി	സ്റ്റാഫ് റൂം	നിലവിലുള്ള ഫർണിച്ചർ മതിയാകുമോ മതിയാകും / ഇല്ല
			സ്ഥിരം	താൽക്കാലികം										
01.	അനങ്ങനടി ഹൈസ്കൂൾ	6	52	-	-	2	-	2	-	കിണറും പൈപ്പും	ഉണ്ട്	ഉണ്ട്	ഉണ്ട്	മതിയാകും
02.	പാലക്കോട് യു. പി. സ്കൂൾ	5	4 Hall	-	5	2	2	1	1	കിണർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല
03.	പനമണ്ണ യു. പി. സ്കൂൾ	5	16	-	-	2	3	1	-	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല
04.	കോതകുറുശ്ശി എ.എം.എൽ.പി സ്കൂൾ	1	4	-	-	2	-	1	-	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
05.	പാവുക്കോണം എ.എം.എൽ.പി സ്കൂൾ	2	5	-	3	1	2	1	-	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല
06.	പനമണ്ണ എ.എം.എൽ.പി സ്കൂൾ	1	2	-	2	1	2	-	-	പൈപ്പ്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
07.	പാലക്കോട് എ.എം.എൽ.പി സ്കൂൾ	2	7	-	-	ഇല്ല	2	-	-	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല
08.	കയറാട്ട് എ.എൽ.പി സ്കൂൾ	2	Hall	-	-	2	1	2	2	പൈപ്പ്	ഉണ്ട്	ഉണ്ട്	ഇല്ല	മതിയാകും
09.	മുണ്ടനാട്ടുകര എ.എൽ.പി സ്കൂൾ	1	Hall	-	2	-	2	-	-	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
10	പനമണ്ണ വെസ്റ്റ് എ.എൽ.പി സ്കൂൾ	1	5 Hall	-	1	1	-	-	-	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല
11.	പരുത്തംകുളം എ.എം.എൽ.പി സ്കൂൾ	1	Hall	5	2	2	-	1	-	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
12.	മോഡൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ	1	4	2	2	2	-	1	-	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല

അക്കാദമിക് സൗകര്യങ്ങൾ. പട്ടിക - 3

ക്രമ നമ്പർ	സ്കൂളിന്റെ പേര്	തലബ്രറി ഉണ്ട് / ഇല്ല	ലബോറട്ടറി ഉണ്ട് / ഇല്ല	പഠനോപകരണങ്ങൾ മേപ്പുകൾ ചാർട്ടുകൾ ഗ്ലോബുകൾ വേണ്ടതേ ഉണ്ട്/ഇല്ല	ദൃശ്യ ശ്രവ്യ ഉപകരണങ്ങൾ					ബ്ളേക്ക് ബോർഡ്		മാതൃസംഗമം സജീവം സജീവമല്ല	ക്ലാസ്റൂം പി. ടി. എ കൾ പ്രവർത്തിക്കുന്നു. പ്രവർത്തിക്കുന്നില്ല.
					റേഡിയോ	ടേപ്പ് റെക്കോർഡർ	ടി വി സെറ്റ്	സിനിമ പ്രൊജക്ടർ തെസ്കോപ്പ് പ്രൊജക്ടർ	കമ്പ്യൂട്ടർ	ആവശ്യമുള്ളത്	നിലവിലുള്ളത്		
01,	അനങ്ങനടി ഹൈസ്കൂൾ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	46	46	സജീവം	സജീവം
02.	പാലക്കോട് യു. പി. സ്കൂൾ	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	12	12	സജീവം	പ്രവർത്തിക്കുന്നു
03.	പനമണ്ണ യു. പി. സ്കൂൾ	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	19	17	സജീവം	പ്രവർത്തിക്കുന്നു
04.	കോതകുറുശ്ശി എ.എം.എൽ.പി സ്കൂൾ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	5	5	സജീവം	പ്രവർത്തിക്കുന്നു
05.	പാവുക്കോണം എ.എം.എൽ.പി സ്കൂൾ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	9	7	സജീവം	പ്രവർത്തിക്കുന്നു
06.	പനമണ്ണ എ.എം.എൽ.പി സ്കൂൾ	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	4	4	ഇല്ല	പ്രവർത്തിക്കുന്നു
07.	പാലക്കോട് എ.എം.എൽ.പി സ്കൂൾ	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	7	5	സജീവമല്ല.	പ്രവർത്തിക്കുന്നു
08.	കയറാട്ട് എ.എൽ.പി സ്കൂൾ	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	9	9	സജീവം	പ്രവർത്തിക്കുന്നു
09.	മുണ്ടനാട്ടുകര എ.എൽ.പി സ്കൂൾ	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	5	3	സജീവം	പ്രവർത്തിക്കുന്നു
10	പനമണ്ണ വെസ്റ്റ് എ.എൽ.പി സ്കൂൾ	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	5	6	സജീവം	പ്രവർത്തിക്കുന്നു
11.	പത്തംകുളം എ.എം.എൽ.പി സ്കൂൾ	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	5	4	സജീവം	പ്രവർത്തിക്കുന്നു
12.	മോഡൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	6	6	സജീവം	പ്രവർത്തിക്കുന്നു

അനങ്ങനടി ഹൈസ്കൂൾ ആണ് ഈ പഞ്ചായത്തിലെ ഏക ഹൈസ്കൂൾ എന്ന് നേരത്തെ സൂചിപ്പിച്ചുവല്ലോ. ഈ വിദ്യാലയത്തിന്റെ വിദ്യാഭ്യാസ നിലവാരം ഈ പഞ്ചായത്തിന്റെ വിദ്യാഭ്യാസ നിലവാരവുമായി വളരെയധികം ബന്ധപ്പെട്ടിരിക്കുന്നു. കഴിഞ്ഞ 5 വർഷങ്ങളിലായി എസ്.എസ്. എൽ. സി. പരീക്ഷ എഴുതിയവരുടെ എണ്ണവും വിജയിച്ചവരുടെ എണ്ണവും വിജയശതമാനവും മനസിലാക്കുന്നതിനം പട്ടിക 4 കാണുക.

എസ്. എസ്. എൽ. സി. പരീക്ഷയിൽ 5 വർഷത്തെ വിജയശതമാനം. പട്ടിക - 4.

ക്ലാസ്.	1991 – '92 എണ്ണം	1992 – '93 എണ്ണം	1993 – '94 എണ്ണം	1994 – '95 എണ്ണം	1995 – '96 എണ്ണം
ഡിസ്റ്റിംഗ്ഷൻ	-	-	1	1	-
ഫസ്റ്റ് ക്ലാസ്	8	4	7	5	4
സെക്കന്റ് ക്ലാസ്	6	8	9	11	8
തേർഡ് ക്ലാസ്	30	32	23.	34	21
ആകെ വിജയിച്ചവർ	44	52	41	52	33
പരീക്ഷക്കിരിക്കുന്നവർ.	215	226	233	255	327
വിജയ ശതമാനം.	20. 46 %	25 %	17.16 %	20.17 %	10.09 %

1991 – 92 ൽ 215 പേർ പരീക്ഷ എഴുതിയപ്പോൾ 44 പേർ മാത്രമാണ് വിജയിച്ചത്. വിജയ ശതമാനം 20.46. 1992 – 93 ൽ 226 പേർ പരീക്ഷ എഴുതിയപ്പോൾ 52 പേരാണ് വിജയിച്ചത്. വിജയം 25 ശതമാനം. 1993 – 94 ൽ 233 പേർ പരീക്ഷ എഴുതിയപ്പോൾ 41 പേരാണ് വിജയിച്ചത്. വിജയം 17.16 ശതമാനം 1994 – 95 ൽ 255 പേർ പരീക്ഷ എഴുതിയതിൽ 52 പേരാണ് വിജയിച്ചത്. വിജയം 20. 17. ശതമാനം ഈകഴിഞ്ഞ അദ്ധ്യായന വർഷം 327 പേർ പരീക്ഷ എഴുതിയപ്പോൾ 33 പേർ മാത്രമാണ് വിജയിച്ചത്. വിജയ ശതമാനം വെറും 10.09 %. പരിക്ഷ എഴുതുന്ന കുട്ടികളുടെ എണ്ണം കൂടുകയും അതേസമയം വിജയ ശതമാനത്തിൽ കുറവ് അനുഭവപ്പെടുകയും ചെയ്യുന്നു. വിജയ ശതമാനം സംസ്ഥാന ശരാശരിയേക്കാൾ വളരെ താഴെയാണ് എന്നവസ്തുത അത്യന്തം ഖേദകരമാണ്. വിജയശതമാനം ഉയർത്താനുള്ള അടിയന്തിര നടപടികൾ കൈക്കൊളേളണ്ടതാണ്. പഞ്ചായത്തിലെ ഭൂരിഭാഗം ആളുകളും കുട്ടികളെ ഈ സ്കൂളിൽ ആണ് പഠിപ്പിക്കുന്നത്. ഇവിടെ നിന്നും വിദ്യാർത്ഥികൾ വാണിയംകുളം ഹൈസ്ക്കൂൾ, ചളവറ ഹൈസ്ക്കൂൾ, ഒറപ്പാലം എൽ. എസ്. എൻ. കോൺവെന്റ് , വരോട് ഹൈസ്ക്കൂൾ, എന്നിവിടങ്ങളിലേക്കും പോകുന്നുണ്ട്. വിവിധ സ്കൂളുകളിൽ നിന്നായി 20 പേർക്ക് മെറിറ്റ് സ്കോളർഷിപ്പും 714 പേർക്ക് ലംപ്സം ഗ്രാന്റും 375 പേർക്ക് മുസ്ലീം ഗേൾസ് സ്കോളർഷിപ്പും ലഭിക്കുന്നു.

സാമ്പത്തികാനുകൂല്യം ലഭിക്കുന്ന കുട്ടികളുടെ പട്ടിക.

മെറിറ്റ് സ്കോളർഷിപ്പ്	–	20
ലംപ്സം ഗ്രാന്റ്	–	714
മുസ്ലീം പെൺകുട്ടികളുടെ സ്കോളർഷിപ്പ്	–	375
വികലാംഗ സ്കോളർഷിപ്പ്	–	22
മത്സ്യതൊഴിലാളികളുടെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ്	–	2

പ്രീപ്രൈമറി അൺഎയിഡഡ് മേഖലയിൽ ഒരു വിദ്യാലയം ഇവിടെ പ്രവർത്തിക്കുന്നുണ്ട്. 3 വയസ്സിന്നും 5 വയസ്സിന്നും ഇടക്കുള്ള കുട്ടികൾ അധികവും സാമൂഹ്യക്ഷേമ വകുപ്പിന്റെ കിഴിലുള്ള അംഗനവാടികളിൽ പോകുന്നതിനാൽ മറ്റിടങ്ങളിൽ നിന്ന് വ്യത്യസ്തമായി ഇംഗ്ലിഷ്മീഡിയം സ്കൂകളുടെ വ്യാപനം ഇവിടെ കുറവാണ്. മുസ്ലിം ങ്ങളുടെ മതപഠനസ്ഥാപനമായ മദ്രസകൾ 16 എണ്ണം ഈ പഞ്ചായത്തിൽ ഉണ്ട്. സാധാരണ സ്കൂൾ സമയത്തിനു മുമ്പും വൈകുന്നേരങ്ങളിലും ഇവിടെ ക്ലാസുകൾ നടക്കുന്നതിനാൽ ആ വിഭാഗം കുട്ടികളുടെ സ്കൂൾപഠനത്തെ ഇത് സാരമായി ബാധിക്കുന്നു എന്ന് അഭിപ്രായമുണ്ട്.

ആകെയുള്ള 173 അദ്ധ്യാപകരിൽ 55 പുരുഷൻമാരും 118 സ്ത്രീകളുമാണ്. 30 % ത്തോളം പേർ തദ്ദേശവാസികളാണ്. പഞ്ചായത്തിന് വെളിയിൽ പോയി അദ്ധ്യാപകരായി ജോലി നോക്കുന്നവർ ഏകദേശം 30 പേരുണ്ട്. അദ്ധ്യാപകരിൽ അധികവും വനിതകളായതുകൊണ്ട് സ്കൂളുകളിലെ അച്ചടക്കത്തിനെ ഇത് ബാധിക്കാറുണ്ട്.

സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ 2 ടൈപ്റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടുകൾ ഒഴികെ മറ്റ് സ്ഥാപനങ്ങൾ ഒന്നും തന്നെ ഇല്ല. ഉന്നതവിദ്യാഭ്യാസത്തിനായി ഇവിടത്തുകാർ അധികവും ആശ്രയിക്കുന്നത് ഒറ്റപ്പാലം എൻ. എസ്. എസ്. കോളേജ്, ഷൊർണൂർ എസ്. എൻ. കോളേജ് എന്നിവയെയാണ്. ബാക്കിയുള്ള വർ അധികവും പാരലൽ കോളേജുകളെയാണ്. ആശ്രയിക്കുന്നത്.

കഴിഞ്ഞ 5 വർഷത്തിനുള്ളിൽ പഞ്ചായത്തിലെ ഒരു വിദ്യാലയത്തിലെ പി. ടി. എ യും മാത്യകാപരമായ നിർമ്മാണപവർത്തനങ്ങൾ ഒന്നും നടത്തിയിട്ടില്ല.

പ്രശ്നങ്ങൾ :

- ❒ സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങളുടെ കുറവ്.
- ❒ പി. ടി. എ. യിലെ പ്രവർത്തനത്തിലെ പേരായ്മ.
- ❒ രക്ഷാകർത്താക്കളുടെ വിദ്യാഭ്യാസപരമായ അജ്ഞത.
- ❒ വിദ്യാലയങ്ങളിൽ വിദ്യാർത്ഥികൾ കുറയുന്ന പ്രവണത.
- ❒ സാമുഹ്യ സാമ്പത്തിക പിൻബലമുളളവർ അവരുടെ കുട്ടികളെ മെച്ചപ്പെട്ടവിദ്യാഭ്യാസത്തിന്നുവേണ്ടി സമീപ പ്രദേശങ്ങളിലെ സ്കൂളുകളിൽ ചേർക്കാതെ മറ്റുസ്ഥലങ്ങളിലേക്ക് അയയ്ക്കുന്നു.
- ❒ രക്ഷിതാക്കളുടെ സാമ്പത്തിക സാമൂഹിക പിന്നോക്കാവസ്ഥ.
- ❒ അദ്ധ്യാപകരിൽ ചിലരുടെ ആത്മാർത്ഥത കുറവ്.
- ❒ അദ്ധ്യാപകരുടെ തുടർവിദ്യാഭ്യാസ പരിശീലന കുറവ്.

- ❒ മേലധികാരികളുടെ പരിശോധന കളിലെ പോരായ്മ.
- ❒ രക്ഷിതാക്കളുടെ ഇംഗ്ലിഷ് വിദ്യാഭ്യാസത്തോടുള്ള ഭ്രമം.
- ❒ സിലബസ് രൂപീകരണത്തിൽ അദ്ധ്യാപകർക്ക് പങ്കാളിത്തമില്ലായ്മ.
- ❒ അദ്ധ്യാപക നിയമനത്തിലെ അഴിമതി.
- ❒ ഹെഡ്മാസ്റ്റർമാരുടെ അമിത ജോലിഭാരം.
- ❒ അദ്ധ്യാപകരെ മറ്റ് ജോലികളിലേക്ക് നിയമിക്കൽ.
- ❒ സർക്കാരുകളുടെ വിദ്യാഭ്യാസ നയം.
- ❒ വിദ്യാർത്ഥികളുടെ അച്ചടക്ക രാഹിത്യം.
- ❒ അദ്ധ്യാപക വിദ്യാർത്ഥി സാമൂഹ്യബന്ധത്തിലെ കുറവ്.

നിർദ്ദേശങ്ങൾ. :

- ✎ എല്ലാ വിദ്യാലയങ്ങളിലും ഭൗതിക സാഹചര്യങ്ങൾ ഉണ്ടാക്കുക. ഈ പഞ്ചായത്തിലുളളവ എയിഡഡ് സ്കൂൾ ആയതുകൊണ്ട് ഇതിനുവേണ്ടി സ്കൂൾ മാനേജർമാർ മുൻകൈയെടുക്കണം ഗ്രാന്റ് കൂട്ടുകയും ചെയ്യുക.
- ✎ സ്കൂൾ പി. ടി. എ. കളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. പ്രതിമാസം ക്ലാസടിസ്ഥാനത്തിൽ പി. ടി. എ. ചേർന്ന് നിലവാരം വിലയിരുത്തുക.
- ✎ സ്കൂൾ കോംപ്ലക്സുകൾ ശക്തിപ്പെടുത്തുക.
- ✎ മാതൃസമിതികൾ കാര്യക്ഷമമാക്കുക. പി. ടി. എ. കളെപോലെ ക്ലാസ്സടിസ്ഥാനത്തിൽ.യോഗംചേർന്ന് പഠനനിലവാരം ചർച്ചചെയ്യുക.
- ✎ സ്കൂളുകളിൽ പിന്നോക്കം നില്ക്കുന്ന കുട്ടികൾക്ക് പ്രത്യേകം പരിശീലനം നല്കുക.
- ✎ അവധിക്കാലത്ത് പ്രത്യേകം ജനറൽ ക്ലാസുകൾ നടത്തുക.
- ✎ പ്രൈമറി വിദ്യാലയങ്ങളിൽ ആവശ്യമായ നിലവാരമെത്തിച്ച് പ്രമോഷൻ നല്കുക
- ✎ പാഠ്യ - പാഠ്യേതര പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ ബോധപൂർവമായ ഇടപെടലുകൾ നടത്തി ജന പങ്കാളിത്തം ഉറപ്പുവരുത്തുക.
- ✎ ക്ലാസുകളിൽ യൂണിറ്റ് ടെസ്റ്റും മാസാന്തര ടെസ്റ്റും നടത്തുക. പിന്നോക്കം നില്ക്കുന്നവർക്ക് പരിഹാരബോധനം നല്കുക

- അദ്ധ്യാപക നിയമനം പി. എസ്. സി യ്ക്ക് വിടുക.
- വിദ്യാഭ്യാസത്തിന്റെ ഫലമായി സാമൂഹ്യബോധമുണ്ടാക്കുക.
- വിദ്യാഭ്യാസം തൊഴിലധിഷ്ഠിതമാക്കുക.
- ഉന്നത വിദ്യാഭ്യാസത്തിനുളള സൗകര്യങ്ങൾ പഞ്ചായത്തിലുണ്ടാക്കുക.
- കലാ കായിക രംഗങ്ങളിൽ കൂടുതൽ പ്രോത്സാഹനം നൽകുക.
- 4, 7, ക്ലാസ്സുകളിൽ പൊതുപരീക്ഷ നടത്തുക.
- അനങ്ങനടി ഹൈസ്കൂളിൽ വൊക്കേഷണൽ ഹയർസെക്കണ്ടറി അനുവദിക്കുക.
- അദ്ധ്യാപകർക്ക് തുടർ പരിശീലനം നൽകുക.
- പ്രവർത്തിസമയത്തിൽ അധ്യാപകരെ മറ്റുജോലികളിലേക്കയക്കുന്നത് നിർത്തലാക്കുക. ഉദാ: സെൻസസ്.
- പഞ്ചായത്തിൽ I.T.I., I.T.C.,T.T.I., എന്നിവ തുടങ്ങുക.
- പഞ്ചായത്തിൽ ഒരു ടെക്നിക്കൽ ഹൈസ്കൂൾ ആരംഭിക്കുക.
- അനങ്ങനടി ഹൈസ്കൂളിൽ ഒരു ഓപ്പൺ എയർ തിയ്യേറ്ററും സ്റ്റേഡിയവും നൽകുക.

5.4

പൊതുജനാരോഗ്യവും കുടിവെള്ളവും

പൊതുജനാരോഗ്യവും കുടിവെള്ളവും ഒന്നിനോടൊന്ന് ബന്ധപ്പെട്ടു കിടക്കുന്നതാണ്. ജീവജാലങ്ങൾക്ക് ശുദ്ധമായ കുടിനീരിന്റെ സ്ഥാനം അദ്വിതീയമാണല്ലോ.

പൊതുജനാരോഗ്യം:

"ശരീരമാദ്യം ഖലു ധർമ്മ സാധനം"

സംസ്കൃതത്തിലെ ഈ വരികളിവിടെ അർത്ഥവത്താകുന്നു. ആരോഗ്യമുള്ള ശരീരമുണ്ടെങ്കിലേ കർമ്മം ചെയ്യുവാൻ സാധിക്കൂ. ആരോഗ്യമുള്ള ശരീരത്തിനാകട്ടെ പോഷകാഹാരം ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. തുല്ല്യ പ്രാധാന്യം വ്യായാമത്തിനും നൽകേണ്ടതുണ്ട്. കാറ്റും വെയിലും കൊള്ളുന്നതും, വിയർക്കുന്നതും ആരോഗ്യമുള്ള ശരീരലക്ഷണമാണെന്ന് പ്രായമായവർ കരുതുന്നു. പുതിയ തലമുറയാകട്ടെ ചില്ലുകൂട്ടിലിട്ടു വളർത്തുന്നതിഷ്ടപ്പെടുന്നു. അനാരോഗ്യമായ ആ ദുശ്ശീലം മാറ്റിയേ പറ്റൂ. പ്രകൃതിയെ ഭയപ്പെടുവാനല്ല - അതിൽ നിന്നും ഓടിയൊളിക്കുവാനല്ല, അതിനെ അറിയാനും അതുമായി താദാത്മ്യം പ്രാപിക്കാനുംആവുമാറ് നാം കുട്ടികളെ പഠിപ്പിക്കേണ്ടതുണ്ട് - പഴയ തലമുറ അങ്ങനെ ആയിരുന്നുതാനും. ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ ഒരുപാട് പോരായ്മകൾ നമുക്ക് തോന്നാതെമെങ്കിലും - പഴമക്കാർ അരോഗ്യ ദൃഢഗാത്രരായിരുന്നു എന്നത് അതുകൊണ്ടുകൂടിയാണ്. നമുക്കത് ശ്രദ്ധേയവുമാകണം.

വിലകൂടിയ ടിന്നിലടച്ച ആഹാരസാധനങ്ങൾ കഴിച്ചാൽ മാത്രമേ ആരോഗ്യമുണ്ടാകൂ എന്ന ഒരു ധാരണ ജനങ്ങൾക്കിടയിൽ വളർത്തിയെടുക്കുവാൻ ദൃശ്യശ്രാവ്യ മാദ്ധ്യമങ്ങൾക്കും അവയുടെ നിർമ്മാണ കമ്പനികൾക്കും കഴിഞ്ഞിട്ടുണ്ട്. ടിൻ ഫുഡ്ഡുകൾക്കെതിരേയും രാസവള കീടനാശിനി ഉപഭോഗത്തിനെതിരേയും ലോകം ഉണരുകയാണ്. നമ്മുടെ അടുക്കളകളിൽ നിന്നും കിട്ടുന്ന അവശിഷ്ടമായ വെണ്ണീർ മാത്രം ഉപയോഗിച്ചു കൊണ്ട് ഒരു കുടുംബത്തിനാവശ്യമായ പച്ചക്കറിളും, ഇലക്കറികളും കൂടുതൽ ഉൽപ്പാദിപ്പിക്കുവുന്നതാണ് ചീരയും, വെണ്ടയും, വഴുതനയും, മത്തനും, കുമ്പളവുമൊക്കെ നമ്മുടെ അടുക്കളത്തോട്ടങ്ങളിൽ അനായാസമായി വളർത്തിയെടുക്കാം. അതുപോലെ മുരിങ്ങ, പപ്പായ തുടങ്ങിയ അധ്വാനഭാരം പോലുമില്ലാതെ നമുക്ക് വളർത്തിയെടുക്കുവാൻ കഴിയുന്ന പോഷകാഹാരങ്ങളാണ്. അതുപോലെ മാംസാഹാരികൾക്ക് അഞ്ചോ, പത്തോ കോഴികളെ വീട്ടുമുറ്റത്ത് തുറന്നു വിട്ട് വളർത്തിയെടുത്ത് മുട്ടയും, മാംസവും ലഭ്യമാക്കാൻ കഴിയും. കോളസ്ട്രോളിനെ നിയന്ത്രിക്കുവാൻ കഴിയുന്ന 'നിമോലിക് ആസിഡ്' അടങ്ങിയിട്ടുള്ള ഭക്ഷ്യയോഗ്യമായ കൂൺ ശ്രദ്ധയോടെ പരിചരിച്ചാൽ വളർത്തിയെടുക്കാവുന്നതാണ്.

രോഗാതുരതപരിസരജന്യം

നമ്മുടെ നാട്ടിൽ കണ്ടു വരുന്ന പ്രധാന അസുഖങ്ങൾ പരിസരം വൃത്തിയായി സൂക്ഷിക്കാത്തതുകൊണ്ടാണെന്ന് വിദഗ്ദ പഠനങ്ങൾ സൂചിപ്പിക്കുന്നു. ആരോഗ്യപരിപാലനത്തിന് വ്യക്തിയുടെയും, വീടിന്റേയും പരിസരത്തിന്റേയും ശുചിത്വം അത്യാവശ്യമാണ്. രോഗവാഹികളായ കൊതുകുകൾക്കും, ഈച്ചകൾക്കും വളരാനാവശ്യമായ മലിനജലം ഒഴിവാക്കുകയോ, ഇവയെ നശിപ്പിക്കുവാനാവശ്യമായ മുൻകരുതലുകൾ എടുക്കുകയോ ചെയ്യണം. പ്രതിരോധ കുത്തിവെയ്പ്പുകളെ കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുകയും, അതു നൽകാനാവശ്യമായ നടപടികൾ തുടങ്ങുകയും ചെയ്യുക. ധാന്യങ്ങൾ നശിപ്പിക്കുന്ന എലികളേയും, അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളേയും നശിപ്പിക്കുക; മാംസാഹാരങ്ങൾ രോഗാവസ്ഥയിലുള്ള മൃഗത്തിന്റേതല്ലെന്ന് വെറിനറി ഡോക്ടറുടെ സർട്ടിഫിക്കറ്റ് നിർബ്ബന്ധമാക്കുക; ശുദ്ധജലവിതരണ ടാങ്ക് വൃത്തിയാക്കുക; സ്വകാര്യ കിണറുകൾ വൃത്തിയാക്കുവായായി മാസത്തിലൊരിക്കൽ പഞ്ചായത്തുതലത്തിൽ ബ്ലീച്ചിംങ്ങ് പൗഡർ വിതരണം നടത്തുക. ചപ്പുചവറുകളും മാലിന്യങ്ങളും കൃഷിക്കുപയുക്തമാക്കുകയോ, നശിപ്പിക്കുകയോ ചെയ്യുക.

സാമൂഹിക മാനസിക ആരോഗ്യം

മദ്യപാനം, മയക്കുമരുന്ന്, പുകവലി, പുകയില മുറുക്കൽ എന്നിവക്കെതിരെ ബോധവൽക്കരണം നടത്തേണ്ടതുണ്ട്. ദുഷ്സ്വഭാവങ്ങളുടെ ദോഷവശങ്ങളെപ്പറ്റി ബോധവൽക്കരിക്കാൻ കഴിഞ്ഞാൽ മാത്രമേ ഒരാളെ പിൻതിരിപ്പിക്കാൻ കഴിയുകയുള്ളൂ. സ്കൂൾ മുതൽ മയക്കുമരുന്നിനെതിരെയുള്ള ബോധവൽക്കരണം തുടങ്ങുമ്പോൾ – ഒരു പുതിയ തലമുറയെ അടിമകളാക്കാൻ ഓടിനടക്കുന്ന മയക്കുമരുന്ന് എന്ന നീരാളി പിശാചിൽ നിന്ന് നമുക്ക് അവരെ രക്ഷിക്കുവാൻ കഴിയും അല്ലാതെ അശാസ്ത്രീയമായ നിരോധനങ്ങൾകൊണ്ടോ നിയമ നിർമ്മാണങ്ങൾകൊണ്ടോ ഇത്തരം ദുഃസ്വഭാവങ്ങളെ തടഞ്ഞു നിർത്തുവാൻ കഴിയില്ലെന്ന് നാം കണ്ടു കഴിഞ്ഞു. കുടുംബാസൂത്രണത്തിനെതിരെ വാളും, ചങ്ങലയും എടുത്തവർ, ആയുധം താഴെ വെച്ച് ആധാര· യിൽ പങ്കാളികളായത് ബോധവൽക്കരണത്തിന്റെ ഫലമായാണ് .

ചികിത്സാസമ്പ്രദായങ്ങൾ:

നാം എന്തൊക്കെ മുൻകരുതലുകൾ എടുത്താലും രോഗം വന്നുകൂടായ്കയില്ല. പരസഹസ്രം രോഗാണുക്കൾ നമ്മുടെ ചുറ്റിലുമുണ്ട്. നാം കുടിക്കുന്ന വെള്ളത്തിലും ശ്വസിക്കുന്ന വായുവിലുമുണ്ട് – ഒരു പരിധി വരെ ഇവയെ ചെറുക്കാനുള്ള ആന്റിബോഡി നമ്മുടെ ശരീരത്തിലുണ്ട്. രോഗ പ്രതിരോധശേഷി കുറഞ്ഞ ശരീരങ്ങളെ രോഗാണുക്കൾ ആക്രമിക്കുന്നു. അങ്ങനെ വരുമ്പോൾ വൈദ്യസഹായം കൂടാതെ കഴിയില്ല. ആയുർവേദവും, ഹോമിയോപ്പതിയും, അലോപ്പതിയും, സിദ്ധവൈദ്യവും, യുനാനിയും, പ്രകൃതി ചികിത്സ ഉൾപ്പെടെ ഒട്ടേറെ വൈദ്യശാസ്ത്ര മേഖലകൾ നമുക്കുണ്ട്. എല്ലാ ചികിത്സാസമ്പ്രദായങ്ങൾക്കും അതിന്റേതായ ഗുണദോഷങ്ങളുണ്ട്. ഒരു ചികിത്സാസമ്പ്രദായവും മറ്റൊന്നിനേക്കാൾ മികച്ചത് എന്ന അഭിപ്രായത്തിന് പ്രസക്തിയില്ലല്ലോ.

ആയുർവേദ പരമ്പരാഗത ചികിത്സയിൽ പ്രസിദ്ധരായ ഒട്ടേറെ വൈദ്യശുശ്രൂഷകൻമാർ നമ്മുടെ പഞ്ചായത്തിലും ഉണ്ടായിരുന്നു പൊതുചികിത്സയിലും, വിഷചികിത്സാ സമ്പ്രദായത്തിലും പ്രാവീണ്യം തെളിയിച്ചവർ – അന്നത്തെ ഭരണാധികാരികളിൽ നിന്ന് വിലപ്പെട്ട സമ്മാനങ്ങളും, പാരിതോഷികങ്ങളും ലഭിച്ചവർ – പച്ചിലമരുന്നുകൾകൊണ്ട് ഗുരുതരമായി പരുക്കേറ്റവരേയും, ഇന്ന് ആധുനിക വൈദ്യശാസ്ത്രം ഭാഗ്യപരീക്ഷണം നടത്തുന്ന രോഗങ്ങൾ പോലും മാറ്റിയവ നമുക്കുണ്ടായിരുന്നു ദൗർഭാഗ്യമെന്നു പറയട്ടെ ആ മഹാ പ്രഭാവന്മാരുടെ പിൻതുടർച്ചക്കാർ ഇല്ലാതാവുന്നു.

വിവാഹിതരായ ദമ്പതികളിൽ സ്ത്രീകളുടെ പ്രായം

സ്ത്രീകളുടെ പ്രായം

വയസ്സ്	എണ്ണം
15 - 19	245
20 - 24	565
25 - 29	616
30 - 34	618
35 - 39	362
40 - 44	134
ആകെ	2,540

അംഗവൈകല്യമുള്ളവർ

-	അന്ധർ -	22
-	ബധിരർ -	33
-	മൂകർ -	32
-	ബധിരമൂകർ -	36
-	ചലനവൈകല്യങ്ങൾ	68
	ആകെ	191

ആരോഗ്യസ്ഥാപനങ്ങളിൽ നിന്നും ലഭിച്ച വിവരങ്ങൾ ഇതനുസരിച്ച് രോഗനില

വർഷം	സ്ഥാപനത്തിന്റെപേര്	ഇൻപേഷ്യന്റ് എണ്ണം	ഔട്ട് പേഷ്യന്റ് എണ്ണം	ത്വക്ക് രോഗം	വാത രോഗം	പകർച്ച വ്യാധികൾ	മറ്റുള്ളവ രോഗങ്ങൾ	ആകെ
1992-93	P.H.C	170	8486	625	323	502	7036	8436
	G.A.D	-	16382	1400	10000	-	4982	16382
1993-94	P.H.C	108	9545	715	525	522	7783	9545
	G.A.D	-	19874	1465	12000	-	6409	19874
1994-95	P.H.D	67	7136	400	180	680	5876	7136
	G.A.D	—	17886	1350	11500	-	5036	17886
1995-96	P.H.C	152	12883	1000	550	3850	7483	12883
	G.A.D	—	14349	900	9200	—	4243	14349
	ആകെ	497	106541	7855	44278	5554	48854	106541

* PHC. പ്രാഥമികാരോഗ്യകേന്ദ്രം, പത്തംകുളം

** GAD. ഗവർമെണ്ട് ആയുർവേദ ഡിസ്പെൻസറി, പത്തംകുളം.

ആരോഗ്യ സ്ഥാപനങ്ങളുടെ ഇപ്പോഴത്തെ പ്രവർത്തനം

ഒരു പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടെയും ആശാകേന്ദ്രമായിരുന്ന പത്തംകുളത്തുള്ള പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനം കഴിഞ്ഞ് 3 കൊല്ലമായി ആസന്നനിലയിലാണ്. ഏകദേശം 3 വർഷങ്ങൾക്കുമുമ്പ് ആശുപത്രി ക്വോർട്ടേഴ്സിൽ താമസിച്ച് ചികിൽസിച്ചിരുന്ന ഡോക്ടർ സ്ഥലംമാറി പോയതിൽ പിന്നെ പകരം ഡോക്ടറെത്തിയത് 8 മാസങ്ങൾക്കു ശേഷമാണ്. അദ്ദേഹമാകട്ടെ ഉച്ചയോടെ ആശുപത്രി വിടുകയും ചെയ്യും. ക്വോർട്ടേഴ്സിൽ ഡോക്ടർ താമസിക്കാത്തതു കാരണം കിടത്തി ചികിത്സീക്കാനവശ്യമായ ഐ.പി. വാർഡിന്റെ ഉപയോഗം സാധാരണ ജനങ്ങൾക്ക് ലഭിച്ചില്ല. ഐ.പി. വാർഡ് ഇപ്പോൾ ഉപയോഗിക്കാതിരിക്കുന്നതിനാൽ നശിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയിലാണ്. ഇപ്പോൾ തൃക്കിടീരി ആശുപത്രിയിലെ ഡോക്ടർക്ക് ഇവിടെ Additional ചാർജ്ജ് ആയതിനാൽ ഇടക്ക് ഒ.പി. വിഭാഗത്തിൽ വന്ന് രോഗികളെ പരിശോധിച്ചു പോകുകയാണ്.

കിടത്തി ചികിത്സിക്കാനുള്ള താലൂക്കാശുപത്രിയിലേക്ക് 8 കിലോമീറ്റർ മുതൽ 16 കിലോമീറ്റർ വരെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ദൂരമുണ്ട്. പാവപ്പെട്ട രോഗികളെ സ്വകാര്യശുപത്രികളുടെ 'കഴുത്തറുപ്പൻ' നടപടിക്ക് വിധേയരാക്കാൻ വിട്ടുകൊടുത്തുകൂടാത്തതാണ്. സ്ഥിരമായി ക്വോർട്ടേഴ്സിൽ താമസിച്ചു ചികിത്സിക്കുന്ന ഒരു ഡോക്ടറുടെ കുറവ് യുദ്ധകാലടിസ്ഥാനത്തിൽ നികത്തേണ്ടതും ആശുപത്രി പ്രവർത്തന യോഗ്യമാക്കേണ്ടതും ആണെന്ന കാര്യം നിസ്തർക്കമാണ്. 15 ഓളം മറ്റു ഉദ്യോഗസ്ഥർ ഉണ്ടായിട്ടും ഒരു ഡോക്ടർ ഇല്ലാത്തതിന്റെ പേരിൽ കഴിഞ്ഞ 3 വർഷമായി നടക്കുന്ന ദുരവസ്ഥ അനുവദി- വയ്യ. ഡോക്ടില്ലതെ കുറിപടി കൊടുക്കാതെ മരുന്നു നൽകാൻ ജിവനക്കാർക്ക് കഴിയില്ല. ഈ ഒറ്റ കാരണം കൊണ്ടുതന്നെ പഞ്ചായത്തിൽ ഭാഗികമായാണ് മറ്റു ആരോഗ്യപ്രവർത്തനങ്ങൾ നടക്കുന്നത്. കുട്ടികൾക്കുള്ള രോഗപ്രതിരോധ കുത്തിവെയ്പും ഗൃഹസന്ദർശന പരിപാടികളും ഭാഗികമാണ്. ലാബോറട്ടറി ടെക്നീഷ്യനുണ്ടെങ്കിലും ജനങ്ങൾ സ്വകാര്യ ലാബുകളെ ആശ്രയിക്കുന്ന ദുസ്ഥിതി ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. ആരോഗ്യകേന്ദ്രത്തിലെ പൈപ്പുകണക്ഷനുകളിലെ തകരാറ് മൂലു ശുദ്ധജലം ലഭ്യമല്ല. വാഹനം അറ്റകുറ്റപണികൾക്കായി നിർത്തിയിട്ട് 4 മാസമായതിനാൽ മറ്റു സ്ഥലങ്ങളിൽ കുട്ടികൾക്കുള്ള രോഗപ്രതിരോധകുത്തിവയ്പകൾ നടക്കുന്നില്ല. ഐ.പി,. വാർഡിലെയും, സ്റ്റാഫ്ക്വോർട്ടേഴ്സുകളിലേയും വാതിലുകളും ജനലുകളും ദ്രവിച്ചു നാശമായിട്ടുണ്ട്. വാർഡിലെ കക്കൂസുകൾ ഉപയോഗ്യമല്ല. ഈ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ കീഴിൽ പ്രവർത്തിക്കുന്ന 3 കുടുംബക്ഷേമകേന്ദ്രങ്ങളിൽ അനങ്ങന്നടിയിലെ കുടുംബക്ഷേമകേന്ദ്രത്തിന് സ്വന്തമായി കെട്ടിടമില്ലാത്തതിനാൽ വരുംകാലങ്ങളിൽ അത് നിന്നുപോകുമോ എന്നു ഭയപ്പെടുന്നു. അതുപോലെ കുടുംബക്ഷേമകേന്ദ്രം, പനമണ്ണ എന്ന സ്ഥാപനത്തിന് സ്വന്തമായോ വാടകക്കോ കെട്ടിടം ലഭ്യമല്ലാത്തതിനാൽ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽതന്നെ അതു പ്രവർത്തിക്കുന്നത് തൃപ്തികരമല്ല. പ്രാഥമികആരോഗ്യകേന്ദ്രത്തിലെ ചുറ്റുമതിൽ വീണുതുടങ്ങിയിട്ടുണ്ട്.

10-ാം വാർഡിലെ പാവുകോണത്ത് പ്രവർത്തിക്കുന്ന ഗവ: ആയുർവേദ ഡിസ്പെൻസറിയും ഇല്ലായ്മകളുടെ നീരാളിപിടുത്തത്തിലാണ്. കഷായം തയ്യാറാക്കാനും ശചീകരണപ്രവർത്തനങ്ങൾക്കും ശുദ്ധജലം അടിയന്തിരമായി ലഭ്യമാക്കണം. വൈദ്യുതി കണക്ഷൻ ഇല്ലാത്തത് പരിഹരിക്കേണ്ടതാണ്. റോഡിന്റെ ശോചനീയാവസ്ഥ കാരണം ജിവനക്കാർക്കും രോഗികൾക്കും ആശുപത്രിയിൽ എത്തിചേരനുള്ള പ്രയാസങ്ങൾ നിസീമ മാണ്.

പ്രശ്നങ്ങൾ - സാധ്യതകൾ

1. പത്തംകുളത്തുള്ള പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ കോർട്ടേഴ്സിൽ താമസിച്ചു ജോലിചെയ്യുന്ന ഒരു ഡോക്ടറെ ഉടൻ നിയമിക്കുക.
2. ആയുർവേദ ഡിസ്പെൻസറിയിലും പ്രാഥമികആരോഗ്യകേന്ദ്രത്തിലും ശുദ്ധജലം ലഭ്യക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.
3. മരുന്നുകളുടെ ഇൻഡെന്റ് ഇരട്ടിയാക്കി വർദ്ധിപ്പിക്കുക.
4. ആയുർവേദ മരുന്നുകളുടെ Allotment വർദ്ധിപ്പിക്കുക.
5. Health Centre റിലെ വാഹനങ്ങൾ ഉപയോഗപ്രദമാക്കുക.
6. പ്രാഥമികാരോഗ്യത്തിലെ ചികിത്സിക്കുന്ന (I.P.Ward) കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾ നടത്തി ജനോപകാരപ്രദമാക്കുക.
7. വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ആഴ്ചയിലെ ചില പ്രത്യേക ദിവസങ്ങളിലെങ്കിലും ലഭ്യമാക്കുക.
8. P.H.C യിലെ ഓപ്പറേഷൻ തിയേറ്റർ പ്രവർത്തനക്ഷമ മക്കുക.
9. ആമ്പുലൻസ് അനുവദിക്കുക.
10. X-ray Plant അനുവദിക്കുക.
11. എല്ലാ വാർഡുകളിലും കുടുംബക്ഷേമകേന്ദ്രങ്ങളാരംഭിച്ച് അതുവഴി അത്യാവശ്യമരുന്നുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുക.
12. ഗവ. ആയുർവേദ ഡിസ്പെൻസറി, ജനോപകാരപ്രദമായ ആശുപത്രിയായി ഉയർത്തുക.
13. ഇപ്പോഴുളള ഡിസ്പെൻസറിയിൽ ചുറ്റുമതിൽ നിർമ്മിച്ച് ഔഷധത്തോട്ടം വച്ചു പിടിപ്പിക്കുക.
14. ബോധവൽക്കരണത്തിലൂടെ കൂടുതൽ സ്ഥലങ്ങളിൽ ജനകീയ പങ്കാളിത്തത്തോടെയുളള ഔഷധത്തോട്ടങ്ങൾ നിർമ്മിക്കുക.
15. ആയുർവേദ ഡിസ്പെൻസറിയിൽ രോഗികളെ കിടത്തി പരിശോധിക്കാനായി ടേബിൾ അനുവദിക്കുക.
16. കഷായ നിർമ്മാണത്തിന് ഉടയുന്ന മൺപാത്രങ്ങൾക്കു പകരം ചെമ്പു പാത്രങ്ങളും അരിച്ചു സൂക്ഷിക്കുന്നതിനായി സ്റ്റീൽ ഡ്രമ്മുകളും അനുവദിക്കുക. പഞ്ചായത്തിന്റെ ഒരറ്റത്തായി സ്ഥിതിചെയ്യുന്ന ആയുർവേദ ഡിസ്പെൻസറിയിലേക്കുളള യാത്രക്ലേശം (റോഡ് റിപ്പയറിംഗ്, ബസ്സ് സർവ്വീസ് എന്നിവ വഴി) പരിഹരിക്കുക.
17. ഗവർ.ആയുർവേദഡോക്ടറുടെ സേവനം നിശ്ചിത ദിവസങ്ങളിൽ കോതകുർശ്ശിയലും ലഭ്യമാക്കുക.

പൊതു നിർദ്ദേശങ്ങൾ

1. താഴ്ന്ന വരുമാനകാർക്ക് കക്കൂസുകൾ നിർമ്മിച്ച് നൽകുകയോ സാധന സാമഗ്രഹികളോ അനുവദിക്കുക.
2. പൊതുസ്ഥലങ്ങളിലെ മലമൂത്ര വിസർജ്ജനത്തിന്റെ ദോഷവശങ്ങളെ പറ്റി ബോധവൽക്കരണം നടത്തുക.
3. 1-ാം വാർഡിൽ പ്രവർത്തിക്കുന്ന ഇറച്ചിസംസ്കരണ ശാലയുടെ ദുർഗന്ധവും പരിസരമലിനീകരണവും ഒഴിവാക്കാൻ Slotter House നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ കൈകൊളളുക.
4. 4-ാം വാർഡിൽപ്പെട്ട പഞ്ചായത്തിന്റെ സീരാകേന്ദ്രത്തിൽ(കോതകുറുശ്ശി സെൻററിൽ) ഒരു Clock Room സ്ഥാപിക്കുക..
5. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ചികിത്സയ്ക്ക്(ഒ.പി വിഭാഗം) എത്തുന്ന രോഗികൾക്ക് കക്കൂസ്സും മൂത്രപുരയും അനുവദിക്കുക.

6. പത്തംകുളം – പാവുകോണം റോഡിലെ മലിനജലം ഒഴുകിപോകുന്നതിനാവശ്യമായ സംവിധാനം നിർമ്മിക്കുക.

7. ഗ്രാമസഭാറിപ്പോർട്ടുകളിൽ കണ്ട 8–ാം വാർഡിലെ അഷ്ട്ടത്തുമന കോളനിയിൽ കണ്ടുവരുന്ന പോഷകാഹാര ന്യൂനത പരിഹരിക്കുന്നതിനും .T.B രോഗത്തിന്റെ കാരണങ്ങൾ കണ്ടെത്തുന്നതിനും വിദഗ്ദ്ധ സംഘത്തെ നിയോഗിക്കുക.

8. പാലക്കോടു യു.പി സ്കൂളിന്റെ കിണറിന്റെ തൊട്ടടുത്തുള്ള കക്കൂസ്സും മൂത്രപുരയും മാറ്റി സ്ഥാപിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

9. വെള്ളം ലഭ്യമല്ലാത്ത ആയുർവേദ ഡിസ്പെൻസറിയിലേക്ക് പൈപ്പ് കണക്ഷൻ അനുവദിക്കുക.

10. ആരോഗ്യ സംരക്ഷണത്തെകുറിച്ച് പ്രദേശിക തലത്തിലും വാർഡു തലത്തിലും പഞ്ചായത്തു തലത്തിലും ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും ജനങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്തികൊണ്ട് നടത്തുക.

ജനപ്പെരുപ്പം കൂറെകൂടി ഫലപ്രദമായി തടഞ്ഞുനിർത്തുന്നതിലാണ് നമ്മുടെ പദ്ധതികളുടെ അന്തിമ വിജയം കുടികൊള്ളുന്നത്. 2000 ആണ്ട് ആകുമ്പോഴെക്കും എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യം കൈവരിക്കണമെങ്കിൽ ആരോഗ്യരംഗത്ത് കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനം കൂടിയേ തീരൂ.

കുടിവെള്ളം

കാലവർഷവും തുലാവർഷവും കനിഞ്ഞനുഗ്രഹിക്കുന്ന ഒരുഭൂപ്രദേശമാണ് നമ്മുടെ പഞ്ചായത്തും സംസ്ഥാനവും. എന്നിട്ടും നമ്മുടെ നാട്ടിൽ വരൾച്ചയും കുടിവെള്ളക്ഷാമവും അനുഭവപ്പെടുന്നുവെന്നത് വിരോധാഭാസമായിതോന്നാം.പക്ഷെ– അതാണ് വസ്തുത. മണലാരണ്യങ്ങളെപ്പോലെ ആവശ്യത്തിന് മഴ ലഭിക്കാത്തതല്ല മറിച്ച് പെയ്യുന്ന മഴപെയ്യുന്ന മഴവെള്ളം, ഫലപ്രദമായി പ്രയോജനപ്പെടുത്തുവാൻ കഴിയാത്തതാണ് നമ്മുടെ പ്രശ്നം.

അനങ്ങന്നടി ഗ്രാമപഞ്ചായത്തിൽ കേന്ദ്രഗവ: ധനസഹായത്തോടുകൂടി 1976–ൽ ഗ്രാമീണശുദ്ധജലവിതരണപദ്ധതി നടപ്പിലാക്കി. ഈ പദ്ധതിയുടെ സ്രോതസ്സ് പത്തംകുളം തോടിനോടുചേർന്ന് 4.5 മീറ്റർ വ്യാസം വരുന്ന ഗ്യാലറിസംവിധാനമുള്ള കിണറും പമ്പുഹൗസും ചേർന്നതാണ്. ഇവിടനിന്ന് പമ്പുചെയ്യുന്ന ശുദ്ധജലം കുണ്ടടി പ്രദേശത്ത് സ്ഥാപിച്ചിരിക്കുന്ന 68,000 ലിറ്റർ സംഭരണശേഷിയുള്ള ഉയർന്ന ടാങ്കിൽ എത്തിക്കുകയും അവിടെ നിന്നും വിതരണകുഴലുകൾ വഴി 36 പൊതുടാപ്പുകൾ സ്ഥാപിച്ച് വിതരണം ചെയ്യുകയുണ്ടായി. ഈ സ്രോതസ്സിന്റെ ജലദൗർലഭ്യത കണക്കിലെടുത്തും പഞ്ചായത്തിലെ രൂക്ഷ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിലേക്ക് കടിനീർ എത്തിക്കുന്നതിനുവേണ്ടി 1985–ൽ പദ്ധതി വിപുലീകരിക്കുന്നതിന് പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി 45 പൊതുവിതരണടാപ്പുകൾ സ്ഥാപിക്കുകയും ചെയ്തു. 1988–ൽ 6 ഇഞ്ചു വ്യാസം വരുന്ന ഒരു കുഴൽ കിണർ ആദ്യ സ്രോതസ്സിനു സമീപം കുഴിച്ച് മോട്ടോർ ഘടിപ്പിച്ച് പദ്ധതി വിപുലപ്പെടുത്തി. 1993 ലെ വരൾച്ചിദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി 6 ലക്ഷം രൂപ ചെലവിൽ പാവുക്കോണം മിനിവാട്ടർ സ്കീം എന്ന പേരിൽ ഒരു ശുദ്ധജലവിതരണപദ്ധതി നടപ്പക്കുന്നതിന്റെ ഭാഗമായി 2 കുഴൽ കിണറുകളും പൈപ്പ് ലൈനിട്ട് 12 ടാപ്പുകളും സ്ഥാപിച്ചു. 1994–'95 ലെ പ്രത്യേക ഘടക പദ്ധതി പ്രകാരം സമീപത്തുള്ള

മാരിയിൽ കോളനി, പാലക്കോട്ടുകളം കോളനി എന്നീ ഭാഗങ്ങളിലായി 9 പൊതുവിതരണടാപ്പുകൾ സ്ഥാപിച്ചു. പഞ്ചായത്തിൽ മൊത്തം 117 പൊതുടാപ്പുകളും 82 ഗാർഹികകണക്ഷനുകളും 6 ഗാർഹികേതരകണക്ഷനുകളും ഉണ്ട്. 1994-'95 ലെ പ്രത്യേക ഘടക പദ്ധതി പ്രകാരം തരുവകോണം, ഗണപതിപ്പാറ, കാഞ്ഞിരത്തിൽ കോളനി എന്നീ ഭാഗങ്ങളിലേക്ക് നിലവിലുള്ള അനങ്ങനടി-ചേറുംപററ റോഡ് പൈപ്പ് ലൈനിൽ നിന്ന് 3900 മീററർ നീളത്തിൽ പുതുതായി പൈപ്പ് ലൈനും 20 പൊതുടാപ്പുകളും സ്ഥാപിക്കുന്ന ജോലി പുരോഗമിച്ചുവരുന്നു. ചേറുംപററക്കാവ് റോഡിൽ കുഴിച്ചിട്ടുള്ള 6 വ്യാസം വരുന്ന കുഴൽകിണറിൽ മോട്ടോർ ഘടിപ്പിച്ച് ഈ പദ്ധതിയിൽ ജലവിതരണം നടത്താണ് ഉദ്ദേശം.

കുടി വെള്ളം രൂക്ഷമായ പ്രദേശങ്ങൾ -

വാർഡ് 1. ചാക്യാവ്, കാരപറമ്പ്, വളയൻചിറ പ്രദേശം, പത്തായംപനമണ്ണ, പഴയപളളി, വട്ടപ്പറമ്പ് റോഡിനു പരിസരം, പനമണ്ണ അമ്പലവട്ടം റോഡിനു പരിസരം, പടിഞ്ഞാറെപ്പളളി,കോവിൽപടി പരിസരം, മലോൽമക്കാവ് കോട്ടപ്പുറം ഭാഗം. പനമണ്ണ ജംഗ്ഷനിലുള്ള കുറുശ്ശിക്കം വീട്ടുപരിസരം, 261 നമ്പർ അഗൻവാടി പ്രദേശം.

വാർഡ് 2. കയറാട്ട്കുന്ന് ലക്ഷംവീട് കോളനി , റേഷൻഷാപ്പ് സെൻററർ, മുതലിയാർ തേരുവ് കോമത്തോടി ഹരിജൻ കോളനി, പളളത്തുപടി ഹരിജൻ കോളനി, വി.കെ.പടി, അമ്പലവട്ടം കാക്കാട്ടിൻ പ്രദേശം.പെരുമ്പിലാവിൽ പടി, ഹരിജൻ കോളനിയിൽ നീലിയുടെ വീട് പരിസരം, ആര്യതോട് മേഖല, പെരുമ്പിലാവിൽപടി ട്രാൻസ്ഫോർമറിന്റ കിഴക്കുവശം.

വാർഡ് 3. പട്ടർക്കോണം ശിവക്ഷേത്രത്തിന്റെ കിഴക്കുഭാഗം. വെളളിനാംകുന്ന് പ്രദേശം, ചെമ്പുളളിത്തോടി പ്രദേശം ,വെളളിനാംകുന്ന് മേലെ ഭാഗം, പടിക്കപ്പറമ്പ് പ്രദേശം, കുണ്ടടിറോഡിൽനിന്ന് കിഴക്കോട്ടുപോകുന്ന 25 വീടുകൾ ഉൾപ്പെടുന്ന പ്രദേശം.

വാർഡ്4. വാട്ടർടാങ്ക് മുതൽ കോതകുറുശ്ശി ജംഗ്ഷൻ വരെ, കരയാനാം കുന്ന് കോളനി, പാലക്കോട്, എലിയം കുളം, കുമുളളുകാട് കോളനി.

വാർഡ് 5. ജാറംചിറയിൽപ്പാറ റോഡ്, അതിന്റെ തെക്കുവഴികളായ കരിയാറ്റിൽ കോളനി റോഡ്,പാറപുറത്ത് കോട്ടേക്കാട്ടുകുന്നി പ്രദേശം, കരിമ്പനത്തോട്ടം പരിസരം, പി.എച്ച്.സി, പത്തംകുളം, പുതുവായിൽ കോളനി റോഡ്, പത്തംകുളം സ്കൂളിലും തെയ്യൻപടിക്കുമിടയിൽ പത്തംകുളം അംഗനവാടി, ലക്ഷംവീട് കോളനി, പുനക്കാട് കുണ്ട് പ്രദേശം.

വാർഡ് 6. കുടുംബക്ഷേമ പരിസരം, അംഗനവാടി പ്രദേശം, പരുത്തികുണ്ട് പുത്തൻകിണർ പ്രദേശം, തരുവകോണം, ചേവയിൽ പ്രദേശം, പാലക്കോട് തെരുവ്, ഗണപതിപ്പാറ അംഗനവാടി പ്രദേശം, ചേറുംപററ ക്കാവിന്റെ വടക്കു പടിഞ്ഞാറു പ്രദേശം, പുനത്തിൽകുണ്ട് പ്രദേശം.

വാർഡ്7. കരിയാനാം കുന്ന് കോളനി, കാഞ്ഞിരം ഹരിജൻ കോളനി, അഷ്ട്ടത്തുമന കോളനി, വിരിപ്പാറ കോളനി, പാലക്കോട് കോളനി.

വാർഡ് 8. പന്തലിങ്ങൽ ഭാഗം, ചേണാട്ട് കോളനി, പടിയത്തു ഭാഗം, വൽച്ചിറ ഭാഗം, തോട്ടിക്കാട് പ്രദേശം, തെനക്കാട് പ്രദേശം, കുളത്തും പടി ഭാഗം, മനക്കൽപടി കോളനി, ചവതക്കാട് പ്രദേശം.

വാർഡ് 9. നയാട്ടുപറ കൊടിമരം,പാവുക്കോണം തെക്കോട്ടു ഹരിജൻ കോളനി, കളംചാതു ഹരിജൻ കോളനി, പടിയത്തു ഹരിജൻ കോളനി, പാറോല ഹരിജൻ കോളനി, വാരിക്കാനം കോളനി, ആയുർവ്വേർദ ആശുപത്രി, കുടുംബക്ഷേമ കേന്ദ്രം.

ഗ്രാമസഭാ നിർദ്ദേശങ്ങൾ :-

1-ാം വാർഡിലെ പെരുങ്കുളത്തിന്നടുത്തു ഇപ്പോഴുള്ള ജലലഭ്യതയുള്ള കിണർ എറെറടുക്കുകയോ വലിയ ഒരു കിണർ കുഴിക്കുകയോ ചെയ്യുക.1-ാം വാർഡിലുള്ള പൈപ്പ്ലൈൻ - അമ്പലവട്ടം കയറാട്ട് L.P.സ്കൂൾ വരെ നീട്ടുക.

2-ാം വാർഡിലെ റേഷൻഷാപ്പ് സെൻററർ, കയറാട്ടുകുന്ന് ലക്ഷം വീടു കോളനി എന്നിവിടങ്ങളിൽ കിണറുകളോ, കുഴൽകിണറുകളോ കുഴിച്ച് ഡയറക്ട് പമ്പിങ്ങ് ഏർപ്പെടുത്തുക. ഒറ്റപ്പാലം ശുദ്ധജലവിതരണ പദ്ധതി റേഷൻഷാപ്പുസെന്റർ വഴി പാടം വരെ നീട്ടുക.

3-ാം വാർഡിലെ 2 പഞ്ചായത്തു കിണറുകളും വൃത്തിയാക്കി ഉപയോഗ്യമാക്കുക. അമ്പലവട്ടത്തെ സുലഭമായി വെളളം ലഭിക്കുന്ന വായനശാലാ പ്രദേശത്തെ കേന്ദ്രമാക്കി ശുദ്ധജലവിതരണപദ്ധതി ആരംഭിച്ച് രണ്ട് മുന്ന് വാർഡുകളിൽ വിതരണം നടത്തുക.

4-ാം വാർഡിലെ ജനസൗകര്യപ്രദമായ സ്ഥലത്ത് കിണർ കുഴിക്കുകയോ പൈപ്പുകണക്ഷൻ അനുവദിക്കുകയോ ചെയ്യുക.

5-ാം വാർഡിലെ പഴയ ജലവിതരണ പദ്ധതിക്ക് വടക്കുഭാഗത്തായി പുതിയ ജലവിതരണ പദ്ധതി ആരംഭിക്കുക. നിലവിലുള്ള 3 പദ്ധതികളെയും ബന്ധപ്പെടുത്തുക.

6-ാം വാർഡിലെ ഗ്രാമസഭയിൽ സന്നദ്ധത പ്രകടിപ്പിച്ച കിണർ എറെറടുത്ത് പടുത്തു വൃത്തിയാക്കുക.(കൊട്ടിലിങ്ങിൽ എഴുത്തച്ഛൻ).

7-ാം വാർഡിലെ നിലവിലുള്ള പൈപ്പ് ലൈൻ ചെർപ്പുളളശ്ശേരി ജലവിതരണ പദ്ധതിയുമായി ബന്ധപെടുത്തുക.

8-ാം വാർഡിലെ അഷ്ട്ടത്തുമന, കാഞ്ഞിരം ഹരിജൻ കോളനി എന്നിവിടങ്ങളിൽ കിണർ കുഴിക്കാൻ സ്ഥലം തരാൻ തയ്യാറായവരുണ്ട്. പാവുകോണം വാട്ടർ സ്കീം ആന്തുപറമ്പ്വഴി അഷ്ട്ടത്തുമന കോളനി വരെ നീട്ടുക.

9-ാം വാർഡിലെ ജലസുലഭത ഉറപ്പുവരുത്തി കുളങ്ങളും കിണറുകളും കുഴിക്കുക. ഹൗസിംഗ് കോളനി മുതൽ പടിയത്ത് പടിവരെ പൈപ്പ് ലൈൻ വ്യാപിക്കുക.തെനക്കാട് കുന്ന് റോഡ് അവസാനം വരെ പൈപ്പ് ലൈൻ നീട്ടുക. കോട്ടകുളം-മൈയ്തു പീടിക-അംഗൻവാടി പരിസരം ടാപ്പ് സ്ഥാപിക്കുക.ചോണാട് കോളനി വരെ പൈപ്പ് ലൈൻ വ്യാപിപ്പിക്കുക. പാടിയത്തുപടി സമീപത്തും, തെനക്കാട് കുന്ന് സമീപത്തും പൊതുകിണർ കുഴിക്കുക., ഓടുപാറ കോളനി, സരളവിടിനു സമീപം ടാപ്പ് സ്ഥാപിക്കുക.

10-ാം വാർഡിലെ മൂച്ചിക്കുണ്ട് കോളനിക്കുസമീപം പൊതുജലവിതരണപദ്ധതി ആരംഭിക്കുക.

പൊതു നിർദ്ദേശങ്ങൾ

1. കുടിവെളളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ നിന്നെല്ലാം ജലവിതരണപദ്ധതി ആരംഭിക്കുകയോ ഉളള പദ്ധതികളിൽ നിന്നും കണക്ഷനുകൾ നൽകുകയോ ചെയ്യണം.

2. രൂക്ഷമായ ജലക്ഷാമമുള്ള പ്രദേശങ്ങളിൽ തുറന്ന കിണറുകളോ കുഴൽകിണറുകളോ സ്ഥാപിക്കുക

3. നിലവിലുള്ള സ്വകാര്യ കിണറുകളും കുളങ്ങളും വിപുലപ്പെടുത്തുന്നതിന് ധനസഹായം അനുവദിക്കുക.

4. പനമണ്ണ വഴിയിലുള്ള പൈപ്പ്ലൈൻ അമ്പലവട്ടം റോടിലൂടെ വ്യാപിപ്പിച്ച് കണ്ണിയാമ്പുറം ശുദ്ധുജല പദ്ധതിയുമായി ബന്ധപ്പെടുത്തുക. ബന്ധപ്പെട്ട എല്ലാ പ്രധാന റോഡുകളിലൂടേയും പൈപ്പ് ലൈൻ നീട്ടി പൊതുടാപ്പുകൾ സ്ഥാപിക്കുക.

5.അനങ്ങനടി പഞ്ചായത്തിനെ കുടി ഉൾപ്പെടുത്തി ഭാരതപുഴയിൽ നിന്നും വെള്ളം എത്തിക്കുന്ന തരത്തിൽ ഒരു വലിയ ജലസേചനപദ്ധതി ആരംഭിക്കുക.. കൂടുതൽ സ്ഥലങ്ങളിലേക്ക് കുടി വെള്ളമെത്തിക്കുക.

കടിവെള്ളപ്രശ്നത്തിന് ശാശ്വത പരിഹാര സാധ്യതകൾ:-

1. ഒഴുകിപോകുന്ന മഴ വെള്ളത്തെ തടഞ്ഞുനിത്തുക.
2. അനുയോജ്യമായ ഇടങ്ങളിൽ ഭൂഗർഭ അണക്കെട്ടുകൾ നിർമ്മിക്കുക.
3. തടയണകൾ നിർമ്മിക്കുക .
4. മഴവെള്ളം സംഭരിച്ചു നിർത്തുന്നതിനാവശ്യമായ വലിയ ജലസംഭരണികൾ അനുയോജ്യമായ ഇടങ്ങളിൽ നിർമ്മിക്കുക.
5. നിലവിലുള്ള പ്രകൃതിദത്തമായ ജലസംഭരണികൾ വിപുലീകരിച്ച് മഴവെള്ളം സംഭരിക്കുക.
6. മണ്ണൊലിപ്പ് തടയുന്നതിനായി ഭൂപ്രകൃതിക്കനുസൃതമായ വരമ്പുകൾ നിർമ്മിക്കുക.
7. മരങ്ങളും ചെടികളും പുല്ലും വച്ചുപിടിപ്പിക്കുക.
8. വലിയകുളങ്ങളും കിണറുകളും നിർമ്മിക്കുക.
9. വനസംരക്ഷണത്തെക്കുറിച്ച് ബോധവൽക്കണം നടത്തുക.

9-ാം പദ്ധതി ജനകീയ പദ്ധതിയായി നടപ്പിലാവുന്നതിനാൽ ജനകീയജല സമിതികൾക്ക് രൂപ നൽകുകയും ഒരോ വിട്ടിൽനിന്നും പദ്ധതിക്കായി മനുഷ്യ പ്രയത്നം ഉറപ്പുവരുത്തുകയും അതുവഴി കൂടുതൽ മെച്ചപ്പെട്ട വിപുലീകരിച്ച പദ്ധതികൾ ജനങ്ങൾക്കു ലഭ്യമാക്കുക, മാത്രമല്ല ഇടത്തട്ടുകാരായ കോൺട്രാക്ടർമാരുടെ ചൂഷണത്തിൽനിന്ന് രക്ഷപെടുകയും ചെയ്യാം. ഇന്ത്യ-സ്വിസ്സ് സൗരംഭമായ അനങ്ങനടി പഞ്ചായത്തിലെ പത്തംകുളത്തുള്ള സ്റ്റേറ്റ് സീഡ് ഫാം കൃഷിയിടത്തിൽ കെട്ടിയ ഭൂഗർഭ ജല അണക്കെട്ട് തകരാനിടയായത് അതിന്റെ നിർമ്മാണ പ്രവർത്തനങ്ങളിലെ മായംകൊണ്ടാണെന്നത് പരക്കെ സംസാര വിഷയമാ ണ്. കിട്ടുമായിരുന്ന വെള്ളത്തിന്റെ ലഭ്യതയില്ലാതാവുകയും ലക്ഷക്കണക്കിനു രൂപ പാഴാക്കുകയും ചെയ്തതോടപ്പം അതിന്റെ മുകൾഭാഗത്തെ കിണറുകളിലെ ജലസുലഭത കുറഞ്ഞതും ഒരനുഭവപാഠമാണ്. ലക്ഷങ്ങൾ മുടക്കിയ കാഞ്ഞിരപുഴ പ്രോജക്ടിന്റെ പണിതീരാത്ത കനാലുകളുടെ പണി വേഗം പൂർത്തിയാക്കണം. ജനകീയ സമിതികൾക്കും മനുഷ്യപ്രയത്നത്തിനും അതുവഴി പങ്കാളിത്തവും വഴിയൊരുക്കാൻ കഴിയും എന്നത് നിസ്തർക്കമാണല്ലൊ.





വ്യവസായം

അനങ്ങനടി പഞ്ചായത്തിലെ വ്യവസായ മേഖല പരിശോധിച്ചാൽ സ്ഥിതി വളരെ മോശമാണ്. ധാരാളം പരമ്പരാഗത വ്യവസായങ്ങൾ ഇവിടെയുണ്ട്. കുടിൽ വ്യവസായങ്ങളും ചെറുകിടവ്യവസായങ്ങളും പ്രവർത്തിക്കുന്നുണ്ട്. വൻകിടവ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെ ഇവിടെ ഇല്ല.

പരമ്പരാഗത വ്യവസായങ്ങൾ :

കളിമൺ പാത്രനിർമാണം, ചെത്ത്, കൊട്ട, വട്ടി, പനമ്പ്, കത്തി, മടവാൾ, അമ്മി, ആട്ടുകല്ല്, പായനെയ്ത്ത്, പപ്പടം, ബീഡി, തുണിനെയ്ത്ത്, ഓലക്കുട നിർമ്മാണം എന്നിവ ഇവിടെയുണ്ട്.

കുടിൽവ്യവസായങ്ങൾ :

കുടനിർമ്മാണം, തുന്നൽ, റെഡിമെയ്ഡ്, ഫർണിച്ചർ എന്നിവ ഈ പഞ്ചായത്തിലുള്ള കുടിൽ വ്യവസായങ്ങളാണ്.

ചെറുകിടവ്യവസായങ്ങൾ:

തുണിമിൽ, പായ കമ്പനി, ഈർച്ചമിൽ, ഗെയ്റ്റ് ആൻഡ് ഇന്റസ്ട്രിയൽ, പ്രിന്റിംഗ് പ്രസ്സ്, റൈസ് ആൻഡ് ഫ്ളോർ മിൽ, ഓയിൽ മിൽ എന്നീ ചെറുകിട വ്യവസായശാലകളുണ്ട്. പട്ടിക (1,2) വ്യവസായങ്ങളെല്ലാം സ്വകാര്യ മേഖലയിലാണ് പ്രവർത്തിക്കുന്നത്. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നവ ഇവിടെ ഇല്ല. പല വ്യവസായ സംരഭകരും സ്ഥാപിക്കാനുദ്ദേശിക്കുന്ന യൂണിറ്റുകൾക്ക് സ്ഥലത്തിന്റെ അഭാവത്താൽ പുറകോട്ടു നിൽക്കുന്നവരാണ്. കെട്ടിടം ഉണ്ടാക്കി അവിടെ പ്രവർത്തനം നടത്താൻ വേണ്ട വൈദ്യുതി ലഭിക്കാൻ വർഷങ്ങളോളം കാത്തിരിക്കേണ്ട അവസ്ഥയാണ് ഇന്നുള്ളത്. വാണിജ്യ ബേങ്കുകളും സഹകരണ ബേങ്കുകളും മൂലധനത്തിനാവശ്യമായ വായ്പ കൊടുക്കുവാൻ വിമുഖത കാണിക്കുന്നു. ചെറുകിട വ്യവസായങ്ങൾ തുടങ്ങുവാനുള്ള ലൈസൻസ് കിട്ടാൻ കാലതാമസം നേരിടുന്നുണ്ട്. ഗതാഗതത്തിന്റെ കാര്യത്തിൽ ഈ പഞ്ചായത്ത് അതിർത്തിയിൽ റോഡുകളുടെ ശോച്യാവസ്ഥ ഒരു പ്രധാന കാരണമാണ്. കരിങ്കല്ലു കൊണ്ട് അമ്മി, ആട്ടുകല്ല്, കളിമൺ പാത്ര നിർമ്മാണം, ഓലക്കുട നിർമ്മാണം, കൊട്ട, വട്ടി നിർമ്മാണം എന്നീരംഗത്ത് വിദഗ്ദരായ തൊഴിലാളികളുണ്ടെങ്കിലും തൊഴിൽ സാധ്യത കുറഞ്ഞു വരികയാണ്. ഈ രംഗത്തുള്ള തൊഴിലാളികൾ കെട്ടിട നിർമ്മാണ രംഗത്തായി ശ്രദ്ധ പതിപ്പിച്ചിരിക്കുകയാണ്. കൂലി കൂടുതൽ ലഭിക്കുന്നതും ഈ മേഖലയിലാണ്. കല്ല്, മുള, ഈറ്റ, ഓട, കളിമൺ പാത്ര നിർമ്മാണത്തിനാവശ്യമായ കളിമണ്ണ്, വിറക്, വൈക്കോൽ, ചകിരി തുടങ്ങിയവ കിട്ടാനില്ല. ഇതു കാരണം ഈ തൊഴിലാളികൾ മറ്റു തൊഴിൽ അന്വേഷിച്ച് പോകുന്നു. അസംസ്കൃത വസ്തുക്കൾ സഹകരണാടിസ്ഥാനത്തിൽ സംഭരിക്കാവുന്നതാണ്. ഉൽപ്പന്നങ്ങളുടെ വിപണനത്തിനാവശ്യമായ കമ്പോളം ഇവിടെ ഇല്ല. സാധനങ്ങൾ വിറ്റഴിക്കാൻ സൗകര്യമില്ലാത്ത അവസ്ഥ ഇന്ന് നിലവിലുണ്ട്. കള്ള് ചെത്തിന് ആവശ്യമായ പനയും, വിദഗ്ദരായ തൊഴിലാളികളുടെ കുറവും ഈ മേഖലയിൽ അനുഭവപ്പെടുന്നു.

വ്യവസായ സ്ഥാപനങ്ങൾ (പട്ടിക 1)

ഇനം	എണ്ണം
ചെറുകിട വ്യവസായം	38
വൻകിട വ്യവസായം	ഇല്ല
കച്ചവട വ്യാപാര സ്ഥാപനങ്ങൾ	153

വ്യവസായ വ്യാപാരസ്ഥാപനങ്ങൾ ഇതരിച്ചുചേർത്തു

	വ്യവസായം	എണ്ണം		വ്യാപാരം	എണ്ണം
01.	റൈസ് മിൽ	15	01.	ഹോട്ടൽ	9
02.	ഓയിൽ മിൽ	4	02.	ടെക്സ്റ്റയിൽസ്	4
03.	ഈർച്ച മിൽ	1	03.	ടൈലറിങ്ങ്	22
04.	പവർലൂം	1	04.	ജ്വല്ലറി	12
05	പായ നിർമ്മാണം	1	05.	ജനറൽ സ്റ്റോറുകൾ	67
06.	പെരിപ്പു നിർമ്മാണം	1	06.	ഹാർഡ് വെയേഴ്സ് & സ്റ്റോഫ്റ്റ് വെയേഴ്സ് ഫർണീച്ചർ	12
07.	എഞ്ചിനീയറിങ്ങ്	3	07.	സ്റ്റുഡിയോ റിപ്പയറിങ്ങ് & ഓഡിയോ	4
08.	സർജിക്കൽ ഉപകരണങ്ങൾ	4	08.	കേബിൾ ടി.വി.	2
09.	ഗാർമെന്റ്സ്	4	09.	അലോപ്പതി ആയുർ-വേദ മരുന്നുകടകൾ	14
10.	കുട നിർമ്മാണം	1	10.	പൗൾട്രി ഫാം	7
11.	പ്രിന്റിംങ്ങ് പ്രസ്സ്	2			
12.	ആയുർവേദമരുന്നു നിർമ്മാണം	1			
	ആകെ	38		ആകെ	153

1991–96 കാലത്ത് റൂറൽ ആർട്ടിസാൻസ് പ്രോഗ്രാമിൽ (1/3 സബ്സിഡിയുള്ളത്) 8 പേർക്കായി 80,000രൂപയും ഹരിജൻ എന്റർപ്രിണേഴ്സ് ഡവലപ്പ്മെന്റ് സ്കീമിൽ 14 പേർക്ക് 2,50,000/= രൂപയും റൂറൽ ആർട്ടിസാൻസ് പ്രോഗ്രാമിൽ പണിയായുധങ്ങൾക്ക് 28 പേർക്ക് 1,40,000/= രൂപയും ഈ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

ഇപ്പോൾ ഉള്ളതും നടപ്പിലായിക്കൊണ്ടിരിക്കുന്നതുമായ പദ്ധതികൾ

- ❒ **റൂറൽ ആർട്ടിസാൻസ് പ്രോഗ്രാം:-**
  ഇതിൽ 10,000 രൂപ വരെ മെഷിനറി മുതൽ മുടക്കുള്ള യൂനിറ്റുകൾ തുടങ്ങാം. ബാങ്കാണ് വായ്പ നൽകേണ്ടത്. ഇതിൽ 1/3 സബ്സിഡി (3,000 രൂപയിൽ കവിയാത്ത തുക.) ഡിപ്പാർട്ട്മെന്റ് നൽകും.

- ❒ **ഹരിജൻ എന്റർപ്രിണേഴ്സ് ഡവലപ്പ്മെന്റ് സ്കീം:-**
  ഇതിൽ 50,000/= രൂപ വരെ വ്യവസായം തുടങ്ങുന്നതിന് വായ്പ നൽകുന്നു. മെഷിനറിയുടെ 50% പരമാവധി 5,000/= രൂപ ഗ്രാന്റായും നൽകുന്നു.

- **റൂറൽ ആർട്ടിസാൻസ് പ്രോഗ്രാം (പണിയായുധങ്ങൾ) :-**
  വ്യവസായിക പണികളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് നൽകുന്ന ഗ്രാന്റാണ് ഇത്. പട്ടികജാതിക്കാർക്ക് 750 രൂപ വരെയും അല്ലാത്തവർക്ക് 250/= രൂപ വരെയും ആണ് ഗ്രാന്റ്.

- **PMRY:-**
  ഇതിൽ 95,000 രൂപ വരെ ലോൺനൽകുന്നു. അതാത് വാർഡിലെ ബേങ്കുകളാണ് ലോൺ നൽകേണ്ടത്. S.S.L.C തോറ്റവർക്കും ജയിച്ചവർക്കും അപേക്ഷിക്കാം. ഇതിൽ വ്യവസായം, ബിസിനസ്സ്, സർവ്വീസ് എന്നിവക്ക് വായ്പക്ക് അപേക്ഷിക്കാം.

- **വനിതാ വ്യവസായം:-**
  ഇതിൽ യൂണിറ്റ് ഉടമയും നടത്തിപ്പും വനിതയായിരിക്കും. തൊഴിൽ ചെയ്യുന്നവരിൽ 80% വനിതകൾ ആയിരിക്കുകയും വേണം എങ്കിൽ മെഷിനറിയുടെ വിലയിൽ 50% ഗ്രാന്റ് നൽകുന്നു. പരമാവധി തുക 25000 രൂപ ആയിരിക്കും. കൂടാതെ വാടക കെട്ടിടത്തിലാണെങ്കിൽ ടാപ്പ്റിങ്ങ് ബേസിസിൽ 4 വർഷത്തേക്ക് വാടക ഗ്രാന്റ് കൊടുക്കുന്നു.

വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിനും അതിനോടനുബന്ധിച്ച് നടത്തേണ്ട വിനിമയങ്ങൾക്കും റോഡ് ആഭിമുഖ്യമുള്ള സ്ഥലങ്ങളാണ് വേണ്ടതെന്ന ധാരണ തത്പരരിലുണ്ട്. ഈ ഒരു അസൗകര്യം ഈ രംഗത്ത് നിലനിൽക്കുന്നു. വ്യവസായ സംരംഭകരെ കണ്ടെത്തി വേണ്ട സാങ്കേതിക നിർദ്ദേശങ്ങൾ നൽകുന്നതിന്റെ കുറവ് ഈ രംഗത്തുണ്ട്. ലൈസൻസ് ലഭിക്കാനുള്ള കാലതാമസവും വൈദ്യുതി കണക്ഷനുള്ള പ്രയാസങ്ങളും ഇക്കൂട്ടരെ നിരുത്സാഹപ്പെടുത്തുന്നു. മൂലധന വായ്പ ലഭ്യമാക്കുന്ന കാര്യത്തിൽ ദേശസാൽകൃത ബേങ്കുകൾ അപേക്ഷകരെ നൂലാമാലകളിൽ കുടുക്കി നട്ടം തിരിക്കുന്ന എത്രയോ അനുഭവമുണ്ട്. സാമ്പത്തികമായി ഉയർന്നു നിൽക്കുന്നവർക്ക് മാത്രമേ ഇത്തരം ബേങ്കുകളുമായി ഇടപാടിന് ബന്ധപ്പെടാൻ തന്നെ കഴിയാറുള്ളൂ. വിദഗ്ധ പരീശീലനം ലഭിച്ച തൊഴിലാളികൾ പ്രദേശത്തുതന്നെ കുറവാണ്. ബന്ധപ്പെട്ട അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്ന കാര്യത്തിൽ ഉള്ള ബുദ്ധിമുട്ട് വ്യവസായ തത്പരരെ നിരുത്സാഹപ്പെടുത്തുന്നു. വ്യവസായങ്ങൾ ആരംഭിച്ചാൽ തന്നെ ഉത്പാദനം ലാഭകരമാക്കാൻ കഴിയുമോ എന്ന കാര്യത്തിലുള്ള ആശങ്കയും മാർക്കറ്റിങ്ങിലുള്ള അപര്യാപ്തതയും ഈ രംഗത്തെ പ്രശ്നങ്ങളാണ്.

സാദ്ധ്യതകൾ:-

ഈ പഞ്ചായത്തിൽ വിദ്യാഭ്യാസ സമ്പന്നരും തൊഴിൽരഹിതരുമായ യുവജനങ്ങൾ ധാരാളമുണ്ട്. പഞ്ചായത്തുതലത്തിൽ വ്യവസായതത്പരരെ കണ്ടെത്തി ബന്ധപ്പെട്ട രംഗത്ത് വിദഗ്ധ പരിശീലനം നടത്തേണ്ടത് വളരെ അത്യാവശ്യമാണ്. തത്പരരായ യുവതികളെ രംഗത്ത് ഇറക്കി റെയിമെയ്ഡ് ഉൽപ്പന്നങ്ങൾ, തുന്നൽ, കസേര നെയ്ത്ത്, നോട്ട്ബുക്ക് നിർമ്മാണം, അച്ചാർ കമ്പനി, കറിപൗഡർ, ബേക്കറി , മിൽക്ക് പൗഡർ യൂണിറ്റ്, പഴ സംസ്ക്കരണം, നേന്ത്രക്കായ, പുട്ട, ചിപ്സ് നിർമ്മാണം, ചെരുപ്പു നിർമ്മാണം ,കൊപ്ര സംസ്കരണം, ബ്രഷ് കമ്പനി എന്നി രംഗങ്ങളിൽ വിദഗ്ധ പരിശീലനവും പ്രോത്സാഹനവും നൽകിയാൽ ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഒരു നല്ല മുതൽക്കൂട്ടായിരിക്കും.

പഞ്ചായത്ത് അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങൾ സ്ഥാപിച്ച് നിലനിർത്തേണ്ടതും വിപുലപ്പെടുത്തേണ്ടതുമായ രംഗങ്ങൾ

1. കളിമൺ പാത്രനിർമ്മാണം.
2. കൊട്ട, വട്ടി, പനമ്പ് നെയ്ത്ത്.
3. തഴപ്പായ നിർമ്മാണം, പായ നെയ്ത്ത്.
4. പപ്പട നിർമ്മാണം,
5. തുണി നെയ്ത്ത്.
6. ഓല കുട നിർമ്മാണം,
7. അമ്മി, ആട്ടകല്ല് തുടങ്ങിയ കരിങ്കല്ല് ഉൽപ്പന്നങ്ങൾ.
8. ചൂരൽ നെയ്ത്ത്.
9. കുട നിർമ്മാണം,

ഇവ ഒറ്റയ്ക്കോ കൂട്ടായോ സഹകരണ സംഘം രൂപീകരിച്ച് ഈ രംഗത്തേക്ക് ആവശ്യമായ അസംസ്കൃതവസ്തുക്കൾ ലഭ്യമാക്കുക, മാർക്കറ്റിങ്ങിന് വേണ്ട സൗകര്യങ്ങൾ ചെയ്യുക, ബന്ധപ്പെട്ട സാങ്കേതിക നിർദ്ദേശങ്ങൾ നൽകുക, സാമ്പത്തിക സഹായം നൽകുക തുടങ്ങിയ കാര്യങ്ങൾ പ്രാവർത്തിക മാക്കാവുന്നതാണ്.

തത്പരരായ വ്യക്തികളെ സംഘടിപ്പിച്ച് പശു, ആട്, മുയൽ വളർത്തൽ, കൂൺ കൃഷി, ഇറച്ചികോഴി വളർത്തൽ, ശുദ്ധജല മൽസ്യകൃഷി, അഗ്രികൾച്ചറൽ, നഴ്സറി എന്നിവ കൂടുതൽ വിപുലമായി പരീക്ഷിക്കാവുന്നതാണ്. ഇതിനാവാശ്യമായ സഹായങ്ങൾ, സഹകരണസംഘങ്ങൾ വഴി നൽകാം.

അനങ്ങനടി പഞ്ചായത്തിന്റെ കേന്ദ്രസ്ഥാനമായ അനങ്ങൻമല ഇപ്പോൾ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ അധീനതയിൽ ആണ്. ഇപ്പോൾ ഇതുകൊണ്ട് പ്രത്യക്ഷമായ നേട്ടങ്ങൾ ഒന്നും ഇല്ല. എന്നാൽ സർക്കാർ ഇടപ്പെട്ട് പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത വിധത്തിൽ 25 ഏക്ര സ്ഥലം പാട്ടത്തിന് എടുത്തു നൽകിയാൽ ഇവിടെ ഒരു കരിങ്കൽ വ്യവസായം തുടങ്ങുന്നതിനും സാമാന്യം നല്ല ഒരു തൊഴിൽശാല രൂപപ്പെടുത്തുന്നതിനും അതുവഴി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യത വളരെ മെച്ചമായി കാണുന്നു.

റൂറൽ ആർട്ടിസാൻസ് പ്രോഗ്രാമിൽ 10,000 രൂപ മുതൽമുടക്കുള്ള വ്യവസായങ്ങൾ തുടങ്ങാവുന്നതാണ്. പരമ്പരാഗത വ്യവസായത്തിലും കുടിൽവ്യവസായത്തിലും ഏർപ്പെട്ടിട്ടുള്ളവർക്ക് ഇതു ഉപയോഗപ്പെടുത്താവുന്നതാണ്. ഹരിജൻ എന്റർപ്രിണേഴ്സ് ഡവലപ്മെന്റ് സ്കീമിൽ വ്യവ്യസായം തുടങ്ങാൻ വായ്പ കൊടുക്കുന്നുണ്ട്.

നിർദ്ദേശങ്ങൾ:–

1. പ്രധാനമന്ത്രിയുടെ പ്രത്യേക തൊഴിൽദാന പദ്ധതിയിൽ അപേക്ഷകൾ ധാരാളമുണ്ടെങ്കിലും ബാങ്കു വായ്പ നൽകുന്നതിന് പഞ്ചായത്ത് കൂടുതൽ താത്പര്യം എടുക്കണം. ആദ്യം ലോൺ എടുത്തവർ തിരിച്ചടക്കാത്തതാണ് ബാങ്കിന്റെ ഏറ്റവും വലിയ പ്രശ്നം. ഇക്കാര്യത്തിൽ വീഴ്ച വരുത്തിയവരെ കണ്ടെത്താനും, തിരിച്ചടവിന് വഴിയോരുക്കാനും മെമ്പർമാർക്ക് സാധിക്കും.

2. പഞ്ചായത്ത് പരിധിയിൽ സ്ഥലം വ്യവ്യസായ ഡിപ്പാട്ട്മെന്റിന് വിട്ടുതരുവാൻ താത്പര്യമുള്ളവരെ കണ്ടെത്തി അതുവഴി ആ സ്ഥലത്ത് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ഉണ്ടാക്കുന്നതിന് താല്പര്യമെടുക്കേണ്ടതാണ്.

3. വ്യവസായിക ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി 10 പേരിൽ കുറയാത്ത ആളുകളെ സംഘടിപ്പിച്ച് വ്യവ്യസായ സഹായസഹകരണസംഘങ്ങൾ ഉണ്ടാക്കാൻ താത്പര്യമെടുക്കണ്ടതാണ്.

4. പഞ്ചായത്തിന്റെ നേതൃത്വത്തിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിച്ചാൽ അത് ഈ രംഗത്തെ ഒരു നാന്ദിയായിരിക്കും.

പരമ്പരാഗത തൊഴിലാളികൾ അന്യ പ്രദേശങ്ങളിലേക്ക് ചേക്കേറികൊണ്ടിരിക്കുന്ന ഗാർഹികോപരണങ്ങളും കാർഷികോപരണങ്ങളും നിർമ്മിക്കുന്ന രംഗം നിലനിർത്തേണ്ടതാണ ്. ലാഭകരമായ ഈ രംഗത്ത് പഞ്ചായത്തിന്റെ സത്വര ശ്രദ്ധ പതിയേണ്ടതാണ്.
നിലവിൽ തുടങ്ങിവെച്ച സംരംഭങ്ങൾക്ക് വൈദ്യുതി ലൈസൻസ് തുടങ്ങിയവ ലഭ്യമാക്കുന്നതിന് ഉടനടി കാര്യക്ഷമമായ നടപടി ഉണ്ടാക്കേണ്ടതാണ്.

- പഞ്ചായത്തിൽ വ്യവസായങ്ങൾ തുടങ്ങാൻ താത്പര്യമുള്ളവരുടെ ഒരു ലിസ്റ്റ് പഞ്ചായത്തിൽ സൂക്ഷിക്കുക.
- പഞ്ചായത്തിൽനിന്നും സാങ്കേതിക വിദ്യാഭ്യാസം നേടിയവരും തുടർന്ന് നേടുന്നവരും പഞ്ചായത്തിൽ റജിസ്റ്റർ ചെയ്യുക.
- പഞ്ചായത്തിൽ കാർഷിക വ്യവസായിക ഉൽപ്പന്നങ്ങളും ആധുനിക രീതിയിലുള്ള ഉൽപ്പാദന രീതികളും സാങ്കേതിക വിവരങ്ങളും വെച്ച് ഒരു മേള സംഘടിപ്പിക്കുക.
- പഞ്ചായത്തിൽ വ്യവ്യസായരംഗത്തിൽ താത്പര്യമുള്ള യുവതീയുവാക്കളെ തെരഞ്ഞെടുത്ത് വ്യവസായ നടത്തിപ്പിന് വേണ്ട പരിശീലനങ്ങൾ നൽകുക.
- പഞ്ചായത്തിലെ സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവരെ സമീപിച്ച് വ്യവ്യസായങ്ങൾ തുടങ്ങാൻ പ്രോത്സാഹിപ്പിക്കുക.







ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

ഗതാഗതം

മനുഷ്യന്റെ പ്രാഥമിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും, സ്ഥലം കൈമാറ്റത്തിനും റോഡിന്റെ പ്രാധാന്യം അനിവാര്യമാണല്ലോ വികസനമെന്നത് റോഡുകളുടെയും, പാലങ്ങളുടെയും അതുപോലുള്ള നിർമ്മാണങ്ങളെന്തെങ്കിലുമാണെന്നത് ധരിച്ചുവശായ, ജനവിഭാഗമാണ് നാട്ടിലുള്ളത് ഒരു പ്രദേശത്തിന്റെ വികസനത്തിന് ഊന്നൽ നൽകുമ്പോൾ റോഡുകളുടെ അപര്യാപ്തയും, ദുരവസ്ഥയും പരിഹരിക്കേണ്ടത് ആവശ്യം തന്നെയാണ്.

പഞ്ചായത്തിന്റെ എല്ലാഭാഗങ്ങളെയും ബന്ധിപ്പിക്കുന്ന റോഡുകളില്ലായ്മ കാളവണ്ടിയുഗത്തെ അനുസ്മരിപ്പിക്കുന്നു. നിലവിലുള്ള റോഡുകളാവട്ടെ ആറ്റകുറ്റപ്പണികളുടെ കുറവ്മൂലം ഗതാഗതം ദുഷ്കരമായിട്ടുണ്ട്. പഞ്ചായത്തിന്റെ ചിലഭാഗങ്ങളിൽനിന്നും രോഗികളെ മഞ്ചലിനെ അനുസ്മരിപ്പിക്കുന്ന തരത്തിൽ ചുമന്നാണ് ഗതാഗതസൗകര്യങ്ങൾ ഉള്ളയിടത്ത് എത്തിക്കുന്നതെന്ന് ഗ്രാമസഭകളിൽ പരാതികളുണ്ട്.

പഞ്ചായത്തിൽ മുമ്പുണ്ടായിരുന്ന കുണ്ടനിടവഴികളും, നടപ്പാതകളുമാണ് കാലാന്തരത്തിൽ റോഡുകളായി പരിണമിച്ചത്. അതുകൊണ്ട് ശാസ്ത്രീയമായ സർവ്വെയുടെകുറവ് ഒരു അപര്യാപ്തതയായി ഗതാഗത പ്രശ്നങ്ങളിൽ മുഴച്ചുകാണുന്നുണ്ട്. റോഡുകളുടെയും പരുക്കൻപാതകളുടെയും നിർമ്മാണത്തിൽ പൊതുജനപങ്കാളിത്തമുണ്ടാകാറുണ്ടെങ്കിലും ചില പ്രദേശങ്ങളിൽ സ്ഥലപ്രശ്നത്തെ പറ്റി ചില വ്യക്തികളെങ്കിലും തടസ്സങ്ങളുണ്ടാകാറുള്ളത് പ്രോത്സാഹജനകമല്ല അത്തരം തടസ്സങ്ങൾ ഒരു പ്രദേശത്തിന്റെ വികസനസാദ്ധ്യത നഷ്ടപ്പെടുത്തുന്നു എന്നതുകൊണ്ട് നിരുത്സാഹപ്പെടുത്തേണ്ടതാണ്.

പഞ്ചായത്തിലാകെ 97.972 കിലോമീറ്റർ റോഡുകളുണ്ട് അതിൽ 20 കിലോമീറ്ററാണ് ടാർ ചെയ്തിട്ടുള്ളത്. 77.972 കിലോമീറ്റർ റോഡ് ഇനിയും ടാർ ചെയ്യേണ്ടതുണ്ട്. റോഡുകളുടെ ശോചനീയാവസ്ഥ കാരണം വാടകവണ്ടികൾ അമിതവാടക ഈടാക്കുന്നതായി പരാതിയുണ്ട്.

നിലവിലുള്ള റോഡുകളുടെ വീതികൂട്ടുകയും വർഷാന്തഅറ്റകുറ്റപ്പണികൾ (നവംബർ, ഡിസംബർ മാസങ്ങളിൽ) നടത്തേണ്ടതും ആവശ്യമാണ്. അഴുക്കുചാൽ ഇല്ലാത്ത കാരണം മഴവെള്ളം കുത്തിയൊലിച്ച് റോഡുകൾ തകരുന്നു. ഇത് തടയാൻ ഓവുചാൽ നിർമ്മിക്കുക.

അനങ്ങനടി പഞ്ചായത്തിൽ നിലവിലുള്ള റോഡുകളുടെ പട്ടിക:-ടാറിട്ടത്

Sl.No.	Ward No.	Name of Road
1	1	പനമണ്ണ അമ്പലവട്ടം റോഡ്
2	1	നാലാം മൈൽ ആലിൻകുന്ന്
3	1	പഴയപള്ളി വട്ടപറമ്പ് റോഡ്
4	5	പത്തംകുളം കേളനി റോഡ്
5	5	പത്തംകുളം പാവുക്കോണം റോഡ്
6	5	പത്തംകുളം ആസ്പത്രി റോഡ്
7	7	ചേറമ്പറ്റകാവ് റോഡ്.

ടാറിടാത്തത്

1	1	അനങ്ങൻ മലയുടെ അടിവാരത്തേയ്ക്ക് പനമണ്ണ പുതിയ ജുമാഅത്ത് പള്ളി ഭാഗത്തേക്കുള്ള റോഡ്.
2	1	പനമണ്ണ ജുമാഅത്ത് പള്ളി ഭാഗത്തു നിന്ന് അംഗൻവാടി ഭാഗത്തേക്ക്.
3	1	അഞ്ചാം മൈൽ ആൽക്കുന്ന് ഭാഗത്തുനിന്ന് പാടത്തേക്കുള്ള റോഡ്.
4	1	പെരുങ്കുളം കോട്ടക്കുളം റോഡ്
5	1	പഴയപള്ളി കോട്ടപ്പുറം റോഡ്
6	1	പുതിയപള്ളി നെടുങ്ങാടിക്കളം റോഡ്
7	1	പുതിയപള്ളി കോവിൽപ്പടി റോഡ്
8	2	പെരുമ്പിലാവിൽ കോളനി റോഡ്
9	2	കയറാട്ട് LPS മുതൽ ഒറപ്പാലം മുനിസിപ്പാലിറ്റി റോഡ് അതിർത്തിവരെ
10	2,3	പനമണ്ണ Ricemill മുതൽ പത്തം കുളം വരെയുള്ള റോഡ്.
11	2	മുതലിയാർ തെരുവ് മുതൽ ലക്ഷംവീട് കോളനിവരെയുള്ള റോഡ്.

12	2	പട്ടപ്പറമ്പ് – പള്ളത്തുപ്പടി കോളനി റോഡ്.
13	2	കയറാട്ട് LPS മുതൽ അമ്പലംവരെയുള്ള റോഡ്.
14	2	കോന്ത്രക്കുണ്ട് മുതൽ മുനിസിപ്പാലിറ്റി അതിർത്തി വരെയുള്ള റോഡ്.
15	2	കോലോത്തുപറമ്പ് മാനൂട്ടി വീട് മുതലുള്ള റോഡ്.
16	2	വി.കെ.പടി അമ്പലം റോഡ്.
17	2	വി.കെ.പടി മുതൽ ചന്ദ്രവില്ല് വരെയുള്ള റോഡ്.
18	2	ചീനക്കപ്പള്ളിയാൽ പാലക്കുളം റോഡ്.
19	2	കൊച്ചുണ്ണിയുടെ പീടിക മുതൽ വട്ടപ്പറമ്പ് റോഡ്
20	2	പഞ്ചായത്ത് ശ്മശാനം റോഡ്
21	3	ജനാർദ്ദനന്റെ വീടുമുതൽ പെരുമ്പിലാവിൽ കോളനി റോഡുമായി ബന്ധിപ്പിക്കുന്ന റോഡ് (കക്കാട് കുന്നു പാലയ്ക്കാപറമ്പ് റോഡ്)
22	3	വെള്ളിനാംകുന്ന് ഹരിജൻ കോളനി റോഡ്.
23	3	നളന്ദ കോളേജ് മുതൽ പട്ടർകോണം അമ്പലം വരെയുള്ള റോഡ്.
24	3	മുകുന്ദന്റെ പീടികമുതൽ കളത്തും പടിവരെ
25	3	മേപ്പടി റോഡിൽ നിന്ന് പുന്നടിപാടം വരെയുള്ള റോഡ്.
26	4	തേനാമൂച്ചിക്കുണ്ട് റോഡ്.
27	4	കനാൽ റോഡ്.
28	4	മഞ്ഞളങ്ങാടി കോളനി റോഡ്.

29	4	പാലക്കോട് ട്രാൻസ്ഫോർമർ മുതൽ ചേറമ്പറ്റ കളത്തിൽ തൊടി റോഡ്.
30	4	കരയാനാം കുന്ന് സ്കൂൾ മുതൽ കനാൽ വരെ.
31	5	കുണ്ടുപറമ്പ്യാറ - പനയൂർ റോഡ്.
32	5	ലക്ഷം വീട് കോളനി റോഡ്.
33	5	പുതുവായിൽ, കോളനി റോഡ്.
34	6	കന്നിക്കാട് പറമ്പ് റോഡ്.
35	6	ലക്ഷംവീട് കോളനി മുതലുള്ള റോഡ്.
36	6	വാട്ടാറാൽ ചേവയിൽ റോഡ്.
37	7	കരയാനാം കുന്ന് കോളനി റോഡ്.
38	7	എഴുത്തശ്ശൻ കോളനി മുതൽ പുമരം കോളനിവരെ
39	8	അഷ്ടത്തുമന കോളനി റോഡ്.
40	8	പുമരം കോളനി റോഡ്.
41	8	കാത്തിരം ഹരിജൻ കോളനി റോഡ്.
42	9	മുണ്ടനാട്ടുകര ചോണാട്ട് കോളനി റോഡ്.
43	9	ചോണാട്ട് കളം - ചോണാട്ട് കോളനി റോഡ്.
44	9	ചോണാട്ട് - പടിയത്ത് റോഡ്
45	9	മനയ്ക്കൽപടി - കോളനി റോഡ്.
46	9	മാക്കാണ്ടിപ്പാറ - കോളനി റോഡ്.
47	9	മാരിയിൽ പടി - കോളനി റോഡ്.
48	9	ഒറവും കുണ്ട് മുണ്ടനാട്ടു കര സ്കൂൾ റോഡ്.
49	9	അന്തൂർ പറമ്പ് വെള്ളാരംപാറ റോഡ്.

50	10	അത്തിക്കുണ്ട് - പനയൂർ റോഡ്
51	10	കോട്ടക്കുളം പറക്കാട്ട് കോളനി റോഡ്.
52	10	ആയൂർ വേദാശുപ്പത്രി റോഡ്.
53	10	പാവുക്കോണം - പുലിയാനാംകുന്ന് റോഡ്.

ടാറിടേണ്ട റോഡുകൾ - (PROPOSAL)

Sl No.	Ward No.	Name of the Road
1	1	പുതിയ പുതിയപള്ളി - നെടുങ്ങാടിക്കുളം റോഡ്
2	2	പെരുമ്പിലാവിൽ പടി - കോളനി റോഡ്.
3	2	
4	2,3,5	പനമണ്ണ Rice Mill മുതൽ പഞ്ചംകുളം സ്കൂൾ വരെ.
5	2	വട്ടപറമ്പ് - പള്ളത്തുപടി റോഡ്
6	2,3	വി.കെ.പടി - അമ്പലം റോഡ്
7	2,3	വി.കെ.പടി - ചന്ദ്രവില്ല റോഡ്
8	2	പഞ്ചായത്ത് ശ്മശാനം റോഡ്.
9	3	ജനാർദ്ദനൻ പടി - പെരുമ്പിലാവിൽ റോഡ്. (കക്കാട്ടുകുന്ന് - പാലക്കപറമ്പ്)
10	3	വെള്ളിനാം കുന്ന് ഹരിജൻ കോളനി റോഡ്.
11	3	മുകുന്ദന്റെ പീടിക മുതൽ കളത്തും പടി വരെ
12	3,4	നളന്ദ കോളേജ് മുതൽ പട്ടർകോണം വരെ
13	4	മഞ്ഞളാടി കോളനി റോഡ്
14	4	കരയാനാം കുന്ന് - പുലാക്കാട്ട് കുളം റോഡ്
15	4	കരയാനം കുന്ന് സ്കൂൾ മുതൽ കനാൽ വരെ
16	5	കുണ്ടുപറമ്പ് യാറം - പനയൂർ റോഡ്.

17	5	പത്തംകുളം – പാവുക്കോണം റോഡ്
18	6	കന്നിക്കാട്ട് പറമ്പ് റോഡ് കല്ലിടാംകുഴി.
19	6	വാട്ടാറാൽ – ചേവിയിൽ റോഡ്
20	7	എഴുത്തശ്ശൻ കളം കോളനി റോഡ്, പൂമരം കോളനി റോഡ്.
21	8	കാഞ്ഞിരം ഹരിജൻ കോളനി റോഡ്
22	8	അഷ്ടത്തുമന കോളനി
23	9	കോട്ടക്കുളം, മുണ്ടനാട്ടുകര – ചോണാട്ട് കോളനി – മനക്കൽ പടി പന്തലിൽ ആൾപടി റോഡ്.
24	9	തെരുക്കാട്ട് കുന്ന് റോഡ്.
25	9	പാലക്കോട്ടുകുളം ഹരിജൻ കോളനി
26	9	ആത്തൂർ പറമ്പ് – പാടിയത്ത് റോഡ്.
27	9	ആക്കത്തേയം പറമ്പ് റോഡ്.
28	10	കോട്ടക്കുളം – മാരിയിൽ പറക്കാട്ട് കോളനി
29	10	അത്തിക്കുണ്ട് – പനയൂർ റോഡ്
30	10	അത്തിക്കുണ്ട് – ആയുർവേദാശുപത്രി റോഡ്.

നടവഴികൾ വികസിപ്പിച്ച് ഗതാഗത യോഗ്യമാക്കേണ്ടവയുടെ പട്ടിക.

SL No.	വാർഡ് നമ്പ്രർ	Name of Proposals.
1	1	മമ്മുവിന്റെ പീടിക മുതൽ അനങ്ങൻമല അടിവാരത്തിലേക്ക്
2	1	മാലോത്മക്കാവ് മുതൽ പനമണ്ണ പഴയജുമാഅത്ത് പള്ളി റോഡുമായി ബന്ധിപ്പിക്കുക.
3	1	പത്തായം മെയിൻ റോഡു മുതൽ അനങ്ങൻ മലയുടെ അടിവാരത്തേക്ക്.

4	1	അഞ്ചാംമൈൽ ആലിക്കുന്ന് ഭാഗത്തുനിന്ന് പുന്നുടി ഭാഗത്തേക്ക്.
5	1	കോവിലിങ്ങിൽ ഭാഗത്തുനിന്ന് പെരുമ്പിലാവിൽ ഭാഗത്തേക്ക്.
6	1	പെരുങ്കുളം ഭാഗത്തുനിന്ന് കോട്ടപുറം കോളനി വഴി വട്ടപറമ്പ് കോളനിയുമായി ബന്ധിപ്പിക്കുന്നു റോഡ്.
7	1	പനമണ്ണ സെന്ററിൽ നിന്ന് ഏകദേശം നൂറുമീറ്റർ പടിഞ്ഞാറു ഭാഗത്തുള്ള ഇടവഴിയിൽ നടപ്പാലം നിർമ്മിക്കുക.
8	2	കയറാട്ട് എൻ.പി.സ്കൂൾ മുതൽ കോന്ത്രക്കുണ്ട് ഭാഗത്തേക്ക്
9	2	വട്ടപ്പറമ്പ് മുതൽ റേഷൻ ഷാപ്പ് വരെ
10	2	വി.കെ.പടിതെക്കോട്ട് ഒറ്റപ്പാലം മുനിസിപ്പാലിറ്റി അതിർത്തി വരെ.
11	2	കയറാട്ട്കുന്ന് ലക്ഷം വീട് കോളനി മുതൽ കോലോത്ത് പറമ്പ് വരെ
12	2	റേഷൻ ഷാപ്പ് സെന്റർ മുതൽ മീനാക്ഷി മൂപ്പത്ത്യാർ പടിവരെ
13	3	വൈലാലപ്പടി പടിക്കപ്പറമ്പ് ഇടവഴി
14	3	വായനശാല മുതൽ അമ്പലം വരെ
15	3	കുണ്ടടി ഇരുളുംകുന്ന് കോളനിവരെ
16	3	വെള്ളിനാം കുന്ന് കോളനി മുതൽ പടിയത്ത് ഹംസയുടെ പടിവരെ.
17	3	മാധവനെഴുത്തച്ഛന്റെ പടി മുതൽ അംഗൻവാടിവരെ
18	3	ഐക്യത്തിൽ നാരായണന്റെ പടിമുതൽ പാലക്കപ്പടിവരെയുള്ള ഇടവഴി
19	4	കുണ്ടടി വാട്ടർ ടാങ്ക് മുതൽ ഏലിയക്കുളം വരെയുള്ള ഇടവഴി

20	3	പട്ടർക്കോണം അമ്പലം മുതൽ ഇരുളുംകുന്ന് വഴി വെള്ളിനാം കുന്ന് കോളനിവരെ.
21	3	കാവും പുറത്ത് മനപ്പടി മുതൽ അമ്പലക്കുളം വടക്കുഭാഗത്തു കൂടി ആൽത്തറ റോഡുമായി ബന്ധിപ്പിക്കുക.
22	3	ഹസ്സന്റെ പീടിക മുതൽ കുണ്ടടി റോഡുമായി ബന്ധിപ്പിക്കുക.
23	3	കളത്തും പടിയിൽ ട്രാക്ടർ ഇറങ്ങാനുള്ള പാലവും, റാമ്പും നിർമ്മിക്കുക.
24	6	വാട്ടാറാൽ – ചേവയിൽ റോഡ്, ചളവറ പഞ്ചായത്ത് അതിർത്തിവരെ
25	6	ചേറമ്പറ്റ ചേവയിൽ മാത്രയിൽ കോളനിയിലേക്ക്.
26	4	കുംഭാരൻ കോളനി മുതൽ കടുക്കാവിൽ കോളനിവരെ
27	5	സീഡ്ഫാം കരിയാട്ടിൽ വഴി
28	5	ഒടുവുകാട് പറമ്പ് ഇടവഴി
29	5	പത്തംകുളം കോളനി റോഡ് തെരക്കാട്കുന്ന് കോളനി റോഡ്.
30	5	മൂവാങ്കര – കള്ളനാടി റോഡ്.
31	6	ലക്ഷം വീട് കോളനിയിൽ നിന്ന് വയലങ്ങാട്ട് നാണുവിന്റെ വീടിനു സമീപത്തുകൂടി കന്നിക്കാട്ട് പറമ്പിലേക്ക്.
32	6	കൊള്ളിത്തൊടി ജാനകിയുടെ സമീപം മുതൽ വാര്യത്ത് പള്ളിയാൽ വഴി പാറക്കുളം സുബ്രമഹ്മണ്യന്റെ വീടിന്റെ സമീപം വരെ
33	6	തെരുവക്കോണം കനാൽ ഇടതുവശത്തുകൂടിയുള്ള വഴി.
34	7	ഒറവും കുണ്ടിൽ – പഞ്ചായത്ത് കിണർ വരെ
35	7	കരയാനാം കുന്ന് കോളനി – പുലാക്കാട്ട് കുളം റോഡ് – ചേറമ്പറ്റക്കാവ് റോഡുമായി ബന്ധിപ്പിക്കുക

36	7	എഴുത്തച്ഛൻകുളം കോളനി പുമരം കോളനിയുമായി ബന്ധിപ്പിച്ച് പാലക്കോട് പള്ളിവരെ എത്തിക്കുക.
37	7	പുളിയങ്കോട് - താണിക്കാട്ട് പള്ളിയാലിൽ കോളനി റോഡുമായി ബന്ധിപ്പിക്കുക.
38	8	അഷ്ടത്തുമന കോളനി - വാട്ടാറാലിൽ മുടിക്കുക.
39	8	കാഞ്ഞിരം കോളനിയിൽകൂടി പാലക്കോട് പള്ളിക്ക് സമീപം വന്നുനിൽക്കുന്ന റോഡിലേക്ക് മുട്ടിക്കുക.
40	8	ഗണപതിപ്പാറയിൽ നിന്ന് വാഴകഴുകും കുളംവരെ ബന്ധിപ്പിക്കുക.
41	8	അക്കത്തേയം റോഡ് മനക്കൽ പടിവരെ.
42	8	പാലക്കാട് കളം റോഡ് മഞ്ഞളാടി കോളനി വരെ
43	8	മുരിപ്പാറ പാലക്കോട് പള്ളിവരെ
44	9	ആന്തൂർ പറമ്പ് ആക്കത്തേയം പറമ്പ് കാഞ്ഞിരം ഹരിജൻ കോളനിയുമായി ബന്ധിപ്പിക്കുക.
45	9	അഷ്ടത്തുമന ചേറമ്പറ്റക്കാവുമായി ബന്ധിപ്പിക്കുക.
46	9	അന്തിമഹാകാളൻ കാവ് തുറവൻകുന്ന വഴി പുലിയാനം കുന്ന് റോഡിലേക്ക്
47	9	മുണ്ടനാട്ടുകര - പന്തലിക്കൽ പടി ഇടവഴി
48	9	ആക്കന്തേയം - മനക്കൽ പടി റോഡ്.
49	9	തെനക്കാട്ട്കുന്ന് പത്തംകുളം ഹരിജൻ കോളനിയുമായി ബന്ധിപ്പിക്കുക.
50	9	മാക്കാണ്ടിപ്പാറ പടിയത്തുപറമ്പ് - ചോണാട്ട് കോളനിയുമായി ബന്ധിപ്പിക്കുക.
51	10	താച്ചംകുണ്ട് ആറുകാട് ഇടവഴി
52	10	മാരിയിൽക്കളം പടിമുതൽ ചിറയിൽ പാറ വരെ.
53	10	അത്തിക്കുണ്ട് യാറം പനയൂർ റോഡ്.

54	10	ഓട്ടക്കുളം കരിമ്പനത്തോട്ടം ഭാഗത്തേക്ക്
55	10	അത്തിക്കുണ്ട് ചിറയിൽ പടി കോളനി റോഡ്.
56	10	ഇരട്ടപ്പുള ചേറമ്പറ്റവഴി പറക്കാട്ട് കോളനിയുമായി ബന്ധിപ്പിക്കുക.
57	3	കോവിലിണ്ടിൽ – പെരുമ്പിലാവിൽ റോഡുമായി ബന്ധിപ്പിക്കുക.
58	9	കോട്ടക്കുളം – മാക്കാണ്ടി പാറ റോഡ്.

ഊർജ്ജം

വിറക്, മണ്ണെണ്ണ, ഗ്യസ് വിവിധ തരം ഇന്ധനങ്ങളെ സംബന്ധിച്ചുള്ള പട്ടികകൾ ചുവടെ ചേർക്കുന്നു.

വീടുകളിൽ പാചകത്തിനുപയോഗിക്കുന്നതിനുസരിച്ചുള്ളപട്ടിക.

വിറക്.	മണ്ണെണ്ണ	പാചകഗ്യാസ്	ഗോബർ ഗ്യാസ്	മൊത്തം വീടുകൾ
98%	6%	5.3 %	1 % ത്തിൽ താഴെ	3805

ഇന്ധനങ്ങളുടെ ലഭ്യത കഴിഞ്ഞ അഞ്ചുവർഷത്തെ പട്ടിക. 8

ഇനം	ലഭ്യത	വില	ഉപഭോഗം
വിറക്	50 % കുറഞ്ഞ	15% വർദ്ധിച്ചു	120% വർദ്ധിച്ചു.
മണ്ണെണ്ണ	ഉണ്ട്	80% വർദ്ധിച്ചു	10 % വർദ്ധിച്ചു.
പാചകഗ്യാസ്	കുറവ്	70 % വർദ്ധിച്ചു	50 % വർദ്ധിച്ചു.
ഗോബർ	കുറവ്		വർദ്ധനവില്ല.

നിർദ്ദേശങ്ങൾ

01.അനങ്ങനടി പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും ഗ്യാസ് കണക്ഷൻ സുലഭമായി കിട്ടുവാനുള്ള സംവിധാനം ഉണ്ടാവണം.
02.മണ്ണെണ്ണ പെർമിറ്റ് വീട്ടാവശ്യങ്ങൾക്കും ലഭ്യമാക്കണം.
03.പുകയില്ലാത്ത അടുപ്പുകൾ സബ്സിഡിസ്ക്കീമിൽ വ്യാപകമാക്കണം.
04.ഗോബർ ഗ്യാസ് അടുപ്പുകൾ വ്യാപിപ്പിക്കുവാൻ വേണ്ട നടപടികൾ ഉണ്ടാവണം.

05.സൗരോർജ്ജ അടുപ്പുകൾ പമ്പുസെറ്റുകൾ വിളക്കുകൾ എന്നിവയുടെ ഉപയോഗത്തെപറ്റി ബോധവൽക്കരണം നടത്തുകയും, സബ്സിഡി സ്കീമിൽ ലഭ്യമാക്കുകയും ചെയ്യുക.

06.വിറകിന്റെ ലഭ്യത

07.കാറ്റാടി യന്ത്രങ്ങൾ സ്ഥാപിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

08.വനവൽക്കരണം നടപ്പിലാക്കി വിറകിന്റെ ലഭ്യത കൂട്ടുക.

09.പഞ്ചായത്തിൽ ഒരു വർഷത്തിൽ ചുരുങ്ങിയത് നൂറ് പുതിയ മണ്ണെണ്ണ പെർമിറ്റുകൾ ഗാർഹികാവശ്യങ്ങൾക്ക് അനുവദിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

10.കോളനികൾക്ക് സൗജന്യമായി ഒരു വർഷത്തിൽ ചുരുങ്ങിയത് നൂറുവീടുകൾ എന്ന നിരക്കിൻ എല്ലാ വീടുകൾക്കും പുകയില്ലാത്ത അടുപ്പുകൾ അനുവദിക്കുക.

11.ഗോബർഗ്യാസ് അടുപ്പുകൾ ഒരു വർഷത്തിൽ 10 എണ്ണം എന്ന തോതിലെങ്കിലും വർദ്ധിപ്പിക്കുക.

12.സബ്സിഡി സ്കീമിൽ ഒരു വർഷത്തിൽ 250 വീടുകൾ എന്ന നിരക്കിൽ നിർദനരായവർക്ക് പുകയില്ലാത്ത അടുപ്പുകൾ ലഭ്യമാക്കുക.

13.സൗരോർജ്ജ്യ അടുപ്പുകൾ, പമ്പ്സെറ്റുകൾ, എന്നിവക്ക് സബ്സിഡിസ്കീം നിലവിലുള്ളത് ഈ പഞ്ചായത്തിലേക്കും ഉടൻ വ്യാപിപ്പിക്കുക.

14.പാഴ്വസ്തുക്കളിൽ നിന്ന് വിറക് സംസ്കരിച്ച് വ്യവസായശാല സ്ഥാപിക്കാൻ പഞ്ചായത്ത് തലത്തിൽ നടപടി എടുക്കുക.

വൈദ്യുതി.

ഊർജ്ജത്തെ പറ്റി വിലയിരുത്തുമ്പോൾ അതീവ പ്രാധാന്യം അർഹിക്കുന്ന ഒരു മേഖലയാണ് വൈദ്യുതി. സാമൂഹികവും സാംസ്കാരികവും, വ്യാവസായികവും, കാർഷികവും ആയ സമസ്ത മേഖലകളിലും മഹത്തായ സ്വാധീനം ചെല്ലുത്താൻ കഴിയുന്ന ഇതിന്റെ പ്രാധാന്യം മനസിലാക്കി ആസൂത്രണം നടത്തിയാൽ മാത്രമെ വികസനം എന്നത് സാക്ഷാത്കരിക്കാൻ സാധിക്കുകയുള്ളു.

വൈദ്യുതിയെ സംബന്ധിച്ച് ഈ പഞ്ചായത്ത് പ്രദേശത്ത് നിലവിലുള്ള അവസ്ഥയുടെ അവലോകനം ഗുണകരമായിരിക്കും. ഷൊർണ്ണൂർ 110 കെ.വി.സബ്സ്റ്റേഷനിൽ നിന്നും സുമാർ 14 കി.മി.ദൂരം 11 കെ.വി.ലൈൻ വലിച്ചാണ് ഇവിടെ വൈദ്യുതി വിതരണം K.S.E.B. നടത്തികൊണ്ടിരിക്കുന്നത്. ഈ പഞ്ചായത്തിന്റെ സുമാർ 15.K.M. 11.കെ.വി.ലൈനും 15 ട്രാൻസ്ഫോർമറുകളും 62 കി.മി. L.T. ലൈനും ഉണ്ട്.

മൊത്തം ലഭിച്ചിട്ടുള്ള കണക്ഷനുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

ഗാർഹികം	1354
വ്യാപാരം	404
വ്യവസായികം	28
കാർഷികം	90
മൊത്തം	1875

ഈ പഞ്ചായത്തിൽ മൊത്തം 3805 വീടുകളിൽ 1354 വീടുകളിൽ മാത്രമാണ് വൈദ്യുതി ലഭിച്ചിട്ടുള്ളത്. ഇതിന്റെ തോത് വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. കാർഷിക വ്യാവസായിക കണക്ഷനുകളുടെ കാര്യത്തിലും ഈ പ്രദേശം വളരെ പുറകിലാണ്. ലഭിക്കുന്ന വൈദ്യുതിയുടെ വേൾട്ടേജ് കാര്യത്തിലും പുരോഗതി ഉണ്ടായേ മതിയാകു. ലൈനുകളുടെ ദൈർഘ്യകൂടുതലുകളും ഇടതിങ്ങിയ മരങ്ങളുടെ സാമീപ്യവും കാലാവസ്ഥയിലെ പ്രശ്നങ്ങളും വോൾട്ടേജ് ക്ഷാമത്തിനും ഇടക്കിടെയുള്ള വൈദ്യുതി തടസ്സങ്ങൾക്കും കാരണമാവുന്നു.

ഈ മേഖലയിലെ കഴിഞ്ഞ അഞ്ചുവർഷത്തെ പുരോഗതി ഇപ്രകാരമാണ്.

കൊടുത്ത കണക്ഷനുകൾ

1 ഗാർഹികാവശ്യത്തിന്	495
2 കച്ചവടത്തിന്	40
3 കൃഷിയാവശ്യത്തിന്	38
4 വ്യാവസായികമായി	5
മൊത്തം	576

2.വഴിവിളക്കുകൾ	78 (സോഡിയം)
3.ട്രാൻസ് ഫോർമേഴ്സ്	2
4.11.K.V. Lines	2.8.K.M.
5.L.T.Lines	20. 725 K.M.

1960 കാലഘട്ടങ്ങളിൽ ഈ പഞ്ചായത്തിൽ വൈദ്യുതി എത്തിയ ശേഷം 1992 വരെയുള്ള 32 വർഷത്തിനിടയിൽ നൽകിയ കണക്ഷനുകളുടെ എണ്ണം 1300 മാത്രമായിരിക്കെ കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് 576 കണക്ഷനുകൾ വർദ്ധിച്ച് എന്നത് വളർച്ചാനിരക്കിലുണ്ടായിട്ടുള്ള പുരോഗതിയെ കാണിക്കുന്നു.

ഈ പഞ്ചായത്തിലെ മുഴുവൻ ആവശ്യകാർക്കും വൈദ്യുതിലഭ്യമാക്കാൻ വേണ്ട പദ്ധതികൾ ഈ പഞ്ചവത്സര പദ്ധതികാലത്ത് നടപ്പാക്കണമെന്ന് വിവിധ സഭകളുടെ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. അത്തരം ആവശ്യങ്ങളുടെ പൂർത്തികരണത്തിനായി താഴെ പറയുന്ന സ്കീമുകൾ നടപ്പിലാക്കേണ്ടതാണ്.

2) ON- GOING MAJOR SCHEMES.

ചേറമ്പറ്റക്കാവ് ലൈൻ എക്സറൻഷൻസ്.

പനമണ്ണ പഴയപള്ളി (Main Towards 4th Miles)

കോട്ടക്കുളം അഗ്രക്കൾച്ചറൽ ലൈൻ എക്സ്റ്റൻഷൻ (Sivaraman Nair & Others)

3) വൈദ്യുതി എത്താത്ത സ്ഥലങ്ങൾ

സീരിയൽ നമ്പർ	വാർഡ് നമ്പർ	സ്ഥലത്തിന്റെ പേര്.
1	1	പനമണ്ണ 40ം മൈൽ പത്തായഭാഗം
2	2	റേഷൻഷാപ്പു മുതൽ 1/2 K.M. റോഡ് (വടക്കുഭാഗം) (പനമണ്ണ മെയിൻ റോഡ് - റേഷൻ ഷോപ്പ്)
3	2	വി.കെ.പടിമൂപ്പൻ കോളനി പ്രദേശത്ത് സുമാർ 100 വീടുകൾ
4	2	ലക്ഷം വീട് കോളനി പ്രദേശം (അമ്പലവട്ടം മുതലിയാർ തെരുവ്)
5	2	ആര്യൻ തോട് മേഖല
6	2	ചന്ദ്ര ` വില്ല മുതൽ വി.കെ.പടി റോഡ് വരെ
7	3	കൊടലിക്കുണ്ട് പ്രദേശം (Near Hamsa Padiyath East)
8	3	പാലക്കൽ പ്രദേശം (ഐക്യത്തിൻ പടി പെരുമ്പിലാവിൽപടിറോഡ്)
9	3	കണ്ണത്ത് വീടിന് പരിസര പ്രദേശം
10	3	എഴുപൊതി ബാലവാടി പരിസര പ്രദേശം.
11	3	കുണ്ടടി എലിയേലക്കുളം പ്രദേശം
12	3	പുന്നത്തിക്കുണ്ട് ലക്ഷം വീട്
13	6	ചേറമ്പറ്റക്കാവിന്റെ പടിഞ്ഞാറെ ഭാഗം
14	6	ചേവ്വയിൽ തരുവക്കോണം കനാലിന് പടിഞ്ഞാറ് വശം.
15	6	പന്തലിക്കൽ പടിതരുവക്കോണം വഴി
16	8	ഗണപതിപാറ പ്രദേശം.
17	9	അത്തിക്കുണ്ട് മുതൽ പത്തംകുളം വരെയുള്ള പ്രദേശം
18	9	കാഞ്ഞിരത്തിൽ പടിമുതൽ കാളിയാട്ട് പറമ്പിൽ പ്രദേശം.
19	9	മുണ്ടനാട്ടുകര മുതൽ ഒമ്പതാം വാർഡ് അതിർത്തി

20	10	പാറോട്ടുപ്പടി വരെ പറക്കാട്ട്, നിലവറക്കാട്, ആറക്കാട് പ്രദേശങ്ങളിൽ

9 വൈദ്യുതീകരിക്കേണ്ട ഹരിജൻ കോളനികൾ

1	1	കോളനിയുടെ പേര്
2	2	കോഴിക്കുണ്ട് കോളനി
3	3	പള്ളത്തുപടി ഹരിജൻ കോളനി
4	2	അമ്പലവട്ടം കക്കാട്ടുകുന്ന് കോളനി
5	3	കളക്കാട്ടിൽ കോളനി
6	3	ആനച്ചിറക്കുണ്ട്
7	3	ചെമ്പുള്ളിത്തൊടി
8	4	കളത്തിൽതൊടി കുമുളംകാട്
9	6	കന്നിക്കാട് ഒടുവകാട് കോളനി
10	6	തരുവകോണം കോളനി
11	6	ചെമ്പനംകാട് കോളനി
12	7	പാപ്പിനി - തട്ടാംപാക്ക് കോളനി.
		കരയാനം കുന്ന് കോളനി
14	7	താന്നിക്കോട് പള്ളിയാലിൽ
15	8	ഓലഞ്ചിരി - പാണ്ടത്ത് കോളനി
16	8	കോട്ടപ്പുറം കോളനി
17	8	മുറിപ്പാറ കോളനി
18	10	ചിറയിൽപ്പടി കോളനി

19	10	ഇരട്ടപ്പുള പറക്കാട് കോളനി
20	10	അത്തിക്കുണ്ട് കോളനി
21	10	തെക്കേകാട് കോളനി
22	10	മുച്ചിക്കുണ്ട് കോളനി

വഴിവിളക്ക് വേണ്ട പ്രദേശം

സീരിയൽ നമ്പർ	വാർഡ് നംബർ	റോഡിന്റെ പേര്
1	1, 2	പനമണ്ണ – അമ്പലവട്ടം റോഡ്
2	1	പഴയപ്പള്ളി – വട്ടപ്പറമ്പ് റോഡ്
3	1	പനമണ്ണ അഞ്ചാംമൈൽ കോവിലിങ്ങൽ
4	1	ആലിൻകുന്ന് റോഡ്.
5	1	പനമണ്ണ സെന്റർ മുതൽ കുറിച്ചിക്കര ഗോപിയുടെ വീടു വരെ
6	1	പത്തായം മുതൽ ചക്യാവിൽ അലവിയുടെ പടിവരെ
7	1	പുതിയപള്ളി – നെടുങ്ങാടികളം വരെ
8	1	പുതിയപള്ളി – അനങ്ങൻ മലയുടെ അടിവരം വരെ
9	1	മലോൽമകാവിന്റെ തെക്കുവശമുള്ള ഇടവഴി
10	2	വട്ടപ്പറമ്പ് പ്രദേശം
11	3	അമ്പലവട്ടം – പത്തംകുളം പഞ്ചായത്ത് റോഡ്
12	3	മുകുന്ദന്റെ പീടിക മുതൽ കളത്തും പടി വരെ
13	3	കുണ്ടടി ഇരുളുംകുന്ന് റോഡ്
14	3	അമ്പലം മുതൽ വി.കെ.പടിവഴി പത്തംകുളം റോഡ്.
15	3	ജനാർദ്ദനൻ പടിമുതൽ പെരുമ്പിലാവിൽ പടിവരെ
16	3	ചന്ദ്ര വില്ല മുതൽ വി.കെ.പടിവരെയുള്ള റോഡ്.

17	4	കോതകുറുശ്ശി പട്ടർക്കോണം റോഡ്.
18	4	മുകുന്ദന്റെപടിവഴി പുലാക്കാട്ട് കുളം റോഡ്.
19	4	ചെമ്പമ്പറ്റക്കളത്തിൽ തൊടിവഴി കോളനിറോഡ്.
20	4	കുമ്പാരൻ പടിമുതൽ കടക്കാവിൽ പടികോളനി വരെ
21	4	തേനാം മൂച്ചിക്കുണ്ട് റോഡ്.
22	4	കരയാനംകുന്ന് ഇടക്കുറുശ്ശി റോഡ്.
23	5	പത്തംകുളം – ആൽത്തറവരെ പത്തൻകുളം – പാവുകോണം റോഡ്.
24	6	പാലക്കോട് തെരുവ് ചേറമ്പറ്റകാവ് റോഡ്. (പ്രസ്തുത പ്രദേശത്തെ കോളനികൾ സെന്ററുകൾ)
25	7	ചേറമ്പറ്റക്കാവ് റോഡ്.
26	7	എഴുത്തശ്ശൻകളം റോഡ്.
27	7	കരയാനംകുന്ന് കോളനി റോഡ്.
28	7	പുളിയങ്കോട്ട് കോളനി റോഡ്
29	7	വില്ലേജ് ഓഫീസ് മുതൽ കനാൽവരെ
30	8	വാർഡ് 8 ൽ പെട്ട എല്ലാ കോളനി പ്രദേശത്തും
31	9	മുണ്ടനാട്ടുകര സ്കൂൾ, വായനശാല കോട്ടകുളം സെന്റർ, മക്കണ്ടിപ്പാറ, ഓട്ടുപ്പാറ കോളനി, മുണ്ട നാട്ടുകര പള്ളിമുതൽ പരിസരപ്രദേശം, പന്തലിങ്ങൽ പടിമുതൽ കാഞ്ഞിരംപടിവരെ.
32	9	കാഞ്ഞിരം കോളനി റോഡ്.
33	3	കുണ്ടടി – മുണ്ടോക്കളം കോളനി റോഡ്.
34	4	കുണ്ടടിയിൽനിന്നും കുമിളിൽകാട് – കളത്തിൽ തൊടി കോളനി റോഡ്.

6. സോഡിയം വേപ്പർലാമ്പ് സ്ഥാപിക്കേണ്ട പ്രദേശം

സീരിയൽ നമ്പർ	വാർഡ് നമ്പർ	സോഡിയം പേപ്പർലാമ്പ് സ്ഥാപിക്കേണ്ട പ്രദേശം
1	1	പെരുങ്കുളത്തിനു സമീപം
2	1	ചക്യാവിൽപടി, പത്തായം, കോട്ടപ്പുറം കോളനി, അമ്പലവട്ടം റോഡിൽ സർക്കാർ കിണറിന് അടുത്ത്, സുബ്രഹ്മണ്യം കോവിലിന് അടുത്ത്, മലോൽമകാവിനടുത്ത് കാരപ്പറമ്പ് പ്രദേശം, അഞ്ചാതൈമൽ ആലിൻകുന്ന് റോഡിൽ രണ്ടെണ്ണം.
3	2	റൈസ്മിൽ ജംഗ്ഷൻ, മുതലിയാർ തെരുവ്, ഹെൽത്ത് സെന്റർ, കയറാട്ട് L.P. സ്കൂൾ സെന്റർ, പനമണ്ണ ശങ്കരനാരായണ സ്വാമി ക്ഷേത്രം. (2 എണ്ണം)
4	3	വെള്ളിനാം കുന്ന് പ്രദേശം (3 എണ്ണം) ഇരുളുംകുന്ന് കോളനി, അമ്പലവട്ടം വായനശാല, ഐക്യത്തിൽപടി ട്രാൻസ് ഫോർമർ, പെരുമ്പിലാവിൽ - പാലക്കപടി ജംഗ്ഷൻ
5	4	നളന്ദ കോളേജിന് മുൻവശം, ചേറമ്പറ്റ കളത്തിൽ തൊടി റോഡ് ജംഗ്ഷൻ, വളവിൽ തിരിവിൽ തേനാം മൂച്ചിക്കുണ്ട് ജംഗഷ്ൻ
6	5	പത്തംകുളം ആർത്തറസെൻറർ, തയ്യൻപടി മഞ്ഞളാടി കോളനി പുതുവായിൽ കോളനി അവസാനഭാഗം, രോഹിണി മഹിളം സമാജ അംഗൻവാടി.
7	6	മാരിയമ്മൻ കോവിലിന് സമീപം, കൊല്ലത്ത്പടി, വാട്ടാറൽ
8	7	ചേറമ്പറ്റകാവിന്റെ റോഡിന്റെ തുടക്കത്തിൽ, ഹരിശ്രീകയറ്റം കഴിഞ്ഞ് കനാൽപ്പാലം മെയിൻ റോഡ്, കനാൽപ്പാലം, ബസ് സ്റ്റോപ്പ്, മെയിൻ റോഡ് ക്വാറി, ഗണപതിപ്പാറ.
9	8	കാഞ്ഞിരം കോളനി, മഞ്ഞളാടി കോളനി ആന്തൂർപറമ്പ വെള്ളാരംപാറപടി, പൊതു ആരാധനാലയങ്ങളുടെ സമീപം പൂമരം കോളനി.
10	9	മുണ്ടനാട്ടുകരസ്കൂൾ ജംഗ്ഷൻ, ആന്തൂർ പറമ്പ് ജംഗ്ഷൻ കോട്ടകുളം ജംഗ്ഷൻ, കാഞ്ഞിരംഹരിജൻ കോളനി
11	10	മാക്കാണ്ടി പാറക്ക് സമീപം, യാറം റോഡ് കെ.ടി.പടിയിൽ അത്തിക്കുണ്ട് റോഡ്.

7.വോൾട്ടേജ് ക്ഷാമമുള്ള പ്രദേശം

1	1	പനമണ്ണ പുതിയപള്ളി കോവിൽപടി പ്രദേശം
2	2	പട്ടപ്പറമ്പ് പ്രദേശം
3	3	എഴുപൊതി – ഇരുപ്പുംകുന്ന് പ്രദേശം
4	5	പത്തംകുളം – ആൽത്തറപ്രദേശം

സാധ്യതകൾ വോൾട്ടേജ് ഇംപ്രൂവ്മെൻറ് സ്കിം

സീരിയൽ നമ്പർ	വാർഡ് നമ്പർ	സ്ഥലം	11KV TF	KM	Convert K.M.
1	1	പുതിയപള്ളി – കോവിൽപാടി പ്രദേശം	1	–	1
2	2	വിളക്കുമാടംതെരുവ്	1	0.7	1
3	2	ചക്കരകുഴി	1	1.5	0.5
4	2	സൗത്ത് പനമണ്ണ	1	1.5	0.5
5	2	മുരുകി അമ്പലം			1
6	1	വാപ്പാല കളം (420 തെമൽ)	–		7
7	8	കടുക്കാവിൽ	1	1.2	0.5
8	7	മെയിൻ റോഡ് കനാൽപ്പാലം	1	2	0.5
9	10	മാങ്ങാടിപ്പാറ	1	–	1
10	5	പത്തംകുളം	1	0.5	0.5

കൂട്ടുകുടുംബവ്യവസ്ഥിതിമാറി ന്യൂക്ലിയർ ഫാമിലികളുടെ. ആവിർഭാഗം ഇന്ധനത്തിന്റെ ഉപഭോഗം വർദ്ധിപ്പിക്കാനും ഇടയായി. ഇന്ധനക്ഷമത കൂട്ടിയ പുകയില്ലാത്ത അടുപ്പുകൾ വേണ്ടത്ര പ്രചരിപ്പിക്കണം, സൗരോർജ്ജം ഉപയോഗപ്പെടുത്തണം. സൗരോർജ്ജം ഉപയോഗിച്ചുള്ള അടുപ്പുകൾ, പമ്പുസെറ്റുകൾ എന്നിവ കൂടുതൽ ഉപയോഗപ്പെടുത്തണം.ജലവൈദ്യുത പദ്ധതികൾക്ക് മുൻതൂക്കം നൽകികൊണ്ട് എല്ലാത്തരത്തിലും പെട്ട വൈദ്യുതഉൽപ്പാദനനിലയങ്ങൾ സ്ഥാപിക്കാൻ വേണ്ട നടപടിക്കായി സർക്കാറിൽ സമർദ്ദം ചെലുത്തേണ്ടത് ഇന്നത്തെ കാലഘട്ടത്തിൽ വളരെ പ്രാധാന്യമർഹിക്കുന്നു.

വിപണി

നാട്ടിൻപുറങ്ങളിൽ നിലനിന്നിരുന്ന ചന്തകൾ സാധാരണക്കാർക്ക് സാധനങ്ങൾ വിൽക്കുന്നതിനും വാങ്ങുന്നതിനും സൗകര്യങ്ങൾ നൽകിയിരുന്നു. അനങ്ങനടിയിലെ ആഴ്ച്ച ചന്ത (വ്യാഴാഴ്ച) അത്തരത്തിലുള്ളതായിരുന്നു. ക്രമേണ ഇല്ലാതായി നമ്മുടെ അയൽപ്രദേശമായ വാണിയംകുളത്ത് വ്യാഴാഴ്ച ഇപ്പോൾ നടത്തിയിരുന്ന ചന്തയാണ് ഏക ആശ്രയം ഇതിന്റെ നികുതി വരുമാനം ലഭിക്കുന്നത് ആ പഞ്ചായത്തിനാണ്. അനുഭവ സമ്പത്തുള്ള കച്ചവടക്കാരുടെ മുന്നിൽ യഥാർത്ഥ വിലയറിയാതെ പാവം കർഷകർ അടിയറവ് പറയുന്നു ദയനീയ ചിത്രം നമുക്ക് കാണാം. കൃഷിക്കാർ കഷ്ടപ്പെട്ട് കൃഷി ചെയ്തെടുക്കുന്ന വാഴയ്ക്ക, പച്ചക്കറികൾ, നാളികേരം, ഇഞ്ചി. മുതലായവർക്ക് നമ്മൾ വിൽക്കുമ്പോൾ കിട്ടുന്ന വിലയുടെ ഇരട്ടിയായിരിക്കും, സ്വന്തം ആവശ്യത്തിനു വാങ്ങുമ്പോൾ ഉത്പന്നങ്ങൾ ചന്തയിലെത്തിക്കാൻ കൊടുക്കുന്ന ടാക്സി കൂലി അധികരിച്ചതും ഈ രംഗത്തെ പ്രധാന പ്രശ്നമാണ്. കൃഷിക്കളത്തിൽനിന്ന് വീട്ടിലെത്താതെ നേരെ ലോറിയിൽ കയറ്റി പോകുന്ന നമ്മുടെ പ്രധാന വിഭവമായ നെല്ലിന് ഈ ദുരവസ്ഥ എങ്ങനെ എത്തിച്ചേർന്നു. വന്നത് നാം ചിന്തിക്കേണ്ടതാണ്. കൃഷിപ്പണിക്കാവശ്യമായ പൈസ മുൻകൂട്ടി നെൽക്കച്ചവടക്കാരിൽ നിന്ന് വാങ്ങുന്ന കർഷകന് ഇതിൽപരം നിവൃത്തിയില്ല.

ഒരു മാവേലിസ്റ്റോറും 6 റേഷൻഷാപ്പുകളും ആണ് ഈ പഞ്ചായത്തിലുള്ള പൊതുവിതരണ കേന്ദ്രങ്ങൾ അരി, മണ്ണെണ്ണ, പഞ്ചസാര,ഗോതമ്പ് തുടങ്ങിയവയാണ് പ്രധാനമായും റേഷൻഷാപ്പുവഴി വിതരണം നടക്കുന്നത് കച്ചവടക്കാരുടെ കൊള്ളലാഭത്തിന് ജനങ്ങൾ വശംവദരാകുന്നു ദുസ്ഥിതിയുണ്ട് . പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുകയും പച്ചക്കറി, പഴവിൽപ്പനശാലകളും മത്സ്യമാംസമാർക്കറ്റ് ആരംഭിക്കുകയും ചെയ്താൽ ചൂഷണത്തിൽ നിന്നും ജനങ്ങൾക്ക് ഒരു പരിധിവരെ രക്ഷനേടാൻ കഴിയും.

6 റേഷൻ ഷാപ്പുകൾ വഴി 1995 – 96 ൽ അനങ്ങനടി ഗ്രാമപഞ്ചായത്തിൽ വിതരണം ചെയ്തവയുടെ പട്ടിക.

	ഇനം	അളവ്
1.	അരി (എല്ലാ ഇനവും കൂടി)	19997.64 ക്വിന്റൽ
2.	ഗോതമ്പ്	821 ക്വിന്റൽ
3	റവ	45.1 ക്വിന്റൽ
4	മൈദ	89.5 ക്വിന്റൽ
5	പഞ്ചസാര	1069.76 ക്വിന്റൽ
6	മണ്ണെണ്ണ (റേഷൻ കാർഡുവഴി) (224 മണ്ണെണ്ണപെർമിറ്റുകൾ വഴി)	143218 ലിറ്റർ 20088 ലിറ്റർ

പ്രശ്നങ്ങളും - സാധ്യതകളും

1. പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുക.
2. ഒരു വാർഡിൽ ഒരെണ്ണം എന്ന അനുപാതത്തിൽ പുതിയ റേഷൻ ഷാപ്പ് അനുവദിക്കുക.
3. നിത്യോപയോഗ സാധനങ്ങൾ റേഷൻ ഷാപ്പ് മുഖാന്തിരം വിതരണം ചെയ്യുക.
4. കർഷകന്റെ ഉത്പന്നങ്ങൾ നെല്ല്, തേങ്ങ, റബ്ബർ, കുരുമുളക്, കശുവണ്ടി, ഇഞ്ചി, മഞ്ഞൾ മുതലായവക്ക് പഞ്ചായത്ത് തലത്തിൽ മാർക്കറ്റിംഗ് സംവിധാനം ഉണ്ടാക്കുക.
5. എല്ലാ വ്യപാരസ്ഥാപനങ്ങളും വിലനിലവാരപട്ടിക പ്രദർശിപ്പിക്കുന്നത് കർശനമാക്കുക.
6. എല്ലാ വ്യാപാരസ്ഥാപനങ്ങളിലും ഗുണനിലവാരമുള്ള നിത്യോപയോഗസാധനങ്ങൾ വിൽക്കുന്നു എന്ന് ഉറപ്പുവരുത്തുക.
7. കോതകുർശ്ശി സെന്ററിൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആഴ്ചച്ചന്തകൾ ആരംഭിക്കുക.
8. പാവുക്കോണം, അമ്പലവട്ടം, പാലക്കോട് തെരുവ് എന്നിവടങ്ങളിൽ കൺസ്യൂമർ സ്റ്റോറുകൾ ആരംഭിക്കുക.
9. പഞ്ചായത്തിന്റെ നേതൃത്വത്തിൽ കോതകുർശ്ശിയിൽ മത്സ്യമാംസ മാർക്കറ്റും, ഷോപ്പിംഗ് കോംപ്ലക്സും ആരംഭിക്കുക.
10. പച്ചക്കറി വിൽപ്പനശാല ഓരോ വാർഡിന്റെ പ്രധാനകേന്ദ്രങ്ങളിലും ആരംഭിക്കുക.

5.7 പാർപ്പിടവും സാമൂഹ്യക്ഷേമവും



പാർപ്പിടം :

ഇടത്തരം ദരിദ്ര കർഷകരും കാർഷിക, നിർമാണതൊഴിലാളികളുമാണ് ഈ പഞ്ചായത്തിലുള്ളത്. ഇടത്തരം വീടുകളാണ് പഞ്ചായത്തിൽ കൂടുതൽ. ഗൾഫ് പണം പഞ്ചായത്തിന്റെ സാമ്പത്തികമേഖലയിലെ നിർണായക ഘടകമാണ്. എങ്കിലും ഇതു കോൺക്രീറ് കെട്ടിട നിർമാണരംഗത്തുമാത്രമായി ഒതുങ്ങി നിൽക്കുന്നു. പഞ്ചായത്തിൽ ആകെ 4709 കെട്ടിടങ്ങളണുള്ളത്. ഇതിൽ 3805 വീടുകളിൽ 202 എണ്ണം ടെറസ്സും 2766 എണ്ണം ഓടിട്ടതും 622 വീടുകൾ ഓലമേഞ്ഞവയുമാണ്. 215 കുടിലുകളും ഉണ്ട്.

വീടുകൾ – തരം തിരിച്ച് – പട്ടിക

1.	ടെറസ്സ്	202
2.	ഓടിട്ടവ	2766
3.	ഓലമേഞ്ഞവ	622
4.	കുടിലുകൾ	215
	ആകെ	3805

10 വാർഡുകളിലായി നിർമ്മിക്കപ്പെട്ട വീടുകൾ ഏറെക്കുറെ തുല്യതപുലർത്തുന്നുണ്ടെങ്കിലും കോൺക്രീറ് കെട്ടിടങ്ങളുടെ നിർമ്മാണച്ചിലവ് വർദ്ധിച്ചുവരുന്നു. ടാർചെയ്ത റോഡുകൾക്ക് സമീപമായിട്ടാണ് വലിയമുതൽമുടക്കുള്ള കെട്ടിടങ്ങൾ ഉയർന്നുവരുന്നത്. വയൽ നികത്തി കെട്ടിടം പണിയുന്ന അവസ്ഥ ഇവിടെ കുറവാണ്.

പട്ടിക – 2 – കെട്ടിട നിർമ്മാണവർദ്ധനവ്

കെട്ടിട നിർമ്മാണം – വർദ്ധനാടിസ്ഥാനത്തിൽ – പട്ടിക – 2

1992 – 93	4401	വർദ്ധനവ്	———
1993 – 94	4492	,,	91
1994 – 95	4550	,,	58
1995 – 96	4709	,,	159

ഭവനനിർമ്മാണരംഗത്ത് ഈ പഞ്ചായത്തിൽ മാത്രമായി പ്രവർത്തിക്കുന്ന സഹകരണസംഘങ്ങളില്ല. ഒറ്റപ്പാലം ബ്ലോക്ക് ഭവനനിർമ്മാണസഹകരണസംഘത്തിന്റെ ചെറിയതോതിലുള്ള പ്രവർത്തനം ഈ രംഗത്തുണ്ട്. 13 പേർക്ക് 4,18,000 രൂപ ഈ ബേങ്ക് ചിലവഴിച്ചിട്ടുണ്ട്. ഒറ്റപ്പാലം കാർഷിക വികസനബേങ്ക് ബേങ്ക് ഭവനനിർമ്മാണത്തിന് വായ്പ ലഭ്യമാക്കുന്നുണ്ടെങ്കിലും എണ്ണം വളരെ കറവാണ്. 24 പേർക്ക് 6,60,000 രൂപയുടെ വായ്പ അനുവദിച്ചിട്ടുണ്ട്. ബേങ്കുകളുടെ അമിതമായ പലിശയും സങ്കീർണ്ണമായ ജാമ്യവ്യവസ്ഥകളും സാധാരണക്കാരന് ഭവനനിർമ്മാണ വായ്പകൾ ദുഷ്ക്കരമാക്കുന്നു.

ഈ പഞ്ചായത്തിൽ വീടില്ലാത്തവർക്ക് സർക്കാർ ഏജൻസി മുഖേന അനുവദിക്കപ്പെടുന്ന വീടുകളുടെ എണ്ണം വളരെ കുറവാണെന്ന് കണക്കുകൾ കാണിക്കുന്നു.പട്ടിക ജാതിയിൽപ്പെട്ട കടുംബങ്ങൾക്ക് വീടുകൾ അനുവദിക്കന്നത് കുറെക്കൂടി മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും മറ്റു ദുർബലവിഭാഗങ്ങളിലെ നിർധനകുടുംബങ്ങൾക്ക് ലഘുവായ വ്യവസ്ഥയിൽ സർക്കാർ ധനസഹായം ലഭ്യമാക്കേണ്ടതാണ്.

45 ഹരിജൻ കോളനികളിലായി 499 വീടുകളും 715 കടുംബങ്ങളുംഈ പഞ്ചായത്തിൽ ഉണ്ട്. എല്ലാവീടുകൾക്കും മിനിമം സൌകര്യത്തോടുകൂടിയ പാർപ്പിടം ലഭ്യമാക്കുക എന്നതാണ് ലക്ഷ്യം. ആകെ കെട്ടിടങ്ങളിൽ 3257 എണ്ണത്തിന്ന് നികുതിചുമത്തിയിട്ടുണ്ട് . ഒന്നിൽ കൂടുതൽ നിലകളുള്ള കെട്ടിടങ്ങൾ പഞ്ചായത്തിൽ പൊതുവെ കറവാണ്. 850 ൽ പരം കുടംബങ്ങൾ വീടില്ലാത്തവരുണ്ട്. ഇതിൽ പകുതിയോളം പേർക്ക് സ്വന്തമായി സ്ഥലമുള്ളവരാണ്.

കെട്ടിട നിർമ്മാണ രംഗത്ത് അനാവശ്യമായി ചിലവുകൾ വർദ്ധിച്ചുവരുന്നതായി കാണാം. ചെലവുകൾ നിയന്ത്രിക്കാൻ ചെലവു കുറഞ്ഞനിർമ്മാണശൈലി പ്രചരിപ്പിക്കണം. നിർമ്മിതി കേന്ദ്രത്തിന്റെ സഹായം ഇക്കാര്യത്തിൽ തേടാവുന്നതാണ്.

കെട്ടിട നിർമ്മാണ സാമഗ്രികൾക്ക് വളരെ അധികം വില കയറിയിരിക്കുന്നു. സിമന്റിന്റെ വില 91 – 92 ൽ 132 രൂപ ആയിരുന്നതു 96 ൽ 180 രൂപയായി വർദ്ധിച്ചിരിക്കുന്നു. കമ്പി ഒരു കലോഗ്രാമിന് 13 രൂപ ഉണ്ടായിരുന്നത് 96 ൽ 16 രൂപ 50 പൈസ ആണ്. കരിമ്പനക്കഴുക്കോൽ കോലിന്ന് 91 – 92 ൽ 5 രൂപ ആയിരുന്നത് 96 ൽ 45 രൂപയിൽ അധികമാണ്. കോൺക്രീറിന് യൂണിറിന്ന് 91 – 92 ൽ 1500 രൂപ കൂലിയുണ്ടായിരുന്നത് ഇപ്പോൾ 3000 രൂപയായി വർദ്ധിച്ചിരിക്കുന്നു. കെട്ടിട നിർമ്മാണസാമഗ്രികൾ ഉൽപ്പാദിപ്പിക്കന്നവയിൽ കരിങ്കല്ലു സംബന്ധമായ കാറികൾ 5 എണ്ണം ഇവിടെയുണ്ട്. മെറ്റൽ നിർമ്മാണവും നടക്കുന്നുണ്ട്. എങ്കിലും ആവശ്യത്തിന്ന് കിട്ടുന്നില്ല എന്നതാണ് വസ്തുത. ജൈവവേലികൾക്കു പകരം മതിലുകൾ വർദ്ധിച്ചു വരുന്ന പ്രവണതയുണ്ട്. ജൈവ വേലികൾ നിലനിർത്താനാവശ്യമായ പ്രചാരണം നടത്തണം.

കെട്ടിടനിർമ്മാണത്തൊഴിലിൽ വൈദഗ്ദ്ധ്യമുള്ളവർ ഈ പഞ്ചായത്തിൽ സുലഭമാണ്. കർഷകത്തൊഴിലാളികൾ നിർമ്മാണത്തൊഴിലിലേക്ക് മാറുന്ന പ്രവണതയാണുള്ളത്. കൂലി നിരക്ക് പട്ടികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

തൊഴിൽ നിരക്ക്

വിഭാഗം	1981 ൽ	1991 ൽ
കർഷകർ	1063	678
കർഷകത്തൊഴിലാളികൾ	1542	2247
നിർമ്മാണത്തൊഴിലാളികൾ	ലഭ്യമല്ല	4800
കുടിൽ വ്യവസായം	55	172
തൊഴിലില്ലാത്തവർ	800	1165

കൂലി നിരക്ക്

വിഭാഗം	പുരുഷൻ	സ്ത്രി
സാധാരണത്തൊഴിലാളികൾ	80	50
വിദഗ്ദതൊഴിലാളി	125	60
കർഷകത്തൊഴിലാളി	80	45

പ്രശ്നങ്ങൾ :

* കെട്ടിടനിർമ്മാണ സാമഗ്രികളും , ഭൂമിയുടെയും വിലക്കയറ്റം.
* സാമ്പത്തിക ബുദ്ധിമുട്ട്.
* വായ്പകൾ ലഭിക്കുന്നതിനുള്ള വൈഷമ്യം
* ഓലമേഞ്ഞ പുരകൾ ഓടുമേയുന്നതിന് സാമ്പത്തിക സഹായം കിട്ടായ്മ.
* കോളനികളിൽ പശ്ചാത്തലസൗകര്യക്കുറവ്.
* ചെലവുകുറഞ്ഞ വീടുകളുടെ പ്രചാരക്കുറവ്.
* വീടുകളിലെ പ്രാഥമിക സൗകര്യക്കുറവ്.
* ഭവനനിർമ്മാണ പദ്ധതികളിലെ എണ്ണക്കുറവും സംഖ്യയുടെ അപര്യാപ്തതയും.
* ഭൂരഹിതരായ ആളുകളും , കുടംബസ്വത്തില്ലായ്മയും.
* സാമഗ്രികൾ കൊണ്ടുപോകുന്നതിനുള്ള റോഡ്, വീടുനിർമ്മിക്കുന്നതിനുള്ള വെള്ളം, വെളിച്ചം,(ഇലക്ട്രിസിറ്റി) എന്നിവയുടെ കുറവ്.

നിർദ്ദേശങ്ങൾ :

* ഓലമേഞ്ഞവീടുകളും , കുടിലുകളും ഓടുമേയുന്നതിന് സഹായം നൽകുക.
* നിർദ്ദനകുടുംബങ്ങൾക്ക് ഭൂമിയും വീടും വാങ്ങിക്കുന്നതിനും നിർമ്മിക്കുന്നതിനും സാമ്പത്തിക സഹായം നൽകുക.
* എല്ലാവീടുകൾക്കും പ്രാഥമിക സൗകര്യങ്ങൾക്ക് മുൻഗണന കൊടുത്ത് നടപ്പിലാക്കുക.
* സർക്കാർ ഏജൻസികൾ മുഖേന എല്ലാ വിഭാഗത്തിലുംപ്പെട്ട നിർദ്ദനകുടുംബങ്ങൾക്ക് കൂടതൽ എണ്ണം വീടുകൾ നിർമ്മിക്കുക.
* ഹരിജൻ കോളനികളും ലക്ഷം വീടുകോളനികളും അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തുക. പൊതു കക്കൂസുകൾ നിർമ്മിക്കുക. ഭവനനിർമ്മാണത്തിന് പഞ്ചായത്തിൽ സഹകരണസംഘം രൂപീകരിക്കുക.
* വാണിജ്യസഹകരണബാങ്കുകൾ ലഘുവായ വ്യവസ്ഥയിൽ ഭവനനിർമ്മാണവായ്പകൾ ലഭ്യമാക്കുക.
* എല്ലാവീടുകൾക്കും വൈദ്യുതിയും വെള്ളവും ലഭ്യമാക്കുക.
* റോഡുകൾ ഗതാഗതയോഗ്യമാക്കി കെട്ടിടനിർമ്മാണ സാമഗ്രികൾ എത്തിക്കുന്നതിന് സൗകര്യമുണ്ടാക്കുക.
* വിവിധ സർക്കാർ ഏജൻസികളുടെ ഭവനനിർമ്മാണ ധനസഹായത്തിന്റെ തുക 22,500 രൂപയുള്ളത് 50,000 രൂപയാക്കുക.
* കുറഞ്ഞചിലവിൽ വീടുനിർമ്മിക്കുന്നതിന് പ്രചാരണവും സാങ്കേതികസഹായവും ലഭ്യമാക്കുക.

സാമൂഹ്യക്ഷേമം

അനങ്ങനടി ഗ്രാമപഞ്ചായത്തിൽ 3805 കുടംബങ്ങളുണ്ട്. IRDP സർവ്വെപ്രകാരം ആകെ കുടംബങ്ങളിൽ ദാരിദ്ര്യരേഖക്കു താഴെയുള്ളവർ 1690 ആണ്. ആകെ കുടംബങ്ങളുടെ 45.6 % ആണിത്. ഇത് പറയുമ്പോൾ ഈ പഞ്ചായത്തിൽ ദാരിദ്ര്യകുടംബങ്ങളുടെ എണ്ണം കേരളശരാശരിയിലും മുന്നിട്ടുനിൽക്കുന്നതായി കാണാം. കൂലിപ്പണിയെടുത്ത് ജീവിക്കുന്ന ആളുകളാണ് ഇവിടുത്തെ ജനങ്ങളിൽ ഭൂരിഭാഗവും. ഇതിൽ 715 ഹരിജൻ കുടുബങ്ങളുള്ളതിൽ 326 കുടംബങ്ങൾ മാത്രമെ IRDP യിൽ ഉൾപ്പെടുന്നുള്ളു. (45.5 %). ദാരിദ്ര്യം അനുഭവിക്കുന്നവരിൽ എല്ലാവിഭാഗത്തിൽപ്പെട്ട ആളുകളും ഉണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പഞ്ചായത്ത് തലത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജനപദ്ധതികളെ ഇവിടെ വിലയിരുത്തപ്പെടുന്നു. ഒറ്റപ്പാലം വികസനബ്ലോക്കിലുള്ള ഈ പഞ്ചായത്തിൽ പനമണ്ണ സർക്കിൾ , പത്തംകുളം സർക്കിൾ എന്നീ രണ്ടു സർക്കിളുകളിൽ ആയിട്ടാണ് സാമൂഹ്യക്ഷേമരംഗത്തുള്ള പ്രവർത്തനം നടക്കുന്നത്. IRDP സഹായം 1991 മുതൽ 96 വരെ 266 പേർക്കും 96 – 97 ൽ 48 പേർക്കും അനുവദിച്ചിട്ടുണ്ട്.

സാമൂഹ്യക്ഷേമം – പദ്ധതികളും ഗുണഭോക്താക്കളും

ഗുണഭോക്താക്കളുടെ എണ്ണം		
ഇനം	1996	1996 – 97
IRDP	266	48
DWCRA	31	12
ട്രെസ്സം	26	2
വീടുകൾ	126	21
കക്കൂസുകൾ	72	2
RAP . TOOL KIT	44	2
തെങ്ങിൻതൈ വിതരണം	260	നടപ്പാക്കിയിട്ടില്ല
ദശലക്ഷം കിണർപദ്ധതി	3	6
ഫർണീച്ചർ SC /ST കുട്ടികൾക്ക്	16	നടപ്പാക്കിയിട്ടില്ല
വൈദ്യുതീകരണം (IHDP)	34	നടപ്പാക്കിയിട്ടില്ല

ട്രൈസം പദ്ധതിയിൽ 91 മുതൽ 96 വരെ 26 പേർക്ക് പരീശീലനം നൽകിയിട്ടുണ്ട്. പരീശീലനത്തിനു ശേഷം അതാതു മേഖലകളിൽ തൊഴിൽ ചെയ്യുന്നവരുണ്ട്. **DWCRA** സ്കീമിൽ പാവുക്കോണത്ത് ഒരു ആടുവളർത്തൽ യുനിററും , അനങ്ങന്നടിയിൽ ഒരു കുട നിർമ്മാണയുനിററും പ്രവർത്തിക്കുന്നുണ്ട്. പനമണ്ണയിൽ ഒരു ആടുവളർത്തൽ കേന്ദ്രം ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഇവ നിലനിർത്തുകയോ പോഷിപ്പിക്കുകയോ ചെയ്യാൻ വേണ്ട വിധം ശ്രമിക്കുന്നില്ല. പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ഫർണീച്ചർ നൽകുന്ന പദ്ധതി പ്രയോജനകരമാണ്. ഇവയുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതാണ്.

സാമൂഹ്യ ക്ഷേമപദ്ധതിപ്രകാരം 91 മുതൽ 96 വരെ 147 വീടുകളും 71 കക്കൂസുകളും നിർമ്മിച്ചിട്ടുണ്ട്. **RAP TOOL KIT** സ്കീമിൽ ഉൾപ്പെടത്തി കൈവേലത്തൊഴിലാളികൾക്ക് 91 മുതൽ 96 വരെ 44 പേർക്ക് ഈ പഞ്ചായത്തിൽനിന്നും ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

തൊഴിലില്ലായ്മാവേതനം 95 ൽ ആർക്കും ലഭിച്ചിട്ടില്ല. സാമൂഹ്യ ക്ഷേമവകുപ്പുമായി ബന്ധപ്പെട്ട ക്ഷേമപദ്ധതികളെ കുറിച്ച് വേണ്ടത്ര അറിവില്ലായ്മ, അവനവന് യോജിച്ചപദ്ധതികൾ തെരഞ്ഞെടുക്കുവാൻ കഴിയായ്ക ധനകാര്യ സ്ഥാപനങ്ങളുടെ സഹകരണമില്ലായ്മ, വിപണനസാദ്ധ്യതകളുടെ അപര്യാപ്തത മുതലായവ **IRDP** വായ്പകൾക്ക് തടസ്സമാകുന്നു. കോതകുർശ്ശി, സർവ്വീസ് സഹകരണബേങ്കും സ്റ്റേററ് ബേങ്ക് ഓഫ് ട്രാവൻകൂർ എന്നിവവഴിയാണ് വായ്പകൾ പ്രധാനമായും വിതരണം നടത്തുന്നത്. ദേശസാൽകൃത ബേങ്കുകൾ വായ്പകൾ ലഭ്യമാക്കുന്നതിൽ കാണിക്കുന്ന ഉദാസീനത ഇവിടെയും അനുഭവപ്പെടുന്നുണ്ട്. സഹകരണമേഖലക്ക് കൂടതൽ ഫണ്ട് അനുവദിച്ചുകൊണ്ട് ഗുണഭോക്താക്കളെ പരമാവധി സഹായിക്കാൻ സർക്കാർ നടപടി സ്വീകരിക്കണം.

ട്രൈസം പദ്ധതിയെക്കുറിച്ചുള്ള ധാരണക്കുറവ് തൽപര്യമുള്ളവരുടെ ട്രേഡിൽ പരിശീലനം കിട്ടുന്നില്ല എന്നതും പരിശീലനത്തിനുശേഷം സ്വയം തൊഴിലിൽ ഏർപ്പെടാനുള്ള ആത്മവിശ്വാസക്കുറവും ഇൻസ്റ്റപ്പന്റിന്റെ തുകക്കുറവും യഥാസമയം കിട്ടായ്കയും കാരണം പദ്ധതിയുടെ പ്രവർത്തനം നമ്മുടെ പഞ്ചായത്തിൽ വേണ്ടത്ര വിജയിച്ചിട്ടില്ല. വീട്, കക്കൂസ് എന്നിവ അനുവദിക്കുന്നതിന്റെ എണ്ണത്തിലുള്ള കുറവും തുകയുടെ അപര്യാപ്തതയും പോരായ്മയാണ്. കൈവേലത്തൊഴിലാളികൾക്ക് അനുവദിക്കുന്ന ഉപകരണങ്ങൾ എല്ലാവിഭാഗം കൈവേലത്തൊഴിലാളികൾക്കും കിട്ടുന്നില്ല. ദശലക്ഷം കിണർ പദ്ധതിയിൽ ഗുണഭോക്തവിഹിതം ചിലവഴിക്കുന്ന പണം പൊതുമരാമത്ത് വാലേഷൻ ആയതുകാരണം ചിലവഴിച്ച പണം മുഴുവൻ ലഭിക്കുന്നില്ല. DWCRA യൂനിററിൽ ചേരുന്നതിനും വനിതകൾക്ക് താൽപര്യമില്ല.

സാമൂഹ്യക്ഷേമ വകുപ്പുകൾ വഴിയും മററു വഴിയും വിതരണം ചെയ്തുകൊണ്ടിരിക്കുന്ന സഹായ പദ്ധതികൾ 1995 ൽ വിധവാ പെൻഷൻ 8 പേർക്കും , കർഷകത്തൊഴിലാളി പെൻഷൻ 153 പേർക്കും ലഭിക്കുന്നുണ്ട്. പെൻഷനുകൾ വില്ലേജ് ഓഫീസുകൾ മുഖാന്തിരമാണ് നടന്നവന്നിരുന്നത്. പെൻഷനുകൾ അർഹരായ മുഴുവൻ പേർക്കും ലഭിക്കുന്നില്ല. സഹായധനത്തെക്കുറിച്ച് വേണ്ടത്ര അറിവില്ലായ്മ ഉദ്യോഗസ്ഥതലത്തിലുള്ള ബോധവൽക്കരണത്തിന്റെ കുറവ് സാങ്കേതികപ്രശ്നങ്ങൾ എന്നിവ നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തതയാണ് . പെൻഷൻപദ്ധതി ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയതു നല്ല കാര്യമാണ്.

വിവിധ പെൻഷനുകൾ ധനസഹായങ്ങൾ – പട്ടിക – 6

ഇനം	91–92	92–93	93–94	94–95	95–96
വിധവാപെൻഷൻ	7	8	3	6	8
വികലാംഗ പെൻഷൻ	1	3	–	4	6
വാർദ്ധക്യകാല പെൻഷൻ	2	1	5	3	1
കർഷകത്തൊഴിലാളിപെൻഷൻ	127	127	127	153	ലഭ്യമല്ല
തിഴിലില്ലായ്മാ വേതനം	18	0	36	8	–

തൊഴിലാളി തൊഴിലുടമ സഹകരണത്തോടെയുള്ള ക്ഷേമനിധി മുഖേനയുള്ള പ്രവർത്തനം കാര്യക്ഷമമായിട്ടില്ല. പഞ്ചായത്തിൽ കെട്ടിടനിർമ്മാണത്തൊഴിലാളികൾ കർഷകത്തൊഴിലാളികൾ തുന്നൽത്തൊഴിലാളികൾ എന്നിവർ കൂടുതൽ ഉണ്ടെങ്കിലും എല്ലാ തൊഴിലാളികളും അതാത് ക്ഷേമനിധികളിൽ അംഗങ്ങളായിട്ടില്ല. വനിത വികസനകോർപ്പറേഷൻ വഴിയുള്ള ആനുകൂല്യങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല.

സാമൂഹ്യ ക്ഷേമ വകുപ്പുമായി ബന്ധപ്പെട്ടിട്ടുള്ള പദ്ധതികൾ

DWCRA ; സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിന് വേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് **DWCRA.**

ട്രൈസം : 18 മുതൽ 35 വരെയുള്ള യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം.

RAP പുരുഷൻ [illegible] തൊഴിലുകളിലേയ്ക്ക് മാറ്റി തൊഴിലുകളുടെ വൈവിധ്യവും പദ്ധതിയാണ് പുരുഷൻ.

വില്ലേജ് ഓഫീസുമായി ബന്ധപ്പെട്ടിട്ടുള്ള പെൻഷനുകൾ :

വിധവാ പെൻഷൻ :

പ്രായപൂർത്തിയായ ആൺകുട്ടികളുണ്ടെങ്കിൽ വിധവാ പെൻഷൻ ലഭിക്കുന്നില്ല. ഇതിൽ മാറ്റം വരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കണം. 8 പേർക്ക് ഈ പഞ്ചായത്തിൽ വിധവാ പെൻഷൻ ലഭിക്കുന്നുണ്ട്.

വാർദ്ധക്യ കാല പെൻഷൻ :

65 വയസ്സു കഴിഞ്ഞവരായ വീർദ്ധനരായ ആളുകൾക്കുള്ള പെൻഷൻ പദ്ധതിയാണിത്. വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആണ് കണക്കാക്കുന്നതെങ്കിലും മക്കളുടെ സഹായം ലഭിക്കാത്ത വൃദ്ധദമ്പതികൾക്കു കൂടി ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കണം.

വികലാംഗ പെൻഷൻ :

വികലാംഗത്വം തെളിയിക്കുന്ന സർട്ടിഫിക്കറുകൾ കിട്ടാനുള്ള ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ഇതിനു വേണ്ടി പലപ്പോഴും ദൂരയാത്ര നടത്തേണ്ടി വരുന്നു (പാലക്കാട്). സർട്ടിഫിക്കറു നൽകുന്നതിനുള്ള അധികാരം താലൂക്ക് ആശുപത്രിയിലെ പ്രധാന മെഡിക്കൽ ആഫീസർക്ക് നൽകണം.

കർഷകത്തൊഴിലാളി പെൻഷൻ :

അർഹരായ മുഴുവൻ പേർക്കും പെൻഷൻ ലഭ്യമാക്കുന്നതിനും , അനർഹരെ മാറാനും പഞ്ചായത്ത് ഭരണസമിതിക്ക് അധികാരം നൽകണം. ഈ പഞ്ചായത്തിൽ വളരെയധികം പേർ കർഷകത്തൊഴിലാളികളാണ്.

ക്ഷേമനിധികൾ :

കെട്ടിടനിർമ്മാണത്തൊഴിലാളികളുടെ ക്ഷേമനിധി :

പഞ്ചായത്തിൽ വളരെ അധികം പേർ പണിയെടുക്കുന്ന മേഖലയാണിത്. ഈ മേഖലയിലെ തൊഴിലാളികൾ കഠിനാദ്ധ്വാനം ചെയ്യുന്നവരായതിനാൽ 55 വയസ്സാകുമ്പോഴേക്കും ഈ തൊഴിൽ മേഖലയിൽ നിന്നും തൊഴിലാളികൾക്ക് വിട്ടുനിൽക്കേണ്ടി വരുന്ന അവസ്ഥയാണുള്ളത്. ആയതിനാൽ ക്ഷേമനിധിയിൽ എല്ലാ ആളുകളെയും ചേർക്കുകയും ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും വേണം. പെൻഷൻ പ്രായം 55 വയസ്സാക്കി മാറ്റണം.

കർഷകത്തൊഴിലാളി ക്ഷേമനിധി :

അനവധിപേർ പണിയെടുക്കുന്ന ഒരു മേഖലയാണിത്. എല്ലാ കർഷകത്തൊഴിലാളികളെയും ഇതിൽ അംഗങ്ങളാക്കണം. ആനുകൂല്യങ്ങളുടെ വ്യവസ്ഥ ലഘൂകരിക്കണം.

കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമനിധി :

തയ്യൽ, ബാർബർ, കൊല്ലന്മാർ, മരംകയറ്റക്കാർ, ബീഡിത്തൊഴിലാളികൾ, വാച്ച്, സൈക്കിൾ റിപ്പയർമാർ, ഫോട്ടോഗ്രാഫർമാർ എന്നിവർക്ക് ക്ഷേമനിധിയുണ്ടെങ്കിലും ഈ മേഖലയിലുള്ള തൊഴിലാളികൾ പൂർണ്ണമായും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല.

കക്കൂസുകളില്ലാത്ത വീടുകളാണ് പഞ്ചായത്തിൽ പകുതിയിലധികവും. കക്കൂസ് ഉള്ളവ 2125 ആണ്. സാമ്പത്തിക ശേഷി ഇല്ലായ്മയാണ് കക്കൂസുകൾ നിർമ്മിക്കാതിരിക്കാൻ കാരണം. സെപ്റ്റിക് ടാങ്കറുകൾ ഉള്ള 32 വീടകളും , സാധാരണ കക്കൂസുകൾ ഉള്ള 1767 കുടുംബങ്ങളും ESP കക്കൂസുകളുള്ള 326 കടുംബങ്ങളും ഈ പഞ്ചായത്തിലുണ്ട്.

അനങ്ങന്നടി ഗ്രാമപഞ്ചായത്തിൽ 3 മഹിളാസമാജങ്ങളും, 18 അംഗൻവാടികളും പ്രവർത്തിക്കുന്നുണ്ട്. 1000 ജനങ്ങൾക്ക് ഒരു അംഗൻവാടി എന്നതാണ് ICDS ന്റെ ലക്ഷ്യമെങ്കിലും ഈ പഞ്ചായത്തിൽ ഇനിയും അംഗൻവാടികൾ ആവശ്യമാണ്. പുത്തൻ വിദ്യാഭ്യാസ സംസ്കാരത്തിന്റെ കടന്നുകയറ്റം പഞ്ചായത്തിൽ ദൃശ്യമാണ്. അംഗൻവാടികളിൽ പ്രാഥമിക സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതാണ്. കുട്ടികൾക്കുള്ള കളിപ്പാട്ടങ്ങൾ എല്ലാ അംഗൻവാടികളിലും വേണ്ടത്ര ഇല്ല. വളരെയധികം ഭാരിച്ച പണികളുള്ള അംഗൻവാടി വർക്കർമാർക്കും ഹെൽപ്പൽമാർക്കും വേതനം വർദ്ധിപ്പിക്കേണ്ടതാണ്. 18 അംഗൻവാടികളിൽ 16 എണ്ണം സ്വന്തമായ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പ്രതിദിനം ശരാശരി 613 കുട്ടികൾക്കും 165 അമ്മമാർക്കും അനുപൂരകപോഷകാഹാരവിതരണവും 323 പ്രീ സ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണവിതരണവും പ്രീസ്കൂൾ വിദ്യാഭ്യാസവും നൽകിവരുന്നു.

പ്രശ്നങ്ങൾ

IRDP പദ്ധതികളെകുറിച്ചുള്ള അറിവില്ലായ്മ പദ്ധതിയിൽ ദുരുപയോഗം നടക്കുന്നു. ആനുകൂല്യങ്ങൾ യഥാസമയം കിട്ടുന്നില്ല. തിരിച്ചടവ് വേണ്ടത്ര നടക്കുന്നില്ല. വേണ്ടത്ര ഫലപ്രാപ്തി ലഭിക്കുന്നില്ല.

മതിയായ വേതനം ഗുണഭോക്താക്കൾ കാണുന്നില്ല. താല്പര്യമുള്ളവരുടെ പ്രേരിത പരിശീലനം കിട്ടുന്നില്ല. സ്റ്റൈപ്പന്റ് കുറവാണ്. യഥാസമയം കിട്ടുന്നില്ല.

വീട്, കക്കൂസ് എന്നിവ ഓരോവർഷവും അനുവദിക്കുന്നതിന്റെ എണ്ണം കുറവാണ. തുക അപര്യാപ്തമാണ്.

പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ഫർണീച്ചർ അനുവദിക്കുന്ന എണ്ണം വളരെകുറവാണ്.

ഭവനനിർമ്മാണ പദ്ധതിയിൽ വീട് ഓടുമേഞ്ഞാൽ പിന്നീട് പണി മന്ദഗതിയിലാവുകയാണ്.

D.W.C.R.A. വനിതകൾ താല്പര്യം കാണിക്കുന്നില്ല. ഉല്പന്നങ്ങൾക്ക് വിപണന സൗകര്യക്കുറവ്.

അർഹരായവർക്ക് മുഴുവൻ പെൻഷനും ധനസഹായം ലഭിക്കുന്നില്ല. യഥാസമയം കിട്ടുന്നില്ല.

നിർധനകടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായതുക കാലോചിതമായി വർദ്ധിപ്പിച്ചിട്ടില്ല.

അർഹരായവർക്ക് പെൻഷനും, ധനസഹായവും കൊടുക്കുന്നതിന് പഞ്ചായത്തിൽഫണ്ട് ലഭ്യമല്ല.

അംഗനവാടികളിൽ പ്രാഥമിക സൗകര്യങ്ങളുടെ കുറവുണ്ട്.

മന്ദബുദ്ധിയുള്ള കുട്ടികളേയും, വികലാംഗരായകുട്ടികളേയും സംരക്ഷിക്കുന്നതിനുള്ള സംവിധാനമില്ല.

കക്കൂസ് ഉപയോഗപ്രദമായ കക്കൂസ് നിർമ്മിക്കാൻ സാമ്പത്തിക ശേഷിയില്ല.

ആവശ്യമായ എല്ലാസ്ഥലങ്ങളിലും അംഗനവാടികൾ ഇല്ല.

വിധവാ പെൻഷനിലുള്ള അർഹരായ സ്ത്രീകൾ പോലും അംഗങ്ങളാവുന്നില്ല.

നിർദ്ദേശങ്ങൾ:-

IRDP ലിസ്റ്റ് പ്രതിവർഷം പുതുക്കുക.

IRDP ലിസ്റ്റ് പരിഗണിച്ച് അർഹരായവരിൽ അനുകൂല്യം ലഭിക്കാത്തവർക്ക് അവ ലഭിക്കുന്നതിനുള്ള പരിപാടി ആവിഷ്ക്കരിക്കുക. ലഭിച്ചിട്ടുള്ള വർക്ക് വേണമെങ്കിൽ വീണ്ടും നൽക്കുക.

ട്രൈസം പദ്ധതിയിൽ ആവശ്യമായ ട്രേഡിൽ പരീശീലനം നൽക്കുകയും, പരീശീലനം കഴിഞ്ഞവർക്ക് തൊഴിൽ സാധ്യത ഉണ്ടാക്കാനുള്ള പരിപാടികൾ ആവിഷ്കരിക്കുക.

ഭവനനിർമ്മാണം, കക്കൂസ് എന്നിവക്കുള്ള തുകവർദ്ധിപ്പിക്കുകയും അനുവദിക്കുന്ന എണ്ണം കൂട്ടുകയും ചെയ്യുക.
ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കാനും, വിറ്റഴിക്കാനും സൊസൈറ്റികൾ രൂപീകരിക്കുക.

ധനസഹായ പദ്ധതികൾക്ക് അർഹരായവരെ കണ്ടെത്തുന്നതിനും ആനുകൂല്യം ലഭ്യമാക്കുന്നതിനും ജനകീയസംവിധാനം ഉണ്ടാക്കുക.

അർഹരായവർക്കെല്ലാം പെൻഷനും ധനസഹായവും ലഭ്യമാക്കുകയും തുക കാലോചിതമായി വർദ്ധിപ്പിക്കുകയും അനുവദിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുകയും ചെയ്യുക.

നിർദ്ദന കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് വിവാഹത്തിനുള്ള ധനസാഹയം ലഭ്യമാക്കുക.

വിവിധസഹായ പദ്ധതികളെക്കുറിച്ചും, പെൻഷനുകളെക്കുറിച്ചും ക്ഷേമനിധികളെക്കുറിച്ചും ബോധവൽക്കരണം നടത്തുക.

നിർദ്ദന കുടുംബങ്ങൾ തിങ്ങിതാമസിക്കുന്ന പ്രദേശങ്ങൾ കോളനികളായി അംഗീകരിച്ച് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക.

ഹരിജൻ കോളനികളിലും, ലക്ഷം വീട് കോളനികളിലും, പൊതുകക്കൂസ് നിർമിക്കുക.
കോതക്കുറുശ്ശിയിൽ കക്കൂസും, മൂത്രപുരയും നിർമ്മിക്കുക.

അറവുശാലകൾ, ജനത്തിരക്ക് ഇല്ലാത്തിടത്ത് സ്ഥാപിക്കുക.

പൊതുകുളങ്ങളിൽ കന്നുകാലികളെ കഴുകുന്നത് തടയുകയും, സ്ത്രീ പുരുഷൻന്മാർക്ക് പ്രത്യേക കടവുകളും നിർമ്മിക്കുക.

അംഗനവാടി ജീവനക്കാരുടെ സേവനവേതന വ്യവസ്ഥ ഉയർത്തുക.

അംഗനവാടികളിൽ കക്കൂസ് കുടിവെള്ളം തുടങ്ങിയ പ്രാഥമിക സൗകര്യങ്ങളും, അംഗനവാടികെട്ടിടങ്ങൾ യഥാസമയം റിപ്പയർ നടത്തുകയും ചെയ്യുക. കളിപ്പാട്ടങ്ങൾ ലഭ്യമാക്കുകയും പോഷകാഹാരത്തിന് നൽകുന്ന സംഖ്യ വർദ്ധിപ്പിക്കുക.

മന്ദബുദ്ധികളായ കുട്ടികളേയും, വികലാംഗരായകുട്ടികളേയും സംരക്ഷിക്കുന്നതിന് ഷെൽട്ടർ നിർമ്മിക്കുക.

തുടർ വിദ്യാഭ്യാസ നടപടികൾ സ്വീകരിക്കുക.

ശുചിത്വപരിപാലനത്തിന് അംഗനവാടികളിൽ പാഴ്വസ്തുക്കളും മലിനവസ്തുക്കളും മാറ്റുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.



5.8 സംസ്കാരം

വളളുവനാടൻ ചരിത്രം ഉറങ്ങികിടക്കുന്ന നമ്മുടെ പഞ്ചായത്തിന്റെ പേരു പോലും പൗരാണിക സാംസ്കാരവുമായി ബന്ധപ്പെട്ടതാണ് തലമുറകൾക്ക് മുമ്പ് ചരിത്ര ഗവേഷകരുടെയും വിശ്വാസികളുടെയും മാർഗ്ഗദർശിയായ രാമായണത്തിൽപോലും ഒരു കഥാപാത്രമായി മാറിയ മലയാണ് അനങ്ങൻമല. രാമരാവണ യുദ്ധത്തിൽ ബോധരഹിതരായി നിലം പതിച്ച രാമ സഹോദരൻമാരെ പുനർജീവിപ്പിക്കാനായി ഋഷഭപർവതവുമായി പോകുന്ന ഹനുമാനെ അസുരഗണത്തിൽപ്പെട്ടഅനങ്ങൻ മല തടുത്തു എന്നും " അനങ്ങല്ലടി " എന്ന് പറഞ്ഞ് ഹനുമാന്റെ ഒരടിയുമേറ്റിട്ടുണ്ട് മലയക്ക് എന്ന് ഐതിഹ്യം ഉദ്ഘോഷിക്കുന്നു.അങ്ങനെ യാണ് ഈ സ്ഥലത്തിന് 'അനങ്ങനടി' എന്ന പേർ ഉണ്ടായതെന്നുമാണ് സങ്കല്പം.

തീണ്ടികൂടായ്മയും, തൊട്ടുകൂടായ്മയും, കൊടിക്കുത്തിവാണിരുന്ന കാലത്ത് പിന്നോക്കസമുദായക്കാർക്ക് പുലക്കാട്ടു കുളത്തിൽ കുളിക്കാൻഅവകാശമുണ്ടായിരുന്നില്ല. രാഷ്ട്രപിതാവായിരുന്ന മഹാത്മാഗാന്ധി യുടെ നേതൃത്വത്തിൽ അതിന്നുവേണ്ടി നടത്തിയ സമരങ്ങളുടെ ചരിത്ര സ്മരണകൾ കാണാം.

ക്ഷേത്രപ്രവേശനവുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ സമരങ്ങൾ ഉണ്ടായിട്ടുണ്ട്. കയറാട്ട് കുട്ടപ്പൻ നായരുടെയും ഐക്യത്തിൽ ഗോവിന്ദന്റെയും നേതൃത്വത്തിൽ നടന്ന പനമണ്ണ ശ്രീ ശങ്കരനാരായണ സ്വാമിക്ഷേത്ര പ്രവേശന മാർച്ചും സമരവും പഴയ തലമുറക്കാർക്ക് ഇന്നും ആവേശം നൽകുന്നു.

കാർഷികമേഖലയിലെ ജലസേചനസൗകര്യങ്ങൾക്കുവേണ്ടി ജൻമിത്വത്തിനേതിരെ കുടിയാൻമാർ സംഘടിച്ചതും, ഒറവൻകുണ്ടിൽ ചാമിഎഴുത്തശ്ശന്റെ നേതൃത്വത്തിൽനടന്ന പുലക്കാട്ടുകുളം വെട്ടിതുറന്നതും, അതിന്റെ പേരിലുണ്ടായിരുന്ന പ്രമാദമായ നിയമ പ്രശനങ്ങളും പുതിയ തലമുറകൾക്കുപോലും ആവേശം നല്ക്കുന്നതാണ്. ഇതിന്റെ ഫലമായാണ് പുലാക്കോട്ടുകുളം പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കപ്പെട്ടത്.

പുരാതന കലാപാരമ്പര്യത്തിൽ വിളഞ്ഞ ഒട്ടനവധി കലാരൂപങ്ങൾ തലമുറകളായി പകർന്നുകിട്ടിയ പഞ്ചായത്തിൽ പ്രാചീനകലകളും, നാടൻ കലകളും, വാദ്യകലകളും, സമ്മി(ശമായി സമ്മേളിച്ചിട്ടുണ്ട്. പ്രാചീനകലാരൂപങ്ങളായ പൊറാട്ടുകളി, പരിചമുട്ടുകളി, ദഫ്മുട്ടുകളി, കോൽകളി, തിരുവാതിരക്കളി, തിറ, പുതൻ, ചവിട്ടുകളി, വെളളാട്ട്, തുടങ്ങിയ കലകളും ഇന്നും പഞ്ചായത്തിൽ നിലവിലുണ്ട്. വിദ്യകലകളിൽ പുത്തൻ പരീക്ഷണങ്ങൾ നടത്തിയ പ്രഗൽഭരായ വ്യക്തികളുടെ ജന്മംകൊണ്ട് സംപുഷ്ടമാണ് ഈ പഞ്ചായത്ത്. ചെണ്ടയിൽ കോപ്പാട്ട് അപ്പുപൊതുവാൾ, മദ്ദളത്തിൽ ചാത്തുനായർ, തായമ്പകയിൽ സി. ടി. കൃഷ്ണൻ കലാരംഗത്ത് നൂതന സമ്പ്രദായം പ്രദാനം ചെയ്തിട്ടുണ്ട്. പരിചമുട്ടുകളിയിൽ ദൂരദർശനിലും, ആകാശവാണിയിലും പരിപാടികൾ സംഘടിപ്പിക്കുകയും, ഈ കലയെ പരിപാലിച്ചു പോരുന്നതും ആയ് പനമണ്ണയിലെ "മുത്തു" എൺപ്രശസ്തനാണ്.

കാർഷിക മേഖലയുമായി ബന്ധപ്പെട്ട കാളപൂട്ടുമത്സരവും നിരത്ത്ഉത്സവവും പഞ്ചായത്തിൽ നിലവിലുണ്ടായിരുന്നു. ദേശീയ പ്രസ്ഥാനത്തോടോപ്പം തന്നെ പഞ്ചായത്തിൽ അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളും വളർന്നുവരികയുണ്ടായി. ജന്മിത്വത്തിനെതിരെ പാട്ടപറ തല്ലിയുടച്ച കർഷകപ്രസ്ഥാനങ്ങളുടെ പങ്കാളിത്തം വളരെയേറെ ശ്രദ്ധേയമാണ്. അതുപോലെ തന്നെസാഹിത്യരംഗത്തും അഭിമാന പൂർവമായ നേട്ടം കൈവരിക്കാൻ

കഴിഞ്ഞിട്ടുണ്ട്. രാഷ്ട്രപതിയുടെ കയ്യിൽനിന്നും പുരസ്കാരം ഏറ്റുവാങ്ങിയ രാമൻ നമ്പിയത്ത്, അതുപോലെ തന്നെ നിയമ രംഗത്ത് പ്രശസ്തനായ വി. പി. മേനോൻ തുടങ്ങിയവർ ഈ പഞ്ചായത്തിന്റെ അഭിമാനങ്ങളാണ്.

ജാതി മതസംഘടന :

പഞ്ചായത്തിൽ ഹിന്ദുക്കളും മുസ്ലീങ്ങളുമാണ് കൂടുതൽ. കൃസ്ത്യാനികളും ഇല്ലാതില്ല. പ്രധാനമായും 3 മതങ്ങളാണുള്ളത്. അവയുടെ ജാതികളും ഉപജാതികളുമുണ്ട്. എല്ലാവരും ഒന്നിച്ച് പരസ്പരം സഹകരിച്ച് കഴിയുന്നു.

ഉത്സവങ്ങൾ, ആഘോഷങ്ങൾ, പെരുന്നാൾ :

പ്രാദേശിക ഉത്സവങ്ങളിൽ ചേറമ്പറകാവ് പൂരമാണ് ഏറ്റവും ശ്രദ്ധേയം. പൂരം നടത്തുന്നത് കമ്മിറ്റിയാണ്. ജനപങ്കാളിത്തം കൊണ്ടും കമ്മിറ്റിക്കാരുടെ വാശിയേറിയ വെടിക്കെട്ടും കേരളത്തിലെ തലയെടുപ്പുള്ള ഗജവീരൻ മാരുടെ എഴുന്നെള്ളിപ്പു കൊണ്ടും കുംഭം കളി മറ്റു നാടൻ കലകളായ പൂതൻ കളി, തിറ, തേര് കാളവേല പഴയ സവർണ മേധാവിത്വത്തിന്റെ പ്രതീകമായ കരിവേല എന്നിവകൊണ്ട് വളരെ യേറെ ശ്രദ്ധേയമാണ് മാത്രമല്ല പുരങ്ങളുടെ പട്ടികയിൽ (ശ്രദ്ധിക്കപ്പെട്ടതുമാണ്. പറമ്പുള്ളതേരേതര മഹോത്സവമാണ് പൂരം കമ്മിറ്റിയാണ് ഇവിടെയും പൂരം നടത്തുന്നത്. പഞ്ചായത്തിൽ എടുത്തുപറയുന്ന പുരങ്ങളാണിവ. ഇവ കൂടാതെ ചെറിയ പുരങ്ങളായ പത്തംകുളത്തിൽ ഭഗവതിയുടെ പൂരം ഹരിജനങ്ങളാണ് നടത്തുന്നത്. മറ്റുജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി കോരങ്കണ്ടത്ത് ഭഗവതീക്ഷേത്രത്തിലെ പൂരവും വളരെ ശ്രദ്ധേയമാണ്. ഭഗവതീക്ഷേത്രങ്ങൾക്കു പുറമേ വളരെ യേറെ പ്രശസ്തിനേടിയ ശ്രീ ശങ്കരനാരായണ സ്വാമി ക്ഷേത്രത്തിൽ 10 ദിവസം നീണ്ടുനിൽക്കുന്ന ആറാട്ട്മഹോത്സവം ഈ ക്ഷത്രത്തിന്റെ മാത്രം പ്രത്യേകതയാണ്. ശിവരാത്രി മുതലാണ് ഉത്സവം തുടങ്ങുന്നത്. അതുപോലെ തന്നെ വളരെ പ്രശസ്തിയുള്ളതാണ് ശ്രീ ചാരുതൻ സേവാമഠം. അയൽ സംസ്ഥാനത്തുനിന്നുപോലും ഭക്തർ ദിവസം തോറും വന്നുപോകുന്നു. മണപുള്ളിക്കോട്ട ശ്രീ ക്രൃഷ്ണ ക്ഷേത്രം,കടുകാവ, പട്ടർകോണം ശിവക്ഷേത്രം എന്നീ ക്ഷേത്രത്തിലെ ശിവരാത്രി മഹോത്സവം വളരെ ഗംപാരമായ പരിപാടിയാണ് ആഘോഷിക്കാറുന്ന്. ഇവക്കുപാറമേ ദേശിയോത്സവങ്ങളായ ശ്രീകൃഷ്ണ ജയന്തി തെപുയ മഹോത്സവം ഓണം തിരുവാത്തിര വിഷു തുടങ്ങിയ ആഘോക്ഷങ്ങൾ ഇവിടെ ആഘോഷിച്ചുവരുന്നു.

തേർച്ചകളിൽ പ്രധാനപ്പെട്ടതിലൊന്ന് തേർച്ച പറമ്പുള്ളി തേർച്ച അതുപോലെ തന്നെ തേർച്ച കുന്നുപ്പറമ്പാൽ നേർച്ച മന്നി പളളി നേർച്ചകളും ഇവിടെ വളരെ ഭയ ഭക്തിയോടെ കൊണ്ടാടുന്നു. ഇവ കൂടാതെ മുസ്ലീങ്ങളുടെ ഇതിഹാസമായ മതിലിടം, ചെറിയ കൊടുമുടി ചെറിയ കൊടുമുടി എന്നിവയും ആഘോക്ഷിക്കുന്നു.

കൃസ്തുമസ് ജാതിചിന്തകൾ മറന്ന് എല്ലാത്തലത്തിലുള്ളവരും ഒരുപോലെ ആഘോഷിക്കാന്നു.

ആചാരങ്ങളും അനുഷ്ഠാനങ്ങളും :

എല്ലാമതങ്ങളും അവരുടേതായ ആഘോരനാചിരാനങ്ങളുണ്ട്. ഹിന്ദുക്കൾ കർക്കിടക മാസത്തിൽ ഒരു മാസം രാമുയണ പാരായണവും വ്രത ശുദ്ധിയും നടത്തുന്നു. തിരുവാതിര സിത്രീകൾ വളരെ ഭക്തിയോടെ ആഘോക്ഷിക്കുന്നു. മരിച്ച്പോയവർക്ക് വേണ്ടിയുള്ള വാവഒരിക്കലും ബലിയിടലും ഹിന്ദുക്കളുടെ മാത്രം പ്രത്യേകതയാണ്. വിവാഹ ത്തിലും അതാചാരങ്ങളോടെ നടത്തിപോരുന്നു. ആദ്യകാലങ്ങളിൽ വീടുകളിൽ മാത്രം ഒതുങ്ങിനിന്നത് ഇന്ന് അമ്പലങ്ങളിലും കല്യാണമണ്ഡപങ്ങളിലും ഇപ്പോൾ പഞ്ചായത്തിലും വച്ച് നടത്തുന്നുണ്ട്.

മുസ്ലിങ്ങൾ വലിയ പെരുന്നാൾ വലിയ ഭക്തിയോടും ചിട്ടയോടും കൂടി ഒരു മാസത്തെ വ്രതാനുഷ്ഠാനങ്ങളോടെ ആചരിക്കുന്നു. 5 നേരത്തെ നിസ്ക്കാരവും വെളളിയാഴ്ചത്തെ ജുംആ നമസ്ക്കാരം വളരെ വിശേഷപ്പെട്ടതാണ്.

ക്രൈസ്തവാനികൾ ശനി ഞായർ ദിവസങ്ങളിൽ പളളികളിൽപോയി പ്രാർത്ഥന നടത്താറുണ്ട്.

കലാകായിക സംസ്കാരിക സ്ഥാപനങ്ങൾ :

കലാകായിക സഘടനാ പ്രവർത്തന രംഗത്ത് എടുത്തുപറയത്തക്ക (പവർത്തനം കാഴ്ചവക്കുന്ന " നവോദയം കലാസമിതി " ഏറെ പ്രശംസകളർഹിക്കുന്നു. അമേച്വർ രംഗത്ത് സ്വന്തമായി ഒരു പ്രൊഫഷണൽ ട്രൂപ്പുണ്ടാക്കാൻ കഴിഞ്ഞത് വലിയ നേട്ടമാണ്. സാമൂഹ്യപ്രവർത്തനങ്ങളിലും കലാസമിതിക്ക് പ്രവർത്തനം കാഴ്ച്ചവെക്കാൻ കഴിഞ്ഞിട്ടുണ്ട്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ നിന്നും സഹായം കിട്ടുന്ന പഞ്ചായത്തിലെഏകകലാ സമിതിയും ഇതാണ്. അമ്പലവട്ടം യുവജന കലാവേദിയും തരുവക്കോണം സംഘ ചേതനയും പാലക്കോട് കദീജ ടെക്സ്റ്റൈൽ മിൽ റിക്രിയേഷൻ ക്ലബും നിലവിലുണ്ട്. പഴക്കം കൊണ്ട് ഒന്നാം സ്ഥാനത്തുനിൽക്കുത് അമ്പലവട്ടം ടാഗോർ യുവജന കലാവേദിയാണ്. 1957 ൽ പ്രവർത്തനം ആരംഭിച്ച് പാലാക്കോടും അമ്പലവട്ടത്തും പനമണ്ണയിലും പഞ്ചായത്ത്കെട്ടിടത്തിന്റെ മുണ്ടനാട്ടുകരയിലും ഓരോ വായനശാലകൾ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിൽ 6 വായനശാലകളുണ്ട്. ഗ്രന്ഥാലയങ്ങൾ സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിട്ടുകൊണ്ടിരിക്കുകയാണ് . പൊതുജന ഗ്രന്ഥശാലകളിൽ ടി. വി. റേഡിയോ ഉളളവ 2 എണ്ണമാണ്. ഒരു പൊതു ടി. വി. ഒരു വ്യക്തിയുടെ വീട്ടിലാണ് സ്ഥിതിചെയ്യുന്നത്.

വായനശാലകൾ:

പഞ്ചായത്ത് സാംസ്കാരിക നിലയം.
[illegible] വായനശാല.
പൊതുജന വായനശാല, അമ്പലവട്ടം
പൊതുജന വായനശാല. പാവുക്കോണം.
[illegible] പൊതുജന വായനശാല, മുണ്ടനാട്ടുകര.
പൊതുജനവായനശാല കോതകുർശ്ശി.

കലാകായിക സംഘടനകൾ :

അമ്പലവട്ടം യുവജന കലാവേദി. പനമണ്ണ.
[illegible] ആർട്സ് & സ്പോർട്സ് ക്ലബ്.
സംഘ ചേതന, തരുവക്കോണം
യൂത്ത് ഫ്രണ്ട്സ് പാലക്കോട്
നവോദയം കലാസമിതി.
കദിജ മിൽ റിക്രിയേഷൻ ക്ലബ്.
കലാബിന്ദു. പത്തംകുളം.
കിംഗ് സ്റ്റാർ, കോതകുറുശ്ശി..

പഞ്ചായത്തിൽ ആകെ 2 സംസ്ക്കാരിക നിലയങ്ങളാണുള്ളത് .

കായികസംഘടനകൾ 8 എണ്ണമുണ്ട്. ഇവയിൽ പ്രവർത്തന രംഗത്ത് കോതകുറുശി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ലിറ്റിൽ ഫ്ളവർ Arts & Sports Clubആണ് മുൻപന്തിയിൽ.മറ്റുള്ളവ സാമ്പത്തിക തകർച്ച നേരിട്ട് വളർച്ചമുരടിച്ചവയാണ്. മഹിളാസമാജങ്ങൾ ആകെ ഒന്നേയുള്ളു. അതിന്റെ പ്രവർത്തനം മന്ദഗതിയിലാണ്.

പത്ര മാസികകളുടെ പ്രചാരണ പ്രവണതകൾ.

പഞ്ചായത്തിൽ പ്രചരണ രംഗത്ത് മാതൃഭൂമിക്ക് 360 എണ്ണം , മനോരമ 300 എണ്ണം, ദേശാഭിമാനി 90, ചന്ദ്രിക – 55, ഇന്ത്യൻ എക്സ് പ്രസ് – 9, ഹിന്ദു – 25, മാധ്യമം – 50 എന്നിങ്ങനെയാണ്. സർക്കുലേഷൻ. .വാരികകൾ മനോരമ – 300, മാതൃഭൂമി – 50. യുവധാര – 50.

ഇലക്ട്രോണിക് മാധ്യമം. :

ടെലിവിഷൻ ശൃംഖലയുടെ വ്യാപനം സാംസ്ക്കാരിക പ്രവർത്തനത്തിന്റെ തീവ്രത കുറച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തേയും ദൂരദർശൻ വളരെയേറെ ബാധിച്ചിട്ടുണ്ട്. നിലവാരം കുറഞ്ഞ പ്രക്ഷേപണം നമ്മുടെ സംസ്ക്കാരത്തെ തന്നെ ദോഷമായി ബാധിക്കാറുണ്ട്. വിദ്യാഭ്യാസത്തിനും പഠനത്തിന്നും ആവശ്യമായ യാതൊന്നും ഇന്ന് ദൂരദർശൻ പ്രക്ഷേപണം ചെയ്യുന്നില്ല.

കേബിൾ ടി. വി. യുടെ 2 യൂണിറ്റുകൾ.പഞ്ചായത്തിൽ ഉണ്ട്.

പഞ്ചായത്തിലെ സാംസ്ക്കാരിക സ്ഥാപനങ്ങളും അവ നേരിടുന്ന പ്രശ്നങ്ങളും സാധ്യതകളും :

കലാകായിക സാംസ്ക്കാരിക രംഗത്തെ പ്രാചീന കലകളായ വെള്ളാട്ട് കോൽക്കളി, തെകെകൊട്ടിക്കളി തിരുവാതിര ക്കളി കാർഷിക സംസ്ക്കാരത്തിന്റെ ഭാഗമായ കാളപൂട്ടു മൽസരങ്ങൾ എന്നിവ ഇന്ന് വേണ്ട പ്രോത്സാഹനം കിട്ടാത്തതുകൊണ്ട് നാമാവശേഷമായി കൊണ്ടിരിക്കുകയാണ്.

2, 4, 5, 6, 9,10 എന്നീ വാർഡുകളിൽ ഗ്രന്ഥാലയങ്ങൾനിലവിലില്ല. കലാകായിക സംഘടനകളുടെ സ്ഥിതി വളരെ മോശമാണ്.

രണ്ടാം ഘട്ട സാക്ഷരതാപ്രവർത്തനം നടത്താൻ കഴിഞ്ഞിട്ടില്ല.

സംസ്ക്കാരിക പൈതൃകത്തിന്റെ സൃഷ്ടിയിൽ പ്രധാന പങ്കുവഹിക്കേണ്ട അഗനവാടികളുടെ എണ്ണം പഞ്ചായത്തിൽ 18 ആണ്. എന്നാൽ ഇവയിൽ കുട്ടികൾക്ക് വിദ്യാഭ്യാസത്തിനും കളിക്കാനും ആവശ്യമായ ഉപകരണങ്ങൾ ഒന്നും തന്നെയില്ല. പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ ഇന്ന് അംഗനവാടികളിൽ ഇല്ല എന്നുതന്നെ പറയാം.

മഹിളാസമാജങ്ങൾ എണ്ണത്തിൽ വളരെ കുറവാണ്. നിലിലുള്ളവ പ്രവർത്തന രംഗത്ത് നാമ മാത്രമാണ്.

ചാരായ നിരോധനം കൊണ്ട് ഗുണമുണ്ടായിട്ടില്ല. അവ നിരോധിക്കുന്നതിന് മുമ്പുണ്ടായ തിനേക്കാൾ ശല്യം കൂടിയിരിക്കുകയാണ്.

സാധ്യതകൾ :

കലാകായിക രംഗത്തുള്ള മരവിപ്പ് മാറാറാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പ്രാചീന കലകളെ കണ്ടെത്തുകയും പഴയകാലത്തെ കലാ കായിക രംഗങ്ങളിൽ പ്രവർത്തിച്ചവരെ ആദരിക്കുകയും അവരുടെ അനുഭവങ്ങൾ വളർന്നുവരുന്ന തലമുറകൾക്ക് ഒരു പാഠമാക്കാൻ കഴിയുകയും വേണം. ഗ്രന്ഥശാലകൾ ഇല്ലാത വാർഡുകളായ 2,4,5,6,9,10 എന്നിവയിൽ ഗ്രന്ഥശാലകൾ സ്ഥാപിക്കുന്നതൊടപ്പം സാംസ്ക്കാരിക സ്ഥാപനങ്ങൾ ഇല്ലാത്ത വാർഡുകളിൽ അവ സ്ഥാപിക്കുകയും വേണം .സ്ഥാപനങ്ങളിൽ പഞ്ചായത്തിൽ നിന്ന് ടി. വി. റേഡിയോ, 3 ദിനപത്രങ്ങളെങ്കിലും നിർബന്ധമായും നൽകണം. ഗ്രന്ഥശാലകളുടെ പ്രവർത്തനത്തിനുള്ള ഗ്രാൻറ് വർധിപ്പിക്കുകയും വേണം.

2 ാം വാർഡിൽ ഒരു വ്യക്തി സൗജന്യമായി ഗ്രന്ഥശാല നിർമ്മിക്കാൻ സ്ഥലം കൊടുക്കാൻ തയ്യാറായിട്ടുണ്ട്. സാംസ്ക്കാരിക സ്ഥാപനങ്ങൾ ജനങ്ങൾ കൂടുതൽ തിങ്ങിപാർക്കുന്ന ഭാഗത്ത് സ്ഥാപിക്കണം . സാംസ്ക്കാരിക സ്ഥാപനങ്ങൾ നിലവിൽ വരുന്നതുകൊണ്ട് ഏതെങ്കിലും വ്യക്തിയുടെ വീട്ടിൽ ടി. വി. വെയ്ക്കേണ്ട ഗതികേട് ഒഴിവാക്കാം.

2 ാം ഘട്ടസാക്ഷരതാ പ്രവർത്തനം പഞ്ചായത്തിൽ പ്രവർത്തിച്ചില്ല. ജനകിയപങ്കാളിത്തത്തോടെ സാക്ഷരതാപ്രവർത്തനം ഇനിയും നടത്തേണ്ടതാണ്. അംഗനവാടികളുടെ പ്രവർത്തനം വളരെ ദയനീയമാണ് .കളിക്കാനും പഠിക്കാനും പ്രാഥമിക സൗകര്യങ്ങൾ പോലും ഇവിടെ ഇല്ലാത്തതുകൊണ്ട് വിട്ടമമമാർ കുട്ടികളെ അംഗനവാടികളിലേക്ക് അയക്കുവാൻ മടി കാണിക്കുന്നു. വാർഡിൽ ഒന്ന് എന്നതിൽ കവിഞ്ഞ് ജനസംഖ്യാ പ്രാതിനിധ്യം കണക്കിലെടുത്ത് അംഗൻവാടികളുടെ എണ്ണം വർധിപ്പിക്കണം. അതോടൊപ്പം മഹിളാസമാജങ്ങൾ രൂപീകരിക്കാൻ പഞ്ചായത്ത് ശ്രദ്ധ കേന്ദ്രീകരിക്കണം. സമാജങ്ങളിൽ മാസത്തിൽ ഒരിക്കൽ വിദഗ്ദ്ധർ വന്ന് വനിതകൾക്ക് സാമൂഹ്യകാര്യങ്ങളിൽ അവരുടെ പങ്കിനെ കുറിച്ചും അവർ അറിഞ്ഞിരിക്കേണ്ട കാര്യങ്ങളെ കുറിച്ചും പഠനക്ലാസ് നടത്തണം .മഹിളാ സമാജത്തിൽ വനിതാ മാസികകളും വാരികകളും എത്തിച്ചു കൊടുക്കണം.

[illegible] പുരോഗമനത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ചാരായ നിരോധനം ഇന്ന് നേരിടുന്ന പ്രശ്നം വളരെ വലിയതാണ്. ചാരായം എന്ന പേരിനുമാത്രമേ നിരോധനം സംഭവിച്ചിട്ടുള്ളു. ആ പേർ മാറ്റി ഇന്ന് മുലവെട്ടി നാടൻ വാറ്റുപോലുള്ള പ്രത്യേക 'കോഡു ഭാഷ' യിലാണ് അറിയപ്പെടുന്നത്. ലഭിക്കുന്നതോ യഥേഷ്ടം. ജനകീയ പങ്കാളിത്തത്തോടുകൂടി മാത്രമേ സമൂഹത്തിൽ നിന്ന് ഈ വിപത്തിനെ തുടച്ചുമാറ്റാൻ കഴിയുകയുള്ളു. ചാരായ നിരോധനം കൂടുതൽ പ്രാവർത്തികമാക്കാനുള്ള പ്രവർത്തനങ്ങൾ പഞ്ചായത്ത് മുൻകൈ എടുത്ത് നടത്തണം സമ്പൂർണ്ണ മദ്യനിരോധനം വേണം.

പഞ്ചായത്തിൽ ഒരു പൊതുകളിസ്ഥലം ,അതിനോടനുബന്ധിച്ച് ഒരു ക്ലബ്ബും ആവശ്യമാണ്. വർഷത്തിൽ ഒരിക്കൽ കേരളോത്സവം, കലാകായിക മത്സരങ്ങൾ നിർബന്ധമായും നടത്തണം. നടത്തിപ്പിൽ ക്ലബുകളേയും കലാസമിതികളേയും പങ്കെടുപ്പിച്ച് പ്രോത്സഹനം നൽകുന്നതിലൂടെ ഗ്രാമങ്ങളിൽ നിന്നും കലാകായിക സംസ്ക്കാരിക തലത്തിൽ നല്ല ഒരു പങ്കുവഹിക്കാൻ കഴിയും, മാത്രമല്ല ഈ തലത്തിൽ കഴിവുള്ളവരെ കണ്ടെത്തുന്നതിനോടൊപ്പം അവരെ ബ്ലോക്കുതലത്തിലും ജില്ലാ തലത്തിലും കഴിവുകൾ പ്രകടിപ്പിക്കാൻ ഉയർത്തികൊണ്ടുവരുവാനും കഴിയും അങ്ങിനെ സംസ്ക്കാര സമ്പന്നമായ ഒരു നല്ല തലമുറയെ വാർത്തെടുക്കുവാൻ പഞ്ചായത്തിനു കഴിയും..

5.9 വനിത

അനങ്ങനടി പഞ്ചായത്തിലെ മൊത്തം ജനസംഖ്യ പരിശോധിച്ചാൽ ഓരോ വാർഡിലെ ജനസംഖ്യയിലും സ്ത്രീകളാണ് എണ്ണത്തിൽ കൂടുതൽ എന്നു കാണാം. 1000 പുരുഷൻമാർക്ക് 1040 സ്ത്രീകൾ എന്ന തോതിലാണ് ഏകദേശകണക്ക്.

ആരുടെകൊണ്ടു തന്നെ നാടിന്റെ പുരോഗതിയ്ക്ക് സ്ത്രീകളുടെ പങ്ക് വളരെ വലുതാണെന്നുകാണാം. പക്ഷേ, 'നാടിന്റെ ഐശ്വര്യമാണ് – വീടിന്റെ വിളക്കാണ് – സ്ത്രീ എന്നീ സങ്കല്പങ്ങൾ നിലനിൽക്കുമ്പോൾ തന്നെ 'ന' സ്ത്രീ സ്വാതന്ത്ര്യമർഹതി എന്ന ധാരണയും ചെറിമയതോതിൽ നിലനിൽക്കുന്നുണ്ടെന്നു കാണാം. ഈ ധാരണ സ്ത്രീകളിൽ തന്നെയും നിലനിർക്കുന്നു. അതാണ് ഖേദകരമാണ്.

വിദ്യാഭ്യാസം:–

ഇവിടെയാണ് വിദ്യാഭ്യാസത്തിന്റെ പ്രസക്തി. പ്രാഥമികവിദ്യാഭ്യാസം പോലും ലഭിക്കാത്തവരുടെ കണക്ക് പരിശോധിച്ചാലും സ്ത്രീകളാണ് കൂടുതൽ. ഇത് മുമ്പ് നാം നടത്തിയ 'സാക്ഷരത' പോലെ ഒരു കൂട്ടായ പ്രവർത്തനത്തിലൂടെ മാറ്റം വരുത്താൻ കഴിയുന്നതാണ്. അംഗൻവാടികൾ, സ്കൂളുകൾ എന്നിവ കേന്ദ്രീകരിച്ച് മാതൃസംഗമങ്ങൾ വിളിച്ചു ചേർത്ത് വിദ്യാഭ്യാസ ആരോഗ്യകാര്യങ്ങൾ ഉൾപ്പെടുത്തി ബോധവൽക്കരണം നടത്തേണ്ടതാണ്. ഇതിൽ ഓരോന്നിലും പങ്കെടുക്കേണ്ട വനിതകൾ പങ്കെടുക്കുന്നുണ്ടോ എന്ന് നിർബന്ധബുദ്ധിയോടെ പരിശോധിക്കേണ്ടതാണ്.

പ്രാഥമിക വിദ്യാഭ്യാസകാര്യത്തിൽ തന്നെ പുറകിൽ നിൽക്കുന്ന സ്ത്രീകൾ, ഹൈസ്ക്കൂൾ – കോളേജ് തല വിദ്യാഭ്യാസകാര്യം പരിശോധിച്ചാൽ കൂടുതൽ പുറകോട്ടുപോകുന്നതായികാണാം.

ആരോഗ്യം:

എല്ലാവാർഡിലും കൂടി IPP സെന്ററുകൾ 5 എണ്ണമാണ്. ഇതിൽ രണ്ടെണ്ണത്തിന് കെട്ടിടമില്ല. എല്ലാവാർഡുകളിലും IPP സെന്ററുകൾ തുടങ്ങുകയും അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്താൽ സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യപരിപാലനത്തിൽ മെച്ചപ്പെട്ടപുരോഗതി ഉണ്ടാക്കാം. ശുചിത്വം, രോഗപ്രതിരോധനടപടികൾ എന്നിവയെപ്പറ്റി സ്ത്രീകൾക്ക് ബോധവൽക്കരണ പരിപാടികൾ IPP സെന്ററുകൾ കേന്ദ്രീകരിച്ച് നടത്തിയാൽ വലിയ പുരോഗതിയുണ്ടാകും. പരുതംകുളും P.H.സെന്റർ വളരെ ശോചനീയസ്ഥിതിയിലാണ്. സ്ഥിരമായി ഒരു ഡോക്ടർ ഇല്ല. ഒരു ലേഡി ഡോക്ടറെ സ്ഥിരമായി നിയമിച്ചാൽ ഗുണകരമാണ്. 10 കട്ടിലുകൾ ഉണ്ടെങ്കിലും കിടക്കകൾ ഇല്ല. സന്നദ്ധസംഘടനകളുടെ സഹായത്തോടെ ആശുപത്രിയിൽ ഉപകരണങ്ങൾ ലഭ്യമാക്കാവുന്നതാണ്. ഗർഭിണികളായ സ്ത്രീകൾക്കും കുട്ടികൾക്കും

പോഷകാംശമടങ്ങിയ ഭക്ഷണം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. ഇലക്കറികളും നാട്ടിൽത്തന്നെ വലിയ ചെലവില്ലാതെ ലഭിക്കുന്ന പോഷകാംശംമടങ്ങിയ ഭക്ഷണ സാധനങ്ങളും ആഹാരത്തിൽ ഉൾപ്പെടുത്തുന്ന രീതി ഉണ്ടാവണം. മഹിളാസമാജം, അംഗൻവാടി എന്നിവിടങ്ങളിലൂടെയും ഇക്കാര്യം സ്ത്രീകളിൽ എത്തിക്കാൻ കഴിയണം

തൊഴിൽ:-

കാർഷികരംഗവുമായുള്ള ബന്ധത്തിൽ വലിയ മാറ്റം സംഭവിച്ചിട്ടുണ്ട്. 1961 ൽ ഏതാണ്ട് 50-51% വരെ സ്ത്രീകൾ കാർഷികവൃത്തിയുമായി ബന്ധപ്പെട്ടിരുന്നുവെങ്കിൽ 1991 ആകുമ്പോഴേക്ക് 30-31% ആയി കുറഞ്ഞിട്ടുണ്ട്. അതേ സമയം ഉദ്യോഗസ്ഥകൾ 61 ൽ 5% ആയിരുന്നെങ്കിൽ 91 ആകുമ്പോഴേക്ക് 20% ആയി വർദ്ധിച്ചിട്ടുണ്ട്.

വനിതകളുടെ തൊഴിൽ സംബന്ധിച്ച പട്ടിക.

തൊഴിൽമേഖല	ശതമാനം	
	1961 ൽ	1991 ൽ
കാർഷികരംഗം	50 51 %	30 31 %
ഉദ്യോഗമേഖലകളിൽ	5 %	20 %

കാർഷികമേഖലയിൽ മാറ്റം വരാത്തിടത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയില്ല. നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം മണ്ണിനോട് വെറുപ്പ് വളർത്തുന്നു. ചേറും ചളിയും മേലാകുന്നത് വൃത്തികെട്ട ഏർപ്പാടായി പുത്തൻതലമുറ കരുതുന്നു. പുത്തൻ തലമുറയിൽപെട്ട പെൺകുട്ടികൾ നിർമ്മാണരംഗത്തേക്ക് നീങ്ങിയിരിക്കുന്നു.

കൃഷിയിൽ ഉല്പാദനവും ഉല്പാദനക്ഷമതയും വർധിപ്പിക്കുകയും അതുവഴി കൃഷിയിൽ താൽപര്യം വളർത്തുകയും ചെയ്യണം. നാട്ടിൻപുറങ്ങളിൽ ലഭിക്കുന്നസാധനങ്ങൾ ഉപയോഗിച്ച് നമുക്കാവശ്യമുള്ള സാധനങ്ങൾ നിർമ്മിക്കാൻ പണ്ടുകാലത്ത് കഴിഞ്ഞിരുന്നു. പായ, ചൂല് എന്നിവപോലും ഇന്ന് മാർക്കറ്റിൽ നിന്ന് വാങ്ങുന്ന പ്രവണതയാണ്.

പച്ചക്കറികൃഷി വളരെ സാധ്യതയുള്ളതാണ്. നല്ല ഇനം വിത്ത്, പുതിയ കൃഷി രീതികൾ എന്നിവയിലൂടെ സ്ത്രീകളെ ഈ രംഗത്ത് പിടിച്ചുനിൽക്കാൻ സഹായിക്കാം.
വിപണി സൗകര്യങ്ങളും കണ്ടെത്തണം.

വ്യാവസായികാടിസ്ഥാനത്തിൽ നടന്നുവരുന്ന ഒരു സംരംഭമാണ് ഔഷധസസ്യ കൃഷി. ഇതിനും മേൽപറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയാൽ സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ കഴിയും. ആടുമാട് വളർത്തലും കോഴി വളർത്തൽ, തേനീച്ച വളർത്തൽ ഏന്നിവയും ആദായകരമായ ഒരു തൊഴിലാക്കി മാറ്റിയെടുക്കാം. ഇതിന് പണ്ടത്തെപ്പോലെ ഒഴിഞ്ഞുകിടക്കുന്ന മേച്ചിൽ സ്ഥലങ്ങൾ ഇന്നില്ല എന്നൊരു ബുദ്ധിമുട്ടുണ്ട്. ഭൂമി തുണ്ടു തുണ്ടായി വീതം വെച്ചുപോയിരിക്കുന്നു. മേൽപറഞ്ഞ തൊഴിലുകളെല്ലാം വീട്ടുപണിയോടൊന്നിച്ച് ചെയ്യാൻ കഴിയുന്നതാണ്. എന്നാൽ ഇന്ധന ക്ഷാമം ഇന്ന് വലിയ പ്രശ്നമായിമാറിയിരിക്കുന്നു. വിറക്പണ്ടത്തെപ്പോലെ സുലഭമല്ല. വിറകു ശേഖരണത്തിന് ഇന്നു സൗകര്യമില്ല.

പുരയിടകൃഷി നാമമാത്രമാണ്. പച്ചക്കറിയായാലും മറ്റെന്തായാലും വീട്ടാവശ്യങ്ങൾക്ക് മാർക്കറ്റിനെ ആശ്രയിക്കുകയാണ് ചെയ്യുന്നത്.

ദാരിദ്ര്യം :-

പണ്ടത്തെ രീതിയിലുള്ള ദാരിദ്ര്യമല്ല ഇന്നുള്ളത്. ഭക്ഷണദാരിദ്ര്യം ഇല്ലെന്നുതന്നെ പറയാം. കഴിക്കുന്ന ഭക്ഷണത്തിൽ പോഷകാംശത്തിന്റെ കുറവുമൂലം ആരോഗ്യ സംബന്ധമായ രോഗങ്ങൾ ഉണ്ടാകുന്നു നാട്ടിൻ പുറങ്ങളിൽ ലഭ്യമായ പോഷകാംശമടങ്ങിയ സാധനങ്ങൾ ഭക്ഷണത്തിൽ ഉൾപെടുത്തുന്നില്ല. പലതരം ഇലകൾ, പപ്പായ, കിഴങ്ങുവർഗങ്ങൾ എന്നിവ ആവശ്യാനുസരണം ഭക്ഷണത്തിൽ ഉൾപ്പെടുത്തണം. സ്ത്രീകൾ നാഥകളായ കുടുംബങ്ങൾ ഏതാണ്ട് 30% ഉണ്ട്. ഇവർ ഒരു വിധം നല്ല നിലയിൽ കുടുംബകാര്യങ്ങൾ നോക്കി നടത്തുന്നു. പുരുഷനാണ് കുടുംബനാഥായിരിക്കേണ്ട ആൾ എന്ന ഒരു തെറ്റായ ധാരണ നിലനിൽക്കുന്നു. ഇത് ആൺ – പെൺ പേർതിരിവായിനിലനിൽക്കുന്നുണ്ട് പെൺകുട്ടികളെ സംബന്ധിച്ചിടത്തോളം വിവാഹിരാവുക എന്നതാണ ആദ്യത്തെയും അന്ത്യമായും ഉള്ള ലക്ഷ്യമെന്ന ധാരണയും നിലനിൽക്കുന്നു.

അംഗൻവാടികൾ ആകെ 18 എണ്ണമാണ്. ഇവയിൽ പലതിന്റെയും സ്ഥിതിശോചനീയമാണ്. കെട്ടിടം സുരക്ഷിതമല്ലാത്തതിനാൽ രക്ഷിതാക്കൾ കുട്ടികളെ അയക്കാൻ തയ്യാറാകുന്നില്ല. ഓരോ പ്രദേശത്തെയും ജനങ്ങളുടെ സഹകരണത്തോടെ ഇവയുടെ അറ്റകുറ്റപ്പണികൾ നടത്താൻ കഴിയും അംഗൻവാടി സൗകര്യം ഉപയോഗപ്പെടുത്താത്തവരും ഉണ്ട് എന്നത് കാണാതിരുന്നുകൂടാ ഓരോ അംഗൻവാടിയുടെയും പരിധിയിലുള്ള വീടുകളിലെ സ്ത്രീകളെയും അമ്മമാരെയും വിളിച്ചുചേർത്ത് കാര്യങ്ങൾ അറിയിക്കുന്നതിനുള്ള. സമ്പ്രദായം ഉണ്ടാവണം. വിദ്യാഭ്യാസം ആരോഗ്യ പ്രവർത്തകരെ ഈ യോഗങ്ങളിൽ പങ്കെടുപ്പിക്കാം.

DWCRA:-

ഇതിനെപ്പറ്റി പലർക്കും അറിയില്ല. വനിതകൾക്ക് തൊഴിലവസരങ്ങൾക്ക് സൃഷ്ടിക്കാനുള്ള പലപരിപാടികളുമുള്ള ഇതിൽ അനങ്ങനടിയിൽ ഒരു കുടനിർമാണയൂണിറ്റ് മാത്രമാണ്. ഇന്ന് നിലവിലുള്ളത്. D.W.C.R.A.മൂലം ഏതെല്ലാം തരത്തിലുള്ള തൊഴിലവസരങ്ങൾ സൃഷ്ട്ടിക്കാം, അതിനുള്ള മുടക്കുമുതൽ സ്വരൂപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ – നടത്തിപ്പ് – മാർക്കറ്റിംഗ് തുടങ്ങിയ കാര്യങ്ങൾ ഉൾക്കൊള്ളിച്ച്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്ത്രീകൾക്കുവേണ്ടി പ്രത്യേകമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഉണ്ട്. യഥാസമയം വേണ്ട നിർദേശങ്ങൾ കിട്ടുകയും മറ്റു സൗകര്യങ്ങൾ ഉണ്ടാവുകയും ചെയ്താൽ അവർക്ക് ഉത്തരവാദിത്തങ്ങൾ നിറവേറ്റാൻ കഴിയുമെന്നുള്ളതിനു വേറെ തെളിവുകൾ ആവശ്യമില്ല.

സാമൂഹ്യ രാഷ്ട്രീയകാര്യങ്ങളിലും മറ്റുപൊതുകാര്യങ്ങളിലും വനിതകളുടെ പങ്കാളിത്തം കുറവ് കുടുംബത്തെ മാറ്റി, സാമൂഹ്യബോധവും ദേശീയബോധവുമുള്ളവരാക്കി മാറ്റിയാൽ ഇന്നു നിലവിലുള്ള വൃത്തികേടുകൾക്കെതിരെ സംഘടിതമായ ഇടപെടലുകൾ നടത്താൻ വനിതകൾക്ക് കഴിയും.

കേരളത്തിലെയും ഇന്ത്യയിലെയും പ്രസിദ്ധരായ മഹിളാരത്നങ്ങളെ പുത്തൻ തലമുറയ്ക്ക് പരിചയപ്പെടുത്താൻ കഴിയണം. രാജ്യത്തിന്റെ മുൻകാലചരിത്രത്താളുകളിൽ സ്ഥാനം പിടിച്ചിട്ടുള്ള സാൻസിറാണി, സുൽത്താനറസിയ, സരോജിനിനായിഡു, റാണി ലക്ഷ്മീഭായ് തുടങ്ങിയ ദേശാഭിമാനികളായ അനേകങ്ങളുടെ ചരിത്രം പുത്തൻ

തലമുറയ്ക്ക് എത്തിച്ചുകൊടുക്കാൻ കഴിയണം. വിജ്ഞാന പ്രദങ്ങളായ പുസ്തകങ്ങൾ വീടു കളിൽ എത്തിച്ചുകൊടുക്കാൻ സഞ്ചരിക്കുന്ന വായനശാല കളായി പ്രവർത്തിക്കാൻ തയ്യാറുള്ള വരെ കണ്ടെത്താൻ നമുക്ക് കഴിയും.

പെൻഷൻ :

വിധവ, അഗതി, കർഷകത്തൊഴിലാളി വികലാംഗപെൻഷനുകൾ അർഹതപ്പെട്ടവർക്ക് ഈ അനുകൂല്യങ്ങൾ ലഭിക്കുന്നില്ല. ഇന്ന് നിലവിലുള്ള പലനിയമങ്ങളും പൊളിച്ചെഴുതേണ്ടത് അനിവാര്യമാണ്. തൊഴിലെടുക്കുന്നവരുടെ സ്ഥിതി മെച്ചപ്പെട്ടതാണെന്ന് അവകാശപ്പെടാൻ കഴിയില്ല. ജോലിക്കു പോകുന്നതിന്റെ പുറമേ കുടംബകാര്യങ്ങൾ ചെയ്തു തീർക്കാനും സമയം കണ്ടെത്തണം. കുട്ടികളേയും വീട്ടിലെ മറാളുകളുളേയും സഹകരിപ്പിക്കാൻ കഴിഞ്ഞാൽ നല്ല കടുംബാന്തരീക്ഷം സൃഷ്ടിക്കാം. അങ്ങനെ കഴിയാത്തവർക്ക ജീവിതം ദുരിതമായി തോന്നു. ആത്മവിശ്വാസമുള്ള കുടുംബനാഥകളുടെ വീടുകളിൽ ഇത്തരം പ്രശ്നങ്ങൾ വളരെ കുറവാണ്.

മാധ്യമങ്ങളുടെ സ്വാധീനം നമ്മുടെ ഇളം തലമുറയെ പ്രത്യേകിച്ചും സ്ത്രീകളെ വികലമായ അറിവുകളിലേയ്ക്കാണ് നയിക്കുന്നത് എന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു ജീവിതത്തെ പ്പറ്റി മിഥ്യാധാരണകൾ മനസ്സിലുറപ്പിച്ചു, സ്വപ്ന ലോകത്ത് ജീവിക്കാൻ ആഗ്രഹിക്കപ്പെടുന്നു. ജീവിത യാഥാർഥ്യങ്ങൾക്കു മുന്നിൽ പകച്ചുപോകുകയോ ജീവിതം അവസാനിപ്പിക്കുകയോ ചെയ്യുന്ന ഒരു രീതിയിലേയ്ക്ക് എത്തിപ്പെടുന്നു. വരികൾക്കിടയിൽ വായിക്കാനും തെരഞ്ഞെടുത്തുവായിക്കാനും ഉള്ള കഴിവ്, അതിനുള്ള ബോധവൽക്കരണം, സാക്ഷരതാനിലവാരം ഉയർത്തിക്കൊണ്ട് നേടിയെടുക്കാൻ കഴിയും.

മേൽ സൂചിപ്പിച്ചതുപോലെ ***'ഇക്കിളി'*** പ്രസിദ്ധീകരണങ്ങളുണ്ടാക്കുന്ന ദുരവസ്ഥക്കെതിരെ ബോധവൽക്കരണം അനിവാര്യമാണ്. അവയിലെ കഥാപാത്രങ്ങളായി സ്വയം മാറി മാനസികരോഗികളാവുകയും അവരെ അനുകരിച്ച് ആത്മഹത്യചെയ്യുകയും ചെയ്യുന്നു. ഈ പ്രവണതക്കെതിരെ മനശ്ശാസ്ത്ര സമീപനങ്ങൾ കൈക്കൊള്ളുന്നുണ്ട്. നവസാക്ഷരിലും ഉന്നത വിദ്യാഭ്യാസമുള്ളവരിലും പരക്കേ കണ്ടുവരുന്ന ഈ ദുഷ്പ്രവണതക്കെതിരെയുള്ള ബോധവൽക്കരണം ഒഴിവാക്കാനാവാത്തതാണ്.

നിർദ്ദേശങ്ങൾ

1. ഓരോ വാർഡിലും D.W.C.R.A. യൂണിറ്റ് തുടങ്ങാനുള്ള സംരഭങ്ങൾ നടത്തുക.

2. വനിതാസഹകരണ സംഘത്തിന്റെ കീഴിൽ വനിതകളുടെ വരുമാനം. വർദ്ധിപ്പിക്കാനാവശ്യമായ യൂണിറ്റുകൾ തുടങ്ങാനുള്ള സാമ്പത്തികസഹായം സർക്കാരിൽ നിന്നും ലഭ്യമാക്കുക.

3. D.W.C.R.A. വനിതാസഹകരണ യൂണിറ്റ് എന്നിവ വഴി നിർമ്മിക്കുന്ന സാധനങ്ങൾക്ക് വിപണനസൗകരും ഉണ്ടാക്കികൊടുക്കുക.

4. വിവാഹസൽക്കാരാദി ചടങ്ങുകളിലെ ധൂർത്ത് ഒഴിവാക്കുക.

സഹകരണം

സഹകരണ പ്രസ്ഥാനം നമ്മുടെ നാട്ടിൽ വേരൂന്നി പടർന്നു പന്തലിക്കുന്നതിനെത്രയോ മുമ്പുതന്നെ, ഈ ആശയം ഒരു തരത്തിലല്ലെങ്കിൽ, മറ്റൊരു തരത്തിൽ ഇവിടെ, നിലനിന്നിരുന്നു. നമ്മുടെ ഗ്രാമതലങ്ങളിൽ, നാട്ടുകൂട്ടങ്ങളിൽ – പുരമേച്ചിലും, കല്യാണവും, മരിച്ചടിയന്തരവുമെല്ലാം പരസ്പര സഹകരണത്തോടും സഹായത്തോടും കൂടിയാണ് നടത്തിവന്നിരുന്നത്. അതിന്റെ സ്മരണകൾ, ഇന്നും നമ്മുടെ പഞ്ചായത്തിന്റെ ചില മേഖലകളിൽ നടക്കുന്ന ചായപയറ്റ് (കുറികല്യാണം) ചായ സൽക്കാരത്തിലും നിലനിൽക്കുന്നു. കാർഷിക പ്രധാനമായ പാലക്കാടൻ മേഖലയിലെ നിലമൊരുക്കൽ, നിരത്തുത്സവം– സഹകരണാടിസ്ഥാനത്തിലായിരുന്നുവല്ലോ നടത്തിയിരുന്നത്.

ഭാരതത്തിന്റെ ആത്മാവ് കുടികൊള്ളുന്നത് ഗ്രാമത്തിലാണ് എന്നുകണ്ടെത്തുവാൻ നമ്മുക്കൊരു മഹാത്മജി ഉണ്ടായി. എന്നാൽ ഈ കണ്ടെത്തലിന്റെ അർത്ഥതലങ്ങളിലേക്ക് ഇറങ്ങി ഗ്രാമസ്വരാജ് കെട്ടിപ്പടുക്കുക എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുവാൻ നമ്മുക്കിനിയും കഴിഞ്ഞിട്ടില്ല നാമതിന്റെ ശ്രമത്തിലാണ്. ആ സ്വയം പര്യാപ്തമായ ഗ്രാമസ്വരാജ് എന്ന സ്വപ്നത്തിലേക്ക് നാം ഒരടിപോലും മുന്നാട്ട് വെച്ചിട്ടില്ലെന്നല്ല. വിവക്ഷിക്കുന്നത് എന്നാൽ നമ്മുക്കിനിയും ഒരു പാട് കാതം പിന്നിടാനുണ്ട് എന്നത് വിസ്മരിക്കാതിരിക്കു ഇത് ഒമ്പതാം പഞ്ചവത്സര പദ്ധതിയാണ് എട്ടുപഞ്ചവത്സര പദ്ധതികൾ ഇവിടെ നടപ്പിലാക്കി എന്നതും അതിന്റ വികസന പ്രക്രിയയും കൂടി കണക്കിലെടുക്കുമ്പോൾ നാമറിയുന്നു.– അതിന്റെ പരിമിതികളും വ്യാപ്തികളും.

ഇവിടെയാണ് സഹകരണ പ്രസ്ഥാനങ്ങളുടെ പ്രസക്തി കുടികൊള്ളുന്നത്. തെരഞ്ഞെടുപ്പ് മാമാങ്കത്തിനായി രൂപീകരിക്കുന്ന വെറും കടലാസിൽ കുടികൊള്ളുന്ന ട്രോജൻ കുതിരകളല്ല മറിച്ച് ആത്മാർത്ഥ മാത്രം കൈമുതലായുള്ള ഒരു സംഘം ആളുകൾക്ക് ഒരു വലിയ സഹകരണ പ്രസ്ഥാനം പടുത്തുയർത്താൻ കഴിയും ബോബെയിലെ ഒരു സംഘം സ്ത്രീകൾ ചേർന്ന്– രൂപീകരിച്ച് ലിജ്ജത് പപ്പട നിർമ്മാണ സൊസൈറ്റിജനശ്രദ്ധേയമായ നിലയിലാണ്. കേരളത്തിൽ തന്നെ കേരളാ ദിനേക് ബീഡിയും, മിൽമയും തുടങ്ങി ആയിരങ്ങൾക്ക് തൊഴിൽ നല്കിയ സഹകരണ സംഘങ്ങൾ എത്രയോ ഉണ്ട്. നമ്മുടെ ജില്ലകളിൽ, പഞ്ചായത്തുകളിൽ ഗ്രാമങ്ങളിൽ എല്ലാം തന്നെ പ്രവർത്തിക്കുന്ന ആയിരകണക്കിന് സൊസൈറ്റികളുണ്ട്. ഇവിടെയാണ് നമ്മുടെ പഞ്ചായത്തിന്റെ പിന്നോക്കാവസ്ഥ നാം ഉൾക്കൊള്ളേണ്ടത്. കോതക്കുർശ്ശി സർവ്വീസ് സഹകരണ ബാങ്ക് മാത്രം ഇതിനൊരു അപവാദമായി നിൽക്കുന്നു. ഒരു പാട് മേഖലകളിൽ നമ്മുക്ക് സഹകരണ സംഘങ്ങളുണ്ടാക്കാനും സ്വയം പര്യാപ്തമാക്കാനും കഴിയും എന്നത് നിസ്തർക്കമാണ്. ഇന്നലെകളിൽ നമ്മുടെ ചെറുകിട നാമമാത്ര കർഷകരിലേറിയവരും ഇടത്തട്ടുകാരായ പണമിടപാടുകാരുടെ നീരാളി പിടുത്തത്തിലായിരുന്നു. ഒരു പരിധി വരെ സഹകരണ സംഘങ്ങളുടെ പ്രവർത്തനഫലമായി മാറ്റമുണ്ടായിട്ടുണ്ടെങ്കിലും സ്ഥിതി തൃപ്തികരമല്ല.

സഹകരണ പ്രസ്ഥാനത്തിന് കടന്നുചെല്ലാൻ കഴിയാത്ത ഒരു മേഖലയുമില്ല. കർഷകനും, കർഷക തൊഴിലാളിയ്ക്കും, തൊഴിലുടമയ്ക്കും, തൊഴിലാളിയ്ക്കും മാത്രമല്ല വ്യത്യസ്ഥമേഖലകളിൽ പ്രവർത്തിക്കുന്നവർക്കം ഈ ധാരയിൽ പങ്കാളികളായി, സ്വയവും, നാടിനെയും സ്വയം പര്യപ്തമാക്കാനുള്ള

ചങ്ങലകണ്ണികളിൽ ഒത്തുചേരാൻ കഴിയും. അതേ സമയം ഗ്രാമീണ തലങ്ങളിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് ഇനിയുമൊട്ടേറെ ചെയ്യാനുണ്ട്. കാർഷികോത്പ്പന്നങ്ങൾക്ക് ആദായകരമായ വിപണന സൗകര്യം ഉണ്ടാക്കുന്ന പ്രവർത്തനം വഴി ഇടത്തട്ടുകാരുടെ ചൂഷണം തടയുവാൻ കഴിയും. ധന്യവിള, ഭക്ഷ്യവിള, പച്ചക്കറി തുടങ്ങി കാർഷിക മേഖലക്ക് സംഭവിച്ച മരവിപ്പ് – ഇത്തരം സംഘങ്ങളുണ്ടാക്കിയാൽ, ഒഴിവാക്കാൻ കഴിയും എന്നുമാത്രമല്ല, കൂടുതൽ പേരെ കാർഷിക രംഗത്തേക്ക് ആകർഷിക്കുവാനും കഴിയും. എന്നാൽ നമ്മുടെ സംഘങ്ങളുടെ ഇന്നത്തെ പ്രവർത്തന ശൈലികാണുമ്പോൾ – അവയിൽ ചിലവയെങ്കിലും – കേവലം ധനകാര്യസ്ഥാപനങ്ങൾ മാത്രമായി തരം താഴുന്നുവോ എന്ന സംശയം ബാക്കി നിൽക്കുന്നു. ഒരു ധനകാര്യ സ്ഥാപനം വളരണമെങ്കിൽ അതിന്റെ പ്രവർത്തന മേഖല വികസിപ്പിക്കേണ്ടതും, ലാഭമുണ്ടാക്കേണ്ടത് ആവശ്യം തന്നെയാണ്. എന്നാൽ കേവലം ലാഭമുണ്ടാക്കേണ്ടതും മാത്രമല്ല സംഘത്തിന്റെ ലക്ഷ്യം എന്നത് മറന്നുകൂടാ ഗ്രാമസ്വരാജ് എന്നലക്ഷ്യം കൈവരിക്കണമെങ്കിൽ ആ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടുള്ള ഒരു പുതുപുത്തൻ പ്രവർത്തന ശൈലി സഹകരണ പ്രസ്ഥാനം കരുപ്പിടിപ്പിക്കേണ്ടതുണ്ട്.നമ്മുക്കതിനായി മുന്നോട്ടു നീങ്ങാം.

1956ൽ സൊസൈറ്റിയായി പ്രർത്തനം തുടങ്ങി പിന്നീട് 1961ൽ കോതകുർശ്ശി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബേങ്ക് എന്ന പേരിൽ പ്രവർത്തനം തുടങ്ങിയ ബേങ്ക് ആണ്. സഹകരണ മേഖലയിൽ ഈ പഞ്ചായത്തിലെ ആദ്യത്തെ സ്ഥാപനം. തുടക്കത്തിൽ നാമമാത്രമായ അംഗങ്ങൾ ഉണ്ടായിരുന്ന ഈ സ്ഥാപനത്തിന് ഇപ്പോൾ ചളവറ, തൃക്കടീരി, എന്നീ പഞ്ചായത്തുകളിലും വളരെ നല്ല രീതിയിൽ ശാഖകൾ പ്രർത്തിക്കുന്നുണ്ട്. ഈ ബാങ്കിന്റെ ഇപ്പോഴത്തെ അംഗീകൃത ഓഹരിയുടെ മൂലധനം 20 ലക്ഷം രൂപ യാണ്. ഒരു ഓഹരി വില 5 രൂപ എന്ന നിരക്കിൽ പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനമായി 15,89,006 രൂപയും (പതിനഞ്ചുലക്ഷത്തി എൺപത്തൊമ്പതായിരത്തി ആറേ) സർക്കാർ ഓഹരിയായി 105000 രൂപയും ലഭിച്ചിട്ടുണ്ട്. പൊതുജനങ്ങളിൽ നിന്ന് സ്ഥിരം നിക്ഷേപമായി 4,24,42,022 രൂപയം (നലുകോടി ഇരുപത്തിനാല് ലക്ഷത്തി നാൽപ്പത്തി രണ്ടായിരത്തി ഇരുപത്തിരണ്ടുരൂപ) ഹൃസ്വകാല നിക്ഷേപമായി 17854918 രൂപയം (ഒരു കോടി എഴുപത്തെട്ടുലക്ഷത്തി അൻപത്തിനലായിരത്തി തൊള്ളായിരത്തി പതിനെട്ട് രൂപ) സമാഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. P.D.C.ബേങ്കിന്റെ ഹെഡ് ആഫീസിൽ നിന്നും കാർഷികലോൺ വ്യഷസ്ഥയിൽ 19,72,265 രൂപയും HLLT വകയിൽ 141920 രൂപയും, ICDP, സ്ഥാപനത്തിൽ നിന്ന് 3 ലക്ഷം രൂപയം NCDC സ്ഥാപനത്തിൽ നിന്ന് 20,860 രൂപയും വായ്പകളായി സ്വീകരിച്ചിട്ടുണ്ട്. പരമാവധി കടം എടുക്കാവുന്നി തുക 50,000/–രൂപ യാണ്. ഈ ബേങ്കിലെ ഹെഡ് ആഫീസിൽ 9 സ്ഥിരം ജീവനക്കാരും, 3 ഡെയ്ലി, കളക്ഷൽ എജന്റുമാരും, 2 നൈറ്റ് വാച്ച്മാൻ മാരും ജോലി ചെയ്തുവരുന്നു. ക്രെഡിറ്റ് വിഭാഗത്തിൽ ഇവിടെ പ്രവർത്തിക്കുന്ന ആദ്യ സഹകരണബേങ്ക് കോതകുർശ്ശി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബേങ്ക് ആണ്. ബാങ്കിംങ്ങ് പ്രവർത്തനങ്ങൾക്ക് പുറമെ രാസവളം, കീടനാശിനി, സിമന്റ് എന്നിവയുടെ ചില്ലറ വിൽപ്പനയും ചളവറ പഞ്ചായത്തിൽ ഒരു കൺസ്യൂമർ സ്റ്റോറിന്റെ പ്രവർത്തനവും നടത്തുന്നുണ്ട്.

അനങ്ങനടി പഞ്ചായത്ത് വനിതാ സഹകരണ സംഘം ക്ലിപ്തം നമ്പർ P 997 പ്രവർത്തനം ആരംഭിച്ചത് 1992 ലാണ് 313 അംഗങ്ങൾ ഉള്ള ഈ സംഘത്തിന്റെ ഒരു ഓഹരിയുടെ വില 100 രൂപയാണ്. ഈ സംഘത്തിന്റെ പ്രവർത്തന പരിധി ഈ പഞ്ചായത്തിലൊതുങ്ങി നിൽക്കുന്നു. വനിതാ സഹകരണസംഘത്തിന്റെ അംഗീകൃത ഓഹരി മൂലധനം 655000 രൂപയും, പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 71,700 രൂപയും സർക്കാർ ഓഹരിയായി 25,000 രൂപയം ആണ്. പൊതുജനങ്ങളിൽ നിന്ന് സ്ഥിരം നിക്ഷേപമായി 570790 രൂപയം ഹൃസ്വകാല നിക്ഷേപമായി 64725 രൂപയും സമാഹരിക്കുവാൻ ഈ സംഘത്തിന് കഴിഞ്ഞിട്ടുണ്ട്. മറ്റു സ്ഥാപനങ്ങളിൽ നിന്ന് വായ്പകൾ ഒന്നും തന്നെ വനിതാ സഹകരണ സംഘം സ്വീകരിച്ചിട്ടില്ല. ഇവിടെ നിന്നും പരമാവധി കടും എടുക്കാവുന്ന തുക 5000 രൂപയാണ്. ഈ സംഘത്തിന് 2സ്ഥിരം ജീവനക്കാർ ഉണ്ട്. ക്രെഡിറ്റ് വിഭാഗത്തിലാണ് വനിതാ

സഹകരണ സംഘം പ്രവർത്തിക്കുന്നത്. തൊഴിൽ ട്രെയിനിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട്, റെഡിമെയ്ഡ് ഗാർമെന്റ്സിന്റെ യൂണിറ്റ് എന്നിവ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ ഓരോ ടീച്ചർമാരും താല്ക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നു.

പട്ടികജാതി സഹകരണസംഘം എന്ന പേരിൽ ഒരു സ്ഥാപനം അടുത്തകാലത്തായി പഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ട്. ദേശസാൽകൃത ബാങ്കുകളിലൊന്നായ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ അനങ്ങനടി ബ്രാഞ്ചും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. സഹകരണമേഖലയിൽ, ഈ പഞ്ചായത്തിൽ ഏറ്റവും പുതിയതായി ആരംഭിച്ചത് 10-2-95ൽ പ്രവർത്തനം തടങ്ങിയ ഒറ്റപ്പാലം കോ-ഓപ്പറേറ്റീവ് അർബൺ ബേങ്കിന്റെ അനങ്ങനടി ശാഖയാണ്. ഒരു ഓഹരിയുടെ വില 26 രൂപയാണ്. ആകെയുള്ള അംഗങ്ങളുടെ എണ്ണം, അംഗീകൃത ഓഹരി മൂലധനം, നിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം സർക്കാർ ഓഹരിയിലുള്ളത്, മറ്റ് സ്ഥാപനങ്ങളിൽ നിന്ന് സ്വീകരിച്ച വായ്പകളെ സംബന്ധിച്ച വിവരം തുടങ്ങിയ വിവരങ്ങൾ ബേങ്കിന്റെ ഹെഡ് ഓഫീസിൽ മാത്രം ലഭിക്കുന്നതിനാൽ പ്രത്യേകമായി ഇവിടെ ശേഖരിക്കുവാൻ കഴിഞ്ഞിട്ടില്ല. പൊതുജനങ്ങളിൽ നിന്ന് സ്ഥിരം നിക്ഷേപമായി 44,63,197 രൂപയും ഹ്രസ്വകാല നിക്ഷേപമായി 354146 രൂപയും സമാഹരിക്കുവാൻ ഈ ബാങ്കിന് കഴിഞ്ഞിട്ടുണ്ട്. ഇവിടെ നിന്നും പരമാവധി കടം എടുക്കാവുന്ന തുക 50,000 രൂപയാണ്. ഒറ്റപ്പാലം കോ-ഓപ്പറേറ്റീവ് അർബൺ ബാങ്കിന്റെ അനങ്ങനടി ശാഖയിൽ സ്ഥിരം ജീവനക്കാരായി 3 പേരും ഒരു വാച്ച്മാനും. ജോലി ചെയ്യുന്നു. ക്രെഡിറ്റ് വിഭാഗത്തിൽ പെട്ടതാണ്. ഈ ബേങ്ക്. ബാങ്കിംഗ് പ്രവർത്തനത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നു.

ഒറ്റപ്പാലം കാർഷിക വികസന ബേങ്കിന്റെ പ്രവർത്തനവും ഈ പഞ്ചായത്തിലുണ്ട്. ഭവന നിർമ്മാണത്തിനും ചെറുകിട ജലസേചന സൗകാര്യങ്ങൾ ഉണ്ടാക്കുന്നതിനും ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനും എല്ലാം വായ്പകൾ ഈ ബേങ്കിൽ നിന്നും നൽകുന്നുണ്ട്. ഒറ്റപ്പാലത്തെ ഹൌസിംഗ് സഹകരണ സംഘത്തിൽ നിന്നും ഈ പഞ്ചായത്തിലെ 13 പേർക്ക് പുതിയ വീടുകെട്ടാൻ വായ്പ നൽകിയിട്ടുണ്ട്.

കോതകുർശ്ശി സർവ്വീസ് കോ-ഒപ്പറേറ്റീവ് ബാങ്ക് നൽകിയിട്ടുള്ള വായ്പകൾ

ക്രമ നമ്പർ	ഇനം	തുക.
1	Agriculture Short Term	18,91,307
2	Agriculture Midum Term	1,11,860
3	Agriculture Long Term	3,88,879
4	ആൾ ജാമ്യം NASTA NASIST (M)	30,56,459
5	ആൾജാമ്യം NAMT	77,07,630
6	ഗോൾഡ് ലോൺ	3,82,10,393
7	IRDP	2,70,588
8	Pay sarity	17,180
9	H.L.T.	21,627
10	Educational	16,495
11	Family adoption	4,450
12	വിസ	5,62,407
13	Schematic	73,656
14	Deposit Loan	25,76,665

ഒറ്റപ്പാലം കോ-ഓപ്പറേറ്റീവ് അബ്ബൻ ബാങ്ക് ലിമിറ്റഡ് അനങ്ങനടി ബ്രാഞ്ചിൽ

ക്രമ നമ്പർ	നൽകിയിട്ടുള്ള വായ്പകൾ	തുക.
1	പണയക്കടം	1692369
2	ജാമ്യക്കടം	209064
3	ഗോൾഡ്	2794006
4	സെക്യൂരിറ്റിലോൺ	33250

വനിതാ സഹകരണസംഘം ക്ലിപ്തം നമ്പർ P 997

നമ്പർ	നൽകിയിട്ടുള്ള വായ്പകൾ	തുക
1	Short Term	193445

ഹൗസിംഗ് സഹകരണസംഘം അനങ്ങനടി ഗ്രാമപഞ്ചായത്തിൽ നൽകിയ വായ്പകൾ

ക്രമ നമ്പർ	ഏത് ഇനം വായ്പ	നൽകിയ വായ്പ
1	13 പേർക്ക് പുതിയ വീട് കെട്ടാൻ	4,18,000.00

ഒറ്റപ്പാലം കാർഷിക വികസനബാങ്കുകൾ ഈ പഞ്ചായത്തിൽ നൽകിയിട്ടുള്ള വായ്പകൾ

ക്രമ നമ്പർ	എത്ര പേർക്ക്	നൽകിയിട്ടുള്ള വായ്പകൾ	തുക
1	17	ഓർഡിനറി ലോൺ	2,47,625
2	33	റബ്ബർ ലോൺ	7,41,616
3	13	നാളികേരം	2,08,713
4	5	കുരുമുളക്	14,000
5	1	അടയ്ക്ക	5,000
6	2	പട്ടുന്നൂൽ കൃഷി	40,000
7	2	ട്രാക്ടർ	50,000
8	2	ആട് വളർത്തലും ഡയറിഫാം	3,02,000
9	25	ജലസേചനം	3,02,000
10	1	ചെറുകിട വ്യവസായങ്ങൾ	1,00,000
11	1	Integrated loan scheme	2,55,00
12	24	ഹൗസിംങ്ങ് ലോൺ	6,60,00

ഈ ഗ്രാമപഞ്ചായത്തിലെ സഹകരണമേഖലയെപ്പറ്റി അവലോകനം നടത്തുമ്പോൾ എടുത്തുപറയാവുന്ന പ്രവർത്തനങ്ങൾ നടത്തുന്നതിൽ പ്രഥമസ്ഥാനം കോതകുർശ്ശി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ആണ്. ഇതിനു പ്രധാന കാരണം ഇവിടെ ആദ്യമായി സഹകരണമേഖലയിൽ പ്രവർത്തനം ആരംഭിച്ചത് കോതകുർശ്ശി സർവ്വീസ് സഹകരണബേങ്ക്. അതിനാൽ ഈ ബാങ്കിന്റെ പ്രവർത്തനത്തെകുറിച്ച് എല്ലാ ആളുകൾക്കും അറിവുണ്ട് എന്നതാണ്. കൂടാതെ രാസവളം, കീടനാശിനി, സിമന്റ് എന്നിവയുടെ ചില്ലറ വില്പന ഉള്ളതും ഇവിടേക്ക് ജനത്തെ ആകർഷിക്കുന്നു. വനിതാ സഹകരണ സംഘത്തിൽ തൊടപ്പ് തൊറ്റിംങ്ങ് ഇൻസ്റ്റിറ്റ്യൂട്ടും റെഡിമെയ്ഡ്സ് ഗാർമെന്റ്സിന്റെ യൂണിറ്റു പ്രവർത്തിക്കുന്നുണ്ട്. വേണ്ടത്ര പ്രചരണം നടത്തുന്നത് ഈ ബേങ്കിന്റെ പ്രവർത്തനം കൂടുതൽ മെച്ചപെടുത്താൻ സാധിക്കം. ഒറ്റപ്പാലം കാർഷികവികസന ബേങ്കിലെ പ്രവർത്തനങ്ങളൾ അനങ്ങനടി പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കുകയാണെന്നും ബാങ്ക് നൽകുന്ന വായ്പകളേയോ പദ്ധതികളേയോ കുറിച്ചോ, ബാങ്കിന്റെ പ്രവർത്തനങ്ങളെ കുറിച്ചോ ഉള്ള പ്രചരണം പഞ്ചായത്തിലെ എല്ല ഭാഗങ്ങളിലും എത്തിയിട്ടില്ല എന്നും റിപ്പോർട്ടുകളിൽ കാണുന്നുണ്ട്. പഞ്ചായത്തിലെ എല്ലാ ഭാഗങ്ങളിലും കാർഷികവികസനബാങ്കിനെ പറ്റിയും അതിന്റെ പ്രവർത്തനങ്ങളെപ്പറ്റിയും കൂടുതൽ പ്രചരണം നടത്തിയാൽ ബേങ്കിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപെടുത്താൻ സാധിക്കം ഒറ്റപ്പാലംഹൌസിംഗ് സഹകരണ സംഘത്തെ കുറിച്ചും ജനങ്ങൾക്ക് കൂടുതൽ അറിവില്ലെന്ന് കാണുവാൻ കഴിഞ്ഞു. സഹകരണസംഘത്തിന്റെ വായ്പാസൌകര്യങ്ങൾ പഞ്ചായത്തിലെ എല്ലാ ഭാഗങ്ങളിലും നൽകുന്നത് ഹൌസിംഗ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ വികസിക്കുന്നതിന് സഹായകമാകും.

പ്രശ്നങ്ങളും സാധ്യതകളും.

1. .ജനങ്ങളുടെ പ്രധാനകൃഷികളായ നെല്ല്, നാളികേരം, കശുവണ്ടി, റബ്ബർ, കുരുമുളക്, അടയ്ക്ക തുടങ്ങിയവക്ക് ന്യായമായ വില കിട്ടുന്നില്ല. ഇവയുടെ സംഭാരണത്തിൽ താങ്ങുവില ഏർപ്പെടുത്തി വിതരണത്തിനം വിപണനനത്തിനും സഹകരണമേഖല/ബാങ്കുകൾ മുന്നോട്ടുവരണം. ഇതിനായി പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ വിളവെടുപ്പ് സമയത്ത് സംഭരണ കേന്ദ്രങ്ങൾ തുടങ്ങുകയും ചെയ്യുക.
2. കൃഷിക്കാർക്ക് യഥാസമയങ്ങളിൽ രാസവളങ്ങൾ വാങ്ങുന്നതിന് ലോണുകൾ അനുവദിക്കുക.
3. പാൽവിതരണം, വട്ടി, കൊട്ട, കളിമൺ പാത്രനിർമ്മാണം, കരിങ്കൽ ഉൽപ്പന്നങ്ങൾ എന്നീ വിഭാഗങ്ങളിലെ പ്രശ്നങ്ങൾക്ക് അവ കൂടുതൽ ഫലപ്രദമായി ഉപയോഗിക്കുന്നതിനായി സഹകരണസംഘങ്ങൾ സ്ഥാപിക്കുക.
4. കൂടുതൽ വനിതാസഹകരണ സംഘങ്ങൾക്കം പട്ടികജാതി സഹകരണസംഘങ്ങൾക്കം സാധ്യതയുണ്ട്.
5. വിദ്യാഭ്യാസ സൌകര്യങ്ങൾ കൂടുതൽ മെച്ചപെടുത്തുന്നതിന് സഹകരണബേങ്കുകളുടെ ലാഭത്തിൽ ചെറിയശതമാനം നൽകുന്നത് സഹായകമാവും.
6. ഒന്നാംവാർഡിൽ ഒരു ന്യായ വില ഷോപ്പു തുടങ്ങുന്നതിനും പാവുക്കോണത്ത് ഒരു ജനറൽസ്റ്റോൽ തുടങ്ങുന്നതിനും സഹകരണമേഖല മുന്നോട്ടു വരേണ്ടതുണ്ട്.
7. സംഭരിക്കുന്ന ഉല്പന്നങ്ങളെ സംസ്കരിക്കുവാനും അവ ഇവിടെയും മറ്റുസ്ഥലങ്ങളിലും വിൽപ്പനനടത്തുന്നതിനം പുതിയ വ്യവസായ സഹകരണ സംഘങ്ങൾ സ്ഥാപിക്കുവാൻ സഹകരണബേങ്കുകൾ മുന്നോട്ടു വരണം.
8. പാഴ്വസ്തുക്കൾ, ചപ്പുചവറുകൾ എന്നിവ ശേഖരിച്ച് സംസ്കരിച്ച് അതിൽനിന്നും തെജവവള നിർമ്മാണശാല സഹകരണ അടിസ്ഥാനത്തിൽ അനുവദിക്കുക.

9. ഇപ്പോഴുള്ള പ്രവർത്തനങ്ങൾക്കുപരിയായി പ്രഭാത-സായാഹ്നശാഖകൾ തുടങ്ങുവാൻ സർവ്വീസ് കോ- ഒപ്പറേറ്റീവ് ബാങ്കുകൾ മുന്നോട്ടു വരണം.
10. ഓരോ സഹകരണ മേഖലയും നൽകുന്ന വായ്പകളെ കുറിച്ച് കൂടുതൽ പ്രചാരണം നടത്തണം.
11. പാടശേഖരസമിതികളെ സഹകരണസംഘങ്ങളായി നല്ല രീതിയിൽ പ്രവർത്തിക്കുവാൻ സജ്ജമാക്കണം.
12. കോതകുർശ്ശി സർവ്വീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ പനമണ്ണയിലും പാവുക്കോണത്തും പാലക്കോട്ടങ്ങാടിയിലും കൺസ്യൂമർ സ്റ്റോറുകൾ ആരംഭിക്കണം.
13. 'സുദിക്ഷ'പദ്ധതി എല്ലാ ന്യായവിലഷോപ്പുകളിലും വ്യാപിപ്പിക്കുകയും വിപുലീകരിക്കുകയും ചെയ്യണം.
14. 1000 പേർക്ക് ഒന്ന് എന്ന തോതിൽ ന്യായവില ഷോപ്പുകളാരംഭിക്കാൻ സഹകരണസ്ഥാപനങ്ങൾ മുന്നോട്ടുവരണം.
15. ദേശസാൽകൃത ബാങ്കുകൾ കൂടുതൽ ഇനങ്ങളിൽ വായ്പ നൽകുന്നതിനും തോത് വർദ്ധിപ്പിക്കുന്നതിനുള തയ്യാറാവണം.



5.11 പട്ടികജാതി

അനങ്ങന്നടി ഗ്രാമ പഞ്ചായത്തിൽ 10 വാർഡുകളിലായി 44 പട്ടികജാതി കോളനികളുണ്ട്. ഈ കോളനികളിലെ 499 വീടുകളിലായി 3340 ജനസംഖ്യയുണ്ട്. 2, 3, 5, 6 എന്നീ വാർഡുകളിൽ ഓരോ ലക്ഷംവീടു കോളനികളുണ്ട്.

സാമൂഹ്യ പരമായ പലമാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും സാമ്പത്തികപരമായും വിദ്യാഭ്യാസപരമായും പിന്നോക്കാവസ്ഥയിലാണ്. ജാതിപരമായ ഉച്ചനീചത്വം ചില പ്രദേശങ്ങളിൽ ചെറിയ തോതിൽ ഉണ്ടെങ്കിലും , പൊതുവെ പട്ടികജാതിക്കാരെ ജാതീയമായി അകറ്റി നിർത്തുന്ന പ്രവണത ഇല്ലെന്ന് തന്നെ പറയാം. സാമൂഹിക സാംസ്കാരിക രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ പട്ടികജാതി യുവതീയുവാക്കൾ പ്രവർത്തിക്കുന്നുണ്ട്. സാമ്പത്തിക പര,ാധീനതകൾ കാരണം വിദ്യാഭ്യാസ പുരോഗതി വേണ്ടത്ര ഇല്ല. ഭൂരിഭാഗം ആളുകളും കാർഷികമേഖലയിൽ തൊഴിലെടുത്ത ജീവിക്കുന്നവരാണ്. പരമ്പരാഗത കൈത്തൊഴിലെടുത്തു ജീവിക്കുന്ന 50 കുടംബങ്ങൾ പഞ്ചായത്തിലുണ്ട്. പ്രധാനപ്പെട്ട ജാതികൾ - പാണൻ, പറയൻ , ചെറുമൻ, മണ്ണാൻ എന്നീ ജാതികളാണ്. പാണൻ, പറയൻ എന്നീ വിഭാഗങ്ങൾ തങ്ങളുടെ പരമ്പരാഗത തൊഴിലെടുത്തു ജീവിക്കാൻ പ്രയാസപ്പെടുകയാണ്. പാണസമുദായക്കാരുടെ തൊഴിലിനുള്ള അസംസ്കൃത സാധനങ്ങൾ ഓല , മുള എന്നിവ ലഭിക്കാൻ ബുദ്ധിമുട്ടുകൾ ഉണ്ട്. തങ്ങളുടെ തൊഴിൽ വിട്ട് മറ്റു തൊഴിൽ മേഖലയിലേക്ക് പോകുന്ന അവസ്ഥയിലാണ്. പറയ സമുദായക്കാരുടെ പ്രധാന തൊഴിൽ മുളകൊണ്ടുള്ള പരമ്പ്, കുട്ട, വട്ടി മുതലായവ ഒണ്ടാക്കി വിൽപ്പന നടത്തുകയാണ്. ഇവർക്കാവശ്യമായ അസംസ്കൃത വസ്തുവായ മുള ആവശ്യത്തിന്ന് ലഭ്യമല്ലാത്തതിനാൽ തങ്ങളുടെ കൈത്തൊഴിലിൽ നിന്നും വിട്ടു നിൽക്കാൻ നിർബന്ധിക്കപ്പെടന്നു. അസംസകൃത വസ്തു ആവശ്യാനുസരം ലഭ്യമായാൽ ഈ വിഭാഗത്തിലെ കുടുംബങ്ങളുടെ തൊഴിൽ നിലനിർത്താൻ കഴിയും കൂടാതെ ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റ് ഇല്ലാത്തതും വളരെ പ്രശ്നങ്ങൾ ഉണ്ടാക്കുന്നണ്ട്.

പട്ടികജാതിയിലെ മറ്റു ജനവിഭാഗങ്ങൾ അധികവും കാർഷികമേഖലയിൽ കൂലിപ്പണിക്കാരാണ്. സ്ഥിരം വരുമാനം ഉള്ളവർ കുറവാണ്. ഭൂരിഭാഗം കുടംബങ്ങളിലെ രക്ഷിതാക്കൾക്കും തങ്ങളുടെ കുട്ടികളുടെ പഠനകാര്യത്തിൽ ശ്രദ്ധ ചെലുത്താൻ കഴിയുന്നില്ല. ഇതിന്റെ ഫലമായി വിദ്യഭ്യാസം നിർത്തിയവരുണ്ട്. അധികം പേരും ഹൈസ്കൂൾ വിദ്യഭ്യാസത്തോടു കൂടി പഠനം നിർത്തുന്നു. ഗവ. ജോലിയുള്ളവർ വളരെ കുറവാണ്. കർഷക തൊഴിലാളികളിൽ അർഹതപ്പെട്ട മുഴുവൻ പേർക്കും പെൻഷൻ ലഭിക്കുന്നില്ല.

എല്ലാ കോളനി പ്രദേശങ്ങളിലും അടിസ്ഥാന സൗകര്യങ്ങൾ വെള്ളം, വെളിച്ചം, കക്കൂസ് എന്നിവ പൂർണ്ണമായും എത്തിയിട്ടില്ല. എല്ലാ വീടുകൾക്കും കക്കൂസുകൾ ഇല്ലാത്തതിനാൽ നിരവധി ആരോഗ്യ പ്രശ്നങ്ങൾ നിലവിലുണ്ട്.

IHDP കോളനിയായി പെരുമ്പിലാവിൽ കോളനി, എഴുത്തച്ഛൻകളം കോളനി, എന്നീ രണ്ടു കോളനികളാണുള്ളത്. വീടുകൾ കുറവുള്ള കോളനികളിൽ വികസനപ്രവർത്തനങ്ങൾ തീരെ ലഭിക്കുന്നില്ല. കോളനിയായി അംഗീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എടുത്തുകളയേണ്ടതുണ്ട്. പട്ടികജാതി വീടുകൾ എവിടെയൊക്കെ ഉണ്ടെങ്കിൽ ആ വീടുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്.

തൊഴിൽ:- കാർഷിക മേഖലയിൽ കൂലിപ്പണി ചെയ്താണ് അധികം കുടംബങ്ങളും ജീവിക്കുന്നത് ഈ മേഖലയിൽ പുരുഷന് എഴുപത് രൂപയും, സ്ത്രീ തൊഴിലാളിക്ക് 40 രൂപയുമാണ് കൂലി. ഭാരിച്ച ജീവിതച്ചിലവു കാരണം കുട്ടികളുടെ വിദ്യാഭ്യാസം, ആരോഗ്യ പ്രശ്നങ്ങൾ എന്നിവയിൽ വേണ്ടത്ര ശ്രദ്ധ ചെലുത്താൻ കഴിയുന്നില്ല. കൂലിപ്പണി ചില സീസണിൽ മാതമാണുള്ളത്. തുടർച്ചയായി പണികിട്ടാനുള്ള സംവിധാനം ഇല്ല. ധാരാളം ചെറുപ്പക്കാർ കൺസ്ട്രക്ഷൻ പണിയിലേക്ക് പോകുന്നുണ്ട്. കാർഷിക മേഖലയിലേതിനേക്കാൾ കൂലി കൂടുതൽ കെട്ടിട നിർമ്മാണ മേഖലയിലാണ്. 100 ൽ താഴെ പേർക്കു മാത്രമാണ് ഗവൺമെന്റ് ജോലിയുള്ളത്. എംപ്ലോയ്മെന്റ് എകസ്ചേഞ്ചിൽ തൊഴിലിനു വേണ്ടി പേർ റജിസ്റ്റർ ചെയ്തവർ നിരവധിയാണ്.

പരമ്പരാഗത തൊഴിലെടുത്തു ജീവിക്കുന്ന കുടുംബങ്ങൾക്ക് അസംസ്കൃത വസ്തുക്കൾ കിട്ടാനില്ല. പരമ്പ്. വട്ടി, കൊട്ട, മുതലായവ ഉണ്ടാക്കി ജീവിക്കുന്ന സമുദായക്കാർക്ക് അസംസ്കൃത വസ്തുവായ മുള സുലഭമായി ലഭ്യമാക്കാൻ സംവിധാനം ഉണ്ടാക്കണം. ഓലക്കുട നിർമ്മിച്ചു ജീവിക്കുന്ന കുടുംബങ്ങളുമുണ്ട്. ഇവർക്ക് ആവശ്യമായ ഓല ലഭ്യമാക്കാൻ ബുദ്ധിമുട്ടുകൾ നിരവധിയാണ്. പഞ്ചായത്തിൽ കുടപ്പന ഇല്ലാത്തതിനാൽ ഇവർ അന്യ പഞ്ചായത്തിൽ പോയി ഓല കൊണ്ടുവരികയാണ് പതിവ്. ഇതിനുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ ശ്രമിക്കേണ്ടതാണ്.

രണ്ടുതരത്തിലുള്ള കൈത്തൊഴിലുകാർക്കും തങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റ് ഇല്ലാത്തതിനാൽ വിറ്റഴിക്കാൻ പ്രയാസപ്പെടുന്നു. ഈ രണ്ടു വിഭാഗങ്ങൾക്കും വ്യവസായിക അടിസ്ഥാനത്തിൽ തങ്ങളുടെ ഉൽപ്പന്നം ഉണ്ടാക്കാനും, അതിനുള്ള മാർക്കറ്റ് കണ്ടെത്താനും പഞ്ചായത്തുതലത്തിൽ സഹകരണ സംഘം ഉണ്ടാക്കി വേണ്ട സഹായങ്ങൾ ചെസ്തുകൊടുക്കേണ്ടതാണ്. കാർഷികമേഖലയിൽ പണിയെടുക്കുന്നവർക്ക് കൂടുതൽ തൊഴിൽ ലഭ്യമാക്കാൻ, കാർഷികമേഖല അഭിവൃദ്ധിപ്പെടുത്തേണ്ടതാകുന്നു.

ഗവർമെൺന്റിന്റെ വിവിധ എജൻസികൾ മുഖേന തൊഴിൽ സംരംഭകർക്ക് തൊഴിൽപരിശീലനം നൽകി സ്വയം തൊഴിൽ ചെയ്തു ജീവിക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

ടൈലറിംങ് പഠിച്ച നിരവധി വനിതകൾ പഞ്ചായത്തിലുണ്ട്. ഇവരെ സംഘടിപ്പിച്ച് വ്യവസായിക അടിസ്ഥാനത്തിൽ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം തുടങ്ങാവുന്നതാണ്.

വീടുകളിൽ പച്ചക്കറികൃഷിപ്പണി ചെയ്യാൻ സ്ത്രീകൾക്ക് വിത്തും വളവും നൽകി പ്രേത്സാഹനം കൊടുക്കേണ്ടതാണ്. മുട്ടക്കോഴി വളർത്തൽ സാദ്ധ്യതയുള്ള ഒരു തൊഴിലാണ്. എല്ലാ വീടുകളിലും കമ്പോസ്റ്റ് കുഴി നിർബന്ധമാക്കുക. പച്ചക്കറികൃഷിക്കുള്ള വളം ഇതിൽ നിന്നും ലഭ്യമാകും. കൂടുതൽ പച്ചക്കറികൃഷി ചെയ്യുന്നവർക്ക് പ്രോത്സാഹനമായി ബോണസ് നൽകുക. പഞ്ചായത്തിൽ പച്ചക്കറിച്ചന്ത സ്ഥാപിക്കാവുന്നതാണ്. പശുവിനെ വളർത്താൻ തയ്യാറുള്ളവർക്കെല്ലാം ഓരോ പശുവിനെ നൽകുക. പാൽ സംഭരിക്കുന്നതിനായി പാൽ സൊസൈറ്റി രൂപികരിക്കാവുന്നതാണ്. ഇതു വഴി കുറച്ചു പേർക്ക് തൊഴിൽ സാദ്ധ്യതയുണ്ടാകും.

വിദ്യാഭ്യാസം:- എല്ലാവർക്കും വേണ്ടത്ര വിദ്യാഭ്യാസം ലഭിച്ചിട്ടില്ല. സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു മേൽ പഠനം തുടരുന്നവർ വിരളമാണ്. അതുപോലെ തന്നെ ചെറിയ ക്ലാസ്സുകളിൽ വെച്ച് പഠനം നിർത്തുന്നവരുമുണ്ട്.

ഇത്തരത്തിലുള്ളവരെ കണ്ടുപിടിച്ച് തുടർ വിദ്യാഭ്യാസത്തിനുള്ള സംവിധാനം ഉണ്ടാക്കണം. ചില കോളനികളിൽ നിരക്ഷരർ ഉണ്ട്. സാക്ഷരതാ പ്രവർത്തനം തുടർന്നും നടത്തേണ്ടതാകുന്നു.

പഞ്ചായത്തിൽ ആകെ 688 സ്കൂൾ വിദ്യാർത്ഥികൾ ഉണ്ട്. അതിൽ 340 പെൺകുട്ടികളും 348 ആൺകുട്ടികളുമാണ്. തോറ്റു പഠിക്കുന്നവർ 51 കുട്ടികളാണ്. ഇതിൽ 32 ആൺകുട്ടികളും 19 പെൺകുട്ടികളും ഉണ്ട്. സ്കൂൾ തലത്തിൽ ചെറിയ ക്ലാസ്സുകളിൽ വെച്ച് പഠനം നിർത്തിയവരും ഉണ്ട്. 688വിദ്യാർത്ഥികളും ലംപ്സം ഗ്രാന്റ് വാങ്ങിക്കുന്നവരാണ്. കോളേജ് വിദ്യാർത്ഥികളും പഞ്ചായത്തിലുണ്ട്. ഉയർന്ന വിദ്യാഭ്യാസം നേടിയവർ അപൂർവ്വമാണ്. രക്ഷിതാക്കൾക്ക് മക്കളുടെ പഠന കാര്യത്തിൽ ശ്രദ്ധചെലുത്താനുള്ള ബോധനിലവാരം ഇല്ലായ്മയുണ്ട്.

പഠനത്തിൽ താൽപര്യമുള്ള കുട്ടികൾക്ക് പ്രോത്സാഹനം നൽകി. ഉയർന്ന നിലയിലെത്തിക്കാൻ ശ്രമിക്കേണ്ടതാണ്. അഭ്യസ്തവിദ്യരായ ചെറുപ്പക്കാരെ ഉപയോഗപ്പെടുത്തിക്കൊണ്ട് പഠന നിലവാരം കുറഞ്ഞ വിദ്യാർത്ഥികൾക്ക് ട്യൂഷൻ എടുപ്പിക്കാവുന്നതാണ്. കലാകായികരംഗങ്ങളിൽ താൽപര്യമുള്ള കുട്ടികൾക്ക് പഞ്ചായത്ത് തലത്തിൽ പ്രോത്സാഹനം നൽകണം.

കോളനികളുടെ പൊതു അവസ്ഥ വളരെ മോശമാണ്. അടിസ്ഥാന സൗകര്യമായ വെള്ളം, വെളിച്ചം എന്നിവ എല്ലാ കോളനികളിലും ആയിട്ടില്ല. 200 കുടുംബങ്ങൾ വീടില്ലാത്തവരാണ്. ഓരോ വീട്ടിലും മൂന്ന് കുടുംബങ്ങൾ വരെ താമസിക്കുന്ന സ്ഥിതിയുണ്ട്. വീടുവെക്കാൻ സ്വന്തമായി സ്ഥലമില്ലാത്തവർ നിരവധിയുണ്ട്. 4 സെന്റ് ഭൂമി കിട്ടിയവരും പഞ്ചായത്തിലുണ്ട് . 44 കോളനികളിൽ ഭൂരിഭാഗ കോളനികളിലേക്കും റോഡ് സൌകര്യം ഇല്ല. അസുഖം വന്ന രോഗികളെ ചുമന്നു കൊണ്ടു പോയി മെയിൻ റോഡിൽ എത്തിക്കേണ്ട ഗതികേട് ഇന്ന് പഞ്ചായത്തിൽ നിലനിൽക്കുന്നു.
ഇരുവിളും കുന്ന് കോളനി, ആനച്ചിക്കുണ്ട്, കരിയാട്ടിൽ, അഷ്ടത്തുമന, വെള്ളിരം പാറ, കളംചാള, കോമരത്തറ, കോവന്ന, മൂരിപ്പാറ, കക്കോടൻകുന്ന് തുടങ്ങി കുറേ കോളനികളിലേക്ക് റോഡ് സൌകര്യം ഇല്ല. ഈ കോളനികളിലെല്ലാം റോഡ് സൌകര്യം ഉണ്ടാകണം.

വീടുകളിൽ കക്കൂസുസൗകര്യങ്ങൾ ഇല്ല. അതിനാൽനിരവധി ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. ചിലവുകുറഞ്ഞ രീതിയിലുള്ള കക്കൂസുകൾ എല്ലാ വീടുകളിലും സ്ഥാപിക്കേണ്ടതാണ്. റോഡു പണി, കക്കൂസ് നിർമ്മാണം തുടങ്ങിയ പണികൾക്ക് മനുഷ്യാദ്ധ്വാനം സംഭാവന ചെയ്യാൻ തയ്യാറുള്ളവർ നിരവധിയുണ്ട്.

ആകെയുള്ള 44 കോളനികളിൽ 26 കോളനികളിൽ വൈദ്യുതി എത്തിയിട്ടില്ല. ബാക്കി കോളനികളിൽ ഭാഗികമായി വൈദ്യുതി എത്തിയിട്ടുള്ളു. എന്നാൽ പൂർണ്ണമായും വൈദ്യുതീകരിച്ച ഒരു കോളനിയും പഞ്ചായത്തിലില്ല.

പഞ്ചായത്തു മുഖേനയും , ബ്ലോക്ക് മുഖേനയും ലഭിച്ച നിരവധി വീടുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കാനുണ്ട്. ഇവയിൽ അധികവും വയറിങ്ങ് കഴിഞ്ഞ വീടുകളാണ്.

വീടുവെക്കുന്നതിന്ന് ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന സഹായധനം തീരെ അപരാപ്തമാണ്. കെട്ടിട സാമഗ്രികളുടെ വിലയും കൂലിയും കണക്കാക്കുമ്പോൾ ധനസഹായം ലഭിച്ചഅത്രയും തുക അധികചിലവ് വരുന്നുണ്ട്. അതിനാൽ അധികംപേർക്കും വീട് പണി പൂർത്തീകരിക്കാൻ കഴിയാതെ വരുന്നു. വീടുകൾക്കുള്ള സഹായധനം വർദ്ധിപ്പിക്കേണ്ടതാണ്. പട്ടികജാതിക്കർക്കുള്ള ഏല്ലാം ആനുകൂല്യങ്ങളും ഗ്രാമപഞ്ചായത്ത് മുഖേന വിതരണം ചെയ്യുകയാണെങ്കിൽ ജനങ്ങളുടെ ബുദ്ധിമുട്ടുകൾ കുറെ ഒഴിവാക്കൻ കഴിയും. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് പഞ്ചായത്തിന് പൂർണ്ണ അധികാരം കൊടുക്കണം. നൽകുന്ന ആനുകുല്യങ്ങൾ ആവശ്യങ്ങൾക്കുതന്നെയാണ് ചിലവിടുന്നതെന്നും പരിശോധിക്കേണ്ടതാണ്. വിവിധക്ഷേമ പ്രവർത്തനങ്ങൾ നടത്തുമ്പോഴും അതുകൊണ്ട് പട്ടികജാതിക്കാരുടെ ജിവിത നിലവാരത്തിൽ മാറ്റങ്ങൾ ഉണ്ടാവുന്നുണ്ടോ എന്നും പരിശോധിക്കണം. ഇന്ന് ലഭിക്കുന്ന വിവിധ ധനസഹായങ്ങൾക്ക് അതു ലഭിക്കുവാനുള്ള നിബന്ധനകൾ ഗുണഭോക്താക്കൾക്ക് പൂർണ്ണമായും പാലിക്കപ്പെടാൻ കഴിയുന്നില്ല. ആയതിനാൽ നിബന്ധനകൾ ലഘൂകരിക്കണം. കർഷകതൊഴിലാളികൾക്കും മറ്റു പെൻഷനുകളും പഞ്ചായത്തുകൾക്ക് കൈമാറിയേങ്കിലും അതിന്റെ ഗുണം ഇനിയും ലഭിച്ചിട്ടില്ല.

പഞ്ചായത്തിലെ 2, 3,,5,6 എന്നീ വാർഡുകളിലായി 4 ലക്ഷം വീട് കോളനികൾ ഉണ്ട്. 2-ാം വാർഡിലെ കയറാട്ടുകുന്ന് ലക്ഷം വീട്കോളനിയിൽ കുടി വെളളം തീരെ ലഭ്യമല്ല. മിക്ക വീടുകളും ഇടിഞ്ഞു വീണിരിക്കുകയാണ്. കേടു വന്ന വിടുകൾ റിപ്പയർ ചെയ്തു കൊടുക്കണം. ഇടിഞ്ഞു വീണ വീടുകൾക്കു പകരം വിടുകൾ നിർമ്മിച്ചുകൊടുക്കേതാണ്. 3-ാം വാർഡിലെ വെളളിനാംകന്ന് ലക്ഷം വീട്കോളനിയിൽ 9 വിടുകളാണ് ഉണ്ടായിരുന്നത്. 18 കുടുംബങ്ങൾ താമസിച്ചിരുന്നതാണ്. 5 വിടുകൾ പൂണ്ണമായും വീണുപോയിരുന്നു. ബാക്കി വിടുകളെല്ലാം ഇടിഞ്ഞുവീഴാറായി നിൽക്കുകയാണ്. ഇതുപോലെയാണ് ബാക്കി 5,6 എന്നി വാർഡുകളിലെ ലക്ഷം വിടുകളുടെയും സ്ഥിതി. വിണുപോയ ലക്ഷം വിടുകൾക്ക് പകരം വിടുകൾ വച്ചുകൊടുകണം. ഈ കോളനികളിലൊന്നും വെളളം, വൈദ്യുതി, കക്കുസ്സ് എന്നിവയില്ല. ലക്ഷംവീടു കോളനികളിൽ പൊതുകക്കുസ്സ് നിർമ്മിച്ചുകൊടുക്കണം. വെളളിനാംകന്ന് കോളനിയിൽ കുടിവെളളക്ഷാമം രൂക്ഷമാണ്. ഒരു കുഴൽകിണർ കുഴിച്ചാൽ കോളനിക്കാർക്കും പരിസരവാസികൾക്കും ഉപയോഗപ്രദമാകും.

കഴിഞ്ഞ 5 വർഷത്തിനിടയിൽ I.R.D.P പദ്ധതിയിൽ ആനുകൂല്യം ലഭിച്ചവർ വളരെ കുറവാണ്. അർഹത പെട്ടവർക്ക് അർഹമായ ആനുകുല്യം ലഭിക്കുന്നില്ല. സാമ്പത്തിക ഞെരുക്കും കാരണം ആവശ്യമില്ലാത്ത പദ്ധതികളുടെ പേരു പറഞ്ഞ് ധനസഹായത്തിന് അപേക്ഷിക്കുന്നു. ഗുണഭോക്താവ് ഏന്തു ചെയ്യുന്നു എന്ന് കൃത്യമായി അന്വേഷിക്കുന്നില്ല. പദ്ധതി ആവിഷ്കരിക്കാത്തിന്റെ പാളിച്ചയാണ് ഒന്ന്. പട്ടികജാതിക്കാരുടെ ജിവിത നിലവാരം ഉയർത്തുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കാരത്തതിന്റെ കുറവുണ്ട്. ഇന്നുളള പദ്ധതികൾ വേണ്ട രിതിയിൽ ഉപയോഗ പ്രദമല്ല. ദേശസാൽക്യത ബാങ്കുകളിലെ കർശനമായ നിബന്ധനകൾ കാരണം ഗുണഭോക്താക്കൾക്ക് സഹായ്ധനം കിട്ടാത്ത അവസ്ഥയുണ്ട്. ബാങ്കുകൾ പട്ടികജാതികാരോടുളള സമീപനം മാറ്റണം. സഹകരണ സംഘങ്ങൾ വഴിയും പട്ടികജാതിക്കാർക്കുള്ള സഹായധനം വിതരണം ചെയ്യേണ്ടതാണ്. തങ്ങൾക്കുള്ള അഞ്ചോ, പത്തോ സെന്റ് സ്ഥലത്തിന്റെ രേഖ ബാങ്കുകളിൽ ഈടുകൊടുത്താണ് ധനസഹായം കൈപ്പറ്റുന്നത്. ഈടോ, രേഖയോ

പണയം കൊടുക്കാതെ; പലിശ രഹിത വായ്പ എല്ലാ പട്ടിക ജാതിക്കാർക്കും കൊടുക്കേണ്ടതാണ്. I.R.D.P ലോൺ എടുത്ത്; ഇന്നത്തെ നിബന്ധനകൾക്കനുസരിച്ച് തിരിച്ചടക്കാൻ കഴിയാതെ റവന്യു റിക്കവറി നേരിടുന്ന കുടുംബങ്ങളുണ്ട്. വിവിധ എജൻസികൾ മുഖേനയുള്ള ആനുകൂല്യങ്ങൾ എല്ലാം പഞ്ചായത്തു മുഖേന വിതരണം ചെയ്യാവുന്നതാണ്.

പട്ടിക ജാതിക്കാരുടെ ഇന്നത്തെ പൊതു അവസ്ഥയിൽ മാറ്റം വരുത്തുന്നതിനും, സാമൂഹികവും, സാമ്പത്തികവും, വിദ്യാഭ്യാസപരമായും തൊഴിൽപരമായും, ആരോഗ്യപരമായും ഉയർന്ന നിലവാരത്തിലെത്തിക്കുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ അടിയന്തിരമായി ചെയ്തു തീർക്കേണ്ടതാകുന്നു.

- ❀ വീടില്ലാത്ത എല്ലാ കുടുംബങ്ങൾക്കും വീട് അനുവദിക്കുക.
- ❀ വീടിനുള്ള ധനസഹായം 50,000 രൂപയാക്കുക.
- ❀ **അറ്റകുറ്റ പണി ചെയ്യാനുള്ള വീടുകൾക്ക് ധനസഹായം നൽകുക.**
- ❀ വീണു പോയ ലക്ഷം വീടു കോളനികൾക്ക് പകരസഹായം അനുവദിക്കുക.
- ❀ ലക്ഷംവീട് കോളനികളിൽ വെള്ളം, വെളിച്ചം പൊതു കക്കൂസ് എന്നിവ എത്തിക്കുക.
- ❀ **വെള്ളിനാംകുന്നു കോളനികളിൽ കുഴൽകിണർ സ്ഥാപിക്കുക.**
- ❀ പാവുക്കോണം കളംപാള കോളനിയിൽ കുടി വെള്ളം എത്തിക്കുക.
- ❀ ഗണപതിപ്പാറ, അഷ്ടത്തുമന, കാഞ്ഞിരം, ചോണാട് കോളനി എന്നീ കോളനികളിലേക്ക് കുടി വെള്ളം എത്തിക്കുക.
- ❀ **ഓട്ടുപാറ ഹരിജൻ കോളനി റോഡ് ഗതാഗതയോഗ്യമാക്കുക.**
- ❀ ഇരുവിളം കുന്ന് കോളനിയുമായി റോഡു ബന്ധിപ്പിക്കുക. പട്ടർക്കോണം ഭാഗത്തുനിന്നും വരുന്ന റോഡ് ആനച്ചിക്കുണ്ട് കളക്കാട്ടിൽ കോളനിയിലേക്ക് ബന്ധിപ്പിക്കുക.
- ❀ **3-ാം വാർഡിലെ ഇരുവിളം കുന്ന് കോളനിയെ സോയിൽ കൺസർവേഷൻ സ്കീമിൽ ഉൾപ്പെടുത്തി മണ്ണിടിച്ചിൽ** തടയുന്നതിന് കോളനിയുടെ രണ്ടു ഭാഗത്തും മതിൽ കെട്ടി മണ്ണിടിച്ചിൽ തടയുക.
- ❀ 4ാം വാർഡിൽ കളത്തിൽതെത്താടിക്കു മുകളിൽ കാട് കോളനിയിലേക്ക് വൈദ്യുതി **എത്തിക്കുക. വീട്, കക്കൂസ് എന്നിവ ആവശ്യമാണ്. റോഡു സൗകര്യം മെച്ചപ്പെടുത്തുക.**
- ❀ 5-ാം വാർഡിൽ നിന്നും മഞ്ഞളാടി കോളനി വഴി വരുന്ന റോഡ് പാലക്കോട്ടു കളം **കോളനിയുമായി ബന്ധിപ്പിക്കുക.**
- ❀ ചേറമ്പറക്കാവ് റോഡിൽ നിന്നും ഗണപതിപ്പാറ കോളനിയിലേക്ക് റോഡ് ഗതാഗതയോഗ്യമാക്കുക.
- ❀ പത്തംകുളം കരിയാട്ടിൽ കോളനിയിലേക്ക റോഡ് സൗകര്യം എർപ്പെടുത്തുക. വെള്ളം, **വെളിച്ചം, കക്കൂസ് എന്നിവ അത്യാവശ്യമാണ്.**
- ❀ മുണ്ടോക്കുളം കോളനിയിലേക്ക് വൈദ്യുതി എത്തിക്കുക.
- ❀ ആനച്ചിക്കുണ്ട് - കളക്കാട്ടിൽ കോളനിയിലേക്ക് വൈദ്യുതി എത്തിക്കുക.

- മൂന്നാം വാർഡിലെ കളക്കാട്ടിൽ കോളനിയിലേക്ക് കൂടി വെള്ളം എത്തിക്കുക.
- 7-ാം വാർഡിലെ കോളനികളിലേക്കുള്ള റോഡ് ഗതാഗതയോഗ്യമാക്കുക.
- ആന്തൂർപറമ്പിൽ നിന്നും അഷ്ടമനകോളനി വഴി വെള്ളാരംപാറയിലേക്ക് റോഡ് നിർമ്മിക്കുക.
- വൈദ്യുതി, വെള്ളം, റോഡ് എന്നിവ എത്താത്ത എല്ലാ കോളനികളിലേക്കും ഇവ എത്തിക്കുക
- എല്ലാ വീടുകളിലും ചിലവു കുറഞ്ഞ കക്കൂസ് നിർമ്മിക്കുക.
- കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക.
- പെൺകുട്ടികൾക്ക് തുന്നൽ പരിശീലനം, കരകൗശല നിർമ്മാണപരിശീലനം എന്നിവ നൽകി സ്വയം തൊഴിൽ പരിശീലനങ്ങൾ കാര്യക്ഷമമാക്കുക.
- സ്ത്രീകൾക്ക് മുട്ടക്കോഴി വളർത്തുന്നതിന് കോഴിക്കുഞ്ഞുങ്ങളെ നൽകുക.
- എല്ലാ വീടുകളിലും കമ്പോസ്റ്റ് കുഴി നിർബന്ധമാക്കുക.
- പച്ചക്കറിക്കൃഷിയെ പ്രോത്സാഹിപ്പിക്കുക.
- താൽപര്യമുള്ള കുടുംബങ്ങൾക്ക് ഓരോ പശുവിനെ നൽകി. പാൽ ഉൽപ്പാദനത്തിനു കളമൊരുക്കുക. പാൽ സൊസൈറ്റി സ്ഥാപിച്ചാൽ പാൽ സംഭരണത്തിനും കുറച്ചു പേർക്ക് തൊഴിൽ സാദ്ധ്യതയും ഉണ്ടാകും.
- പട്ടികജാതിവ്യവസായ സഹകരണസംഘം സ്ഥാപിച്ച് കൈതൊഴിൽ ഓട്, മുള, ഓല എന്നിവ എത്തിച്ചുകൊടുക്കുകയും അവരുടെ ഉൽപ്പന്നങ്ങൾ വാങ്ങി സംഘം വിൽപ്പന നടത്തുകയും ചെയ്യുക.
- മൂരിപ്പാറക്കോളനിയിലേക്ക് റോഡ് നിർമ്മിക്കുക.
- പായ നെയ്ത്തുകാർക്ക് ധനസഹായം നൽകുക.
- എല്ലാ കോളനികളിലും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
- എല്ലാ കോളനികളിലും ടി.വി. സെറ്റ് സ്ഥാപിക്കുക.
- എല്ലാ പട്ടികജാതി വീടുകളേയും കോളനി വീടുകളായി അംഗീകരിക്കുക.

പട്ടിക 1

8-ാം പഞ്ചവത്സര പദ്ധതിയിൽ (1991-92 To '95-'96) IRDP പദ്ധതിയിൽ പട്ടികജാതിക്കാർക്കു കൊടുത്ത ആനുകൂല്യങ്ങളുടെ വിവരം.

	ആകെ സർവ്വെ വീടുകൾ	ലിസ്റ്റിലുള്ള വിവിധയിനം ധനസഹായം	കുടുംബങ്ങൾ – 326 ത്രെസ്സം കക്കൂസ്	പരിശീലനം
1991-92 മുതൽ 1995-'96 വരെ	136	127	34	8
1996-97 നടപ്പു പദ്ധതി	12	26	5	ഇല്ല

DWCRA യൂണിററിൽ 1 പട്ടികജാതിയുണ്ട്.(കീടനിർമ്മാണയൂണിറ്റ്)
പട്ടികജാതിവിദ്യാത്ഥികൾക്കുള്ള ഫർണിച്ചറുകൾ കൊടുത്തിട്ടില്ല.
സോഷ്യൽ ഫോറസ്ട്രി പദ്ധതിയിൽ 30 തെങ്ങിൻതൈ കൊടുത്തു
IHDP കോളനിൽയായ പെരുമ്പിലാവിൽ കോളനിയിൽ 22 വീടുകൾ വയറിംങ്ങ് ചെയ്തു.

പട്ടിക 2

പട്ടികജാതിവിദ്യാത്ഥികൾ :-

ആൺ - 348
പെൺ - 340

ആകെ - 688

പട്ടിക 3

ഹരിജൻ കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ

വാർഡ്	ഹരിജൻ കോളനിയുടെ പേര്	വൈദ്യുതി കണക്ഷൻ	സൗജന്യ സ്ലാബിൽ	പണം അടക്കുന്നവർ	വൈദ്യുതീകരിക്കാത്തവ
1	പെരുമ്പിലാവിൽ				12
2.	കയറാട്ട് കോളനി	1		1	9
2	കോന്ത "				12
2	കോമത്തോടി				5
2	വട്ടപ്പറമ്പ്(പളളത്ത്)				8
2	കക്കട്ടടൻ കോളനി	4			4
2	പെരുമ്പിലാവിൽ	1		1	18
3	ഇരുവിളും കുന്ന്	5		5	2
3	ആനച്ചിക്കുണ്ട്				5
3	കളക്കാട്ടിൽ				5
3	മുണ്ടോക്കളം				10
3	കളക്കാട്ടിൽ	5		5	2
3	വെളളിനാംകുന്ന്	4		4	7
3	ചെമ്പുളളിത്തോടി				4
4	കളത്തിൽതൊടി-കുമുള്ളിൽകാവ്			6	
5	കരിയാട്ടിൻ	1		1	11

5	പുതുവായിൽ				6
5	കമുളളിൻകാട്	9		9	5
6	കന്നിക്കാട്-ഒടുവങ്ങാട്				16
6	തരുവകോണം				16
6	ചെമമങ്ങോട്				13
6	പാപ്പിനി-തട്ടാൻപാക്ക്				10
7	കരയാനാംകുന്ന്				6
7	പൂളകുണ്ട്				15
7	എഴുത്തശ്ശൻകളം	5		5	16
7	താനിക്കോട് പളളിയാലിൽ	1		1	3
8	മഞ്ഞളാടി	5		5	13
8	കാഞ്ഞിരം	7		7	6
8	പൂമ രം	12		12	5
8	ഒലഞ്ചേരിപാണ്ടത്തിൽ	1		1	22
8	കോട്ടപ്പുറം	1	1		4
8	മൂരിപ്പാറക്കൽ				4
8	മനക്കൽപ്പടി	1		1	6
8	ചോണാട്ടുകോളനി				15
8	അഷ്ടത്തുമന				18
8	ഗണപതിപ്പാറ				30
9	പാലക്കോട്ടുകളം	3		3	19
9	ഓട്ടുപാറ				6
10	മാരിയിൽകളം				10
10	ചിറയൻകളം				8
10	കളംചാള(കളത്തിൻ)				8
10	മാരിയിൻ ചാള	2		2	9
10	പാറോല				11
10	തതക്കകാട്				12

പട്ടിക 4

വാർഡുകളിലെ കോളനികളുടെ എണ്ണവും വൈദ്യുതീകരിച്ച വീടുകളും വൈദ്യുതികരിക്കാത്ത വീടുകളും

വാർഡ്	കോളനികളുടെ എണ്ണം	വീടുകളുടെ എണ്ണം	വൈദ്യുതികരിച്ച വീടുകൾ	വൈദ്യുതീകരിക്കാത്ത വീടുകൾ
1	1	12	———	12
2	7	54	6	48
3	6	45	14	31
4	2	17	———	17
5	3	32	10	22
6	4	55	———	55
7	4	46	6	40
8	9	150	27	123
9	2	28	3	25
10	6	60	5	55
	44	499	71	429



5.12

വിഭവസമാഹരണം

വിഭവശേഷി കുറഞ്ഞ ഒരു ഗ്രാമ പഞ്ചായത്ത് ആണ് അനങ്ങന്നടി ഗ്രാമ പഞ്ചായത്ത്. ദൈനംദിന പ്രർത്തനങ്ങൾ കൂടി കഴിഞ്ഞു പോകാൻ പ്രയാസപ്പെടുന്ന ഈ ദുസ്ഥിതി മാറിയെടുക്കേണ്ടതുണ്ട്. ഗൃഹനാഥന് വരുമാനമില്ലെങ്കിലത്തെ ദുരവസ്ഥപോലെ സ്വയംഭരണസ്ഥാപനങ്ങൾ ഏതുമാകട്ടെ, അതിന്റെ ദൈനംദിന പ്രവർത്തനത്തിലും വികസനത്തിന് തന്റതായ പങ്കു നിർവഹിക്കാനും കഴിയണമെങ്കിൽ വരുമാനം വേണം. സിനിമാശാലയില്ല, വ്യവസായസ്ഥാപനങ്ങളില്ല, ആഴ്ചച്ചന്തകളില്ല. വീട്ടുകരവും തൊഴിൽ നികുതിയും കൊണ്ട് നിത്യനിദാനചിലവുകൾ തന്നെ ഒരുവിധമാണ്. പിന്നെ വിവിധ വകുപ്പുകളിൽ നിന്ന്കിട്ടുന്ന ഫണ്ടുകൾ കൊണ്ടുള്ള വികസന പ്രവർത്തനങ്ങൾമാത്രം . ഈ അവസ്ഥ നിലനിർത്തിപുത്തൻ വരുമാനങ്ങൾ നമ്മുടെ പഞ്ചായത്തിന്റെ പരിധിക്കകത്ത് നിന്നു നാം ഉണ്ടാക്കി എടുക്കേണ്ടതുണ്ട്. മറെറാന്ന് ഗ്രാമപഞ്ചായത്തുകളുടെ തറവാട്ടിൽ ദുർബലരായവരെ നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുവാനുള്ള ചുമതല അധികവരുമാനമുള്ള പഞ്ചായത്തുകളും സർക്കാരും ഏറെറടുത്താലേ സന്തുലിതമായ വികസനം ഉറപ്പു വരുത്താനാവുകയുള്ളു.

വരവുസംബന്ധിച്ച വിവരങ്ങൾ

ഇനം	ധനാഭ്യർത്ഥന
കെട്ടിടനികുതി	1,18,811.32
തൊഴിൽ നികുതി	75,850.00
ലൈസൻസ്ഫീസ്	3,218.00
വസ്തു കൈമാറ നികുതി	1,05,489.00
സർക്കാർ ഗ്രാൻന്റുകളും മറും ഒഴികെയുള്ള മറു വരവുകൾ	77,348.23
ഡെപ്പോസിറ്	2,454.00
ആകെ	3,83,170.55

ഗ്രാന്റ് വിവരങ്ങൾ

VRM	M.I	V.T.C.	അടിസ്ഥാനനികുതി 25 % 75 %	SPL Grand	JRY	Untied Fund	ആകെ
30,674	8810	261368	25126	50,000	396800	369300	11,44,778

1995ൽ ചിലവു സംബന്ധിച്ച വിവരങ്ങൾ

ഭരണം	3,27,038
പൊതുമരാമത്ത്	4,27,074
വിദ്യാഭ്യാസം	18,660
ജലവിതരണം - ഓടകൾ -	
- പൊതുജന ആരോഗ്യം	5,986
തെരുവു വിളക്കുകൾ കത്തിക്കുന്നതിന്	3,24,465
മറ്റുള്ളവ	1,18,252
ആകെ	9,29,456

വരുമാനമാർഗ്ഗങ്ങൾ (വിഭവസമാഹരണം):

നമ്മുടെ പഞ്ചായത്തിന് തൊഴിൽ നികുതിയിനത്തിൽ 75,850 രൂപയും, കെട്ടിട നികുതിയിനത്തിൽ 1,18,811 രൂപയും , ലൈസൻസ് ഫീസിനത്തിൽ 31,218 രൂപയും, വസ്തു കൈമാറ്റ നികുതിയിനത്തിൽ 1,05,489 രൂപയും സർക്കാർ ഗ്രാന്റുകൾ ഒഴികെയുള്ള മറ്റു വരവുകൾ 77,348 രൂപയും പഞ്ചായത്ത നിക്ഷേമായി 21,454 രൂപയുമായി മൊത്തം 3,83,170 രൂപ വരവ് കണക്കാക്കപ്പെടുന്നു

ചെലവു സംബന്ധിച്ച വിവരങ്ങളനുസരിച്ച് ഭരണകാര്യങ്ങൾക്ക് 3,27,038 രൂപയും പൊതുമരാമത്തിനത്തിൽ 4,27,074 രൂപയും വിദ്യാഭ്യാസത്തിന് 18,660 രൂപയും ജലവിതരണം, ഓടകൾ, പൊതുജന ആരോഗ്യമിനത്തിൽ 5,986 രൂപയും തെരുവുവിളക്കുകൾ കത്തിക്കുന്നതിന് 32,446 രൂപയും മറ്റുള്ളവക്ക് 1,18,256 രൂപയുമായി മൊത്തം 9,29,456 രൂപയാണ്. 5,46,285.45 പൈസ കമ്മിയായ ഒരു പഞ്ചായത്താണ് നമ്മുടേത്. വരവ് 3,83,170 രൂപ, ചിലവ് 9,29,456 രൂപയുമാണെന്നതു തന്നെ നമ്മുടെ പഞ്ചായത്തിന്റെ ദു:സ്ഥിതി വിളിച്ചോതുന്നു. സിനിമാശാലകളിൽ നിന്നുള്ള വിനോദ നികുതിയും, ചന്തയിനത്തിലുള്ള വരുമാനമോ, വ്യവസായശാല കൊണ്ടുള്ള വരുമാനമോ ഇല്ലാത്തതാണ് ഇത്ര ദുർബലമായ നിലയുണ്ടാക്കിയത് എന്നത് തർക്കമറ്റതാണ്. വിഭവസാദ്ധ്യതകളിൽ അത് വിശദമായി പരാമർശിച്ചിട്ടുണ്ട്.

ഇപ്പോൾ സർക്കാർ വിവിധ ഇനങ്ങളിലായി നൽകുന്ന ഗ്രാന്റുകൾ ഉപയോഗിച്ചാണ് വരവും ചിലവും തമ്മിൽ പൊരുത്തപ്പെടുത്തുന്നത്. 11,41,778 രൂപ വിവിധ ഗ്രാന്റുകളായി നമുക്ക് ലഭിച്ചിട്ടുണ്ട്. ആ ഒറ്റക്കാരണം കൊണ്ടുതന്നെ വിവിധോദ്ദേശ ഗ്രാന്റുകൾ വേണ്ട വിധത്തിൽ ഉപയോഗിക്കാൻ കാലാകാലങ്ങളിൽ കഴിയാറില്ല.

പഞ്ചായത്തിന്റെ സ്വയം പര്യാപ്തത ഉറപ്പു വരുത്തുകയും മിച്ചമുണ്ടാക്കുകയും ചെയ്യേണ്ടത് ജനങ്ങളുടെകൂടി ഒരാവശ്യകതയാണ്. എങ്കിൽ മിച്ചമുള്ള തുകയും ഗ്രാന്റുകളും പഞ്ചായത്തിന്റെ വയകസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയും എന്നതുകൊണ്ട് അതിനുള്ള പരിശ്രമങ്ങളിൽ മുന്നിട്ടിറങ്ങേണ്ടത് അവശ്യം ആവശ്യമായിരിക്കുന്നു.

പൊതുസാമ്പത്തിക നില:-

പൊതുകണക്ക് സംബന്ധിച്ച വരവ് 13,13,499.87 രൂപയും ചെലവ് 5,19,334 രൂപയും ,മൂലധനക്കണക്ക് 3,97,474 രൂപയും ,കടം സംബന്ധിച്ച കണക്കുകൾ17,554.68 രൂപ വരവും, 12,648 രൂപ ചിലവും കണക്കാക്കപ്പെടുന്നു.

പൊതുമരാമത്ത്:-

ഇനത്തിൽ റോഡിന് 13,93,000 രൂപയു, തോടിന് 3,21,000 രൂപയും, കെട്ടിടയിനത്തിൽ 9,86,000 രൂപയും, നടപ്പാലമിനത്തിൽ 30,000 രൂപയും മറ്റു പലവക ഇനത്തിൽ 4,56,000 രൂപയും ചലവാക്കിയിട്ടുണ്ട്.

പണികളുടെ സ്വഭാവം:-

പഞ്ചായത്തുകൾ നേരിട്ടും കേൺട്രാക്ടർമാർ മുഖേനയും, കമ്മിറ്റി കൺവീനർമാർ മുഖേനയും നിർമ്മാണ വികസന പ്രവർത്തനങ്ങൾ നടത്തുന്നു.

ധനകാര്യ സ്ഥാപനങ്ങൾ:-

കോതകുർശ്ശി സർവ്വീസ് സഹകരണ ബേങ്ക്, ഒറ്റപ്പാലം കോപ്പറേറ്റീവ് അർബൺ ബേങ്ക് അനങ്ങനടി പഞ്ചായത്ത് വനിതാസഹകരണസംഘം എന്നീ മൂന്ന് സ്ഥാപനങ്ങളാണ് പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങൾ. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ മാത്രമാണ് ദേശസാത്കൃത ബേങ്കായി പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. വികസന പ്രവർത്തനങ്ങളിൽ പഞ്ചായത്തിലെ ജനങ്ങളുടെ വ്യക്തിഗത പ്രശ്നങ്ങളിൽ നിർണ്ണായക സ്വാധീനം ചെലുത്തുവാൻ കഴിയുന്ന വിധത്തിലുള്ള പ്രവർത്തന ശൈലി ദേശസാൽകൃത ബാങ്ക് കൈക്കൊള്ളേണ്ടതാണ്. പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങൾ- ലാഭവിഹിതത്തിന്റെ നിശ്ചിത ശതമാനം വികസന പ്രവർത്തനങ്ങൾക്കായി പൊതു ഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കേണ്ടതുണ്ട്.

ഗൾഫ് പണത്തിന്റെ സ്വാധീനം:-

21,804 ജനസംഖ്യയുള്ള നമ്മുടെ പഞ്ചായത്തിൽ ഏകദേശം 1,547 പേർ ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ ചെയ്തു ജീവിക്കുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. വിദേശ രാജ്യങ്ങളിൽ തൊഴിൽ ചെയ്യുന്ന സഹോദരന്മാരിൽ ബഹുഭൂരിപക്ഷവും സാമ്പത്തികമായി ഏറെയൊന്നും നേട്ടങ്ങൾ ഉണ്ടാക്കിയിട്ടില്ല. എങ്കിലും രാഷ്ട്ര നിർമ്മാണത്തിൽ നിർണ്ണായമായ സഹായസഹകരണങ്ങൾ നൽകാൻ കഴിയും എന്നത് സംശയരഹിതമാണ്. ഗൾഫ് പണം ഇപ്പോൾ ഏറ്റവും ഉപയോഗിക്കപ്പെടുന്നത് ഗൃഹനിർമ്മാണത്തിനാണ്. ആ നില മാറുകയും നിർമ്മാണപ്രവർത്തനങ്ങളിൽ, വികസനപ്രവർത്തനങ്ങളിൽ അവരുടെ പങ്കാളിത്തം ഉറപ്പു വരുത്തുകയും ചെയ്യാതിരുന്നുകൂടാ.

നമ്മുടെ സാദ്ധ്യതകൾ

1. മാനുഷിക ശേഷി പ്രയോജനപ്പെടുത്തൽ .
2. കരിങ്കൽ ക്വാറികൾക്ക് മാസാന്തര ലൈസൻസ് ഏർപ്പെടുത്തുക. (അനധികൃതക്വാറികളാണല്ലോ ഇപ്പോൾ പ്രവർത്തിക്കുന്നവ.)
3. പഞ്ചായത്ത് പരിധിയിലെ ഗൾഫിൽ ജോലിചെയ്യുന്നവരുടെ സഹായത്തോടെ ഷോപ്പിംങ്ങ് കോംപ്ലക്സ് നിർമ്മിക്കുക. മറ്റുവ്യവസായങ്ങൾ ആരംഭിക്കുക.
4. ആഴ്ചച്ചന്ത ആരംഭിക്കുക.
5. ടാക്സി സ്റ്റാന്റ് ലേലം ചെയ്തു കൊടുക്കുക.

6. മത്സ്യമാർക്കറ്റ് സ്ഥാപിക്കുക.
7. പഞ്ചായത്ത്നേരിട്ടോ ഏജൻസി മുഖേനയോ വിൽപ്പനശാലകൾ നടത്തുക.
8. അറവുശാലകൾക്ക് നിർബ്ബന്ധ ലൈസൻസ് ഏർപ്പെടുത്തുക.
9. പഞ്ചായത്തിന്റെ കേന്ദ്രസ്ഥാനമായ ഫോറസ്റ്റ് അധീനതയിലുള്ള അനങ്ങൻമലയെ പരിസ്ഥിതിക്ക് കോട്ടംതട്ടാത്ത വിധത്തിൽ സർക്കാർ ഇടപെട്ട് 25 ഏക്ര സ്ഥലം പാട്ടത്തിന് എടുത്ത് അവിടെ ഒരു കരിങ്കൽ വ്യവസായം തുടങ്ങുന്നതിനും സാമാന്യം നല്ല ഒരു തൊഴിൽശാല രൂപപ്പെടുത്തുന്നതിനും വേദിയൊരുക്കുക.
10. പഞ്ചായത്തിലെ ചെറുതും വലുതുമായ എല്ലാ ഭക്ഷണശാലകൾക്കും നിർബന്ധലൈസൻസ് ഏർപ്പെടത്തുക.
11. ചെറുതും വലുതുമായ വിൽപ്പനശാലകൾക്കു അനുസൃതമായി ലൈസൻസ് ഏർപ്പെടുത്തുക.
12. പ്രവർത്തിക്കുന്ന എല്ലാ ധനകാര്യ സ്ഥാപനങ്ങളുടെയും ലാഭവിഹിതത്തിന്റെ നിശ്ചിതവിഹിതം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നൽകുക.
13. വീട്ടുകരം, തൊഴിൽകരം എന്നിവ കാലാനുസൃതം വർദ്ധിപ്പിക്കുക.
14. പഞ്ചായത്ത് പൗണ്ട് സമ്പ്രദായം പുനസ്ഥാപിക്കുകയും പിഴ സംഖ്യ വർദ്ധിപ്പിക്കുക.യും ചെയ്യുക. നിയമം ലംഘിക്കുന്നവരെ പ്രോസിക്യൂട്ട് ചെയ്യുകയോ പിഴ ഈടാക്കുകയോ ചെയ്യുക.
15. സ്വകാര്യ പണമിടപാട്, കുറിസ്ഥാപനങ്ങളിൽനിന്നും മാസാന്തര ലൈൻസിങ്ങ് എർപ്പെടുത്തുക.
16 വിസർജ്യങ്ങൾ ഉപയോഗിച്ച് ജൈവ വളം നിർമ്മാണശാല (മാതൃക–തിരുവനന്തപുരംകോർപ്പറേഷൻ) തനിച്ചുതുടങ്ങാൻ കഴിഞ്ഞില്ലെങ്കിലും മറ്റു പഞ്ചായത്തുകളെയും ഒറ്റപ്പാലം മുൻസിപ്പാലിറ്റിയെയും കോർത്തിണക്കി തുടങ്ങുകയും അതിൽ പങ്കാളികളാകുകയും ചെയ്യുക. (വിസർജ്യ നിർമ്മാണവും – ലാഭവിഹിതവും)
17. ജൈവ വളവില്പനശാലകൾ തുടങ്ങുക.
18. പച്ചക്കറി കൃഷി പരിപോഷിപ്പിക്കുകയും പഞ്ചായത്ത് സ്റ്റാൾ വഴി വിറ്റഴിക്കുകയും ചെയ്യുക.
19. വ്യവസായങ്ങൾ തുടങ്ങുവാൻ നൽകുന്ന അപേക്ഷയിൽ അടിയന്തിര നടപടികൾ സ്വീകരിക്കുക.
20. കോതകുർശ്ശി സെൻറ്ററിൽ പഞ്ചായത്ത് വക സർവ്വീസ്സ്റ്റേഷനും ക്ലോക്കുറൂമും സ്ഥാപിക്കുക.
21. ഒരു ഹെക്ടറിൽ കൂടുതൽ ഭൂമിയുള്ളവരിൽനിന്ന് അവിടെ തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ തൊഴിൽകരം കർഷകരിൽ നിന്നും ഈടാക്കാൻ നടപടികൾ സ്വീകരിക്കുക.
22. കേബിൾ T.V. സർവ്വീസ് നടത്തുന്നവരിൽനിന്ന് കണക്ഷൻ അനുസരിച്ച് ഒരു നിശ്ചിതസംഖ്യ ഈടാക്കുക.
23. കോതകുർശ്ശിയിൽ ഒരു സിനിമാശാല സ്ഥാപിച്ച് വിനോദനികുതിയിലൂടെ പഞ്ചായത്തിന് വരുമാനം ഉണ്ടാക്കാം.
24. അനങ്ങൻമല ടൂറിസ്റ്റ് കേന്ദ്രമാക്കി ഉയർത്തിക്കൊണ്ടു വരിക.
25. തൊഴിൽ നികതി എല്ലാ ജീവനക്കാരിൽ നിന്നും കൃത്യമായി പിരിച്ചെടുക്കുക.



6 ഉപസംഹാരം

നിലവിലുള്ള വികസന സമീപനം അശാസ്ത്രീയവും ജനവിരുദ്ധവുമാണ്. റോഡും, പാലവും കുടിവെള്ളവുമായാൽ വികസനമായി എന്ന മനോഭാവം എവിടെയും നിറഞ്ഞുനില്ക്കുന്നു ഉല്പാദനപ്രക്രിയ വികസന വീക്ഷണത്തിൽ നിന്ന് അന്യം നിൽക്കുകയാണ്. കാർഷിക – വ്യാവസായിക മേഖലകളുടെ വളർച്ചയിലൂടെ സേവനമേഖല. വികസിപ്പിക്കുന്ന വികസിത തന്ത്രമാണ് ഇന്നാവശ്യം.

വികസനം ഡിപ്പാർട്ടുമെന്ററുകളുടെ വികസനേതര താല്പര്യങ്ങളിൽ കുരുങ്ങികിടക്കുന്നു. ഇന്നത്തെ നിലമാറിയേ തീരു. സാർവ്വത്രികമായ അഴിമതിയിൽ നിന്ന് വികസനരംഗം വിമോചിക്കപ്പെടണം ജനപങ്കാളിത്തവും ജപജാഗ്രതയും ഊട്ടിവളർത്തി, വികസന പ്രക്രിയ ഊർജ്ജസ്വലമാക്കുകയാണ് അതിനുള്ള മാർഗ്ഗം.

ഫണ്ടില്ലാതെ വികസനം സാദ്ധ്യമല്ല ഫണ്ട് സമാഹരണത്തിന് പുതിയപാതകൾ വെട്ടിതുറക്കാൻ ഗ്രാമപഞ്ചായത്തുകൾക്കാവണം സർക്കാരേതര ഏജൻസികളെ കണ്ടെത്തി, പറ്റിയ പദ്ധതികൾ സമർപ്പിച്ച് ഫണ്ട് ശേഖരിക്കാൻ വിഷമമില്ല.

പദ്ധതികൾ നടപ്പാക്കുമ്പോൾ, വസ്തുനിഷ്ടസമീപനം പ്രായോഗികമാക്കണം.

സാമൂഹിക രാഷ്ട്രീയരംഗത്തുള്ള എല്ലാം തർക്കങ്ങൾക്കും കാരണം, പ്രശ്നങ്ങളെ മനോനിഷ്ടമായി വിലയിരുത്തുന്നതാണ്. വസ്തുനിഷ്ടമായി, തെളിവിന്റെ അടിസ്ഥാനത്തിൽ [illegible] ചെയ്യും വിഭവഭൂപടങ്ങൾ, സർവ്വെ റിപ്പോർട്ടുകൾ എന്നിവ എല്ലാ വികസന പ്രകിയകൾക്കും വസ്തുനിഷ്ടമായ അടിത്തറയാണ് നൽകുന്നത്.

അസൂത്രണം അർത്ഥവത്താവുന്നത്, വികസന ഉപാധികളെ ഫലപ്രദമായി ഉപയോഗപെടുത്തുമ്പോഴാണ്. ജനകീയവും കാര്യക്ഷമവുമായ മാനദണ്ഡങ്ങളെ ആധാരമാക്കി വേണം മുൻഗണനാ ക്രമത്തിൽ പദ്ധതികൾ നടപ്പിലാക്കാനുള്ള പ്രതിബദ്ധത പഞ്ചാത്തുകൾക്കുണ്ടാവണം.

പ്രകൃതി വിഭവങ്ങൾ, ജനവിഭവശേഷി, എന്നിവ പ്രയോജനപ്പെടുത്തി, ചരിത്രപരമായ സാഹചര്യബന്ധങ്ങളെ വിശകലനം ചെയ്ത് പ്രായോഗികബുദ്ധിയോടെ നമ്മുടെ പദ്ധതികൾ രൂപപ്പെടുത്താൻ കഴിയണം ഗ്രൂപ്പ് ചർച്ചകൾ നടത്തിയ എല്ലാ വിഷയങ്ങളിലും നിർദ്ദേശങ്ങളെ സ്കീമുകളായും പദ്ധതികളായും രൂപപ്പെടുത്തുന്നതിന് വിദഗ്ദ സമിതികൾക്ക് കഴിയും. സർക്കാരേതര ഏജൻസികളിൽ നിന്ന് പരമാവധി ഫണ്ട് സമാഹരിക്കാനുള്ള ജാഗ്രത പാലിക്കണം. അവരുടെ നിബന്ധനകൾ പഠിച്ച്, പ്രൊജക്ടുകൾ സമർപ്പിക്കുന്നതിന് അതാത് വിഷയങ്ങളിൽ വിദഗ്ധ സംഘം സ്ഥിരമായി പ്രവർത്തിച്ചേ തീരു.

സർക്കാർ നല്കുന്ന 40% പദ്ധതി വിഹിതം തന്നെ കഴിഞ്ഞ കാലങ്ങളിലെ സാമ്പത്തിക നിലയെക്കാൾ വലിയ നേട്ടങ്ങൾക്ക് കാരണമാകും. ഒൻപതാം പദ്ധതിക്കുള്ള ആകെ തുക 14,800 കോടി രൂപയാണ് ഇതിന്റെ 40% എന്നാൽ 5,920 കോടി രൂപയാണ് ഇതിന്റെ പകുതി 2,960 ജനവിഹിതം ലഭിക്കാനിടയാവും എന്ന് പ്രതീക്ഷിക്കണം എങ്കിൽ പ്രതിവർഷവം പഞ്ചായത്തിന് ലഭിക്കാനിടയുള്ള തുക 72.9 ലക്ഷമാണ്. വികസനരംഗത്ത് ഇതൊരു കുതിച്ചുചാട്ടത്തിന് കാരണമാവും എന്നുറപ്പാണല്ലോ.

ആസൂത്രണം അടിത്തട്ടിൽ നിന്ന് മേല്പോട്ടാവുന്നതുമൂലമുള്ള ജനാധിപത്യപരമായ നേട്ടങ്ങൾക്കൊപ്പമാണ് ഈ വികസനമുന്നേറ്റം നേടാനാവുന്നത്. ജനകീയാസൂത്രണം ജനങ്ങളുടെ പ്രത്യാശകളെ ഉത്തേജിപ്പിക്കുന്ന ഒരു വിനോദവേലയല്ല, മറിച്ച് ജനോപകാര പ്രദമായ ജനകീയ പദ്ധതികൾ ശീഘ്രഗതിയിൽ, ഫലപ്രദമായി നടപ്പാനുള്ള സാമൂഹ്യായുധമാണ്.

അതുകൊണ്ടു തന്നെ നമ്മുടെ ഗ്രാമ പഞ്ചായത്തിന്റെ 'സമഗ്രവികസനരേഖ' സമ്പുഷ്ടമാക്കിയാൽ കാര്യം സമ്പൂർണ്ണമായി. നടപ്പിലാക്കാനുള്ള പ്രതിബദ്ധത നാം നിലനിർത്തിയേ തീരൂ കക്ഷി രാഷ്ട്രീയത്തിനതീതമായി ജനത ഒറ്റകെട്ടായി വികസനത്തിന്റെ രാഷ്ട്രീയം അതിൽ നിന്ന് പാലാഴി മഥനത്തിൻ നിന്ന് അമൃതകുംഭം എന്നതുപോലെ, ഉയർന്നുവരുമെന്നത് സ്വാഭാവികം മാത്രമാണ്. അയൽ കൂട്ടങ്ങളുടെയും – ഗ്രാമസഭകളുടെയും – ജനകീയ ശക്തിയിൽ, ഗ്രാമവികസനത്തിന്നൊരു വേലിയേറ്റം സൃഷ്ടിക്കുവാൻ നമ്മുക്കു കഴിയും, കഴിയണം.

മഹത്തായ ഈ പ്രതീക്ഷ നിറവേറ്റാൻ സമീപകാലത്തുതന്നെ നമ്മുക്ക് കഴിയുമെന്ന് പ്രത്യാശയോടെ ഈ 'സമഗ്രവികസന രേഖ' അനങ്ങനടി ഗ്രാമപഞ്ചായത്ത് വികസന സെമിനാറിന് മുമ്പാകെ സമർപ്പിക്കുന്നു. വിശകലനത്തിനും ചർച്ചയ്ക്കും പരിഷ്കരണത്തിനും വേണ്ടി.



വികസന രേഖ തയ്യാറാക്കാൻ നേതൃത്വം നല്കിയവർ.

ചരിത്ര പശ്ചാതലം	–	കെ. മണികണ്ഠൻ & ടി. ശങ്കരനാരായണൻ.
ഭൂപ്രകൃതി വിഭവങ്ങൾ	–	ടി. നാസർ.
കൃഷിയും ജലസേചനവും.	–	വി. കൃഷ്ണദാസ്.
മൃഗസംക്ഷണം മത്സ്യബന്ധനം	–	സി. മോഹൻദാസ്
വിദ്യാഭ്യാസം	–	പി. ഉണ്ണ്യേൻകുട്ടി.
പൊതുജനാരോഗ്യവും കുടിവെള്ളവും.	–	എൻ. ആർ. രഞ്ജിത്ത്
വ്യവസായം	–	എം. ജനാർദ്ദനൻ
ഗതാഗതം, ഊർജ്ജം, മാർക്കറ്	–	പി. വേണുഗോപാൽ
ഭവനനിർമ്മാണവും സാമൂഹ്യസേവനവും	–	കെ. ബാലസുബ്രഹ്മണ്യൻ
സംസ്ക്കാരം	–	ഇ. കെ. ഉണ്ണികുട്ടൻ
വനിത	–	പി. മനോഹരൻ.
സഹകരണമേഖല	–	കെ. ശശി
പട്ടികജാതി പട്ടികക്ഷേമം	–	ഇ. കെ. ഉണ്ണികൃഷ്ണൻ
വിഭവസമാഹരണം	–	കെ. ശങ്കരനാരായണൻ. & അഡ്വ. സി. പി. മുരളി



D.T.P. Setting & Printing by Sree Dharma Sastha D.T.P. Centre, Cherpulacherry